


# എന്റെ ഓഹരിയും പാനപാത്രവും

സിസ്റ്റർ മരീന സി.എം.സി.

സിസ്റ്റർ. ഡോ. ആവില സി.എം.സി.

ഒരു ബേസ് റൗമ പ്രസിദ്ധീകരണം



CARMEL JYOTHI
K-874
ALWAYE
7601
THAIKKATTUKARA

# എന്റെ ഓഹരിയും പാനപാത്രവും

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ
ദൈവസാദൃശ്യ സങ്കല്പം:
ഒരു പുനർവായന

സിസ്റ്റർ മരീന സി.എം.സി.
സിസ്റ്റർ ഡോ. ആവില സി.എം.സി.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

# എന്റെ ഓഹരിയും പാനപാത്രവും

സിസ്റ്റർ മരീന സി.എം.സി.
സിസ്റ്റർ ഡോ. ആവില സി.എം.സി.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**ENTE OHARIYUM PANAPATHRAVUM**
(Study)
By
**Sr. Mareena C.M.C.**
**Sr. Avila C.M.C**

With a foreword by
**Sr. Sancta C.M.C.**
and an introduction by
**T.M. Abraham**

Editor
**John Paul**

Cover Design
Gayathry Asok

Portrait Sketch
K.G. Balan

Pre-press and Layout
Anoop Antony

First Published
December 2012

Printed at
Anaswara Printers, Kochi

© Reserved

Published By
Fr. Thomas Panthaplackal C.M.I.
on behalf of
**Beth Rauma**
an initiative of
Chavara Central Secretariat
representing
C.M.I. and C.M.C. Congregations.

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 100

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ്

*ധ്യാനപൂർണ്ണം ഈ വിചാരണ*

എഡിറ്ററുടെ കുറിപ്പുകൾ

*പുനർവായനയ്ക്കു പ്രാരംഭമായി*

ജോൺ പോൾ

പരിചായകം

*യൗവനയും പാനീയവും അങ്ങു തന്നെ!*

സിസ്റ്റർ സാങ്റ്റ സി.എം.സി.

(സുപ്പീരിയർ ജനറൽ)

അവതാരിക

*ആദരപൂർവ്വം; ആഹ്ലാദപൂർവ്വം*

ടി.എം. എബ്രഹാം

**എന്റെ ഓഹരിയും പാനപാത്രവും**

*ഒന്ന്*

നിന്റെ രാജ്യം വരേണമേ...

*രണ്ട്*

എമ്മാനുവലേ.... എമ്മാനുവേലേ....

*മൂന്ന്*

വിശ്വാസവഴിയേ സമർപ്പണം

*നാല്*

പ്രത്യാശയുടെ തീരത്ത്

*അഞ്ച്*

മനുഷ്യസ്നേഹത്തിന്റെ ദൈവനിയോഗത്തിൽ

*ആറ്*

അബലകൾ പ്രബലകളാകുവാൻ

*ഏഴ്*
തിരുസവിധേ...

*എട്ട്*
ദൈവചരായ; ദൈവസാദൃശ്യം

പിന്നുര
*നന്ദിയുടെ നിറവോടെ*
സിസ്റ്റർ ഡോ. ആവില സി.എം.സി.
സിസ്റ്റർ മരീന സി.എം.സി.

അനുബന്ധം

ഒന്ന് *ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ*

രണ്ട് *ചാവറ കുര്യാക്കോസ് ഏലിയാസ് രചനകൾ*

മൂന്ന് *സിസ്റ്റർ മരീന സി.എം.സി. ജീവിതരേഖ*

*സിസ്റ്റർ ഡോ. ആവില സി.എം.സി. ജീവിതരേഖ*

നാല് *ബേസ്റൗമ*

പ്രസാധകക്കുറിപ്പ്

# ധ്യാനപൂർണ്ണം ഈ വിചാരണ

**പ്ര**സാധനധാരയിൽ നിന്ന് പ്രകാശിതമാകുന്ന ധന്യമായൊരു വിചിന്തനമാണ് *എന്റെ ഓഹരിയും പാനപാത്രവും*. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവു സ്ഥാപിച്ച സി.എം.സി. സന്യാസിനീ സഭയിലെ അംഗങ്ങളായ സിസ്റ്റർ ആവില, സിസ്റ്റർ മരീന എന്നിവരാണ് രചയിതാക്കൾ. ചാവറ പിതാവിന്റെ ബഹുമുഖങ്ങളായ സേവനശുശ്രൂഷയുടെ ശ്രദ്ധേയങ്ങളായ ചില പർവ്വങ്ങളാണു ഗ്രന്ഥകർത്രികൾ വിചാരണ ചെയ്യുന്നത്. ചാവറ പിതാവിന്റെ *ദൈവസാദൃശ്യ* സങ്കൽപ്പത്തെക്കുറിച്ചുള്ള ധ്യാനപൂർണ്ണമായ അക്ഷരസാധകത്തിനാണ് തികഞ്ഞ ചാവറ ഭക്തിയോടെ അവർ മുതിർന്നിട്ടുള്ളത്. അതാവട്ടെ അവകാശപ്പെട്ടതും അവരുടെ വ്രതസമർപ്പിത ജീവിതത്തിൽനിന്നും പ്രതീക്ഷിക്കുന്നതുമായ ദൗത്യവും വ്യാപനവുമാകുന്നു.

പ്രൗഢമായ ഒരവതാരികകൊണ്ട് ഈ അക്ഷരപ്രണാമത്തെ അനുഗ്രഹിച്ച പ്രഗത്ഭ നാടക സൈദ്ധാന്തികനും കലാകാരനും കേരള സംഗീത നാടക അക്കാദമിയുടെ വൈസ് ചെയർമാനും *ബെസ്റൗമ* ഗവേഷണ കൗൺസിൽ അദ്ധ്യക്ഷനുമായ ടി.എം. എബ്രഹാമിനു പ്രത്യേക നന്ദി. സി.എം.സി. സഭയുടെ സുപ്പീരിയർ ജനറലായ റവ. സിസ്റ്റർ സാങ്റ്റയുടെ അർത്ഥദ്യോതകമായ പരിചായകം ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യങ്ങൾക്ക് ആധികാരികതയുടെ കൈയ്യൊപ്പു ചാർത്തുന്നു. സ്നേഹം നിറഞ്ഞ മദറിനു നന്ദി.

എന്നും അനുഗ്രഹ പിൻബലമായി വർത്തിക്കുന്ന സി.എം.ഐ. സഭയുടെ പ്രയാർ ജനറാൾ ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, വികാരി ജനറാൾ ഫാ. ജോർജ്ജ് താഞ്ചൻ, എഡിറ്റിംഗ് നിർവ്വഹിച്ച ജോൺ പോൾ, ഏകോപനം നിവർത്തിച്ച ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് ഡയറക്ടർ ഫാ. തോമസ് പന്തപ്ലാക്കൽ, എറണാ

കുളം ചാവറ സാംസ്കാരിക കേന്ദ്രം ഡയറക്ടർ ഫാ. റോബി കണ്ണഞ്ചിറ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസ് പാനാമ്പുഴ, മുഖചിത്ര രചന നിർവ്വഹിച്ച ഗായത്രി അശോക്, പ്രീപ്രസ്സ്-ലേഔട്ട് നിർവ്വഹിച്ച അനൂപ് ആന്റണി, മുദ്രണം നിർവ്വഹിച്ച അനശ്വര പ്രിന്റേഴ്സ് തുടങ്ങിയവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഗ്രന്ഥത്തിന്റെ സംശോധന നിർവ്വഹിച്ച *ഫാ. തോമസ് കാടൻകാവിലിനും* സഹകരിച്ച റവ. ഡോ. *സി.. സോഫി റോസിനും* പ്രത്യേക നന്ദി.

■

## എഡിറ്ററുടെ കുറിപ്പുകൾ

# പുനർവായനയ്ക്കു പ്രാരംഭമായി

### ജോൺ പോൾ

സ്വയം വിളംബരം ചെയ്യുവാൻ അല്പം പോലും ഔത്സുക്യം കാണിക്കാതെ കർമ്മമത്രയും പ്രാർത്ഥനയായി നിവർത്തിച്ച ധന്യാത്മാവായിരുന്നു ചാവറ പിതാവ്. രേഖകളിലൂടെയും പദവികളിലൂടെയുമല്ല അദ്ദേഹം സ്വസ്ഥാനവും പങ്കും പകുത്തുവച്ചത്. സ്വയം മുറിച്ചു നൽകുന്നവനു മാത്രം അവകാശപ്പെട്ട തുടർപ്രസരണ പ്രാപ്തിയുടെ സാക്ഷ്യങ്ങളിലൂടെയാണ് കാലത്തിന്റെ താളുകളിൽ അദ്ദേഹം അമരത്വം നേടുന്നത്. ത്യാഗത്യാജ്യങ്ങളാണ് കാലത്തിന്റെ ശേഖരത്തിലെ ഏറ്റവും വലിയ സമ്പാദ്യമെന്നു ബോദ്ധ്യപ്പെടുത്തുന്നു ആ ജീവിതവും ദർശനവും.

ചാവറ പിതാവിന്റെ നിയോഗനിവർത്തനങ്ങളിലേയ്ക്ക് ആരാധനാപൂർവ്വം കടന്നുചെല്ലുകയാണു സിസ്റ്റർ ആവിലയും സിസ്റ്റർ മരീനയും. അദ്ദേഹത്തിന്റെ സേവനശുശ്രൂഷയുടെ പ്രസക്തിയേയും ഫലക്ഷമതയേയും പ്രാധാന്യത്തേയും അവർ സൂക്ഷ്മാപഗ്രഥന വിധേയമാക്കുന്നു. ശാസ്ത്ര വിചാരകയുടെ സൂക്ഷ്മത സിസ്റ്റർ മരീനയുടെ അപഗ്രഥനത്തിൽ പ്രകടമാണ്. ഗവേഷകരുടെ മനസ്സാണ് വിചാരണയിൽ ഗ്രന്ഥകർത്രികൾക്ക്. വിശ്വാസികളുടെ സാക്ഷ്യമായാണ് ഇരുവരുടെയും ആഖ്യാനവും.

വിദ്യാഭ്യാസ രംഗത്ത് നേടിയ അനുഭവ പരിചയത്തിന്റെ വിശകലനപാടവവും ക്രമാനുക്രമ പ്രതിപാദന നിപുണതയും സ്വന്തം വാദമുഖങ്ങൾ സമർത്ഥിക്കുമ്പോഴുള്ള ബദ്ധതയും ആഖ്യാന ശൈലിയുടെ പ്രത്യേകതകളാണ്.

*ദൈവ സാദൃശ്യ സങ്കല്പം* എന്ന കേന്ദ്രധാരയുടെ ചുറ്റിലുമായാണു പ്രമേയ കല്പന. അതിനാവശ്യമായ ന്യായന്യായങ്ങൾ ഇഴചേർത്തിരിക്കുന്നു.

ചാവറ സംസ്കൃതിയുടെ പുനർഃവായനയ്ക്കൊരുങ്ങുന്നവർക്കു സഹായകമാണ് ഈ കൃതിയുൾപ്പേറുന്ന വിചാരധാര; ഓരോ വിചാരണയും പുനഃരവലോകനവും ആ ധന്യവ്യാപനത്തിന്റെ മാറ്റും പ്രസക്തിയും തുടർപ്രസരണ പ്രാപ്തിയും വർദ്ധിപ്പിക്കുന്നു എന്ന സത്യത്തോടു ചേർത്തു കാണുമ്പോൾ പ്രത്യേകിച്ചും.

■

അവതാരിക

# ആദരപൂർവ്വം; ആഹ്ലാദപൂർവ്വം

ടി.എം. എബ്രഹാം

**ബേ**സ്റൗമ പ്രസിദ്ധപ്പെടുത്തിയ *അറിവിന്റെ വഴിയെ താപസമനസ്സ്* എന്ന ഗ്രന്ഥത്തിന്റെ ലേഖികമാരിലൊരാളായാണ് സിസ്റ്റർ മരീനയെ ഞാനാദ്യം ശ്രദ്ധിക്കുന്നത്. സിസ്റ്റർ ആവിലയും ആ ഗ്രന്ഥത്തിലെ ലേഖികമാരിലൊരാളായിരുന്നു. *ബേസ്റൗമ* പഠനപാനലിലെ ഒരംഗമെന്ന നിലയിൽ സിസ്റ്റർ ആവിലയെ അല്ലാതെയുമറിയാമായിരുന്നു.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ സ്ഥാപിച്ച സന്യാസിനീസഭയിലെ സജീവാംഗങ്ങളായ ഇരുവരും ഇവിടെ ഈ ഗ്രന്ഥത്തിൽ ആ ധന്യാത്മാവിന്റെ ദൈവസാദൃശ്യസങ്കല്പത്തെ ആദരപൂർവ്വം വിചാരണ ചെയ്യുവാൻ ശ്രമിക്കുകയാണ്. ചാവറപിതാവിനോടുള്ള ആദരപൂർണ്ണമായ സമർപ്പണവും തികഞ്ഞ ഗൗരവത്തോടെയുള്ള മനന നിരീക്ഷണങ്ങളും ഈ വിചാരണയെ ഒരനുഃധ്യാനമാക്കി മാറ്റിയിരിക്കുന്നു. ചാവറ പിതാവിന്റെ ദർശനങ്ങൾക്കു നാളുകൾ താണ്ടുന്തോറും പ്രസക്തിയും പ്രാമുഖ്യവും വർദ്ധിച്ചു വരുമ്പോൾ ഇത്തരം പുനർഃവായനകൾ ഏറെ പ്രയോജനകരങ്ങളാണ്.

അന്വേഷണമനസ്സിന്റെ ഏകാഗ്രതയും സൂക്ഷ്മാംശശ്രദ്ധയും ഇരുവരുടെയും എഴുത്തുവഴിയിൽ പ്രത്യക്ഷപ്രകടമാണ്. എന്തിനും ഏതിനും ആധികാരിക രേഖകളുടെയും സാക്ഷ്യങ്ങളുടെയും പിൻബലമുണ്ടെന്നുറപ്പുവരുത്തുവാൻ ശാഠ്യബുദ്ധിയോടെ തന്നെ ശ്രമിച്ചു കാണുന്നു. അപഗ്രഥന തുടർച്ചയിൽ വെളിപാടുകൾപോലെ പുതിയ പൊരുളുകൾ തെളിവാർന്നു വരുമ്പോൾ വിദ്യാർത്ഥിമനസ്സോടെ അത്ഭുതം കൂറുന്ന ഗ്രന്ഥകർത്രികൾക്ക് എഴുതുന്ന വരികളും, നടത്തുന്ന പരാമർശങ്ങളും, ബോദ്ധ്യദാർഢ്യത്തോടെ സമർത്ഥിക്കുമ്പോൾ അദ്ധ്യാപകമനസ്സുമാണ്. ഏറ്റെടുത്തിരിക്കുന്ന ദൗത്യത്തോടുള്ള പ്രതിബദ്ധതയും സ്മര്യപുരുഷനോടുള്ള ആരാധനാസമമായ ബഹുമാനവും വരികളിൽ വ്യക്തസ്പഷ്ടമാണ്. ഗൗരവത്തിന്റെ ഗരിമ കൊണ്ട് ഭാഷ ആഢ്യമായിരിക്കുന്നു. എഴുതുന്ന വരികൾ നാളേയ്ക്കുള്ള രേഖകളാണെന്ന അറിവ് ഉത്തരവാദിത്വമായി

ഭാഷയിലും ആഖ്യാനത്തിലും കനപ്പെട്ടുതന്നെ അനുഭവവേദ്യമായിരിക്കുന്നു.

ബോദ്ധ്യമുള്ള വസ്തുതകൾ മാത്രമാണ് ഗ്രന്ഥകർത്രികൾ പറയുന്നത്. ബോദ്ധ്യങ്ങളത്രയും വാദമുഖങ്ങളാലും ന്യായ യുക്തമായും ആധികാരികമായും സാക്ഷ്യപ്പെടുത്തി സമർത്ഥിച്ചു മാത്രമാണു ലേഖനപ്പെടുത്തുന്നത്. ബോദ്ധ്യപ്പെട്ടു സ്ഥാപിക്കുന്ന കാര്യങ്ങളിൽ അവർക്കു തരിമ്പും സന്ദേഹങ്ങളില്ല. തറച്ചും ശഠിച്ചും സ്ഥാപിച്ചു തന്നെയാണ് എഴുത്തിന്റെ രീതി. യോജിക്കുകയും വിയോജിക്കുകയും ചെയ്യുവാനുള്ള സ്വാതന്ത്ര്യം വായനക്കാരനു നിർബ്ബാധം ഉള്ളപ്പോഴും ഈ ഗ്രന്ഥം പ്രതിഫലിപ്പിക്കുന്ന ചിന്താധാരയെ അനുധാവനം ചെയ്യുമ്പോൾ, ഈ വാദമുഖങ്ങൾക്കൊത്തു നോക്കിക്കാണുമ്പോൾ, ഗ്രന്ഥകർത്രികൾ സമർത്ഥിച്ചിരിക്കുന്നതും സ്ഥാപിച്ചിരിക്കുന്നതും ആവണമല്ലോ യഥാർത്ഥം എന്ന തോന്നൽ വായനാനുഭവത്തിൽ അവർ പകർന്നു തരുന്നു. ഗ്രന്ഥരചനയുടെ വിജയം തന്നെയാണിത്.

വിശ്വാസിയായും ഭക്തയായും അനുയായിയായും ദാസിയായും പ്രഘോഷകയായും ഉപാസകയായും ശാഠ്യപൂർവ്വം ന്യായകാര്യകാരണസഹിതം സമർത്ഥിക്കുന്ന വക്താവായും ഇതിനെല്ലാമിടയിൽ ചാവറ പിതാവിന്റെ വിസ്മയിപ്പിക്കുന്ന ബഹുതല വ്യാപനങ്ങളുടെ കാലാതിശയിയായ പ്രസരണദീപ്തിയുടെ മുൻപിൽ തൊഴുകൈയ്യോടെ നിൽക്കുന്ന ആരാധികയായും, മരീന സിസ്റ്ററും ആവില സിസ്റ്ററും ഈ ഗ്രന്ഥത്തിന്റെ താളുകളിൽ പ്രത്യക്ഷപ്പെടുന്നു. അതാവട്ടെ തികഞ്ഞ ആർജ്ജവത്തോടെയും സത്യസന്ധതയോടെയുമാണ്. ചാവറ ദർശനത്തിന്റെ പരിപാലനത്തിനും ബോധനത്തിനുമായി ജന്മം സമർപ്പിച്ച സന്യാസിനിമാരുടെ സന്ദേഹങ്ങളില്ലാത്ത അർപ്പിതമനസ്സിന്റെ ധ്യാനചിന്തകളായി ഭവിച്ചിരിക്കുന്നു ഈ ഗ്രന്ഥത്തിന്റെ പ്രതിപാദ്യവും പ്രതിപാദനവും. സിസ്റ്റർ മരീനയുടെയും സിസ്റ്റർ ആവിലയുടെയും ശ്രേഷ്ഠമായ അക്ഷരശുശ്രൂഷ ചാവറ ഭക്തിയുടെ ധ്യാനവിചാരങ്ങളുടെ പ്രതിസ്പന്ദങ്ങൾ തന്നെയാണ്.

ആഹ്ലാദപൂർവ്വം, ആദരപൂർവ്വം ഞാൻ ഈ ഗ്രന്ഥം വായനാസമൂഹത്തിന്റെ മുൻപിൽ സമർപ്പിക്കുന്നു.

■

പരിചായകം

# യാവനയും പാനീയവും അങ്ങു തന്നെ!

സിസ്റ്റർ സാങ്റ്റ സി.എം.സി.
(സുപ്പീരിയർ ജനറൽ)

കരുതിവച്ചിരിക്കുന്ന നിക്ഷേപത്തെക്കുറിച്ചുള്ള ആശങ്കകളില്ലാതെ ദൈവത്തിൽ സമസ്തവും കണ്ടെത്തുന്ന അവിടുത്തെ നിസ്വർക്ക് *കർത്താവ് എന്റെ ഓഹരിയും പാനപാത്രവും* (സങ്കീ. 16:5) എന്ന് ഏറ്റുപറഞ്ഞ് ലോകത്തിന്റെ കെട്ടുപാടുകൾക്കും പിൻവിളികൾക്കു മതീതരായി ഉയർന്നു നിൽക്കാൻ കഴിയും. കാലത്തെയും ലോക ത്തെയും വിശ്വവിശാലമായ മനഃസ്വാതന്ത്ര്യത്തിന്റെ കൈവെള്ളയി ലൊതുക്കി അമ്മാനമാടാൻ കഴിയുന്നവരാണവർ. ദൈവമല്ലാതെ, ദൈവമില്ലാതെ അവർക്ക് ഒന്നുമില്ല. തന്റെ യാവനയും പാനീയവും ദൈവമാണെന്നേറ്റു പറഞ്ഞ് ലോകത്തിനതീതനായി ഉയർന്നു നിൽക്കുന്ന ചാവറ കുര്യാക്കോസ് ഏലിയാസ് എന്ന കർമ്മയോഗി ഈ ഗണത്തിൽപ്പെടുന്നു. പരോന്മുഖതയുടെ ക്യാൻവാസ്സുകളിൽ തന്നിലെ ദൈവോന്മുഖതയുടെ വർണ്ണങ്ങൾ ചാലിച്ചുചേർത്ത് സേവന ത്തിന് പുതിയ ഭാഷ്യങ്ങൾ രചിച്ചതുകൊണ്ടാണ് 66 വർഷങ്ങൾ മാത്രം ദീർഘിച്ച തന്റെ ജീവിതവിളക്ക് അണഞ്ഞതിനുശേഷവും ഒളിമങ്ങാത്ത പ്രഭയോടെ, അദ്ദേഹം ലോകവിഹായസ്സിൽ ഇന്നും ഉയർന്നു നിൽ ക്കുന്നത്.

വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവീകസുകൃതങ്ങളുടെ ലയനം പുണ്യാത്മാവായ ചാവറയച്ചന്റെ ജീവിതത്തിൽ നിന്നും അടർത്തിയെടുത്ത് പുസ്തകത്താളുകളിൽ വിന്യസിക്കുന്നതിൽ ഗ്രന്ഥകർത്രികളായ സിസ്റ്റർ മരീനയും സിസ്റ്റർ ആവിലയും വിജയി ച്ചിട്ടുണ്ട്. മതാത്മകതയുടെ പരിപ്രേഷ്യത്തിൽ ചാവറയച്ചനിലെ ആത്മീ യതയുടെ ആഴങ്ങൾ ചർച്ചാവിഷയമാകുമ്പോൾ ക്രിസ്തുവിലേ യ്ക്കുള്ള യാത്ര, ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ, അവിടുന്നുമായുള്ള അനുരൂപണം എന്നീ ദശാസന്ധികളിൽ ഏതൊരു സാധകനെയുമെ ന്നതുപോലെ ചാവറയച്ചനെയും നാം കണ്ടുമുട്ടുന്നു. ദൃശ്യമായവയിൽ

അദൃശ്യമായ ദൈവസാന്നിദ്ധ്യത്തെ അന്വേഷിച്ച ചാവറയച്ചൻ ദൈവസാന്നിദ്ധ്യത്തിന്റെ ആവൃതിയിൽ, ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുകലിൽ, പ്രവർത്തന വഴികളെ കൃപാവഴികളാക്കി പരിവർത്തനപ്പെടുത്തി. അതാണ് അദ്ദേഹം നമുക്കു മുൻപിൽ വരച്ചുനീട്ടുന്ന മാതൃകയും വെല്ലുവിളിയും. നമ്മോടുകൂടെയായിരിക്കുവാൻ സ്വർഗ്ഗം വിട്ടിറങ്ങിവന്ന ദൈവത്തെ സദാ അനുഭവിക്കുവാനും സാദ്ധ്യമായ വിധത്തിലെല്ലാം സകലർക്കും സംലഭ്യമാക്കുവാനുമുള്ള അന്വേഷണത്തിന്റെയും പരിശ്രമത്തിന്റെയും അവിരാമമായ സാധനയായിരുന്നു ചാവറയച്ചന്റെ ജീവിതം.

ശാസ്ത്രീയ അന്വേഷണത്തിന്റെ രീതിസമ്പ്രദായങ്ങളുടെ പിൻബലത്തോടെ ചാവറയച്ചന്റെ ജീവിതവും പ്രവർത്തനശൈലിയും അപഗ്രഥനതലത്തിൽ സമന്വയിപ്പിക്കുന്ന ഈ ഗ്രന്ഥം ആത്മീയാന്വേഷകർക്കും ചാവറഭക്തർക്കും ഒരു മുതൽക്കൂട്ടായിരിക്കും എന്നതിൽ സംശയമില്ല. തിരുക്കുടുംബത്തിന്റെ തണലിൽ ശരണം ഗമിക്കുന്ന ഏതൊരു വ്യക്തിയുടെയും ജീവിത മരണ വിനാഴികകൾ കൃപാപൂർണ്ണമായിരിക്കുമെന്ന ഉറപ്പ് ചാവറയച്ചനിലൂടെ നമുക്കു ലഭിക്കുന്നു. പ്രതിസന്ധികളുടെ കോളിളക്കങ്ങൾക്കിടയിൽ ദൈവമാകുന്ന നങ്കൂരത്തിന്റെ ബലത്തിൽ അക്ഷോഭ്യരായി നിലകൊള്ളാൻ സാധാരണ ജനങ്ങൾക്കു കഴിയില്ല. അവിടെയാണ് ദൈവത്തിൽ *ഓഹരിയും പാനപാത്രവും* കണ്ടെത്തി ചെറുപ്പത്തിലേ ദൃഢതപ്രാപിച്ച ചാവറയച്ചന്റെ ആത്മീയ സരണിയുടെ തനിമ വെളിവാകുന്നത്. സർവ്വാത്മനാ ദൈവശുശ്രൂഷയിൽ വ്യാപൃതനാകാനായി പൗരോഹിത്യാഭിഷേകം സ്വീകരിച്ച അദ്ദേഹം ഒരിക്കലും വിശ്രമിക്കാത്ത നല്ലയിടയനും കരുതലുള്ള കാവൽക്കാരനുമായിരുന്നു.

ദൈവം തന്നെ ഏല്പിച്ചതെല്ലാം വിശുദ്ധമായ ശുഷ്ക്കാന്തിയോടെ ചെയ്തുതീർത്ത് അവിടുത്തെ ഭവനത്തിലേയ്ക്ക് യാത്രയായ ചാവറയച്ചൻ കേരളത്തിനു മാത്രമല്ല ഭാരതത്തിനും തിരുസഭയ്ക്കും ലോകം മുഴുവനുംതന്നെയും അഭിമാനമാണ്. പഠിക്കുംതോറും കൂടുതൽ അർത്ഥദീപ്തമായി നമുക്കു മുൻപിൽ തെളിയുന്ന അഭൂതവ്യക്തിത്വമാണ് ചാവറയച്ചന്റേത്. വിസ്മയം ജനിപ്പിക്കുന്ന അദ്ദേഹത്തിന്റെ ആത്മീയ സരണികളും പ്രവർത്തനമേഖലകളും കൂടുതൽ കൂടുതൽ പഠിയ്ക്കപ്പെടുകയും പ്രചോദനഹേതുവായിത്തീരുകയും ചെയ്യട്ടെ. അതിനു വഴിതെളിക്കുവാൻ ഈ ഗ്രന്ഥത്തിനു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. സിസ്റ്റർ മരീനയുടെയും സിസ്റ്റർ ആവിലയുടെയും ഈ അക്ഷരപ്രണാമത്തിനു ഞാൻ പ്രചുരപ്രചാരവും അനുഗ്രഹങ്ങളും നേരുന്നു. ■

# എന്റെ ഓഹരിയും പാനപാത്രവും

## ഒന്ന്

# നിന്റെ രാജ്യം വരേണമേ...

**കൈ**രളിയുടെ ചക്രവാളത്തിൽ പ്രഭ തൂകി വിരാജിക്കുന്ന *സൂര്യതേജസ്സ്;* കാലത്തിന്റെ പ്രയാണഗതികൾക്ക് മങ്ങലേല്പിക്കാൻ കഴിയാത്ത *അനശ്വര വ്യക്തിത്വം;* ഉദ്ഗ്രഥനം സത്തയിൽ സമ്യക്കായി സ്വാംശീകരിച്ച *ദൈവിക മനുഷ്യൻ. ലൗകികവും ആത്മീയവുമായ മണ്ഡലങ്ങളെ പരസ്പര ചൈതന്യ പ്രവാഹത്തിലൂടെ കോർത്തിണക്കി ദൈവീകപ്രഭാവം പ്രഫുല്ലമാക്കുന്ന പ്രതിഭാശാലി!...* അതായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.[1] ദൈവത്തിനും ജനത്തിനും വേണ്ടി ഒരേ മനസ്സോടെ വിട്ടുവീഴ്ചയില്ലാതെ സ്വയം സമർപ്പിച്ച മനുഷ്യസ്നേഹിയായി, കാലഘട്ടത്തിനുമുമ്പേ നടന്നുനീങ്ങിയതിനാൽ ചരിത്രം നെഞ്ചിലേറ്റി താലോലിക്കുന്ന നവോത്ഥാന നായകനായി, ഈ യുഗപുരുഷൻ മലയാളി സംസ്കൃതിയിൽ അമരത്വം നേടിയിരിക്കുന്നു.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ പതിനാറാം നൂറ്റാണ്ടുവരെ സമാധാനത്തിലും അഭിവൃദ്ധിയിലും കഴിഞ്ഞിരുന്നുവെങ്കിൽ പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേക്കും വൈദേശികാധിപത്യത്തിലും പാഷണ്ഡതയുടെ പശ്ചാത്തലത്തിലും ശോചനീയമായ നിലയിൽ എത്തിച്ചേർന്നു. ഈ ദുഃസ്ഥിതി മനസ്സിലാക്കിയ ബർണ്ണർദീനോസ് ബച്ചിനെല്ലി മെത്രാപ്പോലീത്ത സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളായി ചാവറ പിതാവിനെ നിയോഗിച്ചു. പ്രശ്നപരിഹാരത്തിനും സമുദായത്തിന്റെ ശ്രേയസ്സ് വീണ്ടെടുക്കുന്നതിനും അദ്ദേഹത്തെക്കാൾ യോഗ്യനായ ഒരിടയനെ കണ്ടെത്തുവാനാകുമായിരുന്നില്ല. വികാരി ജനറാളായി ചാവറ പിതാവിനെ നിയമിച്ചുകൊണ്ട് നൽകിയ അധികാര പത്രത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

*നമ്മുടെ ഭരിപ്പിൽ നിന്നും പട്ടസുഖക്കാർക്കും മറ്റുള്ള അൽമേനികൾക്കും ആത്മഗുണത്തിനടുത്ത ഫലം ഉണ്ടായിക്കാൺമാനില്ലാത്തതിനാലും.... വേണ്ടുന്ന ധൈര്യവും മിടുക്കും ബോധജ്ഞാനവും പുണ്യവ്യാപാരവും തനിക്കുണ്ടെന്നു നാം ബോധിച്ചു നമ്മുടെ കീഴിൽ മലയാളത്തിലുള്ള*

*സുറിയാനി പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടേയും അൽമേനികളുടേയും ആത്മപരിപാലനം ചെയ്ത് അവരെ ഭരിക്കുന്നതിന്നു വികാരി ജനറാളായിട്ടു തന്നെ നാം കല്പിച്ചു ശുദ്ധ പള്ളി ആകമാനമായിട്ടു അനുവദിച്ചിട്ടുള്ള മുഷ്ക്കരത്വങ്ങളും അനുവാദങ്ങളും കൂടാതെ പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ തരുമെന്ന ക്രമക്കടലാസ്സിൽ പറയുന്ന അനുവാദങ്ങളും മുഷ്ക്കരത്വങ്ങളും കൂടെ തനിക്കു നാം തന്നിരിക്കുന്നു*[2]....

ചാവറയച്ചന്റെ ഗുണങ്ങളെയും കഴിവുകളെയും എടുത്തുപറയുന്ന മെത്രാപ്പോലീത്താ യൂറോപ്പിൽ നിന്ന് പുതിയ മിഷനറിമാർ വന്നുചേരുന്ന സമയത്ത് അവരോട് പറഞ്ഞിരുന്നതും ശ്രദ്ധാർഹമാണ്:

*നിങ്ങൾ ചാവറയെ കണ്ടോ? ഇദ്ദേഹമാണ് ഇന്ന് മലയാളം ഭരിക്കുന്നത്.*[3]

മഹത്വമാർന്ന ആ വ്യക്തിത്വസമസ്യയുടെ ചുരുളഴിക്കാൻ പരിശ്രമിക്കുമ്പോൾ കണ്ടുമുട്ടുക സാന്ദ്രമായ ധ്യാനാത്മകതയുടെ ഏകാന്തതീരങ്ങളിൽ ദൈവിക നിയോഗങ്ങൾക്ക് കാതോർത്ത ആർഷഭാരതചൈതന്യപൂരിതനായ ഒരു മുനിവര്യനെയാണ്. ഭാരതീയ ആദ്ധ്യാത്മികതയുടെ അടിസ്ഥാന ഭാവങ്ങളായ ശ്രവണ, മനന, നിദിധ്യാസനങ്ങളിലൂടെ സ്വായത്തമാക്കിയ ദൈവാനുഭവമാണ് സൃഷ്ടികളിൽ സ്രഷ്ടാവിനെ കാണാനും സ്രഷ്ടാവിന്റെ ഉപകരണമായി *ഞാൻ, എന്റെ, എനിക്ക്* എന്നൊക്കെയുള്ള ഭാവങ്ങൾ ബലിയും, വിലയുമായി നിവേദിച്ച് അന്യജീവനുതകുന്ന സേവനത്തിൽ ആയുഷ്ക്കാലം മുഴുവൻ വ്യാപൃതനായി തന്റെ വർത്തമാന ഭാവി കാലങ്ങളെ അനുഗൃഹീതമാക്കുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

ജീവിത വ്യഗ്രതയ്ക്കും തിരക്കിനുമിടയിൽ ഇന്നിന് അന്യമാകുന്ന ദൈവൈക്യത്തിന്റെ സുന്ദരനിമിഷങ്ങൾ ചാവറയച്ചനിൽ നാം ദർശിക്കുന്നു. കർമ്മോത്സുകനായ വലിയൊരു മനുഷ്യസ്നേഹിയേയും അദ്ദേഹത്തിൽ നാം കണ്ടുമുട്ടുന്നു. യഥാർത്ഥമായ ആദ്ധ്യാത്മിക മൂല്യങ്ങളുടെ ചിത്രം ആലേപനം ചെയ്യപ്പെടുക ഭൗതിക ജീവിതത്തിന്റെ ചുമരിലാണെന്നും വ്യതിരിക്തങ്ങളായ ഈ തലങ്ങൾ ദൈവസായൂജ്യത്തിലൂടെ ഏകപ്രവാഹമായി പരിണമിക്കുമ്പോൾ ദേശകാലസീമകളെ ഉല്ലംഘിക്കുന്ന കർമ്മമണ്ഡലങ്ങൾ അതിലൂടെ വളർന്നുകൊണ്ടേയിരിക്കുമെന്നും ആ ധന്യജീവിതത്തിലൂടെ നാം തിരിച്ചറിയുന്നു. ദിവ്യകാരുണ്യമായ വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ നീണ്ട മണിക്കൂറുകൾ തപസ്സിരുന്ന് ആത്മാനുഭവത്തിന്റെ ആഴങ്ങളിൽ ജീവിതത്തിന്റെ അർത്ഥവും ആശ്രയവും ശക്തിയും കണ്ടെത്തിയ സ്മര്യാത്മാവിന് ദിവ്യാകാരുണ്യാനുഭവം പകർന്നു നൽകിയ പ്രേഷിതതീക്ഷ്ണതയാൽ ദൈവസ്തുതിക്കും തിരുസഭയുടെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവിതകാലം മുഴുവൻ നിസ്തന്ദ്രം അദ്ധ്വാനിക്കുവാൻ കഴിഞ്ഞു; അതിനു ചരിത്രംതന്നെ സാക്ഷി.

സാധാരണ ചുറ്റുപാടിൽ ജനിച്ചുവളർന്ന, സാധാരണക്കാരനായ ചാവറയച്ചൻ എങ്ങനെ വിസ്മയത്തിന്റെ ചരിത്രം വിരചിക്കുന്ന ഒരു അസാധാരണ വ്യക്തിയായി മാറി? ഇതിനു നിദാനമായി നിലകൊള്ളുന്നത് തലമുറകളായി അദ്ദേഹത്തിനു പകർന്നു കിട്ടിയ അടിയുറച്ച മതാത്മകതയും അതു വികസിച്ച് രൂപപ്പെട്ട ആഴമായ ആത്മീയതയും ആ ആത്മീയത രൂപാന്തരപ്പെട്ടുണ്ടായ ആദ്ധ്യാത്മികതയുമാണ്.

## എന്താണ് മതാത്മകത?

Religious എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ഈശ്വരവിശ്വാസമുള്ള (Godly), ഭക്തിയുള്ള (Devout, Pious), വിശുദ്ധിയുള്ള (Sacred), മതാത്മകതയുള്ള (Concerned with religion) എന്നൊക്കെയാണ്.[4] മതാത്മകത മതത്തിൽ നിന്നും ഉരുത്തിരിയുന്ന ഒന്നാണ്. Religare എന്ന ലാറ്റിൻ പദത്തെ Religionന്റെ മൂലപദമായി കണക്കാക്കുന്നു. ഇതിന്റെ അർത്ഥം യോജിപ്പിക്കുക, ബന്ധിപ്പിക്കുക (to bind) എന്നൊക്കെയാണ്.[5]

പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ പരിശുദ്ധമായതുമായുള്ള ബന്ധം (relationship with the holy) മതത്തിന്റെ നിർവ്വചനമായി കണക്കാക്കിയിരുന്നു. അതായത് *പരിശുദ്ധമായതു*മായുള്ള (the holy) ഒരു മനുഷ്യന്റെ ബന്ധമാണ് അയാളുടെ മതം. ഇവിടെ പരിശുദ്ധമായത് (the holy) അമാനുഷികമോ പ്രകൃത്യാതീതമോ ആകണമെന്നില്ല; വ്യക്തിപരവുമാകാവുന്നതാണ്. *ദൈവം* എന്ന പദത്തെയും വ്യക്തിപരമോ പ്രകൃത്യാതീതമോ ആയ രീതികളിൽ നിർവ്വചിക്കാൻ കഴിയും. തന്മൂലം മതമെന്നത് *ദൈവവുമായിട്ടുള്ള ബന്ധം* എന്നതിലുപരിയായി പല അർത്ഥതലങ്ങളും ഉൾക്കൊള്ളുന്നതാണ്. ആരാധന, വിശ്വാസസംഹിതകൾ, ധാർമ്മികജീവിതം, മതാത്മക സംവിധാനങ്ങളിലുള്ള പങ്കുചേരൽ, അനുഷ്ഠാനങ്ങൾ, വേദലിഖിതങ്ങൾ തുടങ്ങിയ ഘടകങ്ങൾ മതത്തിൽ ഉൾച്ചേർന്നിട്ടുണ്ട്.[6] ഇരുപതാം നൂറ്റാണ്ടായപ്പോഴേയ്ക്കും മതത്തിന്റെ വിവിധ മാനങ്ങൾ (dimensions) ചർച്ചാവിഷയമായി തുടങ്ങി; Psychological, Sociological, Anthropological തുടങ്ങിയവ.[7] ഒരു വ്യക്തിയുടെ മതാത്മകത നിർണ്ണയിക്കുന്ന ഘടകം ആ വ്യക്തിക്ക് *പരിശുദ്ധമായതുമായുള്ള* (the holy) ബന്ധത്തിന്റെ അതായത്, മതവുമായുള്ള ബന്ധത്തിന്റെ, ആഴമാണ്.

ഇന്നത്തെ യുഗത്തിനു *മതം* എന്നതിനു നൽകാവുന്ന, കാണേണ്ട അർത്ഥം മനുഷ്യസമൂഹത്തെ വിശ്വാസസംഹിതകളാലും, മൂല്യങ്ങളാലും സംയോജിപ്പിക്കുകവഴി, ശക്തവും, നിലനിൽക്കുന്നതുമായ അർത്ഥവ്യാപ്തിയും, മാനവും ഉള്ള സംസ്ക്കാരസംവിധാനത്തെ രൂപീകരിക്കുന്ന ഘടകം എന്നതാണ്. ജീവോത്പത്തിയേയും, പ്രപഞ്ചോത്പത്തിയേയും മൂലപശ്ചാത്തല വിഭാവന സങ്കല്പസഹിതം വിശദീകരിക്കുന്ന വിവരണങ്ങൾ,

പ്രതീകങ്ങൾ, പാരമ്പര്യങ്ങൾ, വിശുദ്ധ ചരിത്രങ്ങൾ തുടങ്ങിയവ എല്ലാ മതങ്ങൾക്കുമുണ്ട്. ജീവിതത്തിന്റെ അർത്ഥപൂർണ്ണതയാണ് അവയിലൂടെ മനുഷ്യന് വിശദമാക്കിക്കൊടുക്കുവാൻ ശ്രമിക്കുന്നതും. ധാർമ്മികത, മൂല്യസംഹിതകൾ, ജീവിതരീതികൾ മുതലായവ ഉടലെടുക്കുന്നത് ഇവയിൽ നിന്നുമാണ്.[8]

സ്വത്വത്തിന്റെ ആഴങ്ങളിൽ നിന്നുള്ള *ഈശ്വരാന്വേഷണം*, അതിന് കരുത്തും പ്രകാശവും നൽകുന്ന *താപസികത*, പരിപൂർണ്ണമായ ഏകാഗ്രത സുഖകരമാക്കുന്ന *വിരക്തി* തുടങ്ങിയ ഭാവങ്ങൾ ഉൾച്ചേർന്ന് ഉയിരെടുത്തത് ഭാരതീയ മതാത്മകതയും അതിന്റെ തനിമയും. ദൈവീകദർശനത്തിന്റെ സമ്പൂർണ്ണവെളിച്ചത്തിൽ *വസുധൈവക കുടുംബകം* എന്ന സങ്കല്പത്തെ, സകലരും ദൈവത്തിന്റെ കുടുംബാംഗങ്ങൾ, അതിനാൽ ദൈവജനം എന്ന ഉദാത്തഭാവത്തെ സ്വായത്തമാക്കുന്ന ആത്മീയവെളിച്ചത്തെ പ്രാപിക്കുവാൻ കഴിയുക ഈ മാർഗ്ഗത്തിലൂടെയത്രെ. അപ്രകാരം പ്രാപ്തനാകുന്ന വ്യക്തി *ദർശനത്തിന്* പ്രാപ്തനാകുന്നു. അനന്തവും, അഗോചരവും അചിന്ത്യവും അക്ഷയവുമായ ദൈവസത്തയിലേയ്ക്കുള്ള ഉൾക്കാഴ്ചയാണ് ഉദാത്തവും അഭൗമവുമായ ദർശനം. ഇതുൾക്കൊള്ളുവാനും അതിന്റെ ഉൾത്തെളിവിലേയ്ക്കെത്തുവാനും കഴിയുന്ന വ്യക്തി സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തിലൂടെ പ്രകാശിതമാകുന്ന ആത്മീയതയുടെ അനുഭൂതി സാക്ഷാത്കാരത്തിലേയ്ക്കും ആത്യന്തികമായ ഏക കുടുംബസങ്കല്പത്തിലേയ്ക്കും വന്നെത്തുന്നു.

ഒരു വ്യക്തിയുടെ മതാത്മകത പൂർണ്ണമാവുക ആത്മീയത (spirituality) അതിൽ ഉൾച്ചേരുമ്പോഴാണ്. *പരമമായതിനെ അന്വേഷിക്കുകയാണ്* ആത്മീയതയുടെ കാതൽ. ആത്മീയവഴിയിലൂടെ നടന്ന് ദൈവീകത ആർജ്ജിക്കുന്നതിനനുസരിച്ചാണ് ഒരു വ്യക്തിയുടെ മതാത്മകത പരിപക്വമാകുന്നത്.

ക്രൈസ്തവത എല്ലാ അർത്ഥത്തിലും തലത്തിലും ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമാണ്; അതാവട്ടെ ദർശന ഭാവത്തിൽ ക്രൈസ്തവതയിൽ അധിഷ്ഠിതവുമാണ്:

*ഏതു ജീവിതാന്തസ്സിലും പരിതഃസ്ഥിതികളിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവ ജീവിതത്തിന്റെ പൂർണ്ണതയും സ്നേഹത്തിന്റെ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.*[9] *തന്മൂലം ക്രൈസ്തവരായ ഓരോരുത്തരും തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ദാനങ്ങൾക്കും കർത്തവ്യങ്ങൾക്കും അനുസൃതമായി പ്രത്യാശ ജനിപ്പിക്കുന്നതും ഉപവിയിൽക്കൂടി പ്രവർത്തിക്കുന്നതുമായ സജീവ വിശ്വാസത്തിൽ പതറാതെ ചരിക്കണം.*[10]

ക്രിസ്തീയമായി ജീവിക്കുന്ന ഒരു വ്യക്തിക്ക് ക്രിസ്തുവാണ് സജീവ മാതൃക. ആ ജീവിതശൈലി സ്വന്തമാക്കി മുന്നേറുന്ന ഒരു ക്രിസ്ത്യാനിയുടെ ജീവിതം സദാ ക്രിസ്തുവാകുന്ന അച്ചുതണ്ടിൽ ഉറപ്പിച്ചിരിക്കുന്നതും

അവിടുന്നുമായുള്ള ഐക്യത്തിൽ പ്രകാശിതമാകുന്നതനുസരിച്ച് സ്നേഹ പ്രവൃത്തികളിൽ വ്യാപൃതമാകുന്നതുമായിരിക്കും.

സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തെ ഒരർത്ഥത്തിൽ അസ്തിത്വപൂർണ്ണതയിലേയ്ക്കുള്ള സൃഷ്ടികളുടെ തുറവി എന്നു വിശേഷിപ്പിക്കാം. ഇത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ ദൈവത്തിലേയ്ക്കുള്ള തുറവിതന്നെയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യർ ദൈവീകജീവനിൽ പങ്കുചേർന്ന് ദൈവസ്വഭാവത്തിന്റെയും അതിലൂടെ നിത്യജീവന്റെയും ഉടമകളാകുവാൻ വേണ്ടിയാണ്. ദൈവീകജീവനിൽ പങ്കുചേരുന്നതിന് ദൈവം നൽകിയിട്ടുള്ള കഴിവുകളാണ് ദൈവത്തെയും ദൈവീകസത്യത്തെയും കാണുവാനുള്ള വിശ്വാസം അല്ലെങ്കിൽ ഉൾക്കാഴ്ചയും ദൈവീകനന്മ കണ്ടെത്തി അതിൽ സ്ഥിരമായി മുന്നേറുന്നതിനുള്ള പ്രത്യാശ അല്ലെങ്കിൽ മനസ്സാക്ഷിയും ദൈവൈക്യത്തിനാവശ്യമായ നന്മകൾ പ്രവർത്തിച്ചുകൊണ്ട് അതുമായി ഒന്നുചേരുന്നതിനുള്ള ഉപവി അല്ലെങ്കിൽ സംസർഗ്ഗവും.[11]

ചാവറ പിതാവിൽ ദൃശ്യമാകുന്ന മതാത്മകത നൂറു ശതമാനവും ക്രിസ്തീയമാണ്. ക്രിസ്തുവിലേയ്ക്കുള്ള യാത്ര, ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ, അവിടുന്നുമായുള്ള അനുരൂപണം ഇവയാണ് ആ മതാത്മകതയുടെ അഥവാ ആദ്ധ്യാത്മികതയുടെ പ്രയാണഗതികൾ.

*ആദ്ധ്യാത്മിക ജീവിതത്തിലെ രൂപാന്തരീകരണം എന്നത് മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ദൈവഛായയിൽ നിന്ന് ദൈവസാദൃശ്യത്തിലേയ്ക്കുള്ള വളർച്ചയാണ്.*[12]

ആ ദൈവീകത, മതാത്മകത, ആദ്ധ്യാത്മികത സവിശേഷമാകുന്നത് അതിന്റെ അന്തർധാര പരമമായ മാനവികതയിൽ അധിഷ്ഠിതമായിരുന്നതിനാലാണ്. ആത്യന്തികമായ വിശകലനത്തിൽ അതുതന്നെയായിരുന്നുവല്ലോ ക്രൈസ്തവതയുടെ അന്തഃസ്ഫുരണവും. ദൈവപുത്രൻ മനുഷ്യാവതാരമെടുത്തു മനുഷ്യരക്ഷയ്ക്കായി തീർത്ത ചര്യാകല്പനകളുടെ അന്തർധാര മനുഷ്യനെ ചൊല്ലിയുള്ള കരുതലും അതിൽ നിന്നുറവാകുന്ന മാനവികതയുമാകുമ്പോൾ ക്രിസ്തുവഴിയേ തന്റെ സത്തയെ സമർപ്പിച്ചു സ്വജന്മത്തെ മനുഷ്യസ്നേഹത്തിന്റെ ആരാധനാശുശ്രൂഷയായി നിവർത്തിച്ച ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ സ്രോതസ്സ് പിന്നെ മറ്റൊന്നാകുന്നതെങ്ങിനെ!

■

## പരാമർശ സൂചിക


1. തോമസ് ഐക്കര, *അരൂപിയുടെ സംഗീതം.* ചാവറയച്ചൻ, Chavara Birth Bicentenary Special, Deepika Publication, 2004, പേജ് 93.
2. വലേരിയൻ, *മലങ്കര സഭാമാതാവിന്റെ വീരസന്താനം,* മാന്നാനം, 1939, പേജ് 161.
3. *Ibid., p.* 229.
4. T. Ramalingam Pillai, s.v. "Religious", in N.V. Krishnavariar (ed.) *English Malayalam Dictionary*, D.C. Books, Kottayam, 2009, p. 744
5. M. Clare Adama. ''*Religious Life*", in Michael Downey (ed.), *The New Dictionary of Catholic Spirituality,* Bangalore, Theological Publication in India, 2003, p. 818; http://www.brainy quote.com/words/re/religious 211796.
6. *Encyclopedia Britanica,* s.v. "Religious", pp. 108-109.
7. *Ibid.*
8. http://www.brainy quote.com/words/re/religious 211796.
9. രണ്ടാം വത്തിക്കാൻ കൗൺസിൽ, തിരുസഭ, No. 40, 4th edition, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ.
10. *Ibid.,* No. 41.
11. കുരിയാക്കോസ് ഏലിയ വടക്കേത്ത്, *ചാവറ ആദ്ധ്യാത്മികത,* ദനഹ സർവ്വീസസ്, കോട്ടയം, 2005, പേജ് 148-150.
12. കുരിയാക്കോസ് ഏലിയ, *വ്യക്തിസാഫല്യം,* പേജ് 71.

## രണ്ട്

# എമ്മാനുവലേ... എമ്മാനുവേലേ...

ഭാരതചരിത്രത്തെ മതാത്മകതനിമയിൽ രൂപപ്പെടുത്തുവാൻ മുന്നിട്ടിറങ്ങിയ നവോത്ഥാന ശില്പിയാണ് ചാവറയച്ചൻ.[1] ഈ മതാത്മകതയാണ് ഭാരത നസ്രാണിസഭയ്ക്ക് കൈമുതലായുണ്ടായിരുന്ന പൈതൃകം. ഭാരതീയർ ഈ പൈതൃകത്തെ ഏറ്റവും ശ്രേഷ്ഠമായി പരിഗണിച്ചിരുന്നതുകൊണ്ടാണ് ഹൈന്ദവർപോലും നസ്രാണികളുടെ സിദ്ധിയെ വിലമതിച്ചതും ബഹുമാനിച്ചതും.[2]

ചാവറയച്ചന്റെ കാലത്ത്, 1861-ൽ ബ്രിട്ടീഷ് പാർലമെന്റ് കൊണ്ടുവന്ന നിയമമനുസരിച്ച് വർണ്ണ ജാതിവ്യവസ്ഥകൾക്കതീതമായി ദൈവവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരേ മതവിശ്വാസികൾ സഹോദരങ്ങളായി പരിഗണിക്കപ്പെട്ടു തുടങ്ങിയിരുന്നു. അത് സാംസ്ക്കാരിക രൂപവത്ക്കരണത്തിന്റെ പ്രാരംഭ പ്രകാശനവുമായിരുന്നു. ചേരിതിരിവുകൾക്കതീതമായി ദൈവജനത്തിന്റെ ഉദ്ധാരകനായ നസ്രായൻ യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയാൻ വെളിപ്പെടുത്തി കൊടുക്കുകവഴി മതാത്മകശൈലി അനുവർത്തിക്കുന്നതിനാണ് ചാവറയച്ചൻ ശ്രമിച്ചത്. ഭാരത നസ്രാണി വ്യക്തിത്വത്തിൽ അനന്യത കണ്ടെത്തിയ അദ്ദേഹം *ദൈവത്തിനും ദൈവജനത്തിനും* എന്ന ലക്ഷ്യത്തിൽ പദമൂന്നി ഭാരതതനിമയിലുള്ള പ്രവാചകനായി ജനമദ്ധ്യേ നിലകൊള്ളുകയായിരുന്നു.

ഭാരതീയ മതാത്മകതയിൽ, താപസികത അന്തർലീനമാണെങ്കിലും *അഹം ബ്രഹ്മാസ്മി, തത്വമസി* എന്നുള്ള മൗതികത അതിൽ ഉൾച്ചേർന്നിട്ടുണ്ട്. ചാവറയച്ചനിൽ വ്യതിരിക്ത വിശിഷ്ടമായി കാണുന്ന കാതലായ വ്യത്യാസം അദ്ദേഹത്തിൽ പ്രതിസ്പന്ദിച്ചു നിറവായ *എമ്മാനുവേൽ* (ദൈവം നമ്മോടുകൂടെ) എന്ന അനുഭവസാമ്യമാണ്.

*അമ്മാനുവേലെന്ന തമ്പുരാനെ നിന്നെ-*
*യൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ*[3]

ഭാരതത്തിനും ലോകത്തിനും ഒരു സുവിശേഷമായി നിലകൊള്ളുന്ന ഒന്നാണ് അദ്ദേഹം അനുഭവിക്കുകയും പ്രസരിപ്പിക്കുകയും ചെയ്ത ഈ അനുഭൂതി.

സൃഷ്ടി-സ്രഷ്ടാവ് ബന്ധം എന്നത് അടിസ്ഥാനപരമായി മതാത്മകാനുഭൂതിയാണ്.[4] ദൈവത്തിലേയ്ക്കുള്ള തിരിയലും അതിനനുസൃതമായ ജീവിതവുമാണ് മതാത്മകത.[5] ഭൗതികത രൂപപ്പെട്ട് ആത്മീയതയും ആത്മീയത രൂപാന്തരപ്പെട്ട് ആദ്ധ്യാത്മികതയുമായിത്തീരണം എന്നു സാരം. ഇതിനായിട്ടത്രെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.[6]

ശാരീരിക മാനസിക കഴിവുകളെ ദൈവദത്തമായ എന്ന് വിശേഷിപ്പിച്ചാൽ അവയിൽ നിന്നും ആദ്ധ്യാത്മിക കഴിവുകളിൽ സദാ വ്യാപരിച്ചുകൊണ്ട് ജീവിക്കുന്നവർ ആദ്ധ്യാത്മിക ജീവിതം നയിക്കുന്നു എന്ന് കാണാം. മാനുഷിക കഴിവുകളും ആദ്ധ്യാത്മിക കഴിവുകളും പരസ്പര പൂരകങ്ങളും ദൈവദാനങ്ങളുമാണ്. സ്രഷ്ടാവുമായുള്ള സൃഷ്ടിയുടെ നിരന്തര ബന്ധം വഴിയും സ്രഷ്ടാവിലേയ്ക്ക് സൃഷ്ടിയുടെ ജീവിതത്തിലൂടെയുള്ള തുറവി വഴിയും മനുഷ്യവിശുദ്ധീകരണവും ദൈവമഹത്വീകരണവും നടക്കുന്നു. സൃഷ്ടിയെന്നുള്ള അവബോധം എത്രയധികമുണ്ടോ അത്ര കൂടുതലായി ദൈവത്തോടുള്ള ബന്ധം സജീവമാകും. സൃഷ്ടി എന്ന നിലയിൽ സ്രഷ്ടാവിൽ തന്റെ അസ്തിത്വം കണ്ടെത്തിയ ചാവറയച്ചൻ പറഞ്ഞിട്ടുണ്ട്:

*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ സുതനായി ചമച്ചെന്നെയും*
*ആയതിനെന്തുകാരണം ദൈവമേ!*
*ആദ്യഹീനനാം നിന്റെ ദയതന്നെ.*
*ഉത്തമനായ നിന്നുടെ ചിത്തത്താൽ*
*ഉത്ഭവം തന്നു മാനുഷ ജന്മത്തിൽ*
*ഉന്നതനായ നിന്നുടെ സന്നിധേ*
*ഉന്നതേ കരേറുവാനും ചിത്തമായ്.*[7]

തന്റെ ജന്മനാൾ മുതൽ അന്ത്യം വരെ കാത്തുപരിപാലിച്ച ദൈവപരിപാലനയെ നമിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നുമുണ്ട്:

*ഊഴിയിൽ നുരച്ചേറുന്ന കൃമിപോൽ*
*ഊഴിയാലെന്നെ സൃഷ്ടിച്ചുവെങ്കിലും*
*ഊനമോലതീ ഭൂമിയിൽ മേവുവാൻ*
*ഊനഹീനമാം കാവലും തന്നല്ലോ.*
*എന്നുടെ ജനനത്തിന്റെ നാൾ മുതൽ*
*എന്നെക്കാത്തുഭരിച്ചു സൂക്ഷിപ്പാനും*
*എന്നേരത്തുമെൻ ചാരത്തുനിന്നീയാൾ*
*എന്നതിനാലെയന്നു ഞാൻ ജീവിച്ചു*[8]

തനിക്ക് ജന്മം നൽകുകയും തന്നെ പരിപാലിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന സ്രഷ്ടാവായ ദൈവം ആദിയിലെന്നപോലെ എന്നും അന്നോടുകൂടെയുണ്ട് എന്ന അനുഭവം ചാവറപിതാവ് സ്വായത്തമാക്കിയിരുന്നു. അതിനുള്ള പരിശീലനം ശൈശവകാലത്ത് തന്റെ അമ്മയിൽ നിന്നും പിന്നീട് പാലയ്ക്കൽ തോമാ മല്പാനച്ചനിൽ നിന്നും അദ്ദേഹം സ്വന്തമാക്കി:

*അന്നവളുടെ കാല്ക്കലിരുന്നു ഞാൻ*
*മന്ദം മന്ദമറിഞ്ഞു ദൈവത്തെയും*

........................................................

*അന്നവിടത്തിലുള്ള ഗുരുശ്രേഷ്ഠൻ*
*നന്ദിയോടെന്നെക്കാത്തു വളർത്തീട്ടു*

........................................................

*പുണ്യമായ് നടന്നീടുവാൻ കാട്ടിടും*
*തണ്യതൊക്കെ ത്യജിപ്പാൻ പഠിപ്പിക്കും*[9]

പാപമാർഗ്ഗം വെടിഞ്ഞ് സുകൃതജീവിതം നയിക്കുവാൻ ഗുരുശ്രേഷ്ഠനായ പാലയ്ക്കൽ തോമാമല്പാനച്ചൻ ചാവറയച്ചനെ പരിശീലിപ്പിച്ചിരുന്നു. തന്റെ മാതാവിൽ നിന്നും ഗുരുനാഥനിൽ നിന്നും കിട്ടിയ പരിശീലനം ആദ്ധ്യാത്മികസരണിയിൽ പാപരഹിതനായി മുന്നേറുവാൻ ചാവറയച്ചനെ സഹായിച്ചു. 1800-കളിൽ തുടങ്ങിയ ലെയോപ്പോൾദച്ചന്റെ ആദ്ധ്യാത്മിക നേതൃത്വം അദ്ദേഹത്തിന്റെ ശിഷ്ടജീവിതത്തെ വീണ്ടും സുകൃതപൂരിതമാക്കി മാറ്റി. തന്റെ അസ്തിത്വാവബോധം ചാവറയച്ചനെ നിരന്തരമായ ദൈവാന്വേഷണത്തിലേയ്ക്ക് ആനയിച്ചു.

## ദൈവത്തെ തേടുന്ന മനുഷ്യൻ

ദൃശ്യമായവയിൽ അദൃശ്യമായ ദൈവസാന്നിദ്ധ്യത്തെ അന്വേഷിക്കുകയും സദാപി അത് അനുഭവിക്കുകയും ചെയ്തിരുന്ന ദൈവത്തിന്റെ മനുഷ്യനായിരുന്നു ചാവറയച്ചൻ. എവിടെയും എല്ലാറ്റിലും എല്ലാവരിലും ദൈവത്തെ കണ്ടെത്തുവാനുള്ള അന്വേഷണത്വര ഏത് പ്രതികൂലങ്ങളെയും നേരിടാനുള്ള കരുത്ത് അദ്ദേഹത്തിന് പകർന്നു കൊടുത്തു. ഈശ്വരാന്വേഷണത്തിന്റെ ബാഹ്യരൂപമാണ് താൻ അന്വേഷിക്കുന്നവനെ തന്റെ കൺമുമ്പിൽ തനിക്ക് കാണണമെന്നത്. ചാവറയച്ചന്റെ അന്വേഷണം തികച്ചും പരിശുദ്ധവും അവികലവുമായിരുന്നു. മനുഷ്യനായി തീർന്ന യേശുവിൽ താൻ അന്വേഷിക്കുന്ന ദൈവത്തെ കണ്ടെത്തുവാൻ ചാവറയച്ചൻ ശ്രമിച്ചു. യേശുവിലൂടെ മാനവകുലത്തെ മുഴുവനും സ്വന്തമാക്കുവാനുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം മുഴുവനും എന്നു പറയാം.

ദിവ്യജനനം മുതൽ സുവിശേഷത്തിലെ ഓരോ സംഭവത്തോടും ബന്ധപ്പെടുത്തി യേശുവിനെ കാണാകേണം എന്ന് ആവർത്തിക്കുകയാണ് ആത്മാനുതാപം മൂന്നാം പാദം മുഴുവനിലും.

*കാരുണ്യനാഥനാം ദൈവകുമാരന്റെ*
*യാര്യുണ്യ ശോഭയെ കാണാകേണം*
*കാരുണ്യവാരിധിയായ താൻ, മാനുഷ*
*കാരണൻ പാപാദി നീക്കുവാനായ്*
*മാനുഷ നീചവേഷത്തെ ധരിച്ചൊരു*
*മാനഷി രോതാവേ, കാണാകേണം*
*..........................................................*
*നല്ലൊരിടയൻ ഞാനെന്നരുളിച്ചെയ്ത*
*നല്ലനെയെന്നു ഞാൻ കാണാകേണം.*[10]

*സ്നേഹിതനോട് സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. ആ സ്നേഹം തന്നെ പഠിപ്പിക്കുയും ചെയ്യുമല്ലോ എന്നതിനാൽ ഈ സ്നേഹ ത്താൽ സംസാരിപ്പിക്കാൻ പഠിപ്പിക്കുകയും ചെയ്യും.*[11]

ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യും എന്ന പ്രയോഗത്തെ കേന്ദ്രമാക്കി ചിന്തിക്കുമ്പോൾ എത്തിച്ചേരുന്നത് പരിശുദ്ധാത്മാവിന്റെ മനു ഷ്യചേതനയിലുള്ള വാസത്തേയും അവിടുത്തെ പ്രവൃത്തിയേയും കുറിച്ചുള്ള അവബോധത്തിലാണ്. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖന ത്തിൽ പറഞ്ഞിട്ടുണ്ട്:

*നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ട വിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാ ച്യമായ നെടുവീർപ്പുകളാൽ ആത്മാവു തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു. ഈ ആത്മാവു മൂലമാണ് ആബാ പിതാവേ എന്നു നാം വിളി ക്കുന്നത്.*[12] *പരിശുദ്ധാത്മാവു നിറഞ്ഞ ചാവറയച്ചന്റെ ജീവിതത്തിലും ഈ ആത്മാവാണ് സ്നേഹാനുഭവത്തിന് നിദാനമായിരിക്കുന്നത്.*[13] *പരിശുദ്ധാത്മാ വിനാൽ നയിക്കപ്പെടുന്ന വ്യക്തി സ്നേഹാനുഭവത്തിൽ ദൈവത്തോടു ചേർന്നിരിക്കുന്നു എന്നത് സത്യമാണ്.*[14]

ചാവറയച്ചൻ പറഞ്ഞിട്ടുണ്ടല്ലോ:

*സ്നേഹമുണ്ടെങ്കിൽ അയാളോടു സംസാരിപ്പാൻ വകയുണ്ടാകും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കുകയും വേണ്ട. പേച്ചറിയാത്തവരും, തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരു പേച്ചറിയുന്ന മറ്റവനോട് സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോട് സംസാരിപ്പാനത്രേയിഷ്ടം. ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതന്റെ ചാരെയിരിക്കുന്നതുതന്നെ തൃപ്തിയാകുകയും ചെയ്യും.*[15]

ദൈവത്തിന്റെ ചാരെ ഇരിക്കുമ്പോൾ മനുഷ്യചേതന താനേ സജീവമാ കുന്നു; പ്രകാശിതമാകുന്നു. മനുഷ്യ ചേതനയുടെ സജീവത്വത്തിൽ പ്രകട മാകുന്ന സവിശേതകളാണ് ഉൾക്കാഴ്ച, മനസ്സാക്ഷി, സംസർഗ്ഗം എന്നി

ചേതനാത്മക കഴിവുകളുടെ ഫലദായകത്വം. ഉൾക്കാഴ്ചയുടെ ദർശനത്താലാണ് ദൈവത്തെ കാണുന്നത്:

*മർത്ത്യരഹം കൃതിദോഷം ദ്വേഷിപ്പാനായ്*
*കർത്താവിൻ താഴ്ചയും കാണാകേണം*[16]

മനുഷ്യചേതന ദൈവവചനത്തെ മനുഷ്യഹൃദയങ്ങളിൽ ആവിഷ്ക്കരിച്ച ശേഷം നടക്കുന്ന വിചിന്തനം മനുഷ്യമനസ്സാക്ഷിയുടെ തലത്തിൽ ചലനമുളവാക്കുന്നു. വചനത്തിന്റെ മാംസവത്കരണമാണവിടെ നടക്കുന്നത്. ഉൾക്കാഴ്ചയിലൂടെ ലഭിച്ച ദൈവദർശനവും, കേൾവിയിലൂടെ പ്രാപ്യമായ ദൈവവചനവും തുടർമനനത്തിലൂടെ പരിപൂർണ്ണ നന്മയിൽ വിധിക്കുന്നതിനിടവരുത്തുന്നു. ഈ വിധി മനസ്സാക്ഷിയുടെ പ്രവർത്തനമാണ്.[17] ദൈവസന്നിധിയിൽ നിന്നും സ്വാംശീകരിച്ചെടുത്ത ഉൾക്കാഴ്ചയും മനസ്സാക്ഷിയുടെ ദൈവീക അനുരൂപണവും ദൈവത്തോടുകൂടി നിരന്തരം ആയിരിക്കുക എന്ന ജീവിതശൈലിയിലേക്ക് ചാവറയച്ചനെ നയിച്ചു. അങ്ങനെ തന്റെ സ്രഷ്ടാവുമായുള്ള സജീവ ബന്ധത്തിൽ അദ്ദേഹത്തിന്റെ ആത്മാവ് നങ്കൂരമുറപ്പിച്ചു. ദൈവമല്ലാത്തതെല്ലാം അപ്രസക്തമായിത്തീർന്ന ആ ദശാസന്ധിയിലാണ്:

*മമപിതാവു നീയേ ഭാഗ്യവുമെനിക്കു നീ*
*മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ*
*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ*
*നിന്നാലല്ലാതെ ഞാനുമെങ്ങിനെ ജീവിക്കുന്നു!*
*ശ്വാസവുമെനിക്കു നീ യാവന പാനം നീയെ*
*ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ*[18]

എന്ന ഗാനം അദ്ദേഹത്തിൽ നിന്ന് ഉദ്ഗമിക്കുന്നത്.

തന്റെ ആത്മീയസ്പന്ദനങ്ങളാൽ അദ്ദേഹം തൊട്ടെടുക്കുന്ന മൗതീകഗുരുനാഥയാണ് വിശുദ്ധ അമ്മത്രേസ്യാ. ധ്യാനത്തിന്റെ ഗുരുനാഥയായി വിശുദ്ധയെ സ്വീകരിക്കുന്ന അദ്ദേഹം ആത്മീയപുത്രനും ശിഷ്യനുമായ തന്നെ ധ്യാനത്തിന്റെ ഉന്നതിയിലെത്തിക്കണമെന്ന് ഹൃദയപുരസ്ക്കരം പ്രാർത്ഥിക്കുകയും വിശുദ്ധയുടെ ഗ്രന്ഥങ്ങളുടെ സഹായം തേടുകയും ചെയ്യുന്നു. *ആത്മാനുതാപ*ത്തിന്റെ ധ്യാനസരണി വിശുദ്ധയിൽ നിന്നുതന്നെയാണ് അദ്ദേഹം അഭ്യസിച്ചിട്ടുള്ളത് എന്ന് വിശുദ്ധയുടെ ജീവിത ചരിത്രത്തിലെന്നപോലെ ചാവറകൃതികളിലും സമാനമായി പ്രതിഫലിക്കുന്ന പാപബോധം വ്യക്തമാക്കുന്നുണ്ട്.

മദ്ധ്യസ്ഥതയും സഹായവും തേടിയിരുന്ന പുണ്യാത്മാക്കൾ ഉണ്ടായിരിക്കെ, അതിനെല്ലാം ഉപരിയായി ചാവറയച്ചനെ വഴിനടത്തിയ സദ്ഗുരു കർത്താവു തന്നെയായിരുന്നു. തിരുസവിധത്തെ അദ്ദേഹം സമീപിക്കുന്ന രംഗം *ധ്യാനസല്ലാപ*ങ്ങളിൽ തെളിഞ്ഞുകാണാം:

*ആ, എന്റെ അനുഗ്രഹമുള്ള പിതാവേ! ഇപ്പോൾതന്നെ പാപകഷ്ടവും ദൈവനീതിയും ശാസ്ത്രമുറയാൽതന്നെയും അറിയാത്തവനായ ഞാൻ എന്റെ കുറയപ്പെട്ട അറിവിനും ബോധത്തിനും തക്കവണ്ണം ഉറ്റുവിചാരിക്കുന്നു എങ്കിൽ ഞടുങ്ങി വിറയ്ക്കുമെങ്കിൽ ആയതിനുള്ള മറവു നീങ്ങി ഞാൻ കാണുമ്പോൾ അയ്യോ, എത്ര ഭയങ്കരമായി ഞാൻ ഭ്രമിക്കും. ഈ ഭ്രമത്താൽ നീ തന്നെ എന്നെ ദൈവാനുഗ്രഹത്തിന്മേൽ ശരണപ്പെടുത്തിയില്ലെങ്കിൽ ആ ശരണം എന്റെ ഉള്ളിൽ കടപ്പാൻ ശക്തിപ്പെടുകയില്ല നിശ്ചയം.*[19]

യേശുവെ *ആത്മാനുഭവത്തിലൂടെ* കണ്ടെത്തിയ ചാവറയച്ചൻ സദാ ദൈവത്തിൽ ഉത്സുകനായി; മനുഷ്യരെ ദൈവീകരാക്കുവാനായി മനുഷ്യനായിത്തീർന്ന ദൈവമായ യേശുവിനെ ഇപ്രകാരം അഭിസംബോധന ചെയ്യുന്നു.

*ഉത്തരഭാഗെയുയർത്തുവാൻ ഞങ്ങളെ*
*യുത്തമനായ നീ മർത്ത്യനായി*[20]

തിരുസ്സഭയുടെ വിശ്വാസത്തിലും ദൈവാരാധനയിലും ആദ്ധ്യാത്മികതയിലും കേന്ദ്രആശയമായി നിലകൊള്ളുന്ന ഒന്നാണ് *ദൈവികമാനവീകരണം മാനവദൈവീകരണത്തിന്* എന്നത്. വിശുദ്ധ കുർബ്ബാനയിലെ *നിന്റെ ദൈവീക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു*[21] എന്ന പ്രാർത്ഥന ഈ ആശയം സ്പഷ്ടമാക്കുന്നുണ്ട്. മനുഷ്യരെല്ലാവരും ദൈവീകജീവനിൽ പങ്കുകാരാകുക എന്ന മനുഷ്യാവതാര രഹസ്യം ഇതിൽ പ്രകാശിതമാകുന്നു.

സഭാപിതാക്കന്മാരുടെ മനന പഠനമനുസരിച്ച് ദൈവീകരണമെന്നത് ദൈവകല്പന പാലിച്ചു ജീവിക്കുന്നതുവഴി ദൈവഛായയിൽ നിന്നു ദൈവസാദൃശ്യത്തിലേയ്ക്ക് രൂപാന്തരപ്പെടുന്ന പ്രക്രിയയാണ്. ഇതു തന്നെയാണ് *ദൈവസ്വഭാവത്തിൽ പങ്കുകാരാകുക*[22] എന്നതിന്റെയും അർത്ഥം. മാർ അത്തനേസിയൂസ് പറഞ്ഞിരിക്കുന്നതുമതാണ്. *ദൈവം മനുഷ്യനായത് നമ്മെ ദൈവമാക്കുന്നതിനുവേണ്ടി* എന്ന്. മാർ അപ്രേമാകട്ടെ *അവൻ നമുക്ക് ദൈവീകത്വം തന്നു, നാം അവിടുത്തേയ്ക്ക് മനുഷ്യത്വം നൽകി* എന്നും പറഞ്ഞിട്ടുണ്ട്.[23] ദൈവമക്കളായി തീരുന്നതിന് മനുഷ്യന് ദൈവം നൽകുന്ന വിളിയുടെ പ്രത്യുപകാരമായിട്ടാണ് ദൈവീകരണത്തെ പിതാവായ മാർ അപ്രേം കണ്ടത്. ആദത്തിനു ലഭിച്ച വിളിയും മിശിഹായിൽ ഉൾച്ചേർന്നതും യുഗാന്ത്യത്തിൽ മാനവരാശിയിൽ സാക്ഷാത്ക്കരിക്കപ്പെടേണ്ടതും ഒരേ വിളി തന്നെ.

ചാവറയച്ചന്റെ ജീവിതം ആരംഭത്തിൽ മാതാപിതാക്കൾക്കും ഗുരുഭൂതർക്കും വിധേയപ്പെട്ട് അനുസരണമുള്ളതായിരുന്നു. തുടർന്നുള്ള ജീവിതം പരിശുദ്ധ ത്രിത്വത്തിലും തിരുക്കുടുംബത്തിലും അധിഷ്ഠിതവും ജീവിതസായാഹ്നത്തിലാവട്ടെ ദൈവീകരിക്കപ്പെട്ട അനുഭൂതിയാൽ പൂരിതവുമായിരുന്നു, ദൈവീക

സ്വഭാവത്തിൽ ദൈവീകജീവനിൽ പങ്കുചേർന്ന ചാവറയച്ചന്റെ തുടർജീവിതം *ആദിയിലെന്നപോലെ എന്നേയ്ക്കും ആമ്മേൻ* എന്നു തന്നെയായി മാറുകയായിരുന്നു. നിരന്തരം ദൈവാന്വേഷണം നടത്തി സദാ ഈശ്വര സാന്നിദ്ധ്യത്തിൽ ജീവിച്ചിരുന്ന അദ്ദേഹത്തെ *പരിശുദ്ധാത്മാവ് നിറഞ്ഞ വ്യക്തി* എന്ന് സമകാലികർ വിശേഷിപ്പിച്ചത് ആവിധം ചാവറയച്ചൻ ദൈവാത്മഭാവത്തിൽ രൂപാന്തരപ്പെട്ടിരുന്നതുകൊണ്ടായിരുന്നു.

തപോധനൻ എന്നറിയപ്പെടുന്ന മഹർഷിയെ ഭാരതീയർ *തപസ്വി, സന്യാസി, യോഗി* എന്നൊക്കെയാണ് വിളിക്കുക. ആരണ്യകങ്ങളിൽ വസിക്കുന്ന സന്യാസിമാരുടെ സമ്പത്ത് ദൈവീകശക്തിയാണ്. തപസ്സിനെ *ആത്മശക്തിയുടെ വികാസം, ശരീര ദാസ്യത്തിൽ നിന്നുള്ള ആത്മാവിന്റെ മോചനം, മനസ്സിന്റെ ഗംഭീര ചിന്ത, മനസ്സിനെ സ്വയം ശക്തമാക്കൽ*[24] എന്നൊക്കെയാണ് വിശേഷിക്കപ്പെട്ടിട്ടുള്ളത്. തപസ്സിലൂടെയാണല്ലോ ആത്മാവബോധം അഥവാ ദർശനം ലഭിക്കുന്നത്. ഇപ്രകാരമുള്ള ദർശനമാണ് നിരന്തര പരിവർത്തനത്തിലൂടെ ആത്മശുദ്ധിയിലേക്ക് താപസിയെ നയിക്കുന്നത്. ഈശ്വരന്റെ ശബ്ദം നേരിട്ടു ശ്രവിക്കുന്ന അവർ ഈ ശബ്ദത്തെ ലോകത്തിന് പ്രതിപ്രദാനം ചെയ്യുന്നത് വാക്കുകളിലൂടെയല്ല, പ്രത്യുത ജീവിതത്തിലൂടെയാണ്. അങ്ങിനെയുള്ളവരുടെ സാക്ഷ്യത്തെ ഭാരതീയർ എന്നും വിലമതിച്ചിരുന്നു.

ക്രൈസ്തവ ചിന്താഗതിയിലും തപസ്സിന് വളരെ പ്രാധാന്യമുണ്ട്. *നിങ്ങൾ പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ*[25] എന്ന ആഹ്വാനം ജീവിതം മുഴുവനുമായുള്ള ഒരു പരിവർത്തനത്തിന്റെ ക്രിസ്തീയ പ്രസക്തിയെ വിളിച്ചറിയിക്കുന്നു. അഹത്തിൽനിന്ന്, ലോകത്തിൽനിന്ന്, പാപത്തിൽനിന്ന്, ദൈവത്തിലേയ്ക്കുള്ള ഈ വഴിതിരിയൽ ആത്മജ്ഞാനവും പ്രകാശവും പുതിയ ജീവിതവീക്ഷണവും പ്രാപ്തമാക്കിത്തരുന്നു. ദൈവത്തെക്കുറിച്ചുള്ള ഏകാഗ്രമായ അവബോധമാണ് ക്രൈസ്തവചിന്തയിൽ തപസ്സിന്റെ ധ്യാനപരമായ വശം. ഏകാഗ്രത സ്വന്തമാക്കാൻ ലൗകികമായതിനോടെല്ലാം വിരക്തി പുലർത്തുക അത്യാവശ്യമാണ്.

ഭാരതീയ ആദ്ധ്യാത്മികതയിൽ ഈശ്വരദർശനത്തിന് തപസ്സ് എത്രയും അനിവാര്യ ഘടകമാണ് എന്നു ചാവറയച്ചൻ തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹം നാളാഗമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും തപസ്സുഭവനം ഇല്ലായ്കയാൽ എറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ടും പല പ്രകാരത്തിലും പട്ടക്കാർക്ക് എങ്കിലും ഒരു ദർശനവീടുണ്ടാകണമെന്നുള്ള ആഗ്രഹത്താൽ.....*[26]

തപസ്സിൽ നിന്നാണ് ദർശനം ഉരുത്തിരിയുന്നത് എന്നു മനസ്സിലാക്കിയ ചാവറയച്ചൻ ദർശനഭാഗ്യം ലഭിച്ചവരെ രൂപപ്പെടുത്തുവാൻ വേണ്ടി താപസഭവനത്തിനായി ആഗ്രഹിച്ചു. താൻ രൂപംകൊടുത്ത താപസഭവനത്തിൽ

താപസികതയുടെ ജീവിതം അദ്ദേഹം നയിച്ചു. സ്വയം സ്വീകരിച്ച ലാളിത്യവും വിനയവും കാർക്കശ്യവും നിഷ്കപടതയും നിർമ്മമത്വവും അദ്ദേഹത്തെ ഒരു പൂർണ്ണ താപസിയാക്കി മാറ്റി. പ്രപഞ്ചത്തെ മുഴുവൻ ജ്വലിപ്പിക്കുന്ന നീതിസൂര്യനായി ക്രിസ്തുവിനെ കാണാൻ കഴിഞ്ഞ അദ്ദേഹം പാടി:

*പരം ജ്യോതിയെ ഈശോയെ രക്ഷിയ്ക്ക*
*പാരിതിന്റെ പുഷ്പമേ, ജയാ ജയാ*[27]

ആ ദൈവത്തിൽ ഭക്തനായി സമ്പൂർണ്ണ വിലയനം സാദ്ധ്യമാകുന്നതിനു ലൗകികമായതിനോടെല്ലാം വിടപറയണമെന്നു മനസ്സിലാക്കിയ അദ്ദേഹം അതിനു പറ്റിയ ഒരു ജീവിതശൈലിക്കാണ് സന്യാസത്തിൽ രൂപം കൊടുത്തത്.

പ്രപഞ്ചത്തിന്റെയും സൃഷ്ടവസ്തുക്കളുടെയും സൗന്ദര്യം ദർശിച്ച താപസിയായ ചാവറയച്ചൻ സത്യത്തിന്റെ കാതലായ അംശത്തിലേക്ക് തിരിഞ്ഞ് സത്യത്തിന്റെയും നന്മയുടെയും സൗന്ദര്യത്തിന്റെയും നിറവ് ഏകമായിരിക്കുന്ന പരമാത്മാവിൽ കണ്ടെത്തുന്നു:

*ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്ന്-*
*മിതിനെ കണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനു-*
*മിപ്പോലെയുള്ള ഭാഗ്യമീലോകെ വെച്ചുവെങ്കി-*
*ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം*[28]

ഈശ്വരനിൽ ഉൾച്ചേർന്ന് ജ്വലിച്ചു പ്രകാശിക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതിൽ നിന്നെല്ലാം മനസ്സിനെ അദ്ദേഹം അടർത്തിയെടുത്തു. ഇപ്രകാരം ജ്വലിച്ചുയരുന്നതിന്റെ മറുവശമാണ് നിസ്സംഗത അഥവാ ലോകത്തോടുള്ള നിർമ്മമത്വം. ലോകവസ്തുക്കളോടുള്ള അമിതമായ താല്പര്യങ്ങളിൽ നിന്നെല്ലാം പ്രതിനിവർത്തിച്ചവനായിരുന്നു ചാവറയച്ചൻ എന്ന് ലെയോപോൾഡ് മിഷനറി തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ലോകത്തിന്റെ ക്ഷണികതയും അല്പത്തവും നിസ്സാരതയും മനസ്സിലാക്കുകയും ഉന്നതമായ പരമസത്തയെ കാണുകയും ചെയ്യുന്ന കണ്ണുകളായിരുന്നു അദ്ദേഹത്തിന്റേത്:

*ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ*
*മന്ദിച്ചു വളരുന്നു വാടുന്നു സൂര്യോഷ്ണത്താൽ*
*മെച്ചമായി കണ്ടിടുന്ന പുഷ്പങ്ങൾ ബഹുവിധം*
*ഇച്ഛയായി അതിനുള്ള ശോഭയും സുഗന്ധവു-*
*മെത്രയും ക്ഷണംകൊണ്ട് മാറിപ്പോയി വീണിടുന്നു*
*ചിത്രമായതിനുള്ളോരഴകുമൊക്കെ പോകും*[29]

1855-ൽ സന്യാസികൾക്കായി ന്യായപ്രമാണം അംഗീകരിച്ചു കിട്ടിയപ്പോൾ അത് കർക്കശമായ ഉപവാസത്തിനും പരസ്യപ്രായശ്ചിത്തത്തിനുമൊക്കെ വളരെ പ്രാധാന്യം കല്പിക്കുന്ന കർമ്മലീത്താ ഒന്നാം സഭയുടെ

രീതിവട്ടപ്രകാരമായിരുന്നു. അവയുടെ കാർക്കശ്യമൃതയും സ്വയം ഏറ്റെടുത്ത് ധീരമായ ഒരു മാതൃക തന്റെ സമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിന് സാധിച്ചു.

*ധ്യാനസല്ലാപങ്ങളിൽ* അദ്ദേഹം പറയുന്നു:

*നിന്റെ ഹൃദയത്തെ പകുത്ത് ഒരു പങ്ക് ദൈവത്തിനും ഒരു പങ്ക് ലോകത്തിനും കൊടുക്കാൻ നീ ഭാവിച്ചിരിക്കുന്നു. തമ്പുരാനും ലോകത്തിനും സ്നേഹിതരാകുവാൻ പ്രയാസപ്പെടുന്നു. ഇതസാദ്ധ്യമല്ലയോ?*[30]

പൗരസ്ത്യ ആദ്ധ്യാത്മികതയിൽ മിഴിവാർന്നു നിൽക്കുന്ന ഒരു ഘടകമാണ് അനുതാപം. സിറിയായിലെ വിശുദ്ധ ഐസക് പറഞ്ഞിട്ടുണ്ട്:

*ദൈവകൃപ ലഭിക്കുന്നതിനുള്ള ആദ്യപടിയാണ് അനുതാപം. എന്നാൽ ഇത് ആരംഭത്തിൽ മാത്രം സ്വീകരിക്കേണ്ട ഒന്നല്ല, മറിച്ച് ദൈവസായുജ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ അന്ത്യംവരെയും പുലർത്തേണ്ട മനോഭാവവും വ്യവസ്ഥയുമാണ്.*[31]

ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ പ്രധാന ഘടകം അനുതാപത്തിന്റെ മനോഭാവമാണ്. ദൈവസന്നിധിയിൽ തകർന്ന ഹൃദയത്തോടെ നിൽക്കുന്ന സങ്കീർത്തകന്റെ മനോഭാവമാണ് അദ്ദേഹം പുലർത്തിയിരുന്നത്. ദൈവദർശനത്തിന് അവശ്യം ആവശ്യമായ ഈ ഹൃദയഭാവത്തിൽ നിരന്തരം വ്യാപരിച്ചു എന്നതാണ് അദ്ദേഹത്തിന്റെ താപസികതയുടെ പ്രത്യേകത.

ഹൃദയാന്തരാളത്തിൽ ദൈവാനുഭവം സുസാദ്ധ്യമാക്കുന്ന നിമിഷങ്ങളാണ് സന്യാസിയുടെ ധ്യാനസമയം. ധ്യാന വേളയിലെ ഏകാന്തതയിൽ അനുഭവപ്രാപ്തമായ ഈശ്വരാനുഭവത്തെക്കുറിച്ചു ചാവറയച്ചൻ പറയുന്നു:

*ഞാൻ ഈ ധ്യാനമുറി എന്ന മലയിൽ കയറുവാൻ ഭയപ്പെട്ടുനിന്ന ഇസ്രായേൽ ജനത്തെപ്പോലെയാണ്.*[32]

ശരിയാണ്; ധ്യാനം ഒരു മലകയറ്റമാണ്. മലയിൽ കയറുക ശ്രമസാദ്ധ്യമായതുപോലെ ദൈവാനുഭവമെന്ന ശൃംഗത്തിൽ കയറുവാനും ശ്രമപ്രയത്നം ആവശ്യമാണ്. ഏകാന്തതയും മൗനവും ആചരിക്കാതെ അതു സാധ്യമാവുകയില്ല. ഏകാന്തതയിൽ ജ്ഞാനവായനക്കായി സമയം ചെലവഴിക്കണം. വേദശാസ്ത്രാദികളുടെ അഭ്യസനവും, ജ്ഞാനപുസ്തകങ്ങളുടെ വായനയും വാക്കുകൊണ്ടും ബുദ്ധികൊണ്ടും ചെയ്യുന്ന തപസ്സാണ്. ഈ തപസ്സനുഷ്ഠിച്ചാലേ അന്വേഷണം സുസാദ്ധ്യമാകൂ. തപസ്സനുഷ്ഠാനത്തിലൂടെ ദൈവസന്നിധിയിൽ തന്നെത്തന്നെ കണ്ടെത്തുകയും തന്റെ നിസ്സാരത മനസ്സിലാക്കി എല്ലാം ഉള്ളവനായ ദൈവത്തിൽ അഭയം പ്രാപിക്കുവാനുള്ള വിനീത ഭാവം കൈക്കൊള്ളുകയും ചെയ്ത ചാവറയച്ചൻ സ്വാർത്ഥം വെടിഞ്ഞു എല്ലാ അഭിലാഷങ്ങളും ദൈവത്തിൽ അർപ്പിച്ച് മനസ്സിനെ ദൈവത്തിലുറപ്പിച്ച് ദിവ്യശക്തി സ്വന്തം മനസ്സിനെ ഭരിക്കുവാൻ സ്വയം വിട്ടുകൊടുക്കുകയായിരുന്നു.

നിത്യതയിൽ പരിധി വയ്ക്കാതെ മനുഷ്യനെ സ്നേഹിക്കുകയും അലിവോടെ തന്നിലേയ്ക്ക് നിരന്തരം വിളിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തിനുള്ള സ്വയം സമർപ്പണമായിരുന്നു അത്. സൃഷ്ടി-സ്രഷ്ടാവ് ബന്ധത്തിന്റെ ലയത്തിൽ ചാവറ പിതാവിന് കിട്ടിയ ഒരു വലിയ ഉൾക്കാഴ്ചയാണ് ദൈവജനമെന്ന ഏക കുടുംബ സങ്കല്പം.

## ഏകകുടുംബ സങ്കല്പം

ആത്മസമർപ്പണത്തിലൂടെ മനുഷ്യകുടുംബത്തിന്റെ അതിരുകൾക്കപ്പുറത്ത് ദൈവകുടുംബമായ ഈ ലോകം മുഴുവനും സ്വന്തമാക്കുന്ന വ്യക്തി സാർവ്വത്രിക ഭാവങ്ങളുള്ളവനായിത്തീരുന്നു. അവിടെപ്പിന്നെ ആകാശത്തിന് അതിരുകളും ബന്ധങ്ങൾക്ക് വിലങ്ങുകളും ഇല്ല. ഈയൊരു ഏകകുടുംബ സങ്കല്പത്തിന്റെ ഹൃദയവിശാലതയിലേയ്ക്കുണരുകയും ഉയരുകയും ചെയ്യുന്ന ആത്മീയ മനുഷ്യർ സകലർക്കും സ്വന്തമാകുന്നു, സകലർക്കും വേണ്ടി നിലകൊള്ളുന്നു. അവരുടെ കാഴ്ചയ്ക്കും കാഴ്ചപ്പാടുകൾക്കും പരിധികളില്ലാതെയും പദ്ധതികൾക്ക് സ്വാർത്ഥലക്ഷ്യങ്ങളില്ലാതെയും വിശാലവും ഉദാത്തദീപ്തവുമായ വിശ്വദർശനത്തിന്റെ വക്താക്കളായി അവ്വിധം അവർ പരിവർത്തനപ്പെടുന്നു. അതിനു നമ്മുടെ മുൻപിലുള്ള ഏറ്റവും നല്ല ദൃഷ്ടാന്തമത്രെ ചാവറയച്ചൻ.

*ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരൻ? ഇതാ എന്റെ അമ്മ, ഇതാ എന്റെ സഹോദരൻ! സ്വർഗ്ഗത്തിലുള്ള എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും.*[33] എന്നരുളിയ യേശുനാഥനെ പിതാവ് എന്നു വിളിച്ചുകൊണ്ട് ജീവിതമത്രയും സ്വർഗ്ഗപിതാവിന്റെ സവിധത്തിലേയ്ക്കുള്ള തീർത്ഥയനമാക്കിമാറ്റിയ ചാവറപിതാവ് കൈനകരിയിലെ സ്വകുടുംബത്തിനു മാത്രമല്ലാ, ഭൂമിയിലുള്ള എല്ലാ കുടുംബങ്ങൾക്കും ആശ്രയ മദ്ധ്യസ്ഥതയും പ്രചോദന പ്രഭവവുമായി. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഭൂമിയിലുള്ള എല്ലാ കുടുംബങ്ങളേയും സ്വർഗ്ഗത്തിലേയ്ക്കാനയിക്കുവാൻ ആത്മീയ സ്വാധീനമാവുകവഴി ഇന്നും ഇനിയും അദ്ദേഹം തന്റെ സുവിശേഷ വ്യാപനം തുടർന്നുകൊണ്ടേയിരിക്കുന്നു.

ചാവറ കുടുംബത്തിലായിരുന്ന അദ്ദേഹം തിരുക്കുടുംബത്തിലൂടെ ത്രിത്വ കുടുംബത്തിലേയ്ക്ക് തന്റെ പത്താമത്തെ വയസ്സിൽ ആദ്യചുവടു വച്ചു. തന്റെ കുടുംബത്തോട് അദ്ദേഹം എപ്രകാരം ബന്ധപ്പെട്ടിരുന്നു എന്നതിനെക്കുറിച്ച് ഡോ.സുകുമാർ അഴിക്കോട് നടത്തിയ പരാമർശം ഉൾക്കാഴ്ച നൽകുന്നതാണ്:

*സാധാരണ നരജീവിതം നയിക്കുന്നവർ സ്വന്തം കർമ്മങ്ങൾകൊണ്ട് കുടുംബത്തിന്റെ ചരിത്രത്തിൽ തങ്ങളുടെ നല്ലൊരു സംഭാവന കൂട്ടിച്ചേർക്കുന്നു. അപ്രകാരമാണ് ലോകജീവിതം അതിന്റെ പാളങ്ങളിലൂടെ മുന്നോട്ട് പോകുന്നത്.*[32]

ചാവറയച്ചൻ സന്യാസിയായപ്പോൾ കുടുംബത്തെ ഉപേക്ഷിച്ചില്ല. സന്യാസത്തിലേയ്ക്ക് കടന്നുചെല്ലുന്നയാൾ ലൗകികകുടുംബത്തിന്റെ കണ്ണി മുറിക്കുന്നു എന്നാണ് പൊതുവിലുള്ള സങ്കല്പം. പക്ഷേ, കുടുംബത്തിൽ നിന്ന് കണ്ണി മുറിച്ച് അകന്നുപോകുന്നവർ ധൂർത്തപുത്രന്മാരാണ്. കുര്യാക്കോസ് ഏലിയാസച്ചൻ സത്പുത്രനാകയാൽ തന്റെ കുടുംബത്തെ *നിഷേധിക്കുകയല്ല. അതിവർത്തിക്കുകയാണ്* ചെയ്തത്. *അതിവർത്തനത്തിൽ ഒന്നും ഇല്ലാതാകുന്നില്ല.* ഓരോന്നിന്റേയും *അതിർത്തി വലുതാകുന്നതേയുള്ളു.* സന്യാസത്തിന്റെ നിയോഗം സ്വീകരിക്കുന്ന ആളുകളുടെ കുടുംബം വളരെ വലുതാണ്; ലോകം മുഴുവനുമാണ്. ആ ലോകത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട അനാഥരും അശരണരും അടങ്ങുന്ന അധഃകൃതസമൂഹംകൂടി ഉൾപ്പെടുമ്പോൾ അത് *വസുധൈവകുടുംബകം* തന്നെയായി മാറുന്നു. ആരേയും ഒഴിവാക്കാത്ത, എല്ലാവരെയും ഒന്നായി കരുതലോടെ ഉൾക്കൊള്ളുന്ന, ഈ വലിയ കുടുംബം സർവ്വേശ്വരന്റെ ചുമതലയിൽപ്പെടുന്ന ഒന്നായി മാറുകയും സന്യാസി അതിന്റെ നോട്ടക്കാരനായി വർത്തിക്കുകയും ചെയ്യുന്നു. സ്വന്തം കുടുംബത്തെ വിശ്വകുടുംബത്തിൽ ലയിപ്പിച്ചു പ്രവർത്തിക്കുവാൻ വ്രതമെടുക്കുന്നതുകൊണ്ടാണ് സന്യാസിമാർക്കപ്രകാരം സാദ്ധ്യമാകുന്നത്.[35] അദ്ദേഹം ഇന്ന് പരക്കേ അറിയപ്പെടുന്നതാവട്ടെ ചാവറയച്ചൻ എന്ന പേരിലും. ഡോ. സുകുമാർ അഴീക്കോടിന്റെ പരാമർശവും അതിനാൽ കുരിയാക്കോസ് ഏലിയാസച്ചന്റെ കുടുംബത്തെ കേന്ദ്രീകരിച്ചാണ്. ചാവറയച്ചൻ തന്റെ കുടുംബത്തെ സാർവ്വത്രികമാക്കി സർവ്വേശ്വരന്റെ ചുമതലയിൽ സമർപ്പിക്കുകയായിരുന്നു എന്നാണദ്ദേഹത്തിന്റെ നിരീക്ഷണം.

സഹോദര സ്നേഹത്തിന്റെ തനിമയിൽ നിന്നത്രെ വിശ്വകുടംബ രൂപവത്കരണം. വിശ്വകുടുംബത്തിൽ ദൈവം പിതാവും മനുഷ്യരെല്ലാം സഹോദരങ്ങളും ആയി ഭവിക്കുന്നു. മനുഷ്യരുടെ സമത്വം, പ്രത്യേകിച്ച് ബലഹീനരുടെ സുസ്ഥിതി, ക്ഷേമം അതിൽ സർവ്വ പ്രധാനമാകുന്നു. കുടുംബത്തിൽ നിന്നുള്ള ഒരാൾ മേൽവിധം സ്വധർമ്മനിർവ്വഹണത്തിലൂടെ മുന്നേറുമ്പോൾ അത് കുടുംബത്തിൽ നിന്ന് വേറിട്ടു മാറ്റപ്പെടുകയല്ല, മറിച്ച് കുടുംബത്തെ വളർത്തിയെടുക്കുന്നതിനുതകുംവിധം പരിണാമപ്പെടുകയാണ്. രക്തബന്ധത്തെ സ്നേഹബന്ധമാക്കുക വഴിയാണ് ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും സാക്ഷാത്ക്കാരം ആത്മീയസ്നേഹത്തിലൂടെ അന്വർത്ഥമാകുന്നത്. ചാവറയച്ചന്റെ കാര്യത്തിൽ കുടുംബം രക്തബന്ധത്തിന്റെ പരിമിതിയിൽ അവസാനിച്ചുവെങ്കിൽ സ്നേഹബന്ധത്തിന്റെ തനതാത്മകതയിൽ ഇന്നും എന്നും നിലനില്ക്കുകയില്ലായിരുന്നു. അതിനതീതമായി പാരമ്പര്യത്തെ ഉയർത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

*ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും.*[36] *നമ്മോടുകൂടെ* ആയിരിക്കുവാനായി സ്വർഗ്ഗം വിട്ടിറങ്ങിയ ദൈവം നമുക്ക് എത്രയോ സമീപസ്ഥനും സംലഭ്യനുമാണ് എന്ന് വെളിപ്പെടുത്തു

ന്നതാണ് ചാവറപിതാവിന്റെ *എമ്മാനുവേലനുഭവം*. അകലങ്ങളിൽ ആയിരിക്കുന്നവനല്ല ദൈവം. അവിടുന്ന് എത്രയും നമുക്ക് അടുത്ത് ആയിരിക്കുന്നവനാണ്. ദൈവം മനുഷ്യനായതിന്റെ പിന്നിൽ *മനുഷ്യന് ദൈവീകതയിലേയ്ക്കുള്ള പ്രവേശനം എമ്മാനുവേലിലൂടെ* എന്ന രഹസ്യം തന്നെയാണ് ഉൾവെളിവാകേണ്ടത്. *ഞാൻ ദൈവപുത്രനാകുന്നു*[37] എന്നും *പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേയ്ക്കയച്ച താൻ*[38] എന്നും യേശുനാഥൻ പറയുമ്പോൾ പിതാവ് പുത്രനെ ലോകത്തിന് കൈമാറി എന്നുതന്നെയാണ് അവിടുന്ന് വ്യക്തമാക്കിയത്. *എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു*[39] എന്ന് അരുളിച്ചെയ്തുകൊണ്ട് യേശു ശിഷ്യരിലേയ്ക്ക് ഈ കൈമാറ്റം നടത്തി; പന്തക്കുസ്താ നാളിൽ തങ്ങളിൽ എമ്മാനുവേലനുഭവം തൊട്ടനുഭവിച്ചറിഞ്ഞപ്പോഴാകട്ടെ ശിഷ്യർ ആ അനുഭവം പങ്കുവയ്ക്കാൻ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും ഇറങ്ങിത്തിരിച്ചു.

വചനം മാംസം ധരിച്ചതാണ് പിതാവ് വിശുദ്ധീകരിച്ചു ലോകത്തിന് കൈമാറിയ എമ്മാനുവേലായ യേശുമിശിഹാ.[40] യേശുനാഥൻ തന്നെത്തന്നെ ലോകത്തിന് കൈമാറിയതിന്റെ കൗദാശികമായ ആഘോഷമാണു പരിശുദ്ധ കുർബ്ബാനയിലൂടെ തിരുസ്സഭ ആചരിക്കുന്നത്.[41] ശ്ലീഹന്മാരെ, സഭയുടെ ആചാര്യന്മാരെ, ദൈവപുത്രൻ ലോകത്തിന് കൈമാറിയത് ലോകം മുഴുവനും ദൈവവചനം കൈമാറുന്നതിന് വേണ്ടിയുമാണ്.[42] *എമ്മാനുവേലനുഭവം* തന്റെ ശിഷ്യരിലൂടെ അവിടുന്ന് ലോകം മുഴുവൻ പകർന്നേകുകയായിരുന്നു.

ശിഷ്യരുടെ പ്രതിനിധിയായി യേശുവിലുള്ള പൂർണ്ണ വിശ്വാസം ഏറ്റുപറഞ്ഞ ശ്ലീഹന്മാരിലൊരുവനായിരുന്നു വിശുദ്ധ തോമസ്. തോമാശ്ലീഹായിൽ നിന്ന് ഭാരതനസ്രാണികൾക്ക് ലഭിച്ച ജീവവിശ്വാസം തന്നിൽ ഉദ്ദീപ്തമായതിന്റെ സാക്ഷ്യമായാണ് ചാവറയച്ചൻ പാടിയത്:

*അമ്മാനുവേലെന്ന നാമാർത്ഥം പോൽ ദൈവം*
*നമ്മോടു ചേർന്നതും കാണാകേണം*[43]

ഈ വരികളിലൂടെ നമ്മോടൊപ്പമായിരിക്കുന്ന ദൈവത്തെ ദർശിക്കാനുള്ള തന്റെ ദാഹം ചാവറയച്ചൻ വ്യക്തമാക്കുന്നു. നമ്മോടൊത്തു വസിക്കുന്ന ദൈവത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കാനും നമുക്കു കഴിയണം. മനുഷ്യരൂപം സ്വീകരിച്ച് സ്വയം നിസ്സാരതയെ പുൽകിയ ദിവ്യതേജസ്സിന്റെ മറഞ്ഞിരിക്കുന്ന മഹത്വവും പ്രഭാവവും മനസ്സിലാക്കാനുള്ള ഉൾദാഹം, ശൂന്യതയെ പുൽകുന്ന ദൈവീക മഹത്വത്തിന്റെ പ്രതിഫലനമായി സ്വന്തം ജീവിതം പകർത്തിക്കൊണ്ട് ഏറ്റം എളിയവനും നിസ്സാരനുമായി സ്വയം കാണുന്നതിനും മറ്റുള്ളവർക്ക് കാണപ്പെടുന്നതിനുമുള്ള താല്പര്യം, ഇതൊക്കെയും ചാവറയച്ചന്റെ സ്ഥായീഭാവങ്ങളായി നാം കണ്ടറിയുന്നു. അതുകൊണ്ടാണ് ദൈവപുത്രന്റെ മനുഷ്യാവതാര സംഭവത്തിലെ ഓരോ പരിണാമങ്ങളും

ദർശിക്കാനുള്ള ആഗ്രഹത്തോടെ അദ്ദേഹം നമുക്കായി ഇപ്രകാരം കുറിച്ചിട്ടുത്:

*ഒൻപതുമാസമീ മാതാവിൻ ഗർഭത്തിൽ*
*അൻപോടിരുന്നതും കാണാകേണം*
*കേസർ നിയോഗത്താൽ ഗർഭസ്ഥനായ താൻ*
*ബേസ്ലഹം പൂക്കതും കാണാകേണം*

.............................................................................

*നാട്ടിൽ സ്ഥലം കിട്ടാതത്തൽപ്പെട്ടുതൊഴു*
*ക്കൂട്ടിൽ പിറന്നതും കാണാകേണം....*

.............................................................................

*തൃക്കണ്ണുകൾ കൊണ്ടു മാതാവേ നോക്കുന്ന*
*അക്കൺമണിയെ ഞാൻ കാണാകേണം*
*പുഞ്ചിരി കാട്ടി സ്നേഹാഗ്നി ജ്വലിപ്പിച്ച*
*ചെഞ്ചുണ്ടുകളെ ഞാൻ കാണാകേണം....*[44]

ദൈവത്തിന്റെ അനുഭവം സ്വായത്തമാക്കാനാണ് കാണാകേണ്ട കാഴ്ചകൾക്കായി അദ്ദേഹം യാചിക്കുന്നത്. *ലോകാവസാനംവരെ എന്നും ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും*[45] എന്നരുളിയവൻ ഇന്ന്, ഇവിടെ, ഇപ്പോൾ എന്നോടുകൂടിയുണ്ട് എന്ന ആഴമായ ബോദ്ധ്യദാർഢ്യം ചാവറയച്ചന്റെ ക്രിസ്ത്വനുഭവത്തിന്റെ ശക്തമനോജ്ഞമായ ഒരു വശമാണ്. *എമ്മാനുവേലായ മിശിഹാ ഇന്നും എന്നും എന്നോടുകൂടി ജീവിക്കുന്നവനാണ്, എനിക്കായി അവിടുന്ന് മാംസം ധരിക്കുന്നു. എന്നെ അവിടുന്ന് തേടുന്നു. എനിക്കായി കാത്തിരിക്കുന്നു.* ഈ ബോദ്ധ്യം ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം പാടി:

*അമ്മാനുവേലേ നിനക്കുത്തമ സ്തോത്രമായി*
*അമ്മാനാചൊല്ലി നിന്നെ സ്തുതിച്ചിടുന്നേനഹം*[46]

ചാവറയച്ചന്റെ *എമ്മാനുവേലനുഭവത്തിന്റെ* മറ്റൊരു വശം തന്റെ ഹൃദയത്തിലാണ് ദൈവപുത്രൻ വാസമുറപ്പിക്കാൻ ആഗ്രഹിക്കുന്നത് എന്ന കരുതലും പ്രതീക്ഷയും ബോദ്ധ്യവും അതിനായുള്ള ഒരുക്കവുമാണ്.

*എന്നുടെ നാഥൻ കുഞ്ഞിപ്പൈതലാമമ്മാനുവേൽ*
*തന്നുടെ വാസത്തിനായെൻമനമിച്ഛിച്ചല്ലോ*[47]

താൻ അതിനിടനൽകാതെ ആ സൗഭാഗ്യത്തെ അകറ്റിക്കളഞ്ഞല്ലോ എന്ന ദുഃഖവും അദ്ദേഹത്തിൽ അലയടിക്കുന്നു.

*ദുഷ്നാമടിയന്റെയിഷ്ടമീ ലോകേവച്ചു*
*ശിഷ്ടനാം തന്നെ ഞാനുമകറ്റിയയ്യോ ദുഃഖം*[48]

ചാവറയച്ചന്റെ *എമ്മാനുവേലനുഭവത്തിൽ* തെളിഞ്ഞു നിൽക്കുന്ന ഈ ദുഃഖം യോഹന്നാൻ ശ്ലീഹ പറയുന്നതുപോലെ *അവൻ സ്വജനത്തിന്റെ*

*അടുക്കലേയ്ക്ക് വന്നു, എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല*[49] എന്നുള്ളതാണ്. ദൈവമനുഷ്യ ബന്ധത്തിലെ അതിദാരുണമായ അവസ്ഥാവിശേഷമാണിത്. അതിമഹത്വമുള്ളവനായ ദൈവം നിസ്സാരനായ മനുഷ്യനെ തേടിയിറങ്ങുമ്പോൾ ആ തേജഃസ്വരൂപത്തെ നോക്കാൻ, മനസ്സിലാക്കാൻ, സ്വീകരിക്കാൻ കൂട്ടാക്കാതെ സുഖസൗകര്യങ്ങളിൽ മഗ്നം മുഴുകി ജീവിക്കുന്ന മനുഷ്യൻ ദൈവ പ്രഭാവത്തെ തന്നിൽ നിന്ന് അകറ്റി നിറുത്തുകയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ആ മനുഷ്യ പ്രകൃതത്തിന്റെ സാക്ഷ്യം തന്നിൽ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു ചാവറയച്ചന്റെ പരിതാപം.

ചാവറയച്ചനു ജന്മം നൽകിയ ദൈവം തന്റെ ശ്വാസം വഴി റൂഹായെ കൈമാറി; വീണ്ടും മാമ്മോദീസാ വഴി സഭയുടെ ചൈതന്യമായ റൂഹായെ പ്രദാനം ചെയ്തു. വൈദീക ആശ്രമസിദ്ധിയിലൂടെ പ്രവാചക രീതിയിൽ റൂഹായെ ദൈവം വീണ്ടും കൈമാറി. ഈ കൈമാറ്റ കൈവല്യാനുഭവങ്ങളെ അദ്ദേഹം അവതരിപ്പിക്കുന്നതിപ്രകാരമാണ്:

*പിതാവും സുതൻ റൂഹാദക്കുദശായെന്നുള്ള*
*പിരിയാതുള്ള മൂന്നാൾ ഏക ത്രീത്വ ദൈവവും*
*ഏകമീ മൂവർക്കുള്ള സ്ഥാനയോഗ്യപൂർണ്ണവും*
*ഏകചിത്തവും സൃഷ്ടി സ്ഥിതി സംഹാരം സർവ്വ*
*നിന്നാലെ സൃഷ്ടിയഹം നന്മയും സർവ്വം നീയെ*
*നിന്നാലെ മന്നിൽ ജീവ്യം കഴിച്ചു നിൻ ചിത്തത്താൽ*
*നിന്തിരുയിഷ്ടത്തിലാകാശം ഭൂമി ജലം*
*നിൻ ദയാലാദിത്യാദിയെന്നെ സന്ധിച്ചു ദൃഢം*
*എന്നുടെ യോഗ്യംവിനാ ഭൂമിയുമൊക്കെ താങ്ങി*
*എന്നുടെ ഇച്ഛയ്ക്കായി ചൊൽവിളി കേട്ടു സർവ്വം*[50]

ചാവറയച്ചൻ തന്നെ ദൈവം നിയോഗിച്ചതിനെക്കുറിച്ച് പാടിയിരിക്കുന്നു:

*എന്നെക്കാണുന്ന ജനമെന്നുടെ സുവൃത്തിയാൽ*
*നിന്നെ സേവിപ്പാൻ വഴികാട്ടുവാൻ പന്ഥാം തന്നു*[51]

സ്നേഹത്തിന്റെ ദൗത്യം വഹിക്കുകയും ജീവിതസാക്ഷ്യത്തിലൂടെ അത് പങ്കുവയ്ക്കുകയും ചെയ്യുന്ന കൈമാറ്റക്കാരനായി ചാവറയച്ചൻ. ദൈവത്തെ സദാ ദർശിച്ചുകൊണ്ട് യേശുവെ ഹൃദയത്തിൽ മാതാവിന്റെ തിരുമടിയിൽ ഇരുത്തി എന്നും ജപിച്ചിരുന്ന, ആ ജപത്തിൽ സ്വജീവിതത്തെ സമർപ്പിച്ചു നിവർത്തിച്ചിരുന്ന, അദ്ദേഹത്തിന് കൈമാറാനുണ്ടായിരുന്നത് ദൈവപുത്രനുമായുള്ള അനുഭവൈക്യംതന്നെയായിരുന്നു. പ്രാർത്ഥനയുടെ ഫലമായ ദൈവാത്മപ്രസരണം നിറഞ്ഞ ചാവറയച്ചനെത്തന്നെയാണ് സമകാലീനർ ദർശിച്ചതും. തന്റെ ലക്ഷ്യം ചാവറയച്ചൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്:

*എത്രയും ചിത്രമാം നിൻമുഖ പത്മത്തെ*
*യേകാന്തപ്രേമത്താൽ പാർക്കുന്നഹം*[52]

ദൈവദാസനും മനുഷ്യ ശുശ്രൂഷിയുമായ ചാവറയച്ചൻ വൈയക്തിക തലത്തിൽ ഒറ്റപ്പെട്ടുനിന്ന് ദൈവീകാനുഭവത്തിന്റെ അത്യുന്നതിയിൽ വിരാജിക്കുന്നതിനു പകരം യേശുവിന്റെയും അതുവഴി ഭൂമിമുഴുവന്റെയും പങ്കാളിയാകാൻ മനസ്സായ ധന്യാത്മാവാണ്. പ്രാർത്ഥനാമുറിയിലെ പ്രണിധാനവും പരിശുദ്ധകുർബ്ബാനയിലെ സ്വർഗ്ഗീയാനുഭവവും ദൈവജനമൊത്ത് *അമ്മാന* പാടുന്നതിന് തടസ്സമായില്ല. മറിച്ച് ദൈവപുത്രന്റെ അമ്മ എമ്മാനുവേലായി എലിസബത്തിനെ സന്ദർശിച്ചതുപോലെ[53] ചാവറയച്ചൻ കുന്നും കുഴിയും താണ്ടി എമ്മാനുവേലായി ദൈവജനത്തെ സന്ദർശിച്ചു. ചാവറയച്ചനിലെ എമ്മാനുവേലിനെ കണ്ടവർ പ്രഘോഷിച്ചു: *റൂഹാദാക്കുദിശായാൽ നിറഞ്ഞവൻ* എന്ന്.[54]

റൂഹാനിറവിലൂടെ ചാവറയച്ചൻ തനിക്ക് ലഭിച്ച ദൈവഛായയേയും സാദൃശ്യത്തേയും കാത്തുസൂക്ഷിച്ചു വളർത്തിയെടുത്തു സാക്ഷാത്ക്കരിച്ചു. മാനുഷിക ഘടകങ്ങളെല്ലാം ദൈവീകസ്വഭാവത്തിലേയ്ക്കും ദൈവീക ജീവിതത്തിലേയ്ക്കും രൂപാന്തരപ്പെട്ടപ്പോൾ അത് ദൈവസാദൃശ്യത്തിന്റെ മഹത്വവത്കരണമായി. വിശ്വാസികളായ ബഹുജനങ്ങൾ പ്രിയോരച്ചനെ അക്കാലത്ത് തന്നെ ഒരു വലിയ വിശുദ്ധനായിട്ടാണ് ബഹുമാനിച്ചത്.[55]

എമ്മാനുവേലിനെ പലവിധത്തിലായി തന്നിലും ചുറ്റുമുള്ളവരിലും തിരിച്ചറിയുന്ന ചാവറയച്ചൻ പല രൂപത്തിലും ഭാവത്തിലും നമ്മോടൊപ്പം വസിക്കുന്ന തിരുചൈതന്യത്തെ എല്ലാവരും തിരിച്ചറിയണമെന്നും ആ ആത്മപ്രസരണത്തിൽ ഭാഗഭാക്കാകണമെന്നുമാഗ്രഹിച്ചിരുന്നു. ദൈവത്തിൽ നിന്നുമുള്ള അകലം മനുഷ്യകുലത്തിന് ഇല്ലാതാകണം. അഗതിയും നിരാശ്രയനും സഹായമാവശ്യമുള്ളവനുമായി പലപ്പോഴും ദൈവം നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവത്തെ തിരിച്ചറിയാൻ നമുക്കു കഴിയാതെ പോകുന്നു. അതു മാറണം. ഹൃദയത്തിൽ അവിടുത്തേയ്ക്ക് ഇടം കൊടുക്കാൻ മനുഷ്യനു സാധിക്കുമ്പോൾ മാത്രമേ അതു മാറുകയുള്ളൂ. ദൈവത്തിന്റെ മഹിമയും തന്റെ നിസ്സാരതയും തിരിച്ചറിഞ്ഞ് എളിമയും ദൈവാശ്രയബോധവുമുള്ളവനായി മനുഷ്യൻ ജീവിക്കുമ്പോൾ അന്നത്തേയും ഇന്നത്തേയും പൊതുസമൂഹ പരിഛേദത്തിൽ ഈ *എമ്മാനുവേലനുഭവം* കൂടെ വസിക്കുന്ന ദൈവത്തിലേയ്ക്ക് മിഴി തുറക്കുന്ന അനുഭവമായിമാറുന്നു. ദൈവത്തിൽ നിന്നുമുള്ള മനുഷ്യന്റെ ദൂരം അതോടെ ഇല്ലാതാകുന്നു. ദൈവത്തിന്റെ വിനീതഭാവം സ്വയം വിനീതനാകാൻ അവനെ സഹായിക്കുന്നു. സഹായമർഹിക്കുന്ന സഹജരിൽ ദൈവത്തെ കാണാനും തോന്നുമാറും കഴിയുമാറും അവരെ ശുശ്രൂഷിക്കുവാനും അവനിൽ അലിവിന്റെ കൈകൾ സന്നദ്ധമാകുന്നു. സ്വന്തം നിസ്സാരതയും ഒറ്റപ്പെടുമ്പോഴുള്ള നിരാശ്രയത്വവും തിരിച്ചറിയാൻ അതവനു സഹായകമാകുന്നു. ആരേയും അകലങ്ങളിലേയ്ക്കാട്ടിപ്പായിക്കാതിരിക്കാൻ അവൻ ജാഗരൂകനാകുന്നു. സകലരുടെയും മിഴികൾക്ക്

പിന്നിൽ നിന്ന് തന്നെ നിരീക്ഷിക്കുന്ന ദൈവത്തിന്റെ ദൃഷ്ടികളെക്കുറിച്ച് ബോധമുള്ളവനാകുന്നതിലൂടെ തനിക്കു വസിക്കാൻ പറ്റിയ സ്നേഹമുള്ള ഒരു ഹൃദയം തേടുന്ന ദൈവത്തിനായി സ്വന്തം ഹൃദയമൊരുക്കി അവിടുത്തെ സ്വാഗതം ചെയ്യാൻ അവൻ സന്നദ്ധനാകുവാൻ അവനതു നിമിത്തവും പ്രചോദനവും ആയി ഭവിക്കുകയും ചെയ്യുന്നു. അതിലൂടെ ദിവ്യകാരുണ്യത്തിൽ എമ്മാനുവേലാകുന്ന ദൈവീകസാന്നിദ്ധ്യം അനുഭവിച്ചറിയുവാൻ ഇടവരികയും സകലതിലുമുപരി ദൈവസ്നേഹത്താൽ പ്രകാശിതമായി ചാവറപിതാവിന്റേതെന്നതുപോലെ ദർശനമാത്രയിൽത്തന്നെ മനസ്സുകളിൽ സന്തോഷവും സമാധാനവും നിറയ്ക്കുന്ന അനുഗ്രഹീതമായ ജീവിതത്തിന്റെ ഉടമസ്ഥരായി ഓരോരുത്തരും മാറുകയും ചെയ്യുന്നു. അതിനായിട്ടായിരുന്നു ഈ വന്ദ്യാത്മാവ് തന്റെ ജീവിതം പ്രാർത്ഥനയും ശുശ്രൂഷയും അനുഷ്ഠാനവുമായി സമർപ്പിച്ചതും നിവർത്തിച്ചതും.

■

## പരാമർശ സൂചിക


1. Xavier Koodappuzha (ed.), *Eastern Theological Reflections in India*, OIRSI, Kottayam, 1999, p. 140
2. Cf. Placid J. Podipara, *The Thomas Christians*, Longman, London, 1970, p. 80 ff.
3. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2, ആത്മാനുതാപം*, 111, സി.എം.ഐ. പ്രസാധക കമ്മറ്റി, മാന്നാനം, 1981, അനുബന്ധം, 63-64
4. *കുരിയാക്കോസ് ഏലിയ വടക്കേത്ത്, op.cit.,* പേ. 148
5. *Ibid.,* പേജ് 151
6. Thomas Spidik. *The Spirituality of the Christian East,* Michigan, Cistercian Publications, 1986, pp.193 *ff.*
7. *ആത്മാനുതാപം*, 1, 1-4; 13-16
8. *Ibid.,* 17-24
9. *Ibid.,* 53-88; 113-140
10. *Ibid.,* III, 1-68
11. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 3, *ആദ്ധ്യാത്മിക കൃതികൾ, ധ്യാന സല്ലാപങ്ങൾ, പേജ് 15.*
12. *റോമാ.* 8: 26, 15.
13. *റോമാ.* 5: 5
14. *യോഹ.* 14: 15-24; 1. *യോഹ.* 4: 8,16
15. *ധ്യാന സല്ലാപങ്ങൾ, പേജ് 14-15.*
16. *ആത്മാനുതാപം* III, 21-22
17. *2 പത്രോ.* 1: 2-7; *ലൂക്കാ.* 1: 28-38
18. *ആത്മാനുതാപം* II, 141-146
19. *ധ്യാന സല്ലാപങ്ങൾ, പേജ് 33*
20. *ആത്മാനുതാപം*, III, അനുബന്ധം, 47-48
21. *സീറോ മലബാർ സഭയുടെ കുർബാന ക്രമം*, മതബോധന കേന്ദ്രം, എറണാകുളം അതിരൂപത, 1989, പേജ് 89.
22. *2 പത്രോ.* 1: 1-4
23. Mar Ephreme, *Hymn on Faith* 5: 17 in *കുര്യാക്കോസ് ഏലിയ വടക്കേത്ത്, ചാവറ ആദ്ധ്യാത്മികത, op.cit, പേജ് 523.*
24. രാധാകൃഷ്ണൻ, *ഭാരതീയ ദർശനം*, 1975, പേജ്. 191
25. *മർക്കോ.* 1: 15.
26. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 1, നാളാഗമങ്ങൾ, പേജ്. 1
27. *ആത്മാനുതാപം* 1, 61-62

28. *Ibid.*, II, 295-298
29. *Ibid.*, 312-316
30. *ധ്യാനസല്ലാപങ്ങൾ, പേജ് 61-62*
31. Vladimir Lossky, *The Mystical Theology of the Eastern Church, St. Vladimir Seminary Press, Newyork, 1957, p.204.*
32. *ധാന്യസല്ലാപങ്ങൾ*, പേജ് 25
33. *മർക്കോ. 3: 34*
34. സുകുമാർ അഴീക്കോട്, *ജീവന്റെ അറയിലേക്ക്*, ചാവറയച്ചൻ, *op.cit, പേജ് 21.*
35. *Ibid., പേജ് 21-22*
36. *മത്താ. 1: 23*
37. യോഹ. 10:36
38. യോഹ. 10:36
39. യോഹ. 20:22
40. യോഹ. 10:36; 1:14
41. *മത്താ* 26:26, 16:17-20.
42. *മത്താ. 28:18-20*
43. *ആത്മാനുതാപം*, III, 15-18
44. *Ibid., 10-32*
45. *മത്താ.* 28:20
46. *ആത്മാനുതാപം* II, 365-366
47. *Ibid.*, IV, 189-190
48. *Ibid.*, 191-192
49. യോഹ. 1:11
50. *ആത്മാനുതാപം*, X I, 444-452
51. *Ibid.*, II, 351-352
52. *Ibid.*, III, *അനുബന്ധം, 55-56*
53. *ലൂക്കാ* 1: 39-45
54. *വലേരിയൻ* op.cit, P.242
56. *Ibid., പേജ് 240*

# മൂന്ന്

# വിശ്വാസവഴിയേ സമർപ്പണം

**വി**ശ്വാസം ദൈവത്തിനുള്ള പരിപൂർണ്ണ സമർപ്പണമാണ്. അത് ദൈവത്തെ നമുക്കുള്ളതാക്കിത്തീർക്കുന്നു. അനുദിനജീവിത പ്രതിഭാസങ്ങളെ ദൈവീകമാക്കി പരിവർത്തനപ്പെടുത്തുന്ന ഒരാദ്ധ്യാത്മികതയാണ് വിശ്വാസം വഴി സംജാതമാകുന്നത്. ഇതിൽ ഉൾച്ചേർന്നിരിക്കുന്ന ത്യാഗം യാഗത്തിനു സമാനമാണ്; രൂപാന്തരീകരണത്തിനുപകരിക്കുന്ന പ്രതിഷ്ഠയുമാണത്. സമർപ്പണത്തിലൂടെ ദൈവത്തെ സ്വന്തമാക്കി ദൈവീകമനുഷ്യനായി രൂപാന്തരപ്പെട്ട ചാവറ പിതാവിന്റെ വിശ്വാസതീർത്ഥാടനവഴിയിൽ കാലം കൈയ്യൊപ്പ് ചാർത്തിയിരിക്കുന്നു.

ചാവറയച്ചന്റെ ബാല്യകാലത്തിൽ ചില പ്രത്യേക സിദ്ധികൾ അന്നേ അന്തർലീനമായിരുന്നു എന്നു കാണാം. ദൈവീക തുടക്കം, മനുഷ്യകുടുംബത്തിലുള്ള ജനനം, വിശ്വാസികളായ പൂർവ്വികരോടുള്ള ബന്ധം, മാതാപിതാക്കളോടുള്ള ഐക്യം എന്നിവയാണവ.[1] ദൈവത്തെ എല്ലാറ്റിന്റെയും തുടക്കമായി ചാവറയച്ചൻ ദർശിച്ചിരുന്നു. ബുദ്ധിയിൽ ആരൂഢമായിരുന്ന വിശ്വാസത്തിന്റെ ബോദ്ധ്യങ്ങളാണ് അനുസ്മരണത്തിലൂടെ പ്രകാശിതമാകുന്നതും:

*ഈ മഹത്വത്തിൻ ഛായയിൽ ചെയ്തതും*
*ഈശനായ നിൻ കൃപയതിൻ മൂലം*[2]

മൃഗങ്ങളിൽനിന്നും തിര്യക്കുകളിൽ നിന്നും ഉന്നതനായി തനിക്ക് ജന്മം നൽകിയതത്രയും ദൈവകൃപയാലെന്നു നന്ദിപൂർവ്വം അദ്ദേഹം ഏറ്റുപറയുന്നു:

*ഇഹലോകത്തിൽ കാണും മൃഗത്തെപ്പോ-*
*ലിക്കൃമിയായെന്നെയും ചെയ്തെങ്കിൽ*
*ഇതെന്തിനെന്നു നിന്നോടുണർത്തിപ്പാൻ*
*ഇഹലോക പരലോകേയാരുള്ളു...*[3]

ദൈവതിരുമനസ്സാണ് തന്നെയും ദൈവമകനായി രൂപപ്പെടുത്തുവാൻ കൃപ ചെയ്തത്:

*ഈ മഹാവലിപ്പത്തിന്റെ ചിത്തം പോൽ*
*ഈ മഹാ പാപിയെയാരിടയനെ*[4]

ദൈവത്തിന്റെ ഛായയിലും, സാദൃശ്യത്തിലും[5] ദൈവം തന്നെ സൃഷ്ടിച്ചിരിക്കുന്നു. ദൈവത്തിന്റെ കടാക്ഷം ആദ്യം മുതൽക്കേ തന്നിൽ ഭാഗ്യസുകൃതമായി ചൊരിയപ്പെട്ടു പോന്നിരുന്നതായും ധന്യപുരുഷൻ അനുസ്മരിക്കുന്നു:

*കരുണാനാഥൻ പരൻ കരുതിയടിയനെ*
*പരമനാഥതന്റെയടിമയാക്കി മുന്നം*[6]

ജനനത്തോടുകൂടിത്തന്നെ ദൈവം തന്റെ കൃപ ആത്മാവിന്റെ സത്തയിൽ, ചേതനയിൽ, ചൊരിഞ്ഞു. ഈ ജന്മം അനാദിയായ ദൈവത്തിന്റെ ഔദാര്യമായും കരുണയായും അദ്ദേഹം അനുസ്മരിക്കുന്നു:

*ഉത്തമനായ നിന്നുടെ ചിത്തത്താൽ*
*ഉത്ഭവം തന്നു മാനുഷ ജന്മത്തിൽ*[7]

ദൈവത്തിന്റെ ദയയാണ് എവിടെയും മുന്നിട്ടു നില്ക്കുന്നത്. ജനനനിമിഷത്തെ ദൈവീകപദ്ധതിയിൽ ചേർത്തംഗീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൻ സുതനായി ചമച്ചെന്നെയും*
*ആയതിനെന്തുകാരണം ദൈവമേ!*
*ആദ്യഹീനനാം നിന്റെ ദയ തന്നെ*[8]

ദൈവത്തിന്റെ ഈ പദ്ധതിയെ വിശുദ്ധശ്ലീഹാ വിശേഷിപ്പിക്കുന്നത് *തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു*[9] എന്നത്രെ. ആദിമനുഷ്യനായ ആദത്തോട് ബന്ധപ്പെട്ടു ചാവറയച്ചൻ ദൈവത്തിൽ വിശ്വസിക്കുന്നത് മാനവരാശിയുടെ പ്രതിനിധിയായിട്ടാണ്. ഈ പ്രാതിനിധ്യമാണ് പ്രത്യേക സിദ്ധിയിലേയ്ക്കു വളരാൻ അദ്ദേഹത്തെ സഹായിച്ചത്.

പ്രസ്തുത സിദ്ധി വിശ്വാസം വഴി സഭയിൽ ജനിക്കുന്നതാണ്:

*ജ്ഞാനസ്നാനത്താൽ നിന്നുടെ പുത്രനായ്*
*വാനത്തിൽ മോക്ഷാനന്ദവും തന്നല്ലോ*
*വിശ്വാസികളാം കാരണവന്മാരാൽ*
*വിശ്വാസിയായിയെന്നെയും തീർത്തു നീ.*[10]

തനിയ്ക്കു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ് മാമ്മോദീസാവഴി മിശിഹായുടെ സഭയിൽ ദൈവപുത്രനായിത്തീർന്നത്. ദൈവസുതരാക്കുന്ന

തിനായി പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നമ്മിൽ കൃപ ചൊരിയുന്നു. പരിശുദ്ധാത്മാവിനാലും ജലത്താലുമുള്ള പുനർജനനം ദൈവ മക്കളുടെ ചൈതന്യത്തിൽ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുവേണ്ടി യാണ്. ഇപ്രകാരം പരിശുദ്ധാത്മാവിനാൽ ജനിച്ച്[11] അതേ ആത്മാവിനാൽ നയിക്കപ്പെട്ട്[12] പരിശുദ്ധാത്മാവിന്റെ നിറവ് ഹൃദയത്തിൽ[13] സംവഹിക്കുക എന്നതാണ് മാമ്മോദീസാജീവിതം.

മാതാപിതാക്കൾ വഴിയാണ് സഭാത്മകവിശ്വാസത്തിന്റെ തലത്തിലേയ്ക്ക് ചാവറയച്ചൻ കടന്നുവരുന്നത്. മാർത്തോമ്മാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച കുടുംബപാരമ്പര്യമാണ് അദ്ദേഹത്തിന്റേത്. ശ്ലീഹായാൽ ജ്ഞാന സ്നാനം നൽകപ്പെട്ട നാലു പുരാതന കുടുംബങ്ങളിൽ ഒന്നായ പകലോ മറ്റം ശാഖയിൽപ്പെട്ടതാണ് പ്രസിദ്ധമായ ചാവറക്കുടുംബം. പാലയൂർനിന്നു കുറവിലങ്ങാട്ടുപോയി താമസിച്ചിരുന്ന പ്രസ്തുത കുടുംബാംഗമായ ഒരാൾ കൈനകരിയിലെ മുക്കാട്ടുവന്ന് വാസമുറപ്പിക്കുകയും അവിടെനിന്നു മീന പ്പള്ളി, കാളാശ്ശേരി എന്നീ കുടുംബങ്ങൾ ഉൽഭൂതമാകുകയും ചെയ്തു. മീന പ്പള്ളി കുടുംബത്തിന്റെ ശാഖയാണ് ചാവറ. ചാവറക്കുടുംബത്തിൽ 1805 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസ് മറിയം ദമ്പതികളുടെ ഇളയപു ത്രനായി ചാവറയച്ചൻ ഭൂജാതനായി.[14] നസ്രായനായ യേശുവിലും പരിശുദ്ധ ത്രിത്വത്തിലും ചെന്നുനിൽക്കുന്ന തന്റെ മാതാപിതാക്കളുടെ വിശ്വാസപൈതൃ കത്തെ സ്മരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:

*ഭക്തിയുള്ള എന്റെ മാതാപിതാക്കൾ ഈശോ മറിയം യൗസേഫ് എന്ന മഹാകുടുംബത്തെ പലവിധത്തിൽ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ കാക്കുകയും ഓർക്കു കയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചുക്കൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേ ഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിടയായില്ല എന്നു പറയുന്നതിനു ദൈവാ നുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്.*[15]

വിശ്വാസത്തിന്റെ വഴിയേ നീങ്ങാൻ സ്വന്തം അമ്മയിൽ നിന്നും കിട്ടിയ കറയറ്റ ദൈവമാതൃഭക്തി കൊച്ചുകുര്യാക്കോസിന് മാർഗ്ഗദീപവും സഹായ വുമായി. അമ്മ ചെറുപ്പത്തിൽതന്നെ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി പരിശുദ്ധകന്യകാമറിയത്തിന് അടിമയായി സമർപ്പിച്ച് മരിയദാസനാക്കി മാറ്റിയ കഥ ആത്മാനുതാപത്തിൽ ചാവറയച്ചൻ വിവരിക്കുന്നുണ്ട്:

*ശിശുവാമടിയനെയമൃതാൽ വളർത്തുമ്പോൾ*
*ശയനിപ്പിച്ചു ദൈവജനനി തന്റെ പാദേ-*
*"ശുദ്ധമാതാവേ, ദൈവജനനീ കന്നിയമ്മേ*
*അശുദ്ധ മമോദരഫലമാമിതിനെ നീ*
*നിന്നുടെ ദാസനായി കൈക്കൊണ്ടു രക്ഷിപ്പാനായ്*
*ഇന്നു ഞാൻ നിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവെച്ചേൻ"*[16]

അമ്മ ഇങ്ങനെ പ്രാർത്ഥിക്കുന്ന സമയത്ത് പുരോഹിതൻ അവരോട് *നീ ഇവനെ ദൈവമാതാവിന്റെ ദാസനായി പരിപാലിച്ചു വളർത്തുക, ഇവൻ യഥാർത്ഥത്തിൽ നിന്റെ പുത്രനല്ല, ദൈവമാതാവിന് പുത്രനാണ് എന്നു കരുതുകയും ചെയ്യുക* എന്ന് ഉപദേശിച്ചു:

*.... മാതൃദാസനാമിവനെ നീ*
*സുക്ഷിച്ചു വളർത്തുക പാലിച്ചു ഭരിക്ക നീ*
*സാക്ഷാൽ നിൻ സുതനല്ല, മാതാവിൻ ദാസൻ ദൃഢം*[17]

ഇവ്വിധം പറഞ്ഞുകൊടുത്താണ് അമ്മ കൊച്ചുകുര്യാക്കോസിനെ മാതൃഭക്തിയിൽ വളർത്തിയത്. എല്ലാ വർഷവും കന്നിമാസം എട്ടാം തീയതി ദൈവമാതൃസവിധത്തിൽ അമ്മ മകനെ കൊണ്ടുപോവുകയും തന്റെ മരണം വരെയും അവനുവേണ്ടി അടിമപ്പണം ദേവാലയത്തിൽ കൃത്യമായി നൽകുകയും ചെയ്തിരുന്നു. *പരിശുദ്ധ കന്യകാമറിയം നിനക്കു നാഥയും മാതാവുമാണ്. നീ അവളുടെ ദാസനാണെന്ന കാര്യം ഒരിക്കലും മറക്കരുത്* എന്ന് അവർ കൂടെക്കൂടെ പുത്രനെ ഓർമ്മിപ്പിക്കുകയും ചെയ്യുമായിരുന്നു:

*നിന്നുടെ നാഥ മാതാവവൾക്കു ദാസൻ*
*നീയെയെന്നതു മനസ്സതിലെപ്പോഴും സ്മരിക്കണം.*[18]

ഇപ്രകാരം തന്റെ അമ്മയുടെ കൈകളാൽത്തന്നെ കന്യകാംബികയുടെ സംരക്ഷണയിലും മാതൃവാത്സല്യത്തിലും പ്രതിഷ്ഠിക്കപ്പെട്ട കുര്യാക്കോസിനെ പരിശുദ്ധ അമ്മ തന്നെ വിശ്വാസവഴിയിലൂടെ സുരക്ഷിതനായി നയിക്കുന്നത് പിൽക്കാലജീവിതത്തിൽ നാം കാണുന്നു.

ക്രിസ്തീയ വിശ്വാസത്തിൽ ദൃഢത പ്രാപിക്കുവാൻ സഹായകമായ പരിശീലനമാണ് മാതാപിതാക്കളിൽ നിന്നു കൊച്ചുകുര്യാക്കോസിനു ലഭിച്ചത്. തന്റെ അമ്മയിൽ ദൈവം നിക്ഷേപിച്ച സ്നേഹം തനിക്കു പകർന്നു കിട്ടി എന്നും മുലപ്പാലിനോടൊപ്പം പ്രാർത്ഥനയുടെ മാധുര്യം താൻ ആസ്വദിച്ചു എന്നും *ആത്മാനുതാപ*ത്തിൽ അദ്ദേഹം പറയുന്നു:

*പൈതൽക്കാലത്തിൽ തീറ്റിവളർത്തുവാൻ*
*അയ്യം കൂടാതെ തന്നു മാതാവിനെ.*
*അന്നവൾക്കു നീ നൽകിയ സ്നേഹത്താൽ*
*അമൃതപാനം തന്നു വളർത്തുമ്പോൾ,*
*അതിനോടു കലർത്തി ജപങ്ങളും*
*അപ്പോൾത്തന്നെ ഗ്രഹിപ്പിച്ചു തന്നവൾ*
*ദൃഢം വന്നപ്പോൾ ജപങ്ങളൊക്കെയും*
*ദൃഢതയോടെ പഠിപ്പിച്ചു നിശ്ചയം.*[19]

ഇങ്ങനെ ശൈശവപ്രായത്തിൽ തന്റെ അമ്മയുടെ പാദത്തിങ്കലിരുന്ന് അദ്ദേഹം ദൈവത്തെ പടിപടിയായി അറിഞ്ഞു. പാതിരാനേരത്ത് ഉറക്കമുണർന്ന് മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്ന അമ്മയോടൊപ്പം കൊച്ചു

കുര്യാക്കോസും മുട്ടിന്മേൽ നിൽക്കും. രാത്രിജപങ്ങളും ദൈവമാതാവിനോടുള്ള പ്രാർത്ഥനകളും സുകൃതജപങ്ങളും ഉരുവിട്ടു പ്രാർത്ഥിക്കുന്ന അമ്മയുടെ ചാരേകിടന്ന് അല്പം കഴിയുമ്പോൾ ബാലൻ ഉറക്കം പിടിക്കും. വാക്കുകൾ ഉരുവിടാൻ കഴിയുന്ന പ്രായമായപ്പോൾ ദൈവത്തിന്റെ പരിശുദ്ധനാമവും മാതാവിന്റെയും യൗസേഫ്പിതാവിന്റെയും നാമങ്ങളും ഉരുവിടാൻ അമ്മ മകനെ പഠിപ്പിച്ചു. പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള അവബോധവും ദൈവപുത്രന്റെ മനുഷ്യാവതാരവും ജീവിതവും പീഡാസഹനവും മരണവും ഉത്ഥാനവും ഒക്കെ അമ്മയുടെ വാക്കുകളിലൂടെ സനാതനസത്യങ്ങളായി കൊച്ചുകുര്യാക്കോസിന്റെ ഉള്ളിൽ പതിഞ്ഞു.[20]

അമ്മയുടെ സമീപത്തിരുന്ന കൊച്ചുകുര്യാക്കോസ് പരിശീലിച്ച പ്രാർത്ഥന ആ ചെറുപ്രായത്തിനൊത്ത് ദൈവത്തെ കണ്ടെത്തുന്നതിനുള്ള അവസരമായിരുന്നു. ഇത് ദൈവൈക്യജീവിതം നയിക്കുന്നതിനും ജീവിതത്തെ പ്രാർത്ഥനയാക്കി മാറ്റുന്നതിനുമുള്ള തഴക്കത്തിന്റെ വിത്തുകൾ മുളപൊട്ടുന്നതിനിടവരുത്തി. തിരുക്കുടുംബനാമങ്ങൾ മന്ത്രമായി അധരത്തിൽ നിന്നും ഉതിർന്നു:

*അക്കാലം നാവിളക്കുവാൻ നേരത്തു*
*പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ*
*ശുദ്ധനാമമീശോ മറിയവും*
*ശുദ്ധനായ മാർ യൗസേപ്പിൻ നാമവും.*[21]

ആത്മീയശിക്ഷണത്തിൽ മാത്രമല്ല, സ്വഭാവരൂപീകരണത്തിലും ചാവറയച്ചന്റെ മാതാവ് ശ്രദ്ധാലുവായിരുന്നു. തന്റെ മാതാവിന്റെ ശിക്ഷണരീതിയെക്കുറിച്ച് അദ്ദേഹം പറയുന്നതിങ്ങനെയാണ്:

*അരോചത്തുങ്കൽ കണ്ണാൽ പീഡിപ്പിച്ചു*
*നോട്ടം കാണുമ്പോൾ ഭയപ്പെടുമഹം*
*ഒട്ടും ദയയില്ലാത്തൊരു കൺകളാൽ*[22]

*എന്റെ അമ്മ ഒരിക്കൽപോലും കരം കൊണ്ടോ വടി കൊണ്ടോ ശിക്ഷിച്ചിട്ടില്ല. എന്നെ സന്തോഷിപ്പിക്കുവാനും ദുഃഖിപ്പിക്കുവാനും അവരുടെ നോട്ടം ഒന്നു മതിയാകുമായിരുന്നു.*[23]

കണ്ണുകൊണ്ടും നോട്ടം കൊണ്ടും താക്കീതും തിരുത്തലുകളും നൽകി മകനെ അമ്മ ശരിയായ ദിശയിലേയ്ക്കു നയിച്ചു. മാമ്മോദീസായിൽ ലഭിച്ച ശുദ്ധീകരണവരപ്രസാദത്തിൽ വളരുന്നതിനും ശൈശവപരിശുദ്ധിക്ക് തെല്ലും മങ്ങലേൽക്കാതെ ദൈവകാര്യത്തിൽ പ്രവേശനം സാധ്യമാക്കുന്നതിനുമുള്ള യോഗ്യത ഗാർഹികസഭയായ കുടുംബത്തിൽ നിന്നുള്ള പരിശീലനം വഴി കൊച്ചുകുര്യാക്കോസ് സ്വായത്തമാക്കി.[24]

സ്വകുടുംബത്തിൽ നിന്നും ചാവറയച്ചൻ സ്വീകരിച്ച ശിക്ഷണം ദൈവാരാധനയുടെ ചൈതന്യമായ മിശിഹായിലുള്ള ജീവിതമായിരുന്നു. കുഞ്ഞുങ്ങൾക്ക്

എങ്ങനെ വിശ്വാസത്തിന്റെ രഹസ്യങ്ങൾ ജീവിതത്തിലൂടെ അനുഭവിച്ചറിയുവാൻ സാധിക്കുമെന്നതിനും ആ ചൈതന്യം ഏതുവിധത്തിൽ പിൽക്കാല ജീവിതത്തിൽ പരിരക്ഷിക്കാനാകുമെന്നതിനും ചാവറക്കുടുംബത്തിൽ നിന്നും കൊച്ചുകുര്യാക്കോസിനു ലഭിച്ച പരിശീലനം ഒരു നല്ല ദൃഷ്ടാന്തമാണ്.

അഞ്ചാമത്തെ വയസ്സിൽ ആശാൻകളരിയിൽ ചേർന്ന കുര്യാക്കോസ് അക്രൈസ്തവനായ ആശാന്റെ ശിക്ഷണത്തിൽ എഴുതുവാനും വായിക്കുവാനും പഠിച്ചു. അഞ്ചുവർഷം ദീർഘിച്ച കളരിയിലെ അധ്യയനം വഴി തമിഴ്, മലയാളം, തെക്കൻ മലയാളം തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടാനും അദ്ദേഹത്തിനു കഴിഞ്ഞു.[25]

കളരിയിലെ തന്റെ വിദ്യാഭ്യാസകാലം അനുസ്മരിക്കുമ്പോൾ ഹൃദയതാപം കൊണ്ടുരുകുന്ന ചാവറയച്ചനെയാണ് *ആത്മാനുതാപത്തിൽ* നാം ദർശിക്കുന്നത്.

*അക്കളരിയിൽ കൂടുന്ന പൈതങ്ങൾ*
*മിക്കതുമിവർ രണ്ടുനാലെന്നിയേ*
*അന്നവരുടെ വൃത്തികൾ കണ്ടിടും*
*അന്നവന്റെ പ്രമാണങ്ങൾ കേട്ടിടും*
*അജ്ഞാനക്രിയയാകുന്ന സ്നാനവും*
*സുജ്ഞാനംവിനാ മറ്റും ചെയ്തേനഹം*[26]

കുട്ടികളുമായുള്ള വിദ്യാലയത്തിലെ സമ്പർക്കം വഴി താൻ അവരുടെ ചെയ്തികൾ കാണാനും അവർ ചെയ്യുന്ന രീതിയിലുള്ള സ്നാനം ചെയ്യാനും മറ്റും ഇടവന്നു എന്ന് അദ്ദേഹം പരിതപിക്കുന്നു. കുടുംബത്തിൽ അമ്മയിൽനിന്നും ലഭിച്ച പ്രാർത്ഥനയുടെ സ്വാധീനം കൊണ്ടാണ് അക്രൈസ്തവരുടെ അന്ധവിശ്വാസപരമായ വൃത്തികളെ വിവേചിച്ചറിഞ്ഞ് *ആത്മാനുതാപത്തിനിടയായത്.*

വിദ്യാലയ ജീവിതസൗകര്യത്തിൽ സ്വഭാവദുഷ്യത്തിനുള്ള സാദ്ധ്യത ഏറിയിരുന്നെങ്കിലും സ്വമാതാവ് നിരന്തരം നൽകിയിരുന്ന ദൈവേഷ്ടത്തിനൊത്തുള്ള പരിശീലനം അദ്ദേഹത്തെ ദൈവത്തിനും മനുഷ്യർക്കും സ്നേഹപാത്രമാക്കിത്തീർത്തു.[27] പ്രായത്തിനൊത്ത വിവേകം, ഭക്തി ആദിയായ സ്വഭാവഗുണങ്ങളിലൂടെ മാതാപിതാക്കളുടെ മാത്രമല്ല, സമീപവാസികളുടെയും ഓമനക്കുട്ടനായാണ് അദ്ദേഹം വളർന്നത്.[28]

ബാല്യകാലത്ത് നാടെങ്ങും പടർന്നുപിടിച്ച പകർച്ചവ്യാധി കൊച്ചുകുര്യാക്കോസിന്റെ ജീവിതത്തെ കൂടുതൽ ദൈവോന്മുഖമാക്കിയ ഒരു സംഭവമായിരുന്നു. ചുറ്റുപാടും മുഴങ്ങിയിരുന്ന മരണത്തിന്റെ രോദനങ്ങളും വേർപാടിന്റെയും ദുരിതത്തിന്റെയും വ്യഥകളും ആളുകളുടെ അതിനാലുള്ള ഭീതിയുമൊക്കെ ആ ഉള്ളിൽ പതിഞ്ഞു. താനും നിപതിക്കാമായിരുന്ന ഈ വലിയ വിപത്തിൽ തന്റെ ജീവനു തുണയായത് ദൈവത്തിന്റെ പരിപാലനയാണെന്ന ബോദ്ധ്യം മനസ്സിൽ ആഴപ്പെട്ടു. കരുതലോടെ തന്നെ സ്നേഹിച്ചു

പരിപാലിക്കുന്ന ദൈവവുമായുള്ള ഒരു കണ്ടുമുട്ടൽത്തന്നെയായിരുന്നു ആ സംഭവങ്ങളെന്നു പറയാം.[29] തന്നെ സ്നേഹിക്കുന്ന തന്റെ നല്ല പിതാവായ ദൈവത്തിലുള്ള കൊച്ചുകുര്യാക്കോസിന്റെ വിശ്വാസം അതുവഴി രൂഢമായി.

ഭൗതികജ്ഞാനത്തിലും സുകൃതാഭ്യാസങ്ങളിലും ദൈവവിശ്വാസത്തിലും നാൾതോറും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കവേ, ചെറുപ്രായത്തിൽത്തന്നെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുവാനുള്ള ഭാഗ്യം കൊച്ചുകുര്യാക്കോസിനു ലഭിച്ചു. മാലാഖമാർക്കടുത്ത ഭക്തിയോടെയും തീക്ഷ്ണതയോടെയുമാണ് ആ ദൗത്യം നിർവ്വഹിച്ചത്. ചേന്നങ്കരിപ്പള്ളിയിൽ അനുദിനമുള്ള കുർബ്ബാനയിൽ ശുശ്രൂഷിയായി സംബന്ധിച്ചിരുന്ന കൊച്ചുകുര്യാക്കോസ് അൾത്താരബാലന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞ ആളായിരുന്നു. കുർബ്ബാനയ്ക്കു കൂടുന്നതിനാവശ്യമായ സുറിയാനി നമസ്ക്കാരങ്ങൾ മനഃപാഠമാക്കി ഘനമുള്ള തടിച്ച കുർബ്ബാനപുസ്തകം കഷ്ടിച്ച് എടുക്കുവാൻ കഴിയുന്ന പ്രായത്തിൽ പുരോഹിതനോടൊത്ത് അൾത്താരയിലേയ്ക്കു അവയും പേറി കടന്നുവരുന്ന കൊച്ചുകുര്യാക്കോസിനെ കാണുന്നതുതന്നെ ഭക്തിദ്യോതകമായിരുന്നിരിക്കണം. ബാല്യകാലത്തിൽ ലഭിച്ച ശിക്ഷണം പില്ക്കാലത്ത് ദൈവാലയശുശ്രൂഷയിൽ നിന്നും ദൈവജനശുശ്രൂഷയിലേയ്ക്ക് പരിവർത്തനപ്പെടുന്നത് അദ്ദേഹത്തിൽ നാം കാണുന്നു.[30] തന്നിൽ ദൈവം ചൊരിഞ്ഞ സ്നേഹം ജഡികതലത്തിലും വൈകാരികതലത്തിലും കുടുങ്ങാതെ ദൈവവഴിയെ മുന്നേറുന്നതിന് മദ്ബഹാശുശ്രൂഷ സഹായിച്ചു. ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിക്കുന്നതിൽ മദ്ധ്യവർത്തികളായിട്ടാണ് മദ്ബഹാശുശ്രൂഷികൾ നിലകൊള്ളുന്നത്. മാതാപിതാക്കളിൽ നിന്നും ദേശത്തു വൈദികരിൽ നിന്നും ലഭിക്കുന്ന ശിക്ഷണം ആദ്ധ്യാത്മികമായിരുന്നാൽ അതു ഭാവിജീവിതത്തിനും വളരെയധികം ഉപകരിക്കുമെന്ന് അദ്ദേഹത്തിന്റെ ജീവിതം വ്യക്തമാക്കുന്നു.[31]

ചാവറയച്ചന്റെ വിശ്വാസജീവിത്തിന്റെ ഒരു വഴിത്തിരിവായിരുന്നു ദൈവവിളിക്കു പ്രത്യുത്തരം നൽകി സെമിനാരിയിൽ പ്രവേശിക്കുന്നതിനായുള്ള ഇറങ്ങിത്തിരിക്കൽ. ചാവറത്തറവാടിനോടടുത്തു തന്നെയായിരുന്നു കൈനകരിയിലെ കാളാശ്ശേരി കുടുംബവും താമസിച്ചിരുന്നത്. പള്ളിപ്പുറം സെമിനാരിയിലെ അദ്ധ്യാപകനായ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ ഇളയമ്മയായിരുന്നു കാളാശ്ശേരിയിലെ കുടുംബനാഥ. ചാവറയച്ചന്റെ ബന്ധുവീടുകൂടിയായിരുന്നു കാളാശ്ശേരി. അവിടുത്തെ കുട്ടികളാകട്ടെ, അദ്ദേഹത്തിന്റെ കളിക്കൂട്ടുകാരും. ഒരിക്കൽ ഇളയമ്മയെ സന്ദർശിച്ചു സംഭാഷണം നടത്തിക്കൊണ്ടിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻ തന്റെ കൂട്ടുകാരനെ തിരക്കി അവിടെയെത്തിയ കൊച്ചുകുര്യാക്കോസിനെ കാണുകയും ആ ശാലീനപ്രകൃതിയിൽ ആകൃഷ്ടനായി മല്പാനച്ചൻ ഇളയമ്മയോട് ബാലനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ തിരക്കുകയും ചെയ്തു. അവരുടെ ബന്ധത്തിൽപ്പെട്ട പടിഞ്ഞാറെ ചാവറ കുര്യാക്കോസ് ചേട്ടന്റെ മകൻ കൊച്ചുകുര്യാക്കോസ്

ആണതെന്നും പഠനമെല്ലാം കഴിഞ്ഞ് വീട്ടിൽ നിൽക്കുകയാണെന്നും ഇളയമ്മ മല്പാനച്ചനെ ഗ്രഹിപ്പിച്ചു. ബാലനിൽ ഉൾവെളിവാൽ ഒരു പ്രത്യാശ തോന്നി കൊച്ചുകുര്യാക്കോസിന്റെ മാതാപിതാക്കളെ കാണാൻ മല്പാനച്ചൻ പുറപ്പെട്ടു. ചാവറ ഭവനത്തിൽ ചെന്ന് മാതാപിതാക്കളെ കണ്ട് ബാലനെ സെമിനാരിയിലേയ്ക്കയയ്ക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അവർ ആദ്യം ദുഃഖത്തിലായി. മൂത്ത മകനായ ജോസഫ് സ്വതേ ആരോഗ്യംകുറഞ്ഞ പ്രകൃതക്കാരനായിരുന്നതിനാൽ ആരോഗ്യവും സാമർത്ഥ്യവും ഗുണഗണങ്ങളും തികഞ്ഞ കൊച്ചുകുര്യാക്കോസിലായിരുന്നു അവരുടെ പ്രതീക്ഷയത്രയും. മല്പാനച്ചന്റെ ബഹുമാനപദവിയേയും താല്പര്യത്തെയും മാനിച്ചുകൊണ്ടുതന്നെ തങ്ങളുടെ വിമുഖത അവർ അദ്ദേഹത്തെ ക്ഷമാപണപൂർവ്വം അറിയിച്ചു. അമ്മയുടെ സങ്കടമാകട്ടെ, കണ്ണീരും തേങ്ങലുമായി അണപൊട്ടിയൊഴുകുകയും ചെയ്തു. മാതാപിതാക്കളുടെ വാദത്തിൽ പക്ഷേ വലിയ കഴമ്പുണ്ടെന്നു മല്പാനച്ചനു തോന്നിയില്ല. അദ്ദേഹം കൊച്ചുകുര്യാക്കോസിനോട് നേരിട്ടു സംസാരിക്കാനുറച്ച് പാടത്ത് കൂട്ടുകാരോടൊത്ത് കളിക്കുകയായിരുന്ന ബാലനെ ആളയച്ചു വിളിപ്പിച്ചു.

മല്പാനച്ചൻ തന്റെ താല്പര്യം കൊച്ചുകുര്യാക്കോസിനെ അറിയിച്ച് വൈദികനാകാൻ ഇഷ്ടമാണോ എന്നന്വേഷിച്ചു. അൾത്താരയിലെ ശുശ്രൂഷാസന്ദർഭം ഭാഗ്യവും സുകൃതവുമായി കണ്ടിരുന്ന ആ ബാലൻ ഉത്സാഹത്തോടെ തനിക്കു സമ്മതമാണെന്നും മല്പാനച്ചന്റെകൂടെ താൻ വരുന്നു എന്നും അദ്ദേഹത്തെ അറിയിച്ചു. മാതാപിതാക്കൾ പ്രതിഷേധിച്ചു. അയൽപക്കക്കാരും നാട്ടുകാരും ബന്ധുജനങ്ങളും അവർക്കു പിന്തുണയുമായെത്തി. ഒടുവിൽ ദൈവിനിവേശനമെന്നോണം കൊച്ചുകുര്യാക്കോസിന്റെ അമ്മാവനായ തോപ്പിൽ ഗീവർഗ്ഗീസച്ചന്റെ പിതാവും കൊച്ചു കുര്യാക്കോസിന്റെ ഇളയപ്പനും ബാലനു പ്രോത്സാഹനം നൽകി. ഗത്യന്തരമില്ലാതെ അവരുടെ നിർദ്ദേശത്തിന് അവസാനം എല്ലാവരും വഴിപ്പെടുകയും ചെയ്തു. ഇതെക്കുറിച്ച് ചാവറയച്ചൻ നാളാഗമത്തിൽ ഇങ്ങനെ കുറിക്കുന്നു:

*ടി ആണ്ടിൽത്തന്നെ എന്റെ 11-ാം വയസ്സിൽ പഠിക്കണമെന്നുള്ള മനസ്സ് ഉണ്ടായിരുന്നതിനാലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും മനസ്സില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവർഗ്ഗീസ് കത്തനാരച്ചന്റെ അപ്പന്റെയും എന്റെ ഇളയപ്പന്റെയും മനസ്സാൽ കാരണവന്മാരും സമ്മതിച്ചു.*[32]

ആത്മാനുതാപത്തിലും ഇക്കാര്യം അദ്ദേഹം എടുത്തു പറയുന്നുണ്ട്:

*ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ*
*അങ്ങുന്നെന്നെ വിളിച്ചു മഹാദയാൽ*
*എന്നതു മഹാ നിശ്ചയമെന്നുള്ളിൽ*
*അന്നല്ലെങ്കിലിങ്ങോട്ടു ഗതിയല്ലാ*
*യെന്നതുമല്ലായെന്നുടെ വംശത്തിൽ*
*അന്നൊരുജനമില്ലായിയന്തസ്സിൽ*[33]

തന്റെ ബാല്യകാലജീവിതം വിലയിരുത്തുന്ന ചാവറയച്ചൻ തനിക്കു ലഭിച്ച ദൈവവിളിയെ ഉന്നതമായ ജീവിതാന്തസ്സ് പ്രദാനം ചെയ്യുന്ന ദൈവത്തിന്റെ ഒരു സവിശേഷദാനമായി പരിഗണിക്കുന്നു. ദൈവത്തോടുണ്ടായ ഈ ബന്ധം സഭാത്മകമായി വീക്ഷിച്ച് പൗരോഹിത്യവിളി ദാനമായി തിരിച്ചറിഞ്ഞ് തന്റെ കുടുംബത്തിന് ഈ ജീവിതാന്തസ്സ് തമ്പുരാന്റെ മഹാനിശ്ചയമായി വാഴ്ത്തുന്നു. ഈ അവബോധം അദ്ദേഹത്തിന്റെ ഹൃദയത്തെ കൃതജ്ഞതാഭരിതമായി കാത്തുസൂക്ഷിക്കുകയും ദൈവത്തിലുള്ള വിശ്വാസത്തിലും ശരണത്തിലും ആഴപ്പെടുത്തുകയും ചെയ്യുന്നു.

പള്ളിപ്പുറം പള്ളിയോടുചേർന്നു പ്രവർത്തിച്ചിരുന്ന സെമിനാരിയിൽ പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ കീഴിലാണ് കുര്യാക്കോസ് വൈദികപരിശീലനം നടത്തിയത്. ഗുരുകുലവാസസമാനമായിരുന്നു അന്നത്തെ സെമിനാരി ജീവിതം. ഏഴുപേരുള്ള സെമിനാരി അന്നൊരു മേജർ സെമിനാരി തന്നെ ആയിരുന്നു. സെമിനാരിക്കാർക്കു പാലിക്കാനുള്ള പന്ത്രണ്ടു വകുപ്പുകളടങ്ങിയ ക്രമചട്ടം മല്പാനച്ചൻ തന്നെ എഴുതിയുണ്ടാക്കി പഠിക്കുന്ന സ്ഥലത്ത് പതിപ്പിച്ച് വച്ചിരുന്നു. പള്ളിയുടെ വടക്കുവശത്തെ വരാന്തയുടെ കിഴക്കേയറ്റത്തുള്ള മുറിയിൽ മല്പാനച്ചൻ താമസിച്ചു. വരാന്തയുടെ നടുവിൽ രണ്ടുവശത്തും ബെഞ്ചിട്ട് ശെമ്മാശ്ശന്മാർ ഇരിക്കും. നടുവിൽ ഒരു മേശയുണ്ടാകും. കിഴക്കേയറ്റത്ത് ഒരു കസേരയിൽ മല്പാനച്ചനും ഇരിക്കും.

ശെമ്മാശ്ശന്മാർക്ക് പള്ളിപ്പുറം സെമിനാരിയിൽ നിന്നും ലഭിച്ച ശിക്ഷണം തികച്ചും താപസികമായിരുന്നു. അതേ താപസികരീതിതന്നെയാണ് ഗുരുനാഥനും പിന്തുടർന്നത്. ഭക്ഷണം രാവിലെയും ഉച്ചയ്ക്കും വൈകീട്ടും കഞ്ഞിയായിരുന്നു. എന്നാൽ പാലയ്ക്കലച്ചന് ഉച്ചയ്ക്ക് ചോറും വൈകുന്നേരം കഞ്ഞിയുമല്ലാതെ രാവിലെ ഒന്നുമില്ലായിരുന്നു.[34] ഭക്ഷണസമയത്തും മറ്റ് അത്യാവശ്യകാര്യങ്ങൾക്കും വൈകുന്നേരം അഞ്ചുമണിക്കുള്ള നടപ്പിനുമല്ലാതെ ശെമ്മാശ്ശന്മാരുടെ പഠനസ്ഥലമായ വരാന്ത വിട്ട് ആരും പോയിരുന്നില്ല. ഉച്ചഭക്ഷണത്തിനുശേഷമുള്ള മല്പാനച്ചന്റെ വിശ്രമനേരത്ത് ശെമ്മാശ്ശന്മാർക്ക് സുറിയാനി-മലയാളം പരിഭാഷയ്ക്കായി നൽകിയിരുന്ന പാഠഭാഗങ്ങൾ ചെയ്യേണ്ടിയിരുന്നു. വൈകുന്നേരം 6 മണിക്ക് പള്ളിയിൽവച്ച് *ലുത്തിനിയ, ധ്യാനം, വായന, കൊന്തനമസ്കാരം* തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കും. വീണ്ടും പഠനം. അത്താഴത്തിനുശേഷം *ജ്ഞാനവായനയും* മല്പാനച്ചന്റെ വക *ജ്ഞാനോപദേശവും*. ഘടികാരമില്ലാതിരുന്നതിനാൽ ഏകദേശം പതിനൊന്നുമണിയെങ്കിലും ആയിട്ടായിരുന്നു അവർ വിശ്രമത്തിനായി പോയിരുന്നത്. ശെമ്മാശ്ശന്മാർ ഉറങ്ങാൻ പോയിക്കഴിഞ്ഞും വായനയും എഴുത്തും തുടരുന്ന ഗുരുനാഥന്റെ മാതൃക കുര്യാക്കോസിൽ വലിയ ആദരവുളവാക്കിയിരുന്നു. രണ്ടുവർഷം നീണ്ട പ്രാരംഭപരിശീലനത്തിനുശേഷം കുര്യാക്കോസിന് *ആസ്തപ്പാടുപട്ടം* ലഭിച്ചു. വരാപ്പുഴ വികാരി അപ്പസ്തോലിക്ക പത്രോസ് ദെ അൽക്കാന്ത്ര മെത്രാനാണ് അദ്ദേഹത്തിന് *ആസ്തപ്പാടുപട്ടം* നൽകിയത്.

വരാപ്പുഴ അതിരൂപതയുടെ കീഴിലായിരുന്നു പള്ളിപ്പുറം സെമിനാരി. അതിനാൽ അവിടുത്തെ പരിശീലനം തീർത്തും ലത്തീൻ രീതിയിലായിരുന്നു. പാലയ്ക്കലച്ചനും തുടർന്നത് ആ രീതിതന്നെയാണ്. അതിനാൽ സുറിയാനി ആദ്ധ്യാത്മികത വേണ്ടുംവിധം അഭ്യസിക്കുന്നതിനുള്ള സാദ്ധ്യത അവിടെ ഉണ്ടായിരുന്നില്ല. എന്നാലോ സുറിയാനിഭാഷാപരിശീലനം കുറ്റമറ്റതുമായിരുന്നു. സെമിനാരിക്കാലത്ത് സതീർത്ഥ്യർക്കിടയിൽ ദൈവഭക്തി, സാധുശീലം, എളിമ, കീഴ്‌വഴക്കം, സഹോദരസ്നേഹം എന്നിവയ്ക്കെല്ലാം സവിശേഷമാതൃകയായിരുന്നു കുര്യാക്കോസ്. അദ്ദേഹം പാലയ്ക്കൽ മല്പാനച്ചന്റെ സ്നേഹവും സമ്മതവും നേടിയെടുത്തു. ഈ ശെമ്മാശ്ശന്റെ സ്വഭാവഗുണവും ഉത്സാഹവും ബുദ്ധിസാമർത്ഥ്യവും കണ്ടറിഞ്ഞ മല്പാനച്ചൻ സുറിയാനി, പോർച്ചുഗീസ്, ലത്തീൻ തുടങ്ങിയ ഭാഷകളിലും അദ്ദേഹത്തിന് പരിശീലനം നൽകി. ബാല്യത്തിൽ നിന്നും യുവത്വത്തിലേയ്ക്കുള്ള കുര്യാക്കോസിന്റെ പരിണാമം ആദ്ധ്യാത്മികതയുടെ ചൈതന്യം പ്രസരിക്കുന്ന സെമിനാരി ജീവിതത്തിലൂടെ വിശ്വാസജീവിതത്തിലെ ആഴപ്പെടലിന്റെയും സ്വീകരിക്കപ്പെടുന്ന ആത്മീയജ്ഞാനത്തിനനുസരിച്ച് ക്രിസ്തു സത്തയിലേക്കുള്ള രൂപാന്തരപ്പെടലിന്റെയും കാലഘട്ടമായി പരിണമിച്ചു. ■

## പരാമർശ സൂചിക

1. കുര്യാക്കോസ് ഏലിയാ വടക്കേത്ത്, *op.cit.*, പേ. 911
2. *ആത്മാനുതാപം*, 1, 9-12
3. *Ibid.,* 5-8
4. *Ibid.,* 9-10
5. *ഉല്പ.* 1: 26
6. *ആത്മാനുതാപം*, II, 1-2
7. *Ibid.,* 1, 14-15
8. *Ibid.,* 1-4
9. *എഫേ.* 1:4
10. *ആത്മാനുതാപം* I, 41-44
11. *യോഹ.* 3:3-5
12. *റോമാ.* 8:14
13. *റോമാ.* 5:5
14. വലേരിയൻ, *op.cit.*, പേജ് 7-8
15. Fr. Leopold OCD, മുഖവുര in *ആത്മാനുതാപം*, മാന്നാനം, 1959, പേജ് iv.
16. *ആത്മാനുതാപം*, 11, 3-8
17. *Ibid.,* 14-16
18. *Ibid.,* 23-24
19. *Ibid.,* I, 45-52
20. *Ibid.,* 53-78
21. *Ibid.,* 67-70
22. *Ibid.,* 78-80
23. *Ibid.*
24. *സെഡ്. എം. മൂഴൂർ*, അരൂപിയുടെ മേലൊപ്പുള്ള മനുഷ്യൻ, കാർമ്മൽ പബ്ലിക്കേഷൻ സെന്റർ, തിരുവനന്തപുരം, 2003, പേജ് 40
25. വലേരിയൻ, *op.cit.*, പേജ് 13-14
26. *ആത്മാനുതാപം*, I, 93-98
27. *മത്യാസ് പട്ടക്കാരൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മാന്നാനം, 1936, പേജ് 5.*
28. *Ibid*, പേജ് 6
29. *ആത്മാനുതാപം*, II, 36-44
30. *കുര്യാക്കോസ് ഏലിയ വടക്കേത്ത്*, *op.cit.*, പേജ് 496
31. *Ibid.*
32. *നാളാഗമങ്ങൾ*, പേജ് 60
33. *ആത്മാനുതാപം*, I, 113-118
34. നാളാഗമങ്ങൾ, പേജ് 65.

CARMEL JYOTHI
Ki-894
ALWAYE
7601
THRIKKAKKARA

## നാല്

# പ്രത്യാശയുടെ തീരത്ത്

**സെ**മിനാരി ജീവിതത്തിലൂടെ ചാവറയച്ചനു കൈവന്ന ആദ്ധ്യാത്മികതയുടെ ഏകദേശരൂപം അദ്ദേഹം സ്വീകരിച്ച ആദർശവാക്യത്തിൽ പ്രതിഫലിക്കുന്നുണ്ട്:

*കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും.*[1]

ഈ ആദർശവാക്യമുൾക്കൊള്ളുന്ന പതിനാറാം സങ്കീർത്തനം ഇസ്രായേൽ ജനതയുടെ പ്രത്യാശാഗാനമാണ്. ഏകസത്യദൈവവിശ്വാസത്തിലുള്ള വ്യക്തിബന്ധത്തെ പ്രദ്യോതിപ്പിക്കുന്ന ഒരു ഏറ്റുപറച്ചിലാണ് ഈ അഞ്ചാം വാക്യത്തിൽ നാം ദർശിക്കുന്നത്. വാഗ്ദത്തഭൂമിയിലുള്ള വാസത്തിന്റെ സുഃസ്ഥിതിയും സൗഭാഗ്യവും ദൈവമാണെന്ന് സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നു. സെമിനാരിക്കാലത്തുതന്നെ തന്റെ *അവകാശത്തിന്റെ ഭാഗം കർത്താവാകുന്നു* എന്ന് പ്രഖ്യാപിച്ച ചാവറയച്ചൻ ദൈവം പ്രത്യാശയുടെ ദൈവമാണെന്നും ജീവിതത്തെ സ്വർഗ്ഗീയമാക്കിത്തീർക്കുന്ന ഒരു സുകൃതമാണ് പ്രത്യാശ എന്നുമുള്ള ബോധ്യത്തിലേയ്ക്ക് നയിക്കപ്പെടുകയാണ്. ജീവിതത്തിലെ ഓരോ നിമിഷത്തെയും അനുകൂല പ്രതികൂല സാദ്ധ്യതകളോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനും അവയെല്ലാം മിശിഹായിൽ സുഃശീർഷമാക്കപ്പെടുമെന്ന ഉറപ്പോടെ അനുഭവിക്കാനും പ്രത്യാശ ഇടവരുത്തുന്നു.

മറ്റെല്ലാ അവകാശങ്ങൾക്കും മീതെ കർത്താവിനെ പ്രതിഷ്ഠിച്ച ചാവറയച്ചൻ അതുവഴി തന്റെ ജീവിതം കൂടുതൽ ദൈവകേന്ദ്രീകൃതമാക്കി മാറ്റി. ദൈവവും ദൈവീകകാര്യങ്ങളുമൊഴികെ മറ്റെല്ലാം ക്ഷണികവും നിസ്സാരവുമായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഭൗതികജീവിതത്തിലെ ക്ലേശങ്ങളും ഇച്ഛാഭംഗങ്ങളും ഹൃദയസമാധാനത്തെ ഭഞ്ജിക്കാതിരിക്കാൻ ഈ ദൈവോന്മുഖത അദ്ദേഹത്തെ സഹായിച്ചു.[2] അനുദിന ജീവിതാനുഭവങ്ങളിലെല്ലാം ദൈവത്തോടുള്ള ചാവറയച്ചന്റെ ബന്ധം തെളിഞ്ഞു നിന്നിരുന്നതായി നമുക്കു കാണാനാകുന്നു.

കർത്താവിനെ അവകാശവും ഭാഗധേയവുമായി സ്വീകരിച്ച കുര്യാക്കോസ് ശെമാശ്ശന്റെ ജീവിതം വിശ്വാസത്തിൽ ഉന്നതി പ്രാപിച്ച് സമ്പൂർണ്ണമായ പ്രത്യാശയുടേതായിത്തീരുകയായിരുന്നു. ദൈവത്തിൽ മാത്രം തന്റെ സർവ്വ ആശ്രയവും അദ്ദേഹം കണ്ടെത്തി. ഒരു വ്യക്തിയുടെ ലൗകികസാഹചര്യം ദൈവസ്നേഹത്തിന്റെ ആദ്ധ്യാത്മികസാഹചര്യത്തെ അനുധാവനം ചെയ്യുന്നതിന് പ്രത്യാശയുടെ ത്യാഗോജ്ജ്വലമായ പെസഹാനുഭവം ഉണ്ടാകണമെന്ന് അദ്ദഹം ഗ്രഹിച്ചിരുന്നു. ജീവിതത്തെ ആകെയുലച്ച ഉറ്റവരുടെ മരണത്തിലും അനന്തര പരീക്ഷണങ്ങളിലും അചഞ്ചലനായി നിന്ന് തന്റെ ദൈവവിളിയെ സംരക്ഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതതുകൊണ്ടാണല്ലോ.

സ്വച്ഛന്ദമായ സെമിനാരി ജീവിതത്തിൽ അഗ്നിപരീക്ഷയുടെ കാറ്റും കോളും വളരെ പെട്ടെന്നാണ് ഉണ്ടായത്. ഒരു ദിവസം ചാവറ ശെമ്മാശ്ശനെ കാണാൻ പള്ളിപ്പുറം സെമിനാരിയിൽ അദ്ദേഹത്തിന്റെ രണ്ടു ചിറ്റപ്പന്മാർ എത്തി. ബന്ധുക്കളെ കണ്ടപ്പോൾ അനുവാദം വാങ്ങി അതിതാല്പര്യത്തോടെ അടുത്തുചെന്ന് കുടുംബകാര്യങ്ങൾ അന്വേഷിച്ചു. അവരിൽ നിന്നു കിട്ടിയ മറുപടി അദ്ദേഹത്തെ തളർത്തിക്കളഞ്ഞു. നാടാകെ പടർന്നുപിടിച്ച ഒരു പകർച്ചവ്യാധിയിൽ കുര്യാക്കോസിന്റെ അപ്പനും അമ്മയും ഏക സഹോദരനും മരണമടഞ്ഞു. ജേഷ്ഠത്തിയും ഒരു പെൺകുഞ്ഞു മാത്രമായി കുടുംബം ശേഷിക്കുന്ന അവസ്ഥ. അവരുടെ മരണസമയത്ത് കൂടെയിരിക്കുവാനോ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുവാനോ കുര്യാക്കോസിനു കഴിഞ്ഞില്ല. നാളുകൾക്കു ശേഷമാണ് ദുരന്തവിവരം അറിയുന്നതു തന്നെ. മരണവാർത്തയുമായി വന്ന ബന്ധുക്കൾ കുടുംബം അന്യം നിന്നുപോകാതിരിക്കാൻ ദൈവവിളി ഉപേക്ഷിച്ച് വീട്ടിലേയ്ക്കു മടങ്ങാൻ അദ്ദേഹത്തെ നിർബന്ധിച്ചു. സാധാരണ ഗതിയിൽ ജീവിതത്തെ പിടിച്ചുലയ്ക്കേണ്ട ഉറ്റവരുടെ വേർപാടുകൾ കർത്താവുമായുള്ള ദൃഢബന്ധത്തിലൂടെയാണ് ചാവറയച്ചൻ നേരിട്ടത്. സെമിനാരി പരിശീലനത്തിലൂടെ ലഭിച്ച ധ്യാനാത്മകതയും മാമ്മോദീസായിലൂടെ ലഭിച്ച പ്രസാദവരാത്മകജീവിതവും സർവ്വോപരി വിശുദ്ധകുർബ്ബാനയുടെ ശക്തിയും ദൈവം തന്നോടൊപ്പമുണ്ട് എന്ന പ്രത്യാശയിൽ അദ്ദേഹത്തെ ആഴപ്പെടുത്തിയിരുന്നു. മറ്റൊരു ഓഹരിയോ അവകാശമോ ഇനി തനിക്കുള്ളതാണെന്ന് അദ്ദേഹം കരുതിയില്ല. അതുകൊണ്ട് സ്വന്തം മാതാവിനെയും പിതാവിനെയും സഹോദരനെയും ദൈവത്തിനു പൂർണ്ണമായി വിട്ടുകൊടുക്കാൻ അക്കാലത്തും അദ്ദേഹത്തിനു കഴിഞ്ഞു. ദൈവാനുഭവത്തിന്റെ അത്യുച്ചിയിൽ ആ സെമിനാരിക്കാലത്തുതന്നെ അദ്ദേഹം എത്തിച്ചേർന്നിരുന്നു. പ്രാർത്ഥനയിൽ അഭയം ഗമിച്ച ചാവറ ശെമ്മാശ്ശന് ഈ പ്രതിസന്ധി തരണം ചെയ്യാൻ താൻ സർവ്വ പ്രത്യാശയുമർപ്പിച്ച ദൈവം തന്നെ സഹായമരുളി. അവിടുന്നു നൽകിയ പ്രചോദനമനുസരിച്ച് എടത്വായിൽ വിവാഹം ചെയ്തയച്ചിരുന്ന സഹോദരിയേയും ഭർത്താവിനേയും കുടുംബത്തിന്റെയും ജ്യേഷ്ഠപുത്രിയുടെയും ചുമതലയേല്പിച്ച

കുര്യാക്കോസ് ശെമ്മാശ്ശൻ സെമിനാരിയിലേയ്ക്കുതന്നെ മടങ്ങി. ദൈവമാതൃഭക്തിയും സ്ഥിരചിത്തനായിരിക്കുവാൻ അദ്ദേഹത്തെ സഹായിച്ചു:

*സെമിനാരിയിൽ ആയിരിക്കുമ്പോൾ തന്നെ അപ്പനും അമ്മയും ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠനും മരിച്ചു. ജ്യേഷ്ഠത്തിയും ഒരു പെൺപൈതലുമായി വീടു ശേഷിക്കയാൽ അതിലുണ്ടായ ദുഃഖസന്താപങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങിക്കൊണ്ട് സഹിക്കുകയും കാരണവന്മാരിൽ നിന്നു പഠിച്ച പഠനത്തിനൊത്തവണ്ണം ദേവമാതാവിന് അടിമയായി തന്നെ കയ്യാളിച്ചും വിശേഷഭക്തിക്കാരനാവുകയും ചെയ്തു.*[3]

പൗരോഹിത്യസ്വീകരണത്തിന് കുര്യാക്കോസ് ശെമ്മാശ്ശൻ സർവ്വാത്മനാ ഒരുങ്ങിയിരുന്നു. അദ്ദേഹത്തിന്റെ തയ്യാറെടുപ്പിനെക്കുറിച്ച് ലെയോപ്പോൾദച്ചൻ എഴുതിയ ജീവചരിത്രത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്:

*പഠിത്തമില്ലാത്ത പട്ടക്കാരൻ ശേഷം പേരുടെ ആത്മാവിന് ഉപകാരമില്ലാത്തവനാകുന്നു എന്നു മാത്രമല്ല നിത്യനാശത്തിനും കാരണമാകാം എന്നു മനസ്സിലാക്കിയ നമ്മുടെ പുതുശെമ്മാശ്ശൻ ആസ്തപ്പാട് ഏറ്റനാൾ തുടങ്ങി ഏറ്റമേറ്റമായി പഠിത്തംകൊണ്ട് തക്ക ദൈവ ഊഴിയക്കാരനാകൻ ഉത്സാഹിക്കുകയും പ്രയത്നപ്പെടുകയും ചെയ്തു.*[4]

ദിവ്യകാരുണ്യസ്വീകരണം വിരളമായിരുന്ന അക്കാലത്ത് ഗുരുനാഥന്റെ അനുവാദം ലഭിച്ചിരുന്നപ്പോഴൊക്കെ ദിവ്യകാരുണ്യം സ്വീകരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സഹപാഠികളെയും ദിവ്യകാരുണ്യസവിധത്തിലേയ്ക്കും ദൈവജനനിയുടെ ഭക്തിയിലേയ്ക്കും ആകർഷിക്കാൻ അദ്ദേഹം തന്റെ സ്വതസിദ്ധമായ വാചാലതയും കഴിവുകളും ഉപയോഗിച്ചിരുന്നു.

*അയാളുടെ സെമിനാരി കൂട്ടുകാരനായ കത്തനാരച്ചന്മാരു സാക്ഷിയ്ക്കുംവണ്ണം കൊച്ചുകുര്യാക്കോസ് ദൈവഊഴിയത്തിന്റെ ലാക്കല്ലാതെ മറ്റൊരു ലോകവിചാരം കൂടാതെ പഠിത്തത്തിലും ദൈവപേടിയിലും വിശേഷതാല്പര്യമുള്ളവനായിരുന്നു. കൂട്ടുകാരെല്ലാവരോടും എല്ലായ്പ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്പക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു.*[5]

ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനാകാൻ തയ്യാറായ കുര്യാക്കോസ് കൂടുതൽ കൂടുതൽ അവിടുത്തെ സാദൃശ്യത്തിലേയ്ക്ക് പരിവർത്തനപ്പെട്ടു. പൗരോഹിത്യസ്വീകരണത്തിനു മുമ്പുതന്നെ മല്പാനച്ചന്റെ അഭാവത്തിൽ സെമിനാരിക്കാര്യങ്ങളെല്ലാം നോക്കിനടത്തിയിരുന്നതും അദ്ദേഹമായിരുന്നു.

1829 നവംബർ 29-ന് 24-ാമത്തെ വയസ്സിൽ ചാവറകുര്യാക്കോസ് മിശിഹായുടെ അഭിഷിക്തനായി; ദൈവത്തിനും ദൈവജനത്തിനുമായി പ്രതിഷ്ഠിതനായി. ലത്തീൻ വിഭാഗക്കാരായ അഞ്ഞൂറ്റിക്കാരും എഴുന്നൂറ്റിക്കാരും തമ്മിലുള്ള സംഘർഷം മൂലം വരാപ്പുഴ നിന്നു മാറി അർത്തുങ്കൽ പള്ളിയിൽ

താമസമാക്കിയ മൗറേലിയൂസ് സ്തബലീനി മെത്രാനച്ചനിൽ നിന്നും അവിടെ വച്ചാണ് അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചത്. പിന്നീട് ഇടവകദേവാലയ മായിരുന്ന ചേന്നങ്കരിയിൽ ആഘോഷമായി ആദ്യ ദിവ്യബലി അർപ്പിച്ചു. തന്റെ ആദ്യ ദിവ്യബലിയർപ്പണ സമയത്ത് ചാവറയച്ചനുണ്ടായിരുന്ന പ്രത്യേക നിയോഗം ഭാരത പൈതൃകമായ സന്യാസജീവിതത്തിനുള്ള ഒന്നാ യിരുന്നു.

*... ഈ സ്ഥലവും വേലയും നടന്നുനിറവേറുവാനുള്ള ദൈവാനുകൂലം ഉണ്ടാകണമെന്നുള്ള നിരൂപണയാൽ തന്നെ ആ ഒന്നാമത്തെ പൂജ അണച്ച തിനാൽ വീണ്ടും ആഘോഷമായി 29-ാം കാലം സുബാറായുടെ ഒന്നാം ഞായ റാഴ്ച കുർബ്ബാന ചൊല്ലി ഇടവകയായ ചേന്നങ്കര പള്ളിയിൽ...*[6]

ചാവറയച്ചൻ സെമിനാരി ജീവിതത്തിലൂടെ സ്വാംശീകരിച്ചെടുത്ത ആദ്ധ്യാ ത്മികതയിൽ ചില പ്രത്യേക തലങ്ങൾ പ്രതിഫലിക്കുന്നു. സ്വർഗ്ഗോന്മുഖവും മനുഷ്യോന്മുഖവുമായ ഒരാദ്ധ്യാത്മികത, ദൈവീക ശുശ്രൂഷയിലുൾച്ചേർന്നി രിക്കുന്ന ആചാരാദ്ധ്യാത്മികത, പരിപാവനതയും സംസ്ക്കാരവും സമന്വ യിക്കുന്ന ആദ്ധ്യാത്മികത, മിശിഹാ കേന്ദ്രീകൃത ആദ്ധ്യാത്മികത, ദൈവവ ചനത്തിലും ദൈവാരാധനയിലും അധിഷ്ഠിതമായ ആദ്ധ്യാത്മികത എന്നി വയാണവ. ഇവയെല്ലാം തിരുഃസഭയിലെ ആചാര്യന്മാരായ വൈദികരിൽ നിന്നും ആധുനിക ലോകം പ്രതീക്ഷിക്കുന്ന കാര്യങ്ങളുമാണ്.[7]

ചാവറയച്ചൻ പുത്തൻകുർബ്ബാനയിൽ വച്ച നിയോഗം ആധുനിക കാലത്തെ ഏതദ്ദേശീയ സന്യാസത്തിന്റെ മുന്നോടിയായിരുന്നു. സമകാലി കർക്ക് വിശുദ്ധിയുടെ സാക്ഷ്യമായിരുന്ന ചാവറയച്ചനിൽ ദൈവീകമാനുഷിക സമ്മേളനം സമഞ്ജസമായിരുന്നു. മാമ്മോദീസായിലുള്ള വിശ്വസ്തത, ആചാര്യത്വസാക്ഷാത്കാരം, സന്യാസതനിമ, എന്നീ ഘടകങ്ങളിലൂടെ അതു പ്രകാശിതമായി. അദ്ദേഹം നവപൂജാർപ്പണവേളയിലർപ്പിച്ച സന്യാസജീവി തത്തിനായുള്ള നിയോഗം വൈയക്തികം എന്നതിനേക്കാൾ സംഘാതാത്മക സ്വഭാവമുള്ളതായിരുന്നു. സംഘാതാത്മക സ്വഭാവം നിരവധി ദർശനങ്ങളി ലേയ്ക്കു വിരൽ ചൂണ്ടുന്നു. ഒന്നാമത്തേത് മനുഷ്യത്വത്തിന്റെ സംഘാതാ ത്മകതയാണ്; അതു പരോന്മുഖവുമാണ്. രണ്ടാമത്തേത് സഭാത്മകതയിലെ സാമൂഹ്യപരതയാണ്. മിശിഹാ ശിരസ്സായുള്ള ഒരു പൂർണ്ണ സമൂഹവും ദൃശ്യവും അദൃശ്യവുമായിട്ടുള്ളവയുടെ ഒരു കൂട്ടായ്മയുമാണല്ലോ സഭ. ഇവിടെയാണ് ചാവറയച്ചന്റെ ആചാര്യത്വം ഉന്നതമായ ഒരു ശുശ്രൂഷാദൗത്യ മായി പ്രശോഭിക്കുന്നത്. മൂന്നാമത്തേത് ആശ്രമികത്വത്തിന്റെ സംഘാതാ ത്മകതയാണ്. ചാവറയച്ചൻ സമാരംഭിച്ച സന്യാസം ഒരു പ്രത്യേക സമൂഹ ത്തിന്റേതായി പരിമിതപ്പെടാതെ നിരവധി സൈദ്ധിക ഘടകങ്ങളുടെ മുന്നോ ടിയായിത്തീർന്നതിലൂടെ ഇത് വെളിപ്പെടുന്നു.[8]

ചാവറയച്ചന്റെ ശുശ്രൂഷാപൗരോഹിത്യമാകട്ടെ നസ്രാണിവ്യക്തിസഭ യിൽ വിളങ്ങി നിൽക്കുന്ന ഒരു ചരിത്രവസ്തുതയുമാണ്. അത് പുരോഹിതൻ

എന്ന വാക്കിന്റെ അർത്ഥം അന്വർത്ഥമാക്കുന്നതും അതിന്റെ വ്യംഗ്യാർത്ഥം ഉപരിപ്രസക്തമാക്കുന്നതുമാണ്. വാച്യാർത്ഥത്തിൽ ആരാധനാഗണത്തിന്റെ മുമ്പേ ഗമിക്കുന്നവനായ ചാവറയച്ചൻ പുരോഹിതൻ എന്ന വാക്കിന്റെ വ്യംഗ്യാർത്ഥമനുസരിച്ച് തന്റെ ശുശ്രൂഷയിലൂടെ ദൈവജനത്തിനുതന്നെ മുന്നോടിയായിത്തീർന്നു. ദൈവസ്നേഹാഗ്നിയിലൂടെ ഉരുക്കി പരിവർത്തന പ്പെടുത്തിയ അദ്ദേഹത്തിന്റെ പിൽക്കാലജീവിതം മുഴുവൻ തന്റെ ജീവിത ത്തിൽ പ്രസരിച്ച ദൈവീകസ്നേഹത്തിന്റെ കവിഞ്ഞൊഴുകൽ മാത്രമായി രുന്നു. ആ അനുഭവത്തിൽ അദ്ദേഹം ഇങ്ങനെ ആലപിക്കുന്നു:

*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ*
*നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!*
*ശ്വാസവുമെനിക്കു നീ യാവനപാനം നീയേ,*
*ആശ്വാസം നിന്നിലല്ലാതെവിടെയെനിക്കയ്യോ.*[9]

തിരുപ്പട്ട സ്വീകരണത്തിനും പുത്തൻ കുർബ്ബാനയ്ക്കും ശേഷം ചാവറ യച്ചൻ ഒരു മാസത്തോളം ചേന്നങ്കരിയിലും കുറച്ചുനാൾ പുളിങ്കുന്നിലും താമ സിച്ചു. പുളിങ്കുന്നു കുരിശുപള്ളിയിൽ ഒരു ധ്യാനം നടത്തുകയും ചെയ്തു.

*എന്നാൽ ഈ താമസവും ചുറ്റിനടപ്പും മല്പാനച്ചന് ഒട്ടും തെളിഞ്ഞില്ല. ആയതിനാൽ ഭയപ്പെട്ട് വീണ്ടും പള്ളിപ്പുറത്തു വന്നു*[10]

മല്പാനച്ചന്റെ താല്പര്യമനുസരിച്ച് പള്ളിപ്പുറത്ത് തിരിച്ചെത്തി അദ്ദേ ഹത്തിന്റെ സഹായിയായി തുടർന്നുവെങ്കിലും ആത്മാക്കളുടെ രക്ഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിലായിരുന്നു അദ്ദേഹത്തിന് കൂടു തൽ താല്പര്യം. *ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു*[11] എന്ന ജറമിയാ പ്രവാചകന്റെ അവസ്ഥയായിരുന്നു അദ്ദേ ഹത്തിന്റെയും. അക്കാലത്ത് ദേവാലയങ്ങളിൽ പ്രസംഗങ്ങൾ വിരളമായിരു ന്നതുമൂലം ഭക്തിമാന്ദ്യം വളരെ പ്രകടമായിരുന്നു. അതിൽ ഉത്കണ്ഠാകുല നായ ചാവറയച്ചൻ പള്ളികൾതോറും ചുറ്റിനടന്ന് പ്രസംഗിക്കാൻ തുടങ്ങി. അജപാലന ശുശ്രൂഷയും ജ്ഞാനധ്യാനങ്ങളും പള്ളിപ്രസംഗങ്ങളുമായി പള്ളികൾതോറും ചുറ്റിനടന്ന അദ്ദേഹം ദൈവത്തിനായി ദാഹിച്ചിരുന്ന ജന ഹൃദയങ്ങളെ ആകർഷിച്ചു. ഇങ്ങനെ ജ്ഞാനധ്യാനങ്ങളിലും അജപാലന ശുശ്രൂഷയിലും കേന്ദ്രീകരിച്ചുകൊണ്ട് നസ്രാണികളുടെ ആദ്ധ്യാത്മികോന്ന മനത്തിനായി ചാവറയച്ചൻ നടത്തിയ പരിശ്രമങ്ങൾവഴി മച്ചിയായിരുന്ന സഭ സന്താനപുഷ്ടിയാൽ ആഹ്ലാദിക്കാൻ ആരംഭിച്ചു. ഈശോമിശിഹായെക്കുറി ച്ചുള്ള അറിവും അനുഭവവും അനേകരിൽ വിശ്വാസവർദ്ധനവിനും വളർച്ച യ്ക്കും കാരണമായി. വിശ്വാസം സജീവമായപ്പോൾ ആത്മാവിലുള്ള പുനർ ജനനം സഭയെ ദൈവാത്മാവിന്റെ ആലയമാക്കി രൂപാന്തരപ്പെടുത്തി. സ്നാപ കയോഹന്നാന്റെ വീര്യത്തോടും യേശുനാഥന്റെ വിനയത്തോടും കൂടിയുള്ള ചാവറയച്ചന്റെ പ്രസംഗങ്ങൾ *സിംഹഗർജ്ജനം*പോലെ വിശ്വാസികളിൽ

ആണ്ടുപതിച്ചു.[12] പ്രസംഗവേദികളെ ചാവറയച്ചൻ വിശ്വാസികളുടെ ആദ്ധ്യാത്മികോന്നമനത്തിനായി ഉപകരിപ്പിച്ചു.

ചാവറയച്ചൻ സംവഹിച്ച ദൈവരാജ്യം സഹജർക്കു പകർന്നു കൊടുക്കുന്നതിന് പ്രഭാഷണത്തോടൊപ്പം  വിശ്വാസികളുടെ ഇടയിൽ ഭക്തസംഘടനകളും ജ്ഞാനഗ്രന്ഥങ്ങളും അദ്ദേഹം പ്രചരിപ്പിച്ചു. ഭക്തസംഘടനകളിലൂടെ ദൈവാരാധനയിലേയ്ക്ക് വിശ്വാസികളെ ആനയിക്കുന്നതിന് ചാവറയച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാരണം, കൂദാശാത്മകജീവിതമായിരുന്നു ചാവറയച്ചന്റെ ആദ്ധ്യാത്മികത്വ രഹസ്യം.[13] ഇങ്ങനെ അദ്ദേഹത്തിന്റെ പ്രസംഗവും തുടർന്നുള്ള ശുശ്രൂഷയും വഴി തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം ഏറ്റുവാങ്ങിയ നസ്രാണിസഭ കൂടുതൽ ശക്തിയാർജ്ജിച്ചു മുന്നേറി. ദൈവപരിപാലന നയിച്ചതനുസരിച്ച് പുതിയ മേച്ചിൽപ്പുറങ്ങളിലൂടെ ചാവറയച്ചൻ തന്റെ വൈദീകശുശ്രൂഷ തുടരുകയും ചെയ്തു.

ചാവറപിതാവിന്റെ വൈദികവൃത്തി ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ നിലകൊള്ളുന്ന ഒന്നായിരുന്നു. ദൈവജനത്തിനു മുമ്പിൽ അവർക്കുവേണ്ടിയും അവരോടൊത്തും ദൈവതിരുമുമ്പാകെയും, ദൈവത്തിന്റെ പ്രതിനിധിയായി അവരെ അഭിസംബോധന ചെയ്തുകൊണ്ടും അദ്ദേഹം നിലകൊണ്ടു. മോശയെപ്പോലെ ദൈവനിയോഗങ്ങൾ തന്റെ അജഗണങ്ങൾക്കുവേണ്ടി അദ്ദേഹം ഏറ്റുവാങ്ങി. അവർക്ക് നന്മ കൈവരുന്നതിനുള്ള മാർഗ്ഗങ്ങളെല്ലാം അന്വേഷിച്ച് കണ്ടെത്തി നിറവേറ്റി. ശീശ്മയുടെ കൊടുങ്കാറ്റിലും അപകടത്തിലും നിന്ന് തന്റെ ജനത്തെ രക്ഷിക്കാൻ സർവ്വശക്തിയുമുപയോഗിച്ച് അദ്ദേഹം പരിശ്രമിച്ചു. അജഗണങ്ങളെ അകലങ്ങളിൽ പിന്തുടരുന്ന അശ്രദ്ധനായ കാവല്ക്കാരനായിരുന്നില്ല; മറിച്ച് ഇടയദണ്ഡുമേന്തി മുമ്പിൽ നീങ്ങി അവരുടെ എല്ലാ ആവശ്യങ്ങളിലും കണ്ടറിഞ്ഞു സഹായിക്കുന്ന കരുതലുള്ള ഇടയനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പുരോഹിതവൃത്തിയിൽ പ്രതിഫലിക്കുന്ന സവിശേഷതകൾ ഒന്നടയാളപ്പെടുത്തി നോക്കാം.

* നിത്യപുരോഹിതനായ യേശുവിനോടുള്ള വിശ്വസ്തത.
* അജഗണങ്ങളുടെ ആത്മരക്ഷയിലുള്ള ശുഷ്ക്കാന്തി, അതിനുവേണ്ടി ഉപാധികളും മാർഗ്ഗങ്ങളും അന്വേഷിച്ചറിയുവാനുള്ള ജാഗ്രത.
* ആത്മീയപുരോഗതിക്കൊപ്പം തന്റെ ജനത്തിന്റെ ബൗദ്ധിക, മാനസിക, സാംസ്ക്കാരിക പുരോഗതിയെക്കൂടി ഉന്നംവച്ചുള്ള പ്രവർത്തനങ്ങൾ.
* തിരുസ്സഭയുടെ വിശ്വസ്തനായ പുത്രൻ.
* ദിവ്യകാരുണ്യഭക്തിയും വിശുദ്ധരഹസ്യങ്ങളിലുള്ള അവഗാഹവും.
* പാണ്ഡിത്യവും അതത്രയും അറിവായി പകർന്നു കൊടുക്കാനുള്ള നിപുണതയും.
* ഒരിക്കലും മടുക്കാത്ത തീക്ഷ്ണത.
* കരുണ നിറഞ്ഞ പിതാവും കരുതലുള്ള ഇടയനും.

* എളിയവർക്കും വലിയവർക്കും ഒരുപോലെ സംലഭ്യനും സുസമ്മതനും.
* വിശുദ്ധസാന്നിദ്ധ്യത്താൽ ഹൃദയങ്ങളെ സ്വാധീനിക്കുന്ന വ്യക്തി.
* പ്രസംഗ ചാതുര്യവും വിശുദ്ധ ഗ്രന്ഥപാണ്ഡിത്യവും.
* അരൂപിയുടെ അഭിഷേകവും നിറവും.
* ക്രിസ്തുവിന്റെ വിശ്വസ്തനായ പ്രവാചകനും പ്രഘോഷകനും.
* എല്ലാവരിലേയ്ക്കും കടന്നെത്തുന്ന കരുതലും സ്നേഹവാത്സല്യങ്ങളും.
* സമൂഹനിർമ്മിതിയിലുള്ള താല്പര്യവും ജാഗ്രതയും.

സന്യാസജീവിതത്തോടുള്ള ആഭിമുഖ്യം ചാവറയച്ചനിൽ അങ്കുരിച്ചത് എന്നാണെന്നു കൃത്യമായി പറയുവാൻ കഴിയുകയില്ലെങ്കിലും സെമിനാരി പഠനകാലത്തേ അതുണ്ടായിരുന്നു എന്നുള്ളത് നിസ്തർക്കമാണ്. അതുകൊണ്ടാണല്ലോ പ്രഥമ ദിവ്യബലിയർപ്പണാവസരത്തിൽത്തന്നെ ഈ നിയോഗാർത്ഥം അദ്ദേഹം പ്രാർത്ഥിക്കുന്നത്.

സന്യാസസ്ഥാപനത്തിന് ഇറങ്ങിത്തിരിക്കാൻ ചാവറപിതാവിനു മാർഗ്ഗദർശികളായി അദ്ദേഹത്തിന്റെ ഗുരുനാഥനായ പാലയ്ക്കലച്ചനും തീക്ഷ്ണത നിറഞ്ഞ പോരൂക്കരയച്ചനും ഉണ്ടായിരുന്നു. ഇവരോടൊപ്പം പോരൂക്കരയച്ചന്റെ ഉറ്റമിത്രമായ കണിയാന്തറ യാക്കോബും ആരംഭം മുതലേ അദ്ധ്വാനിച്ചു. വനവാസം ആഗ്രഹിച്ച് അതിനുള്ള അവസരം പാർത്തു കഴിഞ്ഞ പോരൂക്കരയച്ചനും തപസുവനം ആരംഭിക്കുവാൻ പ്രാർത്ഥിച്ചു കാത്തിരുന്ന പാലയ്ക്കലച്ചനും ചേർന്ന് വനവാസത്തിനു പോകാനുള്ള അപേക്ഷയുമായി സ്തബലീനി മെത്രാനച്ചന്റെ പക്കലെത്തി. അവരുടെ സദുദ്ദേശമറിഞ്ഞ മെത്രാനച്ചൻ അക്കാലത്തെ വൈദികഗണത്തിൽ ബഹുമാനിതരും പണ്ഡിതരുമായ അവർ ശുശ്രൂഷകളിൽ നിന്ന് പിന്മാറിയാൽ ജനങ്ങൾക്ക് ആരു ജ്ഞാനം പകരും എന്ന ചോദ്യമുന്നയിച്ചുകൊണ്ട് ഒരു കൊവേന്ത സ്ഥാപിച്ചാൽ എല്ലാവർക്കും പ്രയോജനപ്രദമാകും എന്ന മാർഗ്ഗനിർദ്ദേശം നൽകി.[14] വൈദേശികരായ സന്യസ്തർ ഭാരതത്തിൽ അവരുടെ ആശ്രമങ്ങൾ നിരവധി സ്ഥാപിച്ചു എങ്കിലും പോരൂക്കര, പാലയ്ക്കൽ, ചാവറ, കണിയാന്തറ തുടങ്ങിയവർ *വാച്ച* വനവാസത്തിനാണ് അപേക്ഷിച്ചത്. *വാച്ചേടത്തും ഒതുങ്ങിപ്പാർക്കുക* എന്ന സ്ഥാപകപിതാക്കന്മാരുടെ അഭിനിവേശത്തെ മൗറേലിയൂസ് മെത്രാനച്ചൻ വഴിമാറ്റം വരുത്തി കൊവേന്ത എന്ന ആശയത്തിലെത്തിച്ചു.[15] ചാവറയച്ചനിലൂടെ *വാച്ച വനവാസം* നിർദ്ദിഷ്ട സന്യാസമായി; ശ്ലൈഹികവേലയുള്ള സന്യാസംതന്നെ.

കൊവേന്ത തുടങ്ങുന്നതിന് സാമ്പത്തിക സ്രോതസ്സ് കണ്ടെത്താനാകാതിരുന്ന പിതാക്കന്മാർക്ക് ക്രിസ്ത്യാനികളോടു ധർമ്മം വാങ്ങിക്കുക എന്ന നിർദ്ദേശവും അതിനാവശ്യമായ ധർമ്മക്കടലാസും മെത്രാനച്ചൻ നൽകി.[16] ആദ്യസംഭാവനയായി 200 രൂപയും അദ്ദേഹം അവർക്കു നൽകുകയുണ്ടായി. അവരുടെ ഈ സംരംഭത്തിന് പിന്തുണയും സംഭാവനയും ജനങ്ങളിൽ

നിന്നും വൈദികരിൽ നിന്നും ലഭിച്ചു. പല സ്ഥലങ്ങളും അന്വേഷിച്ചു നടന്ന് ഒടുവിൽ കോട്ടയത്തിനടുത്തുള്ള മാന്നാനം കുന്നിൽ മനസ്സിനിണങ്ങിയ സ്ഥലം അവർ കണ്ടെത്തി. പുതിയ സ്ഥലത്തിന് അവർ നൽകിയ പേര് *ബേസ് റൗമാ* (ഉയരങ്ങളിലെ വീട്) എന്നായിരുന്നു.[17] സർക്കാരിൽ നിന്നും വേണ്ട അനുമതികളൊക്കെ സമ്പാദിച്ച് 1831-ലെ വലിയ നൊയമ്പു വീടലിനു ശേഷം പണികൾ ആരംഭിച്ചു.[18] മാർത്തോമ്മാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ചവരുടെ ഇടയിൽ നിന്നുമാണ് ചാവറ, പാലയ്ക്കൽ, പോരൂക്കര, കണിയാന്തറ താപസർ വനവാസത്തിന് തുടക്കം കുറിക്കുന്നത് എന്നത് അഭിമാനകരമാണ്. ഇത് തോമ്മാശ്ലീഹായുടെ ശ്ലൈഹികവേലയിൽ താപസചൈതന്യം അന്തർലീനമായിരുന്നു എന്നതുകൂടി വ്യക്തമാക്കുന്നു.

ഒരുപാട് അഗ്നിപരീക്ഷകൾക്കുശേഷം വിശുദ്ധ യൗസേഫ്പിതാവിന്റെ നാമധേയത്തിലുള്ള ആശ്രമത്തിന്റെ ശിലാസ്ഥാപനകർമ്മം നടന്നു. സ്ഥലത്തെത്തിയെങ്കിലും രോഗഗ്രസ്തനായിത്തീർന്ന മെത്രാനച്ചനു പകരം പോരൂക്കരയച്ചൻ ശിലാസ്ഥാപനം നടത്തി. പക്ഷെ, മുന്നോട്ടുള്ള ഗതി സുഗമമായിരുന്നില്ല. മൗറേലിയൂസ് സ്തബലീനി മെത്രാനച്ചന് അജഗണങ്ങളുടെ തെറ്റിദ്ധാരണയിലും തിരസ്ക്കരണത്തിലും മനം നൊന്ത് റോമിലേയ്ക്കു മടങ്ങേണ്ടി വന്നു. പകരം വന്ന ഫ്രാൻസിസ് സേവ്യർ മെത്രാപ്പോലീത്ത ആദ്യകാലത്ത് ഈ താപസസംഘത്തോട് അനുഭാവം പുലർത്തിയെങ്കിലും പിന്നീട് കാർക്കശ്യ ഭാവം കാണിച്ചുതുടങ്ങി. മാന്നാനത്തെ പണികൾക്കായി രാപ്പകൽ അദ്ധ്വാനിച്ചുകൊണ്ടിരുന്ന പോരൂക്കരയച്ചനെയും ചാവറയച്ചനെയും വികാരിമാരായി മറ്റിടങ്ങളിൽ നിയമിച്ചു. മാറ്റത്തിന് ഒഴിവു ലഭിക്കാനുള്ള അവരുടെ അപേക്ഷകൾ വിലപ്പോയില്ല. മാന്നാനത്തെ പണികൾക്ക് നേതൃത്വം നൽകാൻ കണിയാന്തറ യാക്കോബ് മാത്രമായി. ഈ സാഹചര്യം ഹൃദയഭേദകമായിരുന്നെങ്കിലും അനുസരണയുള്ള ആ വൈദികശ്രേഷ്ഠർ അതിനെ ദൈവഹിതമായി സ്വീകരിച്ചു. കുറച്ചു നാളുകൾക്കുശേഷം പരീക്ഷണം അവസാനിപ്പിക്കാൻ മെത്രാനച്ചനു മനസ്സായി. അദ്ദേഹം തന്നെ അവർക്ക് വികാരി ജോലിയിൽ നിന്നും ഒഴിവു നൽകി മാന്നാനത്തു തുടരുവാൻ അനുവദിച്ചു. 1834-ൽ ദേവാലയത്തിന്റെ പണിയും തുടങ്ങി. അങ്ങനെ ഔദ്യോഗികമായ ഉദ്ഘാടനം നടന്നില്ലെങ്കിലും മാന്നാനം കുന്നിൽ നിന്നും സന്യാസജീവിതത്തിന്റെ പുണ്യപരിമളം നാടെങ്ങും പ്രസരിച്ചുതുടങ്ങി.

മാന്നാനം ആശ്രമം വളർച്ച പ്രാപിക്കുന്നതിനു മുമ്പുതന്നെ 1841 മകരം 16ന് പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ ഈ ലോകജീവിതം വെടിഞ്ഞ് നിത്യപിതാവിന്റെ സവിധത്തിലേയ്ക്കു യാത്രയായിരുന്നു.[19] 1844ൽ പോരൂക്കരയച്ചനും ചാവറയച്ചനും പൊതു മല്പാന്മാരായി നിയമിതരായി.[20] എന്നാൽ അധികം വൈകാതെ തന്നെ പോരൂക്കരയച്ചനും രോഗബാധിതനാവുകയും 1846 ജനുവരി 8-ാം തീയതി ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു.[21]

അതോടെ മാന്നാനം ആശ്രമത്തിന്റെയും സെമിനാരിയുടെയുമെല്ലാം ഭാരം ചാവറയച്ചന്റെ ചുമലിലാവുകയും ചെയ്തു.

1855 ഡിസംബർ 8-ാം തീയതി *അമലോത്ഭവദാസസംഘം* എന്ന പേരിൽ മാന്നാനത്തെ സന്യാസസമൂഹം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ഒന്നാമത്തെ ആളായ ചാവറയച്ചൻ ആ സമൂഹത്തിന്റെ ശ്രേഷ്ഠനായി നിയമിക്കപ്പെടുകയും ചെയ്തു.[22] തന്റെ ദൗത്യത്തിൽ ഭാരപ്പെടാതെ, ദൈവത്തിലുള്ള ആശ്രയം ദൃഢമാക്കി അവിടുന്നാണ് തന്റെ അവകാശം എന്നുള്ള പ്രതിജ്ഞാവാക്യം ഒന്നുകൂടി മനസ്സിൽ ആഴപ്പെടുത്തി അദ്ദേഹം ദൈവശുശ്രൂഷ തുടർന്നു. ധാരാളം ചെറുപ്പക്കാർ ആശ്രമജീവിതം നയിക്കുന്നതിനും വൈദികപരിശീലനത്തിനുമായി ചാവറയച്ചന്റെ പക്കലെത്തി. അതിൻപ്രകാരം മാന്നാനം, പ്ലാശനാൽ, മുത്തോലി, അമ്പഴക്കാട് തുടങ്ങിയ കേന്ദ്രങ്ങളിൽ ആശ്രമനികേതനങ്ങളുയർന്നു.[23] ചാവറയുടെ വീക്ഷണത്തിൽ ആശ്രമം പണി ദൈവജനത്തിനുള്ള ദർശനവീട് പണിയാണ്.[24] ആശ്രമങ്ങൾ അല്ലെങ്കിൽ *കൊവേന്തകളുടെ കൂട്ടം* ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാവുകൾക്ക് എത്രയും ഉപകാരമുള്ളവയുമായാണ് എന്നാണ് ചാവറയച്ചൻ കണ്ടിരുന്നത്.[25]

താപസനായ സന്യാസിയും സന്യാസിയായ താപസനുമായിരുന്നു ചാവറയച്ചൻ. ആത്മനിഗ്രഹവും അഹത്തിന്റെ മേലുള്ള വിജയവും ദൈവഹിതത്തിനുള്ള സമ്പൂർണ്ണ വിധേയത്വവും അദ്ദേഹത്തിൻ താപസികതയുടെ ഫലങ്ങളായിരുന്നു. പാലയ്ക്കൽ മല്പാനച്ചന്റെ കീഴിലെ ഗുരുകുലവാസ സമാനമായ സെമിനാരി വാസം തികച്ചും താപസികമാർന്നതായിരുന്നു. ലളിതഭക്ഷണത്തിലുടെയും നിരന്തര അദ്ധ്യയനത്തിലൂടെയും ശാരീരിക പരിത്യാഗമുറകളിലൂടെയും അഭ്യസിച്ചുവന്ന താപസികപരിശീലന ശൈലി എല്ലാവിധത്തിലും അച്ചടക്കമുള്ളവനായി അദ്ദേഹത്തെ മാറ്റി.

താപസനായ ചാവറയച്ചന്റെ ഭാവങ്ങൾ താഴെപ്പറയുന്ന രീതികളിൽ കണ്ടെത്തുവാൻ നമുക്ക് സാധിക്കും.

* *അഹത്തിന്റെ മേലുള്ള വിജയം:* എനിക്ക് സ്വന്തമായ ഒരു മനസ്സുണ്ടോ എന്ന് പ്രസ്താവിക്കുവാൻ മാത്രം അദ്ദേഹം സ്വയം വിജയിച്ചവനായിരുന്നു.
* *സ്ഥിരചിത്തത:* ചുറ്റുപാടുകൾ തകിടം മറിയുമ്പോഴും വിശ്വാസത്തിൽ സ്ഥിരതയോടെ അചഞ്ചലനായി നിലകൊണ്ട് അദ്ദേഹം ദൈവഹിതം നിറവേറ്റി. അതിന്റെ തെളിവാണല്ലോ റോക്കോസ് ശീശ്മയോടനുബന്ധിച്ചുണ്ടായ സംഭവവികാസങ്ങൾ.
* *മടുക്കാത്ത പ്രേഷിതചര്യ:* ദൈവജനത്തിന്റെ നന്മയ്ക്കുവേണ്ടി ഇനിയെന്തു ചെയ്യാനുണ്ട് എന്ന അന്വേഷണത്വര അദ്ദേഹത്തിന് എന്നുമുണ്ടായിരുന്നു. അതുകൊണ്ടാണ് നൂതനമേഖലകളിലേയ്ക്ക് കടന്നുചെല്ലുന്ന സംരംഭകനും മാർഗ്ഗദീപവുമായി അദ്ദേഹം മാറുന്നത്.

* *ലോകത്തെ വിജയിച്ചവൻ:* ഇഹലോകത്തിന്റെ വിജയങ്ങൾക്കുപരിയായി ദൈവരാജ്യത്തിന്റെ പ്രഘോഷണം മാത്രം വ്രതമാക്കിയവനായിരുന്നു അദ്ദേഹം. അധികാരത്തിന്റെ ആനുകൂല്യങ്ങൾ ആസ്വദിക്കാമായിരുന്ന സന്ദർഭങ്ങളിലൊക്കെയും ത്യാഗത്തോടെയും കരുതലോടെയും ശുശ്രൂഷിക്കുകയും നയിക്കുകയും ചെയ്യുവാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അത് ഉത്തമനായ പിതാവിന്റെ ഭാവങ്ങളായി നാം തിരിച്ചറിയുന്നു.
* *ലാളിത്യത്തിൽ കണ്ടെത്തിയ സമ്പന്നത:* എല്ലാ കാര്യത്തിലും ലാളിത്യം പുലർത്തിയിരുന്നു അദ്ദേഹം. തന്റെ മുറിയിൽ കടന്നുവന്ന മെത്രാനച്ചന് ഒരു ഇരിപ്പിടം നൽകുവാൻ പെട്ടിപ്പുറമല്ലാതെ വേറൊരു കസേരപോലുമില്ലായിരുന്നു അദ്ദേഹത്തിന്!
* *എളിമയെന്ന നാലാം വ്രതം:* സ്വയം ശൂന്യവത്കരണത്തിന്റെ ഭാഗമായി ദൈവത്തിന്റെ അഗതിയായി അദ്ദേഹം സ്വയം സമർപ്പിച്ച തന്നെക്കാൾ എളിയവനായി മറ്റാരുമുണ്ടാകരുതെന്ന ശാഠ്യം തന്നെയുണ്ടായിരുന്നു അദ്ദേഹത്തിന്.
* *പഞ്ചഭൂതങ്ങളുടെമേലുള്ള സ്വാധീനവും വിജയവും:* ഋഷിമാർക്കു മാത്രം സിദ്ധമായ ഒന്നാണ് ഹിംസ്രജന്തുക്കളെ സ്വാധീനിക്കാനും നിർവീര്യരാക്കാനും കഴിയുക എന്നത്. കരിങ്കോളിസർപ്പത്തിന്റെ ചീറ്റലിനു മുമ്പിൽ അചഞ്ചലനായി മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുന്ന സംയമിയായ ചാവറയച്ചനിൽ പ്രപഞ്ചഭൂതങ്ങളുടെമേൽ വിജയം നേടിക്കഴിഞ്ഞ ഋഷിവര്യനെ തിരിച്ചറിയാൻ കഴിയും.

സെമിനാരി സ്ഥാപനം നാടിന്റെ നന്മയ്ക്കും ദൈവജനത്തിന്റെ ആത്മീയപുരോഗതിക്കും കൂടുതൽ ഉതകുമെന്നു തിരിച്ചറിഞ്ഞ പിതാക്കന്മാർ മാന്നാനത്ത് 1833-ൽ ഒരു സെമിനാരിയും തുടങ്ങിയിരുന്നുവല്ലോ! സന്യാസജീവിതം ആഗ്രഹിച്ചവർ മാത്രമല്ല, എല്ലാ വൈദികവിദ്യാർത്ഥികളും പഠിച്ചിരുന്ന പൊതുസെമിനാരിയായിരുന്നു അത്. രണ്ടു വൈദികവിദ്യാർത്ഥികളുമായി തുടങ്ങിയ മാന്നാനം സെമിനാരി കാലാന്തരത്തിൽ 200 ശെമ്മാശ്ശന്മാർവരെ അദ്ധ്യയനം നടത്തിയിരുന്ന മലബാർസഭയുടെ ഏറ്റവും വലിയ സെമിനാരിയായിത്തീർന്നു.

ക്രമീകൃതമായ ഒരു പാഠ്യപദ്ധതിയും കിട്ടാവുന്നിടത്തോളം പുസ്തകങ്ങൾ ശേഖരിച്ച ഒരു നല്ല പുസ്തകശാലയും മാന്നാനം സെമിനാരിയോടു ചേർന്നുണ്ടായി. 1866-ൽ പുത്തൻപള്ളി സെമിനാരി ആരംഭിച്ചെങ്കിലും 1894 വരെ സുറിയാനിക്കാരുടെ പ്രിയപ്പെട്ട സെമിനാരി മാന്നാനം സെമിനാരിയായിരുന്നു. സെമിനാരികളുടെ സ്ഥാപനത്തിലൂടെ സുറിയാനി സഭയുടെ മതപരമായ വളർച്ചയെ ക്രാന്തദർശിയായ ചാവറയച്ചൻ ത്വരിതപ്പെടുത്തുകയായിരുന്നു.[26] ആശ്രമങ്ങളുടെയും സെമിനാരികളുടെയും സ്ഥാപനത്തിൽ മാത്രമായി ആ ശ്ലൈഹിക ദൗത്യം ഒതുങ്ങിയില്ല; പിന്നെയോ പരിവർത്തനങ്ങളുടെ ഒരു ഘോഷയാത്രയായി സേവനത്തിന്റെ പാതയിൽ അത് നിറഞ്ഞൊഴുകുകയായിരുന്നു.

■

# പരാമർശ സൂചിക

1. *സങ്കീ.* 16:5
2. Cf. *നാളാഗമങ്ങൾ*, പേജ് 72
3. *പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ, ചാവറ കുരിയാക്കോസ് ഏലിയാസ്* അച്ചൻ, സെന്റ് ജോസഫ്സ് പ്രസ്സ്, മാന്നാനം, Reprint, 1963, പേജ് 6
4. Fr. Leopold OCD, "മുഖവുര", *op.cit.*, പേജ് xii.
5. *Ibid.*, p.xi.
6. *നാളാഗമങ്ങൾ*, പേജ് 25
7. കുര്യാക്കോസ് ഏലിയാ വടക്കേടത്ത്, *op.cit.*, പേജ് 21.
8. *Ibid.*, pp. 211-212
9. *ആത്മാനുതാപം*, V, 25-30
10. *നാളാഗമങ്ങൾ*, പേജ് 25
11. *ജറ.* 20: 9
12. കനീഷ്യസ് സി.എം.ഐ., *വാ. ചാവറ; കേരള സഭാ സമുദ്ധാരകൻ*, വാല്യം 1, സി.എം.ഐ., ജനറൽ കമ്മ്യൂണിക്കേഷൻ 1990, പേജ് 15ff.
13. *Ibid.*, പേജ് 214
14. ജോൺ റോമയോ പട്ടശ്ശേരി, *വാഴ്ത്തപ്പെട്ട ചാവറയച്ചൻ*, മാന്നാനം, 1987, പേജ് 33-34
15. *നാളാഗമം*, I.A.pp.6-7 in വലേരിയൻ, *op.cit.*, പേജ് 48-49.
16. *നാളാഗമങ്ങൾ, പേജ് 3.*
17. *Ibid.*, പേജ് 15
18. *Ibid.*, പേജ് 22-23.
19. *Ibid.*, പേജ് 40
20. *Ibid.*, പേജ് 44
21. *Ibid.*, പേജ് 53
22. *Ibid.*, പേജ് 75-76
23. Cf. *Ibid.*, പേജ് 24, 84, 157, 224
24. Cf. *Ibid.*, പേജ് 1, 7
25. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ*, വാല്യം 4, കത്തുകൾ, പേജ് 89.
26. ജോൺ റോമയോ പട്ടശ്ശേരി, *op.cit.*, പേജ് 56-57.

## അഞ്ച്

# മനുഷ്യസ്നേഹത്തിന്റെ ദൈവനിയോഗത്തിൽ

**കേ**രളത്തിന്റെ വിദ്യാഭ്യാസ സാമൂഹിക സാംസ്ക്കാരിക ആദ്ധ്യാത്മിക രംഗങ്ങളിൽ വിപ്ലവം വിരചിച്ച നവോത്ഥാനനായകനാണ് ചാവറ കുര്യാക്കോസ് ഏലീയാസച്ചൻ. മതാത്മകത എങ്ങനെ സാമൂഹിക നവോത്ഥാനത്തിന് കാരണമാകാം എന്നതിന്റെ തെളിവാണ് ചാവറയച്ചന്റെ ജീവിതം. സമൂഹത്തിലെ ആരേയും മാറ്റിനിർത്താതെ ഏവരുടെയും സാമൂഹിക സാംസ്ക്കാരിക ഉന്നമനത്തിനായി വ്യവസ്ഥയില്ലാതെ സ്വയം സമർപ്പിച്ച മനുഷ്യസ്നേഹി; ദൈവത്തെ അപ്പാ എന്നു വിളിക്കുന്ന ആബാ അനുഭവത്തിന്റെ ജ്വലനം കത്തിപ്പടർന്നതോ വൈവിധ്യമാർന്ന സേവനരംഗങ്ങളിലേയ്ക്കും.

ചാവറയച്ചൻ കേരളം കണ്ട ഉന്നത വിദ്യാഭ്യാസശുശ്രൂഷയുടെയും ഉദാത്തമായ വിദ്യാഭ്യാസദർശനത്തിന്റെയും ഉടമയായിരുന്നു. സമൂഹത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്ക് ആധുനിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് ക്രാന്തദർശിയായ അദ്ദേഹം മനസ്സിലാക്കി. *അറിവിലൂടെ അഭിവൃദ്ധി, വിദ്യാഭ്യാസത്തിലൂടെ വികസനം* എന്നത് ചാവറയച്ചന്റെ വീക്ഷണമായിരുന്നു.[1] 1884 ഒക്ടോബർ 5ന് നിരവധി സുറിയാനി വൈദികർ ചേർന്ന് പ്രൊപ്പഗാന്തയുടെ പ്രീഫെക്ടിന് എഴുതിയ കത്തിൽ സൂചിപ്പിച്ചിരിക്കുന്നത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്:

*സുറിയാനി കത്തോലിക്കരുടെയിടയിൽ നിന്ന് കോളേജ് പഠനം കഴിഞ്ഞ് ഡിഗ്രി കിട്ടിയവരായി ആരുമില്ല. യാക്കോബായ സഹോദരങ്ങളിൽ ഡിഗ്രി കിട്ടിയവരായി നൂറിലധികം പേരുണ്ട്. വക്കീലന്മാർ, ഡോക്ടർമാർ, ജഡ്ജിമാർ തുടങ്ങി മറ്റു സമുദായങ്ങളിൽ പലരുള്ളപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആരുമില്ല.*[2]

താൻ ഉൾപ്പെട്ട സമൂഹത്തിന്റെയും സമുദായത്തിന്റെയും ദുരഃവസ്ഥകളോട് ചാവറയച്ചൻ പ്രത്യുത്തരിച്ചത് അതീവശ്രദ്ധയോടെയായിരുന്നു. വിദ്യ

നേടാൻ വിദ്യാലയത്തിന്റെ പടി കയറാൻ ചാവറയച്ചനു ഭാഗ്യം ലഭിച്ചില്ല. തനിക്കു സാധിക്കാത്തത് തന്റെ സമകാലീനർക്കും പിൻതലമുറയ്ക്കും നേടിക്കൊടുക്കണമെന്ന് അദ്ദേഹത്തിന് നിശ്ചയദാർഢ്യമുണ്ടായിരുന്നു. ജാതിയും അയിത്തവുമൊക്കെ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിലാണ് ജാതിമതഭേദമന്യേ എല്ലാവരേയും വിദ്യ അഭ്യസിപ്പിക്കുവാൻ ചാവറയച്ചൻ മുന്നിട്ടിറങ്ങുന്നത്.

മാന്നാനത്തെ ആശ്രമസ്ഥാപനകാലം തിരുവിതാംകൂറിൽ വിദ്യാഭ്യാസപരമായ ഒരു നവയുഗത്തിന്റെ കൂടി കാലഘട്ടമായിരുന്നു. ഗവൺമെന്റിൽ നിന്ന് വിദ്യാഭ്യാസാർത്ഥം ഗണ്യമായ സഹായങ്ങൾ ചെയ്തു തുടങ്ങിയിരുന്നു. സി.എം.എസ്. മിഷനറിമാർ 1816 മുതൽ അവിടവിടെയായി ഇംഗ്ലീഷ് വിദ്യാശാലകളും ആരംഭിച്ചു നടത്തിവന്നിരുന്നു. കത്തോലിക്കർക്കു പക്ഷേ, ഇംഗ്ലീഷ് വിദ്യാഭ്യാസം നിഷിദ്ധമെന്നപോലെ കരുതപ്പെട്ടിരുന്നു. തന്റെ സമുദായത്തിനു വിദ്യാഭ്യാസസൗകര്യങ്ങൾ നൽകേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞ അദ്ദേഹം സഭയെ ഒരു വിദ്യാഭ്യാസപ്രവർത്തകസംഘമായി നിർദ്ദേശിക്കുകയും തത്സംബന്ധമായ പ്രാരംഭനടപടികൾ സ്വയം നടത്തിത്തുടങ്ങുകയും ചെയ്തു.[3]

ചാവറയച്ചന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ആദ്യത്തെ ചുവടുവയ്പ് 1846-ൽ അദ്ദേഹം മാന്നാനത്ത് സംസ്കൃതസ്ക്കൂളിന് തുടക്കമിട്ടതാണ്. സവർണ്ണർ മാത്രം പഠിച്ചിരുന്ന സംസ്കൃതഭാഷ എല്ലാവർക്കും ലഭ്യമാക്കാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം, അവർണ്ണരേയും പുറന്തള്ളപ്പെട്ടവരേയുമൊക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാനുള്ള യത്നത്തിന്റെ കൂടി ഭാഗമായിരുന്നു.

കേരളത്തിലെ ആദ്യത്തെ സുറിയാനി കത്തോലിക്കാ വിദ്യാലയം എന്തുകൊണ്ട് സംസ്കൃതസ്ക്കൂൾ എന്ന ചോദ്യത്തിന് ഉദയംപേരൂർ സൂനഹദോസിന്റെ വിലക്ക് എന്നതാണ് ഉടനടിയുള്ള ഉത്തരം. സമൂഹത്തിലെ ഉന്നതരുടെയിടയിൽ സംസ്കൃതത്തിനുണ്ടായിരുന്ന സ്ഥാനവും കാരണമായിരുന്നിരിക്കാം. ഏതായാലും ഇതേപ്പറ്റി ചാവറച്ചന്റെ സമകാലികനും ചരിത്രകാരനുമായ പാറപ്പുറത്തു വർക്കിയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്:

*ഈ സമയം ഒപ്പിച്ചു മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതസ്ക്കൂളും സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപമുള്ള സ്ഥലങ്ങളിൽ നിന്ന് കുട്ടികളും ചേർന്ന് പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂരിൽ നിന്ന് വാര്യരുജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാൾ മലയാളഭാഷയിലും സംസ്കൃതഭാഷയിലും വളരെ സമർത്ഥനായിരുന്നു...*[4]

സംസ്കൃതവിദ്യാലയം തുടങ്ങിയതും അതിൽ പഠിപ്പിക്കാൻ അദ്ധ്യാപകരെ നിയമിച്ചതും ജാതിവ്യത്യാസം കൂടാതെ അവിടെ വിദ്യാർത്ഥികൾക്കു

പ്രവേശനം നൽകിയതുമൊക്കെ അന്നത്തെ കാലയളവിൽ ധീരവും ഒന്നാമത്തേതുമായ ഒരു കാൽവയ്പ്പായിരുന്നു.

ഇതേത്തുടർന്ന് ആർപ്പൂക്കരയിലും സമീപപ്രദേശങ്ങളിലും വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ പുത്തൻ വഴിത്താര ചാവറയച്ചൻ വെട്ടിത്തുറന്നു. ഇതേക്കുറിച്ച് പാറപ്പുറം വർക്കിയച്ചൻ എഴുതുന്നു:

*മാന്നാനത്ത് ഈ കുന്നേൽ സ്കൂൾ പണി തുടങ്ങുകയും ആർപ്പൂക്കര തുരുത്തുമാലിയുടെ കുന്നേൽ പുലയർ മാർഗ്ഗം കൂടുന്നവർക്ക് കപ്പേളയും അതോടു ചേർത്ത് സ്കൂളും പണിയുന്നതിന് സ്ഥലം കണ്ടു നിശ്ചയിച്ചു പള്ളികളിൽ നിന്നും പ്രധാനികളിൽ നിന്നും വീതം എടുത്ത് സമീപെ 17 പറക്ക് പുഞ്ച തീറ് എഴുതി കൊവേന്തയിൽ നിന്ന് നടത്തണമെന്ന് കല്പനയും കൊടുത്തു.*[5]

ഈ വിദ്യാലയങ്ങളിൽ സമൂഹത്തിലെ ഉന്നതകുലജാതരെയും ദളിതരെയും ഒരേ ബഞ്ചിലിരുത്തി വിദ്യ അഭ്യസിപ്പിച്ചിരുന്നതായി പ്രത്യേകം മനസ്സിലാക്കണം. അതൊരു വെല്ലുവിളിയായിരുന്നു; പ്രവചനാത്മകമായ ഒരു കാൽവയ്പും കേരളക്കരയുടെ സാക്ഷരതയ്ക്കും സാർവ്വത്രിക വിദ്യാഭ്യാസത്തിനു ദിശാബോധം നൽകിയ പ്രവൃത്തിയുമായിരുന്നു. അതുവഴി സാമൂഹ്യ സമത്വത്തിന്റെ അടിത്തറ പാകുവാൻ അദ്ദേഹത്തിനു സാധിച്ചു.[6]

ഒന്നര നൂറ്റാണ്ടു മുമ്പുതന്നെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകുവാനുള്ള ഒരു പദ്ധതിയും അവർക്ക് വസ്ത്രവും പഠനോപകരണങ്ങളും സംലഭ്യമാക്കുവാൻ ഒരു പഠനസഹായ സ്കീമും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ചാവറയച്ചൻ പ്രദർശിപ്പിച്ച പ്രതിഭാശക്തിയും നിശ്ചയദാർഢ്യവും വിസ്മയത്തോടെ മാത്രമേ വിലയിരുത്താൻ കഴിയൂ.

## വിദ്യാഭ്യാസ വിപ്ലവം

വിദ്യാഭ്യാസരംഗത്തെ ചാവറയച്ചന്റെ അതുല്യമായ നേതൃത്വം തെളിഞ്ഞുനിൽക്കുന്നത് അദ്ദേഹം 1865-ൽ കേരള സുറിയാനി കത്തോലിക്കാ സഭയുടെ വികാരി ജനറാളായി നിയമിക്കപ്പെട്ടതിനുശേഷമുള്ള കാലഘട്ടത്തിലാണ്. *വിദ്യാഭ്യാസത്തിലൂടെ വിമോചനത്തിന്റെ തുടക്കം* എന്ന ആശയത്തെ പ്രായോഗികമാക്കിയ *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന സർക്കുലർ ചരിത്രപ്രസിദ്ധമാണല്ലോ. *ഇടവകകൾതോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം അംശമുടക്ക് കല്പിക്കുമെന്നുമുള്ള* ഈ കർശനനിയമം വൈജ്ഞാനികമണ്ഡലത്തിൽ ഒരു വിപ്ലവത്തിനു നാന്ദികുറിച്ചു. കല്പന നടപ്പിൽ വരുത്തുവാൻ ചാവറയച്ചൻ തന്റെ സഭാംഗങ്ങളെ ചുമതലപ്പെടുത്തുകയും താൻ സ്ഥാപിച്ച ആശ്രമങ്ങൾ അവയുടെ അതിർത്തിയിലുള്ള പള്ളികളുടെ വിദ്യാദാന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുവാൻ ദത്ത

ശ്രദ്ധരായിരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു.[7] വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ആശ്രമങ്ങളും ഇടവകകളും എന്തു ത്യാഗവും വഹിക്കുവാൻ തയ്യാറാകണമെന്ന് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഇതിനായി *പിടിയരി, കെട്ടുതെങ്ങ്* പദ്ധതികൾ ആസൂത്രണം ചെയ്തതു വഴി ഒരുവിധത്തിൽ പറഞ്ഞാൽ ഒന്നര നൂറ്റാണ്ടു മുമ്പേ സഹകരണപ്രസ്ഥാനത്തിന്റെ പ്രയോക്താവുകൂടിയായി ചാവറയച്ചൻ മാറുകയായിരുന്നു.

ചാവറയച്ചൻ രൂപം കൊടുത്ത സി.എം.ഐ., സി.എം.സി. സന്യാസ സമൂഹങ്ങൾ ഇന്നു നടത്തുന്ന വിദ്യാഭ്യാസ ശുശ്രൂഷയെ ചാവറയച്ചന്റെ വിപ്ലവകരമായ വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായാണു നാം വിലയിരുത്തേണ്ടത്. ഇന്ന് ലോകത്തിന്റെ അതിർത്തികളോളം, - ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ഉൾപ്പെടെവരെ, ഉണർന്നു നിൽക്കുന്ന പ്രാഥമിക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ പലതും ചാവറയുടെ പ്രതിഭാധനരായ ആൺ/പെൺ മക്കൾ (*സി.എം.ഐ., സി.എം.സി. സന്യാസീസന്യാസിനികൾ*) നേതൃത്വം നല്കുന്നവയാണ്. സ്ഥാപകപിതാവായ ചാവറയച്ചന്റെ പൈതൃകം ഏറ്റുവാങ്ങി വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ ഒന്നര നൂറ്റാണ്ടുകാലം കൊണ്ടു ഓർമ്മിക്കാനും അഭിമാനപൂർവം ഓമനിക്കുവാനും പറ്റിയ മഹത്തായ ഒരു ചരിത്രം കുറിക്കുവാൻ സി.എം.ഐ., സി.എം.സി. സന്യാസസമൂഹങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ സന്യാസസഭകൾ ഏറ്റവും കൂടുതൽ ആളും അർത്ഥവും ചിലവിട്ടത് വിദ്യാഭ്യാസമേഖലയിലാണ് എന്നും കേരളം ഇന്ന് ഈ മേഖലയിൽ ഒരുപാട് മുന്നേറിയിട്ടുണ്ടെങ്കിൽ ചാവറയച്ചൻ സ്ഥാപിച്ച ഈ രണ്ടു സന്യാസസഭകളുടെയും ത്യാഗോജ്ജ്വലമായ എണ്ണമറ്റ സേവനങ്ങളുടെ ഫലങ്ങൾ കൂടി കാരണമാണതെന്നും നന്ദിപൂർവ്വം ഓർക്കുക.

പൊതു വിദ്യാഭ്യാസരംഗത്തു മാത്രമല്ല, മതവിദ്യാഭ്യാസമണ്ഡലത്തിലും ചാവറയച്ചൻ പുത്തൻ ചുവടുകൾ വച്ചു. വിജ്ഞാനവും വിശുദ്ധിയുമുള്ള വൈദികരിലൂടെ മാത്രമേ സഭയും സമുദായവും പുരോഗതി പ്രാപിക്കൂ എന്നു മനസ്സിലാക്കിയ ചാവറയച്ചൻ യൂറോപ്യൻ രാജ്യങ്ങളിലെ സെമിനാരികളുടെ ശൈലിയിൽ വൈദികപരിശീലനത്തിനു ഇവിടെ നിയതരൂപം നൽകി. 1833 -ൽ മാന്നാനത്ത് കേരളത്തിലെ പ്രഥമ വ്യവസ്ഥാപിത വൈദികപരിശീലന സെമിനാരി സ്ഥാപിച്ച അദ്ദേഹം 1866-ൽ വാഴക്കുളത്തും 1868-ൽ എൽത്തുരുത്തിലും 1871-ൽ പുളിങ്കുന്നിലും ആശ്രമങ്ങളോടനുബന്ധിച്ച് സെമിനാരികൾ നിലവിൽ വരുവാനും നിമിത്ത പ്രചോദനമായി. അവയോടൊപ്പം വിദ്യാലയങ്ങളും വളർന്നുവന്നു. അങ്ങനെ മാന്നാനവും വാഴക്കുളവും എൽത്തുരുത്തും പുളിങ്കുന്നും കേരളത്തിലെ വിദ്യാഭ്യാസകേന്ദ്രങ്ങളായി മാറി.

പൊതുവിദ്യാഭ്യാസമണ്ഡലത്തിൽ വിപ്ലവം വിരചിച്ച ചാവറയച്ചൻ മാർ ത്തോമ്മാ ക്രിസ്ത്യാനികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് മാന്നാനത്ത് ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രം തുടങ്ങുവാൻ ആഗ്രഹിക്കുകയും

അതിനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്തതായി ചരിത്രത്തിൽ നിന്നു മനസ്സിലാക്കുവാൻ കഴിയും.[8] പക്ഷെ റോക്കോസ് ശീശ്മയുടെ ശിഥില പ്രവണതകളുടെയും പ്രതിരോധപ്രവർത്തനങ്ങളുടെയും ബദ്ധതകളുടെ പശ്ചാത്തലത്തിൽ കോളേജ് സ്ഥാപനലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ചാവറയച്ചനു സാധിച്ചില്ല. 1861 ജൂൺ 8-ന് ചാവറയച്ചൻ വിപുലമായ അധികാരങ്ങളോടെ വികാരി ജനറളായി നിയമിതനായി. ബർണർദീനോസ് മെത്രാപ്പോലീത്ത ആസ്ഥാനമായ വരാപ്പുഴയ്ക്കു സമീപം കൂനമ്മാവിലേയ്ക്ക് ചാവറയച്ചനെ സ്ഥലം മാറ്റി. തത്ഫലമായി കോളേജ് സ്ഥാപനം സ്വപ്നമായി അവശേഷിച്ചു.

അക്ഷരം അഗ്നിയാണെന്നും ഈ അഗ്നി ഉള്ളിലുള്ളവന് സമൂഹത്തെ മാറ്റാനും വളർത്താനുമുള്ള ഊർജ്ജം ഉണ്ടാകുമെന്നും തിരിച്ചറിഞ്ഞതാണ് അദ്ദേഹത്തിന്റെ മഹത്വം. സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കും പാവപ്പെട്ടവന്റെയും അധഃസ്ഥിതന്റെയും വിമോചനത്തിനും ഒരുപാട് പ്രസ്ഥാനങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസം പോലെ ശ്രേഷ്ഠമായ മറ്റൊന്നില്ലെന്ന തിരിച്ചറിവോടെ കേരളം കണ്ട അതുല്യനായ വിദ്യാഭ്യാസപ്രതിഭയായി മാറി ചാവറയച്ചൻ. വിദ്യാദാന ശുശ്രൂഷയിലൂടെ പൊതുസമൂഹത്തെ സൃഷ്ടിക്കുവാൻ നേതൃത്വം നൽകിയ നവോത്ഥാന നായകനാണ് ചാവറയച്ചൻ എന്നു കാലം അടയാളപ്പെടുത്തുന്നു.

### അച്ചടിവഴിയെ

ചാവറയച്ചന്റെ പ്രവർത്തനമേഖലകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു അച്ചടി മാധ്യമം. ഒരു ജനതയടെ സാംസ്ക്കാരിക തനിമയും സമ്പന്നതയും നിർണ്ണയിക്കുന്നതിലും വിജ്ഞാനവ്യാപനത്തിലും വിശ്വാസപരിശീലനത്തിലും മാധ്യമങ്ങൾക്കുള്ള സ്ഥാനം കണ്ടറിഞ്ഞ ചാവറയച്ചൻ ഒട്ടനവധി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് കേരള കത്തോലിക്കരുടെ പ്രഥമ മുദ്രണാലയം 1846-ൽ മാന്നാനത്ത് സ്ഥാപിച്ചു. ഇവിടെ നിന്നാണ് 1887-ൽ പ്രഥമ മലയാള ദിനപ്പത്രമായ *ദീപിക* നസ്രാണി ദീപിക എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിക്കുന്നത്.[9] സാംസ്ക്കാരിക കേരളത്തിന്റെ കണ്ണും കാതും നാവുമാകുവാൻ കെല്പുള്ള ഒരു ദിനപ്പത്രത്തെക്കുറിച്ചുള്ള സ്വപ്നം അരനൂറ്റാണ്ടുമുമ്പുതന്നെ താലോലിച്ച ചാവറയച്ചനെ മലയാള മാധ്യമരംഗത്തിന്റെ *തലതൊട്ടപ്പൻ* എന്നാണ് ഡോ. സെബാസ്റ്റ്യൻ പോൾ വിശേഷിപ്പിച്ചിട്ടുള്ളത്.[10]

തിരുവനന്തപുരത്ത് ഒരു സർക്കാർ പ്രസ്സും കോട്ടയത്ത് പ്രൊട്ടസ്റ്റന്റ് മിഷൻപ്രസ്സും ഒഴികെ മറ്റൊരിടത്തും അച്ചടിശാലകൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് 1846-ൽ ചാവറയച്ചൻ മാന്നാനത്ത് സെന്റ് ജോസഫ് പ്രസ്സ് ആരംഭിച്ചത്. ഇക്കാര്യത്തെക്കുറിച്ച് ചാവറയച്ചൻ തന്നെ *നാളാഗമ*ത്തിൽ വിവരിക്കുന്നുണ്ട്:

*1844-ാം കാലം ചിങ്ങം മുതൽ പുസ്തകം അടിപ്പാനുള്ള വേലയ്ക്ക് പ്രത്യേകം മനസ്സു വച്ചു തുടങ്ങി. രണ്ടു കുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല. പിന്നെ പലരോടും ചോദിച്ചും വേലകൾ ഓരോന്നു നടത്തി.*[11]

കോട്ടയത്തെ പ്രസ്സ് കാണാൻ ചെന്ന ചാവറയച്ചനെ അവർ അനുവദിച്ചില്ല. അതിൽ നഷ്ടധൈര്യനാകാതെ തിരുവനന്തപുരത്തെത്തി പ്രസ്സിന്റെ മാതൃകയും പ്രവർത്തനവും കണ്ടു പഠിച്ച് വാഴപ്പിണ്ടിയിൽ അതിന്റെ മാതൃകയുണ്ടാക്കി ഏറെ ക്ലേശങ്ങൾ സഹിച്ച് അച്ചുകൂടം സ്ഥാപിക്കാനാവാശ്യമായ സംവിധാനങ്ങൾ അദ്ദേഹം സംഘടിപ്പിച്ചെടുത്തു. ചാവറയച്ചന്റെ സ്വപ്നം സാക്ഷാത്ക്കരിച്ചുകൊണ്ട് 1846-ൽ പ്രസ്സും അച്ചടിശാലയും മാന്നാനം കുന്നിൽത്തന്നെ സ്ഥാപിതമാവുകയും ചെയ്തു. 1847-ൽ അവിടെനിന്നും വെളിച്ചം കണ്ട ആദ്യ പുസ്തകമാണ് *ജ്ഞാനപീയൂഷം*. തുടർന്ന് ധാരാളം പ്രാർത്ഥനാ പുസ്തകങ്ങളും വിശ്വാസപരിശീലനത്തിനുപകരിക്കുന്ന ലഘുലേഖകളും ഈ മുദ്രണാലയത്തിൽ നിന്നും വെളിച്ചം കണ്ടു. തന്റെ കൃത്യാന്തരബഹുലമായ ജീവിതത്തിനിടയിലും മതാത്മകവും ചരിത്രപരവുമായ നിരവധി ഗ്രന്ഥങ്ങൾ രചിക്കുവാനും അദ്ദേഹം മനസ്സിരുത്തി. ജനതയുടെ വൈജ്ഞാനമണ്ഡലം ദീപ്തമാക്കുവാൻ ചാവറയച്ചന്റെ സാഹിതീസേവനം ഏറെ സഹായകമായി. സാഹിത്യരചനയക്ക് ബൗദ്ധികവും കലാപരവും സാംസ്ക്കാരികവുമായ മാനങ്ങളുണ്ട്. എന്നാൽ ചാവറയച്ചൻ ഇവയോടൊപ്പം കൈമാറിയത് ആദ്ധ്യാത്മിക ദാരിദ്ര്യത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനുള്ള വഴികൾ കൂടിയായിരുന്നു.

മലയാള സാഹിത്യരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കവിയും സാഹിത്യകാരനുമായിരുന്നു ചാവറയച്ചൻ. തീക്ഷ്ണമായ പ്രതിജ്ഞാബദ്ധതയോടെ സാഹിത്യത്തെ ജനങ്ങളുടെ ആത്മീയ ആഹാരമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് ചാവറയച്ചൻ തൂലിക കൈയിലെടുത്തത്. ഹൈന്ദവഗൃഹങ്ങളിൽ സന്ധ്യാവേളകളിലെ നാമകീർത്തനം പോലെ ക്രൈസ്തവഭവനങ്ങളിൽ നിന്നും സംഗീതാത്മകമായ പ്രാർത്ഥനകൾ ഉയർന്നു കേൾക്കുവാൻ ആഗ്രഹിച്ച അദ്ദേഹം എഴുത്തച്ഛന്റെ കിളിപ്പാട്ടുകളെയും അർണ്ണോസുപാതിരിയുടെ പാനകളേയും മാതൃകയാക്കി കാവ്യകൃതികൾ രചിച്ചു. ആ കാവ്യകൃതികളിൽ പ്രധാനപ്പെട്ടതാണ് *ആത്മാനുതാപം*. യേശുക്രിസ്തുവിന്റെയും കന്യാമറിയത്തിന്റെയും ജീവിതാനുഭവങ്ങൾ പ്രതിപാദിക്കുന്ന *ആത്മാനുതാപ*ത്തിൽ അവ എടുത്തു പറയുമ്പോൾ സ്വന്തജീവിതത്തിലേയ്ക്ക് അദ്ദേഹം ചുഴിഞ്ഞിറങ്ങുകയും ബാല്യകാലത്തു തനിക്കുണ്ടായ കുറവുകളും പിഴയുമോർത്ത് അനുതാപക്കണ്ണീർ തൂവുകയും ചെയ്യുന്നു. യേശുവിന്റെ ജനനം, പ്രബോധനങ്ങൾ, മരണം, മരണാനന്തര സംഭവങ്ങൾ എന്നിവ വിവരിക്കുന്ന *ആത്മാനുതാപം* പന്ത്രണ്ട് അദ്ധ്യായങ്ങളിലായി 4029 വരികളായാണ് രചിക്കപ്പെട്ടിട്ടുള്ളത്.

മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായി കണക്കാക്കപ്പെടുന്ന ഏ. ആർ. രാജരാജവർമ്മയുടെ *മലയവിലാസം* രചിക്കുന്നതിന് 34 വർഷം മുമ്പാണ് ചാവറയച്ചൻ 91 ഈരടികൾ ഉള്ള *അനസ്താസ്യയുടെ രക്തസാക്ഷിത്വം* രചിച്ചത്. എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സോഫിയാ എന്ന് കന്യാസ്ത്രീ റോമിൽ സ്ഥാപിച്ചു നടത്തിയ മഠത്തിൽ നവസന്യാസിനിയായിരുന്ന സുന്ദരിയായ അനസ്താസ്യാ വലേരിയൻ ചക്രവർത്തിയുടെ സേവകരാൽ വധിക്കപ്പെടുന്നതിന്റെ കഥയാണ് ഇതിന്റെ ഇതിവൃത്തം. റോക്കോസ് ശീശ്മയുടെ ആഗമനം കേരളത്തിലെ സുറിയാനി കത്തോലിക്കാസഭയിൽ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചപ്പോൾ ക്രൈസ്തവരെ സഭാവിശ്വാസത്തിൽ ഉറപ്പിക്കാൻ വേണ്ടികൂടിയാണ് ഈ കൃതി ചാവറയച്ചൻ രചിച്ചത്.

ചാവറയച്ചൻ രചിച്ച 581 ഈരടികൾ ഉള്ള മറ്റൊരു ലഘുകാവ്യമാണ് *മരണവീട്ടിൽ പാടുവാനുള്ള പാന/പർവ്വം*. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളോടുള്ള ഭക്തിയാണ് ഗ്രന്ഥത്തിന്റെ പ്രമേയം. ഇതിൽ ഒന്നിനുപുറകെ ഒന്നായി നിരവധി കഥകൾ പദ്യരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

ഒരു നല്ല അപ്പന്റെ സ്ഥാനത്തുനിന്ന് കൈനകരിയിലെ ഇടവകക്കാർക്ക് തന്റെ മരണലിഖിതമായി എഴുതി നൽകിയതാണ് *ചാവരുൾ*. ഒരു കുടുംബത്തിൽ ആചരിക്കേണ്ട കാര്യങ്ങളെല്ലാം സംക്ഷിപ്തമായി അതിൽ വിവരിച്ചിരിക്കുന്നു. ദൈവത്തോടും സഹജരോടും തന്നോടുതന്നെയും ഓരോ വ്യക്തിയും അനുഷ്ഠിക്കേണ്ട കാര്യങ്ങളാണ് പ്രതിപാദ്യവിഷയം. പരസ്പരസ്നേഹം, വിനയം, മിതവ്യയം, പരിശ്രമശീലം, നീതി, ക്ഷമ, ദൈവഭയം തുടങ്ങിയ സുകൃതഗുണങ്ങൾ ലളിതവും മനോഹരവുമായ ഭാഷയിൽ അദ്ദേഹം വിവരിച്ചിരിക്കുന്നു. ഒരു മനഃശാസ്ത്രജ്ഞന്റെ ഉൾക്കാഴ്ചയോടെ മക്കളെ വളർത്തേണ്ട രീതിയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. കൈനകരിക്കാർക്കു മാത്രമല്ല കേരളീയർക്കു മൊത്തത്തിലും ക്രൈസ്തവർക്കു പ്രത്യേകിച്ചും, അതൊരു വിലയേറിയ കുടുംബസ്വത്തായി മാറി. അവ ഇന്നും ഏറെ പ്രസക്തമാണ്.

ആദ്ധ്യാത്മിക തേജസ്സ് നിറഞ്ഞുനിൽക്കുന്ന ഒരു കൃതിയാണ് *ധ്യാനസല്ലാപങ്ങൾ*. ചാവറയച്ചന്റെ ആദ്ധ്യാത്മികാനുഭൂതികളാണ് ഇതിൽ വിളങ്ങിനിൽക്കുന്നത്. ബൈബിൾ ഉദ്ധരണികളാലും തിരുവചനസംജ്ഞകളാലും സമ്പന്നമാണ് ഈ ലഘുഗ്രന്ഥം. ചാവറയച്ചന്റെ പ്രാർത്ഥനാരീതികളും ദൈവീകബന്ധത്തിന്റെ സവിശേഷതകളും ഇതിൽ നിഴലിച്ചുകാണാം.

ചാവറയച്ചന്റെ ദൈവിക-മാനുഷിക ബന്ധങ്ങളെ മാറ്റുരച്ചു കാട്ടുന്ന ചാണക്കല്ലുകളാണ് അദ്ദേഹത്തിന്റെ *കത്തുകൾ*. സ്നേഹസമ്പന്നനായ പിതാവ്, ഔദാര്യവാനായ അധികാരി, സമഭാവനയുള്ള ശ്രേഷ്ഠൻ, ഹൃദയാലുവായ മനഃശാസ്ത്രജ്ഞൻ, അഹന്തയില്ലാത്ത ജനനേതാവ്, വിശാലഹൃദയനായ സാമൂഹ്യപരിഷ്ക്കർത്താവ്, സഭയ്ക്കായി ജീവിതം അർപ്പിച്ച കർമ്മയോഗി

തുടങ്ങി ആ വ്യക്തിത്വത്തിന്റെ നാനാവശങ്ങൾ ഓരോ കത്തിലും ഒളിമിന്നുന്നുണ്ട്.[12]

കേരള സുറിയാനി കത്തോലിക്കാസഭയുടെ ചരിത്ര രേഖകളാണ് ചാവറയച്ചന്റെ *നാളാഗമ*ക്കുറിപ്പുകൾ. 1829 മുതൽ 1870 വരെയുള്ള നാലു പതിറ്റാണ്ടുകളിലെ കർമ്മലീത്താ സന്യാസസഭകളുടെയും ആകമാന സുറിയാനി സഭയുടെയും കഥകൾ അനാവരണം ചെയ്യുന്ന ഈടുവയ്പ്പുകളാണ് *നാളാഗമ*ത്തിൽ നാം കണ്ടെത്തുന്നത്.

ആത്മാർത്ഥത സ്ഫുരിക്കുന്ന ചാവറ കൃതികളിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രതിഫലിക്കുന്നുണ്ട്. അവയിലൂടെ ആ വിശുദ്ധ വ്യക്തിത്വത്തെ അടുത്തറിയുവാൻ അനുവാചകർക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു.

## ഉപവിപ്രവർത്തനങ്ങൾ

ഉപവിശാലകളും ആതുരാലയങ്ങളുമായിരുന്നു ചാവറയച്ചന്റെ പ്രവർത്തനങ്ങളുടെ മറ്റൊരു മേഖല. സമൂഹത്തിലെ ഉപേക്ഷിക്കപ്പെട്ടവർക്കും പാവപ്പെട്ടവർക്കുമായാണ് അദ്ദേഹം ഉപവിശാലകൾ ആരംഭിച്ചത്. അഗതിമന്ദിരങ്ങളെക്കുറിച്ച് കേട്ടുകേൾവിപോലുമില്ലാത്ത കാലത്താണ് ചാവറയച്ചൻ അത്തരത്തിലൊരു സ്ഥാപനം തുടങ്ങുന്നത്. കേരളത്തിലെ ആദ്യത്തെ അനാഥമന്ദിരമാണ് 1869-ൽ കൈനകരിയിൽ സ്ഥാപിതമായ ഉപവിശാല. അന്നുവരെ ആരും സ്വപ്നം കാണാതിരുന്ന തലത്തിലുള്ള അനുകമ്പയുടെയും ആർദ്രതയുടെയും അലിവാർന്ന കരുതലിന്റെയും പ്രത്യക്ഷ പ്രകടനങ്ങളായിരുന്നു ചാവറയച്ചന്റെ ആതുരാലയ പ്രവർത്തനങ്ങൾ.

അഗതികളെ സംരക്ഷിക്കുന്നതിനു മാത്രമല്ല, മാനസാന്തരത്തിനു ഒരുങ്ങി വരുന്ന ഹരിജനങ്ങളെ താമസിപ്പിച്ച് അവർക്ക് വേദോപദേശം നൽകുന്നതിനും അതുപകരിച്ചു. വഴിയോരങ്ങളിലും വീടുകളിലും അനാഥരായി മരണത്തിന്റെ കാലൊച്ച കേട്ട് കിടന്നവർക്ക് തുണയായി ചാവറയച്ചൻ തുടക്കമിട്ട *നന്മരണസഖ്യം* എന്ന സംഘടന അന്നുവരെ അജ്ഞാതമായിരുന്ന പരസ്നേഹത്തിന്റെ പുതിയ മുഖമായിരുന്നു. സഖ്യത്തിൽ നിന്നും വർഷാവർഷം തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഈ സ്ഥാപനത്തിന്റെ ഭരണം നടത്തുന്ന വിധത്തിലായിരുന്നു ഇതിന്റെ ഘടനാവിഭാവനം. നാലഞ്ചുപേർക്ക് വസിക്കത്തക്ക ഒരു കെട്ടിടവും 5000 രൂപ മുലധനവും കൈനകരിയിലെ *ഉപവിശാല*യ്ക്കുണ്ടായിരുന്നു.[13]

പിന്നീട് ഉയർന്നുവന്ന കേരളത്തിലെ അനാഥാലയങ്ങൾക്ക് എല്ലാം മാതാവായ ഈ സ്ഥാപനം അല്മായരുടെ കൈകളിൽ ഏല്പിച്ചുകൊടുത്തത് ധീരമായ ഒരു കാൽവയ്പായിരുന്നു. വഴിയോരങ്ങളിലും ചെറ്റക്കുടിലുകളിലും ഉപേക്ഷിക്കപ്പെട്ടവരിൽ ദൈവത്തിന്റെ മുഖം കാണുവാനും അവരിലെ ദൈവസാദൃശ്യം തിരിച്ചറിയുവാനും കഴിഞ്ഞിടത്താണ് ചാവറയച്ചൻ ദൈവീകനായി മാറുന്നതും മനുഷ്യസ്നേഹത്തിന്റെ ഇതിഹാസമായിത്തീരുന്നതും.

അനാഥരേയും ആരുമില്ലാത്ത അഗതികളെയും പരിചരിക്കുവാനാഗ്രഹിച്ചത് യേശുനാഥന്റെ വചനശുശ്രൂഷയുടെ നിവർത്തനമായ കർമ്മപദ്ധതി എന്ന നിലയിലാണ്. അവരിൽ യേശുവിനെ കണ്ടുകൊണ്ടുവേണം അതു ചെയ്യാനെന്നും അങ്ങനെ വരുമ്പോൾ കർത്താവിനെത്തന്നെയാണ് തങ്ങൾ ശുശ്രൂഷിക്കുന്നതെന്ന് ബോദ്ധ്യപ്പെടുമെന്നും ഉപവിശാല ഭരമേല്പിച്ച കൈനകരിക്കാരെ ചാവറയച്ചൻ ഓർമ്മിപ്പിക്കുകയും ചെയ്തിരുന്നു.

## കുടുംബ നവീകരണം

കെട്ടുറപ്പുള്ള കുടുംബമാണ് ക്രൈസ്തവവിശ്വാസത്തിനു വളക്കൂറുള്ള വിളഭൂമി. കുടുംബത്തിൽനിന്നാണ് കുഞ്ഞുങ്ങൾ മനുഷ്യനെയും ദൈവത്തെയും സ്നേഹിക്കാൻ ആദ്യമായി പരിശീലിക്കുന്നത്. അവിടെനിന്നു കിട്ടുന്ന പരിശീലനമാണ് പില്ക്കാലത്തെ ജീവിതത്തെ രൂപപ്പെടുത്തുന്നതും. തികഞ്ഞ തിരുക്കുടുംബഭക്തനായ ചാവറയച്ചൻ തന്റെ ആ തിരുക്കുടുംബഭക്തിയെ തനിയ്ക്കു ഭൗമിക കുടുംബത്തിൽ നിന്നും ലഭിച്ച ഏറ്റവും അമൂല്യമായ നിധിയായി കണക്കാക്കി. തിരുക്കുടുംബത്തിന്റെ സാദൃശ്യത്തിൽ എല്ലാ കുടുംബങ്ങളും ആയിത്തീരണം എന്നദ്ദേഹം ആഗ്രഹിക്കുകയും അപ്രകാരം ബോധിപ്പിക്കുകയും ചെയ്തു.

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനഘടകം; അതുകൊണ്ടുതന്നെ കുടുംബമാണ് പ്രഥമ വിദ്യാലയം; മാതാപിതാക്കളാണ് പ്രഥമ അദ്ധ്യാപകർ. വിശ്വാസപരിശീലനത്തിലും സമുദായാചാരങ്ങളുടെ ബോധനത്തിലും വിജ്ഞാന വളർച്ചയിലും കുടുംബത്തിൽ നൽകപ്പെടുന്ന മാതൃകയും ഉപദേശവുമാണ് സർവ്വപ്രധാനം എന്നദ്ദേഹം ഘോഷിച്ചു. സ്വാനുഭവം കൂടിയായിരുന്നു അതിനുള്ള പ്രേരകം.

പൗരോഹിത്യത്തിലൂടെയും സന്യാസത്തിലൂടെയും ദൈവത്തിലേയ്ക്കും ദൈവജനത്തിലേയ്ക്കുമുള്ള സഞ്ചാരവഴിയിൽ അതിരുകൾ ഇല്ലാതെയാക്കി സകലരെയും യേശുവിൽ തന്റെ സ്വന്തമായി സ്വീകരിച്ച ചാവറപിതാവിൽ കലർപ്പില്ലാത്ത സ്നേഹം മക്കൾക്കെല്ലാം പ്രദാനം ചെയ്യുന്ന പിതാവിന്റെ ഹൃദയഭാവമാണ് എന്നും ഉണ്ടായിരുന്നത്. അജഗണങ്ങളെ മുഴുവൻ യേശുവിൽ സ്വന്തം മക്കളായി കരുതുവാൻവണ്ണം ആ ഹൃദയം വികസിച്ചിരുന്നു. ഈ മനോഭാവത്തോടെയാണ് തന്റെ മക്കളുടെ ആത്മീയ, ഭൗതിക അഭിവൃദ്ധിയിൽ ജാഗ്രതയുള്ളവനും വാത്സല്യവാനുമായ ഒരു പിതാവിന്റെ ഹൃദയവാഞ്ഛയോടെ അദ്ദേഹം *കുടുംബചട്ടം* എഴുതി നൽകിയത്. അത് താൻ ജനിച്ചു വളർന്ന കൈനകരിയിലെ തന്റെ പ്രിയപ്പെട്ടവർക്കുള്ള മരണപത്രികയായാണു എഴുതപ്പെട്ടതെങ്കിലും മലങ്കരസഭയിലെ സകല ക്രൈസ്തവ കുടുംബങ്ങൾക്കുമുള്ള ജീവിത മാർഗ്ഗരേഖകൂടിയായാണ് ഭവിച്ചത്. കുടുംബജീവിതത്തിന്റെ നാനാവശങ്ങളെ, പ്രത്യേകിച്ചും മക്കളെ വളർത്തുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സൂക്ഷ്മതലങ്ങളിൽ പരാമർശിക്കുന്ന

*ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന ഗ്രന്ഥത്തിൽ ചാവറയച്ചൻ ഇക്കാര്യം പ്രത്യേകം വ്യക്തമാക്കിയിട്ടുമുണ്ട്.[14]

രക്തബന്ധത്തിലും സ്നേഹത്തിലും പരസ്പരം ബന്ധപ്പെട്ടവർ കാരണവന്മാരെ ബഹുമാനിച്ചും അനുസരിച്ചും ഓരോരുത്തരും അവരവരുടെ വിളിക്കനുസരിച്ച് നിത്യരക്ഷ പ്രാപിക്കത്തക്കവിധം ഒന്നിച്ചു ജീവിക്കുമ്പോൾ അതൊരു യഥാർത്ഥ കുടുംബമാകും എന്നദ്ദേഹം വിശ്വസിച്ചു:

*വഴക്കുള്ള തറവാട് വേഗത്തിൽ നശിക്കും, ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതിലത്രെ, പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ച് കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നത് ദുർമര്യാദയാണ്. എത്രയും ദ്രവ്യമുള്ള കുടുംബം കടമില്ലാത്ത കുടുംബമാണ്. മടി സർവ്വ ദുർഗുണങ്ങളുടെയും മാതാവാണ്. അന്യർക്ക് ഉപകാരം ചെയ്യാത്ത ദിവസം ഒരുവന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടുന്നതല്ല, ഭിക്ഷ തേടി വരുന്നവർ വെറും കയ്യോടെ വീട്ടിൽ നിന്നു പോകാൻ അനുവദിക്കരുത്. ധാരാളിത്തവും ലുബ്ധും രണ്ടും തിന്മകളാണ്. പാവപ്പെട്ടവരെ നിന്ദിക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യരുത്. ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും പകരം ചോദിക്കും. ദൈവപേടിയും ഭക്തിയുമാണ് കുടുംബത്തിന്റെ പ്രധാന സമ്പത്ത്. മക്കളോട് അധിക കടുപ്പവും അധിക അനുഗ്രഹവും, രണ്ടും തിന്മയാകുന്നു, മക്കൾക്ക് അന്തസ്സു തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കണം. കാരണവന്മാർക്കു ബലക്ഷയം വരുന്നതിനു മുൻപേ മക്കൾക്കു വസ്തു ഭാഗംവച്ചു കൊടുക്കണം...* എന്നുതുടങ്ങി ഉത്തമ കുടുംബങ്ങളുടെ സുസ്ഥിതിക്കാവശ്യമായ എല്ലാ നിർദ്ദേശങ്ങളും അദ്ദേഹം ഇതിൽ കുടുംബങ്ങൾക്കായി നൽകിയിരിക്കുന്നു...[15]

■

## പരാമർശ സൂചിക


1. ജോസ് ചിറ്റിലപ്പിള്ളി (ed.), *ചാവറ ജീവിതദർശനം*, സി.എം.ഐ. വിദ്യാഭ്യാസ വകുപ്പ്, കാക്കനാട്, 2007, പേ. 45.
2. Archives of Oriental Congregation, *S.C. Malabaresi*, 1878-1889, 1224, V, ഉദ്ധരണി, ചാൾസ് പൈങ്ങോട്ട്, കേരളസഭ 19-ാം നൂറ്റാണ്ടിൽ *(ഇഗ്നേഷ്യസ് പർസിക്കോയുടെ റിപ്പോർട്ട്)*, കോട്ടയം, ORSI, 103
3. വലേരിയൻ, *op.cit.*, പേജ് 136.
4. പാറപ്പുറം വർക്കിയച്ചൻ, *കുനമ്മാവ് മാർ യൗസേഫ് പുണ്യവാളന്റെ കൊവേന്തയുടെ നാളാഗമം, വാല്യം. V (Archives, CMC Generalate, Aluva)* പേജ് 128-129.
5. *Ibid.*
6. ജോസ് ചിറ്റിലപ്പിള്ളി (ed.), *op.cit.*, പേജ് 46.
7. *കത്തുകൾ*, പേജ് 197.
8. *റോമയോ തോമസ്*, "*Education Review*". *in*, വലേരിയൻ, *op.cit.*, പേജ് 138.
9. Cf. പോരുക്കര കുരിയാക്കോസ് ഏലീശാ അച്ചൻ, *op.cit.*, പേജ് 9.
10. സെബാസ്റ്റ്യൻ പോൾ, "*മലയാള മാദ്ധ്യമ കുടുംബത്തിന്റെ പൂർവ്വപിതാവ്*", ദീപിക സ്പെഷ്യൽ, *op.cit.*, പേജ് 116.
11. *നാളാഗമങ്ങൾ*, പേജ് 42.
12. സെഡ് എം. മുഴൂർ, *op.cit.*, പേജ് 240
13. വലേരിയൻ, *op.cit.*, പേജ് 205-206.
14. കത്തുകൾ, പേജ് 152.
15. *Ibid.*, pp. 137-151

ആറ്

# അബലകൾ പ്രബലകളാകുവാൻ

**സ്ത്രീ**ശാക്തീകരണനീക്കങ്ങളുടെ യുഗത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. എന്നാൽ രണ്ടു ശതാബ്ദങ്ങൾക്കു മുൻപുതന്നെ സ്ത്രീശാക്തീകരണത്തിന്റെ പ്രവാചകനും മാർഗ്ഗദീപവുമായിരുന്നു ചാവറയച്ചൻ. ഇന്നും സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം കിട്ടുന്നുവെന്നു പറയുവാനാകുന്നില്ല; അപ്പോൾ 150 വർഷങ്ങൾക്ക് പിന്നിലുണ്ടായിരുന്ന അവസ്ഥയോ, എത്ര ശോചനീയമായിരുന്നിരിക്കും! അന്ന് അബലകളായ അവർക്കുവേണ്ടി സംസാരിക്കാനും പ്രവർത്തിക്കാനും ചാവറയച്ചൻ മുന്നിട്ടിറങ്ങി എന്നത് അത്ഭുതത്തോടുകൂടിയേ കാണാനാകൂ. സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും ശരിയായ സ്ഥാനം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം ശഠിച്ചിരുന്നു. സ്ത്രീകളെപ്പറ്റി മഹത്വപൂർണ്ണമായ ഒരു കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. *കുഞ്ഞിനെ രൂപപ്പെടുത്തുന്നവൾ കുടുംബത്തിന്റെ വിളക്ക്* എന്ന ആ ഉദാത്ത സങ്കൽപ്പമാവട്ടെ സ്വന്തം അനുഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞതുമാണ്. *ആത്മാനുതാപത്തിൽ* അമ്മയെക്കുറിച്ചു പറയുമ്പോൾ ആയിരം നാവായിരുന്നുവല്ലോ ചാവറയച്ചന്.

പെൺകുട്ടികളുടെ സ്വാഭാവരൂപീകരണം സാദ്ധ്യമാക്കുന്നതോടൊപ്പം സാമൂഹിക സാംസ്ക്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ അവർക്കു തുല്യ പുരോഗതി കൈവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം സ്ത്രീകൾക്കായി ഒരു സന്യാസിനീ സമൂഹത്തിനു രൂപം കൊടുത്തത്. കേരളത്തിലെ പ്രഥമ സന്യാസിനീസമൂഹത്തിന് രൂപംകൊടുത്തപ്പോൾ അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്നത് സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ള ഒരു സ്ത്രീസമൂഹമായിരുന്നു. കന്യാസ്ത്രീകൾ മാത്രമല്ല, അവരിലൂടെ കേരള സ്ത്രീസമൂഹവും കുടുംബങ്ങളും വളരണം, വികസിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. കൂനമ്മാവ് മഠത്തോടുചേർന്ന് പെൺകുട്ടികൾക്കായി ബോർഡിംഗ് സ്ക്കൂൾ (*എദുക്കന്താത്ത്*)തുടങ്ങി അവരെ മലയാളം, തമിഴ്,

ഇംഗ്ലീഷ്, ലാറ്റിൻ തുടങ്ങിയ ഭാഷകളും തയ്യൽ, പാചകം, സംഗീതം, റേന്ത പ്പണി, കൊന്തകെട്ട്, പുഷ്പാലങ്കാരം, കണക്ക് എന്നിവയും പഠിപ്പിച്ചിരുന്ന തായി ചരിത്രത്തിൽ കാണുന്നു.

സ്ത്രീസംവരണത്തിനായി ചാവറയച്ചൻ നിലകൊണ്ടിട്ടുണ്ടാകണമെ ന്നില്ല. എന്നാൽ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കു കൊണ്ടു വരാനായി അവരുടെ സംഭാവനകളും ഈ സമൂഹനിർമ്മിതിക്ക് ആവശ്യമാ ണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനായി അദ്ദേഹം കഠിന പരിശ്രമം ചെയ്തിട്ടുണ്ട്, തീർച്ചയായും.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ സുറിയാനി സഭ നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും പുണ്യാത്മാക്കളുടെ അഭാവത്താൽ മച്ചിയായിരി ക്കുന്നു എന്നത് ചാവറപിതാവിന്റെ ഹൃദയത്തിലെ വലിയ ദുഃഖമായിരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ് പുരുഷന്മാർക്കായുള്ള സന്യാസസമൂഹം മുൻപേ സ്ഥാപിക്കുന്നതും പുറകെ സ്ത്രീകൾക്കുവേണ്ടിയുള്ള കന്യകാമ ഠസ്ഥാപനത്തിനായി പരിശ്രമിക്കുന്നതും. അടുക്കളത്തളത്തിൽ അപരിഷ്കൃ തരായി അവഗണനയിൽ ഒതുങ്ങിയിരുന്ന സ്ത്രീജനങ്ങളെ സമുദ്ധരിക്കുക വഴി കുടുംബാംഗങ്ങളെ വിശുദ്ധീകരിക്കാനായി അവരെക്കൂടി പ്രബുദ്ധരും സംസ്ക്കാരസമ്പന്നരുമാക്കേണ്ടതിന്റെ അനിവാര്യത ദീർഘദർശനം ചെയ്യുകയും സ്ത്രീകളുടെ പുണ്യജീവിതത്തിനും വിദ്യാഭ്യാസത്തിനും സഹായമായി ഭവിക്കുമാറു സന്യാസിനീസമൂഹസ്ഥാപനത്തിന് ഇറങ്ങിത്തി രിക്കുകയുമായിരുന്നു അദ്ദേഹം. വരാപ്പുഴ അടുത്തുള്ള പുത്തൻപള്ളി സുറി യാനി ദേവാലയത്തിന്റെ സമീപം വാങ്ങിയിരുന്ന സ്ഥലത്ത് മഠം പണിയാ നാണ് ആദ്യം നിശ്ചയിച്ചത്. മൂന്നുനാല് ഏക്കർ വരുന്ന ആ സ്ഥലം മുഴുവൻ മഠത്തിനു ചേർന്നവിധത്തിൽ നല്ല പൊക്കമുള്ള കനത്ത മതിൽ കെട്ടി തിരിച്ചു. കോൺവെന്റിനുവേണ്ടി കെട്ടിടം പണിയാൻ ആരംഭിച്ചപ്പോൾ ബർണ്ണർദീനോസ് മെത്രാപ്പോലീത്താ ഉന്നയിച്ച ആശയനിർദ്ദേശത്തോട് സഭാ സ്നേഹിയായ ചാവറയച്ചനും യോജിക്കാതെ വയ്യായിരുന്നു. മഠം പണി സെമിനാരി പണിയായി മാറിയത് അങ്ങിനെയാണല്ലോ.[1]

ചാവറയച്ചന് ഇതിൽ ദുഃഖമുണ്ടായിരുന്നിരിക്കണം. മഠസ്ഥാപനം എന്ന ആശയം, സങ്കല്പം, സ്വപ്നം, ആ മനസ്സിൽ ഉണർന്നുതന്നെ തുടർന്നു. അതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ തുടർന്നും ഉള്ളാലെ ആരാഞ്ഞുകൊണ്ടുമി രുന്നു. അപ്പോഴാണ് ദൈവതൃക്കരങ്ങളിലെ കഴിവുറ്റ ഉപകരണമായി മാറുവാ നുള്ള നിയോഗമായി വൈദികവിദ്യാർത്ഥിയായിരുന്ന ലെയോപ്പോൾദച്ചൻ 1859 ഡിസംബർ മാസത്തിൽ കേരളത്തിൽ വരുന്നതും. വരാപ്പുഴയിൽ താമസി ക്കാതെ കൂനമ്മാവ് കൊവേന്തയിൽ വന്നു താമസിച്ച അദ്ദേഹത്തെ കൊവേ ന്തകളുടെ ഡെലിഗേറ്റും നവസന്യാസഗുരുവുമായി നിയമിച്ചതും. നാലഞ്ചു മാസം കൊണ്ട് മലയാളഭാഷ അദ്ദേഹം സ്വായത്തമാക്കി. അതിനിടയിൽ

ആറാം പട്ടവും കുർബ്ബാന പട്ടവും സ്വീകരിച്ച് വിശുദ്ധ കുർബ്ബാന ചൊല്ലി. കൂനമ്മാവ് ഇടവകയിൽപ്പെട്ട ജനങ്ങളുടെ ആത്മകാര്യങ്ങൾ വലിയ ജാഗ്രതയോടെയാണ് അദ്ദേഹം അന്വേഷിച്ചു നടത്തിയിരുന്നത്.[2] ചാവറ-ലെയോപ്പോൾദ് സംഗമം കൂനമ്മാവ് കന്യകാമഠസ്ഥാപനത്തിലെ നിർണ്ണായക ഘടകമായിരുന്നു. 1866-ൽ കൂനമ്മാവിൽ സ്ഥാപിതമായി ഇന്ന് കേരളത്തിലുള്ള കന്യകാമഠങ്ങളുടെയെല്ലാം മാതൃസ്ഥാനം വഹിച്ചുകൊണ്ട് പരിശോഭിക്കുന്ന സെന്റ് തെരേസാസ് കന്യകാമഠത്തിന്റെ പ്രാരംഭചരിത്രം സംബന്ധിച്ച് ലെയോപ്പോൾദ് മിഷനറി എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്:

*1864 മകരം 12-ന് പലകൂട്ടം വേലകളെ ഏറ്റം എളുപ്പത്തിൽ നടത്തുവാൻ വേണ്ടി പ്രിയോരച്ചൻ മാന്നാനത്തിൽ നിന്ന് കൂനമ്മാവ് കൊവേന്തയിൽ വന്ന് പാർത്തു തുടങ്ങി. ഇക്കാലങ്ങളിൽ മേല്പട്ടക്കാരന്റെ കല്പനയാലെ പലവിധമായിട്ടുള്ള വേലകളെ നടത്തുന്നതിന് സംഗതിവരികയാൽ മേല്പട്ടക്കാരന്റെ ചൊല്ലുവിളിയും ആത്മാക്കളുടെ ഉപകാരവും എന്ന രണ്ടു ന്യായം കൊണ്ട് യാതൊരു പ്രയത്നത്തിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും പിൻവാങ്ങിയില്ല. ഇതിൽ പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് എത്രയും ആഗ്രഹവുമായി. ആയതിനു സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അതിനെ നിറവേറ്റുന്നതിന് എത്രയോ പ്രയത്നം ചെയ്തു എന്ന് ഈ ചുരുങ്ങിയ വിവരത്തിന് അടങ്ങുന്ന കാര്യമല്ല. കന്യാസ്ത്രീമഠം നടത്തി തുടങ്ങിയതിന്റെ ശേഷവും അതിനെ വേണ്ടുന്ന ക്രമത്തോടും പുണ്യത്തോടും കൂടെ നടത്തുന്നതിന് എത്രയോ ആഗ്രഹവും താല്പര്യവുമായിരുന്നു എന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു.*[3]

രണ്ടാമത്തെ പ്രിയോരും എല്ലാ സംഭവങ്ങൾക്കും ദൃക്സാക്ഷിയുമായിരുന്ന പോരൂക്കര കുര്യാക്കോസച്ചൻ ചാവറയച്ചന്റെ ചരിത്രസംക്ഷേപത്തിൽ കന്യകാമഠസ്ഥാപനം സംബന്ധിച്ച് ഇങ്ങനെ എഴുതി:

*1864-ാം കാലം മേല്പട്ടക്കാരന്റെ കല്പനയ്ക്ക് നല്ല മനസ്സോടെ കീഴ്വഴങ്ങി, താൻ ചെറുപ്പം മുതൽ മുൻപറഞ്ഞിരിക്കുന്നതുപോലെ താൻ പണിയിച്ചു ഭരിച്ചു നടത്തി ഏറിയ ഗുണങ്ങൾ ചെയ്തിരുന്ന മാന്നാനത്തിൽ നിന്ന് കൂനമ്മാവ് കൊവേന്തയിൽ പോയി പാർത്തു. അവിടെവച്ച് പ്രത്യേകമായിട്ട് മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപൈതങ്ങളായിട്ട് വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് ആഗ്രഹിച്ചു. സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് അതിനുള്ള അടിസ്ഥാനക്കാരായിട്ട് ആസ്തമായിരുന്നവരെ കൈക്കൊണ്ട് തൽക്കാലം പനമ്പുകൾകൊണ്ട് വീടുണ്ടാക്കി പാർപ്പിച്ചു. അതിന്റെ ശേഷം അത്ഭുതമേ! എട്ടുമാസത്തിന്റെ ഇടകൊണ്ട്*

എണ്ണായിരം രൂപവരെയും പല വഴിയായി ധർമ്മം വരുത്തി കന്യാസ്ത്രീമഠവും അതിനുവേണ്ടുന്നതൊക്കെയും ഉണ്ടാക്കി അതിൽ അവരെ പാർപ്പിക്കുകയും അവരുടെ അടക്കജീവിതവും പുണ്യവും കണ്ടു സന്തോഷിച്ച് അവരെ പറഞ്ഞൊപ്പു ചെയ്യിക്കുകയും കടശി ശുദ്ധ കുർബ്ബാന അവരുടെ കപ്പേളയിൽ സ്ഥാപിക്കുകയും ചെയ്തു. യാക്കോപിതാവ് കടശി പുത്രനായ ബെന്യാമിനെ അധികം സ്നേഹിച്ചതുപോലെ അവരെ ഏറ്റമായി സ്നേഹിക്കുകയും തള്ള മക്കളെ വളർത്തുന്നതുപോലെ അവരെ വളർത്തി പരിപാലിക്കുകയും ചെയ്തു വന്നിരുന്നു.[4]

ഈ വിവരണങ്ങളോട് ചാവറയച്ചന്റെ തന്നെ വിവരണങ്ങളും കൂടി ചേർത്താൽ കന്യകാമഠത്തിന്റെ സ്ഥാപനചരിത്രം പൂർണ്ണമാകും:

*ഇതാ ഇപ്പോൾ ഏറിയകാലമായി അപേക്ഷിച്ചുവന്നിരുന്നതും നടക്കാതെ കിടന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്ത് നടത്തുവാൻ തിരുമനസ്സായിരിക്കുന്നു എന്നു തോന്നുന്നു. ഇതായത്, കന്യാസ്ത്രീമഠത്തിനായി വലിയ മതിൽ കെട്ടി തുടങ്ങിയാറെ മേലെഴുതിയ സംഗതി മുഖാന്തിരത്താൽ മുടങ്ങിയപ്പോൾ കന്യാസ്ത്രീകളേക്കാൾ പട്ടക്കാർക്കാവശ്യം എന്നു കണ്ട് ആയത് സെമിനാരി ആക്കിയതിനാൽ വീണ്ടും ഇത് നടപ്പാൻ യാതൊരു വഴിയും ഇല്ലാതെയിരിക്കയിൽ ഈ 1865ൽ നമ്മുടെ ദെലഗാത്തായ പെ. ബ. ലെയോപ്പോൾദ് മരിയ മൂപ്പച്ചൻ ഒരു ദിവസം 4 മണിക്ക് എന്നെ വിളിച്ച് പുറത്തു നടപ്പാനായിട്ട് നമ്മുടെ കൂനമ്മാവു കൊവേന്തയുടെ പടി കടന്ന് വടക്കോട്ട് തിരിഞ്ഞു നടന്ന ആ ചെറിയ നശിച്ച പെക്കോയിയിൽ വരെ നടന്നുകൊണ്ട് പറഞ്ഞതായത്: ഇവിടെ ഒരു വിധവയും 14 വയസ്സു പ്രായമുള്ള ഒരു മകളുമുണ്ട്. ആ പെൺപൈതലിന്റെ അപ്പന്റെ പകുതിക്കുള്ള വസ്തുക്കളുമുണ്ട്. അവൾക്കു കെട്ടിപ്പാൻ മനസ്സുമില്ല. ആയതുകൊണ്ട് ഈ അമ്മയേയും മകളേയും കൂടെ അവരു പാർത്തുവരുന്ന തറവാട്ടിൽ നിന്നും മാറ്റി അവരുടെ പറമ്പുകളിൽ ഒന്നിൽത്തന്നെ ഒരു സ്ഥലമുണ്ടാക്കി അവരു രണ്ടുപേരെയും കൂടെ അതിൽ പാർപ്പിച്ച്, മറ്റു പെൺപൈതങ്ങളെ നല്ല പഠിനമായ വേലകളും, കൈവേലകളും പഠിപ്പിക്ക എന്ന ഒരു പ്രകാരം കന്യാസ്ത്രീകൾക്കടുത്ത വേലയിൽ ഇവരെ ആക്കി നടത്തിയാൽ കൊള്ളാമോ? എന്തു തോന്നുന്നു എന്നു ചോദിച്ചാറെ എനിക്കും ആയത് എത്രയും നല്ലത് എന്നു തോന്നുന്നു എന്നും ഞാനുത്തരിച്ചു. എന്നാൽ ഇതിനു തുടങ്ങുമ്പോൾ അവരുടെ അവകാശികളായ മറ്റവർക്ക് തെളിയുകയില്ലായെന്നും മറ്റും ചില വിഘ്നങ്ങളും ഉണ്ടായിരിക്കുമെന്നും കല്പിച്ചു. എന്നാൽ ആ ദേഹം ഈ കാര്യത്തിന് പല പ്രകാരം വിചാരിക്കുകയും ദൈവത്തോടപേക്ഷിക്കുകയും അവരുടെ കുമ്പസാരക്കാരനാകയാൽ അവരെ തിരിഞ്ഞു പരീക്ഷിക്കുകയും ചെയ്താറെ അവരുടെ നൽമനസ്സും ധൈര്യവും കണ്ട് പെ.ബ. മെത്രാപ്പോലീത്താച്ചനോട് അറിയിച്ചാറെ ആ ദേഹത്തിനും സന്തോഷമായി. കർമ്മലീത്താ മൂന്നാം സഭക്കാരായിട്ട് സ്ഥാപിക്കാമെന്നും കല്പിച്ച്*

ആയതിനുള്ള ക്രമപുസ്തകവും കൊടുത്ത് മലയാം പേച്ചിൽ പകർത്തുവാൻ കല്പിച്ചു. ആയതു പൊരുൾപെടുത്തിയപ്പോൾ സംസാരികളായ മൂന്നാം സഭക്കാരുടെ ക്രമമായിരുന്നു. ആ വിവരം ബോധിപ്പിച്ചപ്പോൾ, കൊള്ളാം ഇവരുടെ ക്രമപുസ്തകവും കൊടുത്ത് ആയതു മലയാണ്മയിലാക്കി. എന്നാൽ ഇതും ഈ കാര്യത്തിന് ഒരു സഹായമായിത്തീർന്നു. അതെന്ത്യേ, ഇവരെ തന്നെ ആക്കുമ്പോൾ ശേഷം ഭക്തിക്കാർക്കും മറ്റും കുറെ സങ്കടവും മനസ്സുകേടും ഉണ്ടായേനെ. ആയതിനിടവരാതെ മുമ്പിനാൽ സംസാരികളായി വീടുകളിൽ പാർത്തുകൊണ്ട് മൂന്നാം സഭക്കാരായി നടക്കുന്നവർക്കുള്ള ക്രമം പൊരുൾ തിരിച്ച് പള്ളിയിൽ പരസ്യമായിട്ട് വായിച്ചു കേൾപ്പിച്ച് അപ്രകാരമുള്ള സഭയെ സ്ഥാപിച്ച് അതിൽ ചിലരെ ചേർത്ത് അവർക്ക് വലിയ വെന്തീഞ്ഞും സഭക്രമപുസ്തകവും കൊടുത്തു. അങ്ങനെയിരിക്കയിൽ ഇവരുടെ വസ്തുവും ഇവരെയും വിചാരിച്ചുവന്ന ഈ പെൺപൈതലിന്റെ ഇളയപ്പൻ വറീതു തൊമ്മൻ എന്നവനെ മൂപ്പച്ചൻ വരുത്തി തിരക്കിയപ്പോൾ കണ്ട കടങ്ങളൊക്കെയും ഇവിടെ നിന്ന് തീർത്തുകൊള്ളാമെന്നും അവർക്ക് ഒരു ചെറിയ പുര ഉണ്ടാക്കണമെന്നും അത് നീ തന്നെ ചെയ്യിക്കണമെന്നും പറഞ്ഞതിനാൽ അവനും അപ്രകാരം അവന്റെ കെട്ടിയവളും ഏറ്റം ഭക്തിക്കാരായിരിക്കയാൽ ഇതിന് നൽമനസ്സുവച്ചുത്സാഹിച്ചു. എങ്കിലും പണമെടുപ്പാൻ കൈയിൽ പാടില്ലായ്കയാൽ ദീർഘമായി കിടന്നു...

1866-ാം കാലത്തിന്റെ തുടക്കം ഒരാൾക്ക് ഉത്തരിപ്പിനായി ഏതാനും രൂപാ വന്നിരുന്നതു കൊടുത്തപ്പോൾ അവൻ ഇതിന് ധർമ്മമായിട്ട് 10 രൂപാ തരികയും മറ്റു വഴി 8 രൂപാ, ഇങ്ങനെ ഇതുകൊണ്ട് തുടങ്ങി പനമ്പും തെങ്ങും കൊണ്ട് മൂന്നു മുറിയും, ഒന്ന് ഊട്ടുമുറിയും ഒന്ന് പ്രാർത്ഥനാസ്ഥലവും ഇങ്ങനെ തിരിച്ചുണ്ടാക്കി. അപ്പോൾ പെ.ബ. മെത്രാപ്പോലീത്താച്ചൻ നാല്പതുമണിയുടെ ശുദ്ധകുർബ്ബാനയുടെ ആരാധന തുടങ്ങണമെന്നും കല്പിച്ചു. ആയതിനുത്സാഹിച്ച് ഈ ആണ്ടത്തെ കെത്തുമായുടെ ശേഷമുള്ള വ്യാഴം, വെള്ളി, ശനി മൂന്നു ദിവസമായിട്ട് ഈ അപേക്ഷ കഴിപ്പാൻ നിശ്ചയിച്ച് അതിനോടുകൂടെ ഇതും തുടങ്ങണമെന്ന് ഉറച്ച് രണ്ടിനും കൂടെ ഉത്സാഹിച്ചു. ഇതിനിടയിൽ ചില ആളുകളെ നാട്ടുമര്യാദയിലുള്ള പലിശ ലാഭം ഇതിനെ തിരക്കുവാനായിട്ട് കല്പനപ്രകാരം കൂടിയതിൽ ആലപ്പുഴ എലഞ്ഞിക്കൽ മത്തായി 25, ഞാറയ്ക്കൽ മാളിയേക്കൽ 15, ഇങ്ങനെ ഏതാനും വകയും അർത്തുങ്കൽ ചെത്തിയിൽ പുത്തൻപുരയ്ക്കൽ വസ്യാൻ എന്ന ഒരു ഭക്തിക്കാരൻ ലാസറെന്നവന്റെ അനുജൻ എന്ന ഇവരുടെ നന്മനസ്സാൽ 38 രൂപയും ഈ പുണ്യ ശുദ്ധ കുർബ്ബാനയുടെ ആരാധനയ്ക്കായി വന്നപ്പോൾ കൊണ്ടുവന്നു...

...ഇതൊക്കെയും കൊണ്ട് പട്ടാങ്ങയായ അഗതിത്വം പോലെ ഒരു സ്ഥലമുണ്ടാക്കി കുംഭം 13-ന് ചൊവ്വാഴ്ച 5 മണി വെളുത്ത ഉടൻ പ്രിയോരും, ദെല. മൂപ്പച്ചനും കൂടെ വേണ്ടിയതൊക്കെയും, തല്ക്കാലമായിട്ട് നമ്മുടെ

*പുതുസന്യാസികളുടെ നൊവിസ്യാത്തിൽ ഇരുന്ന ഉണർത്തു മണിയും കൊന്തക്കുരുവും, കൊടിൽ, കമ്പി, കത്രിക, തൂശി, നൂൽ, കനുവെത്തി, മഷിക്കുപ്പി, തൂവൽ, കടലാസ്, ആണി, ചുറ്റിയൽ, വിളക്ക്, ഉന്തേരണ, പസ്കികൾ, മരക്കുരിശുകൾ, ഹന്നാൻവെള്ളം, പണുങ്ങാടൻ കോപ്പ, മണ്ണുതംപ്ളേര, കയിൽ, കാർപ്പ്, കറിക്കത്തി, മൺകരകം, കൂശ ശേഷവും കൊണ്ടുപോയി. പീലാത്തോസിന്റെ വീട്ടിലുള്ള പലകകളും (കക്കൂസുപെട്ടി) ഞങ്ങൾ തന്നെ ആസ്തമാക്കി ചമച്ചു. മൂന്നു മുറിയിലും കട്ടിലും, പായും, പുതപ്പും, ചെറിയ മേശ, വങ്ക് ഒക്കെയും ആസ്തമാക്കി കഴിഞ്ഞപ്പോൾ ശ്രേഷ്ഠത്തിയും രണ്ടു കന്യാസ്ത്രീകളും ഒരു സഹായക്കാരത്തിയും, ഇവരു പള്ളിയിൽ ശുദ്ധ കുർബ്ബാനയും കൈകൊണ്ട് ആസ്തമായി നില്ക്കയിൽ മുൻപറഞ്ഞിരുന്ന വണ്ണം ആളയച്ചു. അപ്പോൾ ഇവരുടെ മാംസസംബന്ധക്കാരായ സ്ത്രീജനങ്ങളോടുകൂടെ പള്ളിയിൽ നിന്ന് പുറപ്പെട്ട്, ഇവർക്ക് നടന്നു പള്ളിയിൽ വരുവാനായിട്ട് പുത്തനായിട്ടുണ്ടാക്കിയ വഴിയിൽക്കൂടെ നടന്ന്, ഒരു കൂട്ടമായിട്ട് ഇനി കാണ്മാൻ പാടില്ല എന്നതിനാലുള്ള സങ്കടക്കാര് പലര് ഇങ്ങനെ വന്ന് അടക്കവേലിക്കകത്ത് സ്ത്രീജനങ്ങളെല്ലാം കടന്നു. ഇവര് പ്രാർത്ഥനാസ്ഥലത്ത് പുക്ക് കുമ്പിട്ട് കുറേ നമസ്ക്കരിച്ചശേഷം മൂപ്പച്ചൻ സുർപ്ലേശും ഊറാറയും ഇട്ടിരുന്നു. മരണത്തോളം മഠത്തിൽ പാർത്ത് കന്യാവ്രതം, അഗതിത്വം, ചൊൽവിളി എന്ന ഈ പറഞ്ഞൊപ്പും കാത്തു ജീവിപ്പാൻ മനസ്സാകുന്നോ എന്നുള്ളതിനെ ചോദിച്ചശേഷം ക്രമം പോലെ ചെറിയ സ്കപ്പുളാരയും കൊടുത്തു. തെദേവും ഞാൻ സുറിയാനിയിലും അച്ചൻ ലത്തീനിലും കൂടിയശേഷം ഇരുന്ന് കുറെ ഗുണദോഷങ്ങളും പറഞ്ഞും വച്ച് ശേഷം സ്ത്രീജനങ്ങളെ പറഞ്ഞയച്ചിട്ട് മണിക്ക് ചരടു കൊടുക്കുന്നതും മറ്റും കാണിച്ചു കൊടുത്തു. എന്നാൽ ശ്രേഷ്ഠത്തിയമ്മയുടെ മകൾ സഹോദരി അന്ന ശേഷം ഒക്കെയിലും കുറെ ബുദ്ധിയും വിവേകവും ധൈര്യവും ഉള്ളതിനാൽ ഇതൊക്കെയും വേഗം പഠിക്കുകയും ചെയ്യുന്നു. 11 മണിക്കകത്ത് എല്ലാം കഴിച്ച് ഞങ്ങൾ പോന്നു.*[5]

ചാവറയച്ചന്റെ ഹൃദയത്തെ ഏറെ മുറിപ്പെടുത്തിയ ഒരു സംഭവം അതിനിടയിൽ നടക്കുന്നുണ്ട്. മൂപ്പച്ചന്മാരുടെ മേൽക്കായ്മയും, അവരുടെ കൈവശമുണ്ടായിരുന്ന അധികാരപദവികളും മൂലം തദ്ദേശവൈദികർ അനുഭവിക്കുന്ന നിസ്സഹായതയുടെയും അവഗണനയുടെയും ചിത്രവും അതു വരച്ചു കാണിക്കുന്നുണ്ട്. സഹോദരി ക്ലാരയുടെ മഠപ്രവേശനത്തോടനുബന്ധിച്ചു നടന്ന കാര്യങ്ങളാണവ. കൂനമ്മാവ് *നാളാഗമം* പ്രസ്തുത സംഭവവികാസങ്ങൾ ഇങ്ങനെ വിവരിക്കുന്നു:

*പ്രിയോരച്ചൻ അറിയിച്ചിരുന്നതിനാൽ 11-ാം തീയതി തന്നെ സഹോദരി ക്ലാര കൂനമ്മാവിൽ വന്നെത്തി. അവൾ സുറിയാനിക്കാരായ വൈക്കത്തു പള്ളി ഇടവകയിൽ പുത്തനങ്ങാടി കൊച്ചുവർക്കി വൈദ്യന്റെ മകളായി*

*ജനിച്ചു. ഏലീശാ എന്നായിരുന്നു പേര്. തന്റെ 14-ാം വയസ്സിൽ വിവാഹം കഴിച്ച് 10 വർഷം ഭർത്താവിനോടൊത്തു ജീവിക്കുകയും 24-ാം വയസ്സിൽ ഭർത്താവു മരിച്ചതിനുശേഷം സ്വഗൃഹത്തിൽ സഹോദരനായ ഇസഹാക്കു വൈദ്യനോടൊത്തു കഴിഞ്ഞുകൊണ്ട് അനുദിനകുർബ്ബാനയിൽ പങ്കുകൊണ്ട് അടുക്കലടുക്കൽ കുമ്പസാരവും ധ്യാനവും പ്രാർത്ഥനകളുമായി ഭക്തജീവിതം നയിച്ചുവന്നിരുന്ന വ്യക്തിയായിരുന്നു. അവളെക്കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞിരുന്ന പ്രിയോരച്ചൻ ഈ അന്തസ്സിൽ ചേരാൻ മനസ്സുണ്ടെങ്കിൽ വരണമെന്ന് ആ പള്ളിയുടെ വികാരിയച്ചൻ വഴി അറിയിച്ചിരുന്നതനുസരിച്ചാണ് അവൾ വന്നത്. അവളുടെ വരവിന് കൂടെപ്പിറപ്പുകളും ബന്ധുക്കളും പല തടസ്സങ്ങളും ഉന്നയിച്ചുവെങ്കിലും അതൊന്നും കൂട്ടാക്കാതെ വരുന്നതിന് ധൈര്യം കാണിച്ചതിനാൽ ഇളയപ്പനായ പുത്തനങ്ങാടി ഇട്ടൂപ്പിന്റെയും വികാരിയച്ചന്റെയും കൂടെ വന്നു. വേണ്ടുന്നതൊക്കെയും അവൾ കൊണ്ടുവന്നിരുന്നു എങ്കിലും ബ.മൂപ്പച്ചൻ ഒരിക്കലും കണ്ടറിവില്ലായ്കയാൽ, ഒന്നു രണ്ടു കുറി കുമ്പസാരക്കൂട്ടിൽ വന്നു ചോദിച്ചു പറഞ്ഞ് ഒരു വീട്ടിൽ താമസിക്കാൻ കല്പിച്ചു. ഇതിനാൽ കുറേ സങ്കടവും ഇളക്കവും തോന്നി എങ്കിലും ചൊൽവിളിയിൽ ഉറച്ചു പാർത്തു.*[6]

തദ്ദേശീയ വിശ്വാസധാര പക്ഷപാതപരമായി തഴയപ്പെടുന്നതിന്റെ ചിത്രം വെളിപ്പെടുത്തുന്ന ഒരു സന്ദർഭം കൂടിയാണിത്. അവളുടെ ആത്മീയസ്ഥിതി ശരിയായി അറിയാവുന്ന വികാരിയച്ചനോടൊത്ത് ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളോടുംകൂടിയാണ് അവൾ വന്നത്. എന്നിട്ടും പ്രഥമ ദിനത്തിൽ മൂപ്പച്ചൻ പരീക്ഷിച്ചറിഞ്ഞില്ല എന്ന കാരണത്താൽ മാത്രം അവൾ സ്വീകരിക്കപ്പെടാതിരുന്നതും പ്രവേശന ഊഴം കാത്തിരിക്കേണ്ടി വന്നതും അവൾക്കും ചാവറയച്ചനും ഹൃദയഭേദകരമായിരുന്നിരിക്കണം. അവർ രണ്ടുപേരും അത് ദൈവസ്നേഹത്തെപ്രതി സ്വീകരിക്കുകയും ചൊല്ലുവിളിയിൽ ഉറപ്പുള്ളവരായി നിലകൊള്ളുകയുമാണ് ചെയ്തത്. ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുകയാണല്ലോ ചാവറയച്ചൻ എന്നും ചെയ്തത്. ദൈവമാണ് ഈ സന്യാസിനീസമൂഹം ആരംഭിക്കുന്നത്. അതിന് തന്റെ ഈ ശൂന്യവത്ക്കരണം ആവശ്യമാണ്. അതുവഴി ദൈവത്തിന്റെ നിയോഗം തന്നിലൂടെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതായിരുന്നു മനോധാര. അദ്ദേഹത്തെ ദൈവം ഉയർത്തി എന്നത് ഈ സമാരംഭത്തിന് ദൈവം കൊടുത്ത അംഗീകാരമാണ്.

പിറ്റേന്ന്, അതായത് 1866 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച മൂപ്പച്ചൻ അവളെ കുമ്പസാരക്കൂട്ടിൽ വിളിച്ച് കുമ്പസാരവും പരീക്ഷയും നടത്തി, വിശുദ്ധ കുർബ്ബാനയും നൽകി. അന്നു വൈകുന്നേരം നാലുമണിക്ക് മൂപ്പച്ചനും പ്രിയോരച്ചനും കൂടി മഠത്തിലെത്തി:

*എങ്ങനെയിരിക്കുന്നു? എല്ലാവർക്കും തെളിവും സന്തോഷം തന്നെയോ? വിഷാദമോ ക്ലേശമോ ഉണ്ടോ?*[7] എന്നൊക്കെ അവരോട് അന്വേഷിച്ചു. സഹോദരി ത്രേസ്യാ ഇന്നലെ ഭക്ഷണമൊന്നും കഴിച്ചില്ലെന്നും അമ്മയുടെ അരികെ നിന്നു മാറിയതിനാൽ ക്ലേശമുണ്ട്[8] എന്നും ശ്രേഷ്ഠത്തിയമ്മ മറുപടി പറഞ്ഞു.

*പിന്നെ, നിങ്ങൾക്ക് ഒരു സഹോദരികൂടെ വരുന്നത് നിങ്ങൾക്കു സന്തോഷമാണോ?*

മൂപ്പച്ചൻ അവരോടന്വേഷിച്ചു.

ശ്രേഷ്ഠത്തിയമ്മ മറുപടി പറഞ്ഞു:

*ഞങ്ങൾക്ക് ഒരു കൂടപ്പിറപ്പുകൂടെ വരുന്നത് സന്തോഷമാണ്.*[9]

തുടർന്ന് മൂപ്പച്ചൻ പ്രിയോരച്ചനോടു പറഞ്ഞ് അവരെ വിളിപ്പിച്ചു. ഉടൻ സഹോദരി ഏലീശ്വായും അവളുടെ ഇളയപ്പനും പായ, പെട്ടി മുതലായവ ചുമന്നിരുന്ന ആളോടൊപ്പം പുറവേലി കടന്നുവന്നു. അടക്കവേലിവരെയേ ഇളയപ്പൻ വന്നുള്ളു. സാമാനങ്ങളുമായി അവൾ അകത്തോട്ടുവന്ന് മൂപ്പച്ചന്റെ സ്കാപ്പുലർ ചുംബിച്ച് മുട്ടുകുത്തി നിന്നപ്പോൾ ചോദിച്ചു:

*ഇവർക്ക് ശുശ്രൂഷ ചെയ്തുകൊണ്ട് മരണം വരെ ഇവിടെ ജീവിക്കാൻ മനസ്സുണ്ടോ?*

*മനസ്സായിരിക്കുന്നു.*

അവൾ പ്രത്യുത്തരിച്ചു.

*അങ്ങനെ മനസ്സാകുന്നുവെങ്കിൽ ഈ പാവപ്പെട്ട എന്നെക്കൂടെ നിങ്ങളുടെ വേലക്കാരിയായി സ്വീകരിക്കണമെന്ന് ശ്രേഷ്ഠത്തിയമ്മയുടെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിക്ക്* എന്നു പറഞ്ഞു.

അവൾ ശ്രേഷ്ഠത്തിയും മറ്റു സഹോദരിമാരും ഇരിക്കുന്നിടത്തു ചെന്ന് ശ്രേഷ്ഠത്തിയുടെ മുൻപിൽ മുട്ടുകുത്തി അപേക്ഷിച്ചു. അതിനു ശ്രേഷ്ഠത്തി പ്രതികരിച്ചു.

*ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകുന്നു. ഞങ്ങളിൽ ഒരാളെപ്പോലെ കൂടപ്പിറപ്പിനെയും സ്വീകരിക്കുന്നു. ദൈവം തരുന്ന ഭിക്ഷ കൈക്കൊണ്ടു പാർക്കാൻ നല്ല മനസ്സായിരിക്കുന്നു.*[10]

ശ്രേഷ്ഠത്തി ഇതു പറഞ്ഞതിനുശേഷം മൂപ്പച്ചന്റെ മുമ്പിൽ മുട്ടുകുത്തിച്ചു. സ്കാപ്പുലർ കൊടുത്ത് സമൂഹത്തിൽ ചേർക്കുന്നതിനിടയിൽ അവളുടെ പേരെന്തെന്ന് അന്വേഷിച്ചു. *ഏലീശ്വാ* എന്നു കേട്ടപ്പോൾ ശ്രേഷ്ഠത്തി, സഹായക്കാരി എന്നീ രണ്ടുപേരുടെയും പേര് *ഏലീശ്വാ* എന്നാകയാൽ അവൾക്ക് *ക്ലാര* എന്നു പേരു നൽകി, ത്രേസ്യാ പുണ്യവതിയുടെ മൂന്നാം സഭ കന്യാസ്ത്രീകളുടെ കൂട്ടത്തിൽ ചേർത്തു.[11]

മേൽപ്പറഞ്ഞ പനമ്പുമഠത്തിൽ സന്യാസാർത്ഥിനികളെ താല്ക്കാലികമായി താമസിപ്പിച്ചതിനുശേഷം മഠം പണിയ്ക്കായുള്ള ശ്രമം ആരംഭിച്ചു.

പ്രിയോരച്ചൻ സ്വന്ത ശിഷ്യരായ വൈദികന്മാരിൽ നിന്നും പള്ളികളിൽ നിന്നും 8000 രൂപയോളം പിരിച്ചെടുത്ത് 8 മാസം കൊണ്ട് പണി തീർത്ത് 1867 മീനം 27ന് അവരുടെ സഭാവസ്ത്രധാരണകർമ്മം ആഘോഷപൂർവ്വം നടത്തുകയുണ്ടായി. പ്രിയോരച്ചൻ നാളാഗമത്തിൽ എഴുതിയിരിക്കുന്നു:

*67-ാം കാലത്തിന്റെ മനോഗുണങ്ങളിൽ ഒന്ന് സർവ്വേശ്വരൻ നമുക്കു ചെയ്തിരിക്കുന്നു. അതായത് മീനത്തിൽ പനമ്പിൽ പാർപ്പിച്ച കന്യാസ്ത്രീകളെ 67 മീനം 27ന് പുത്തൻ മഠത്തിൽ സമസ്തവും തീർത്ത് പ്രാർത്ഥനാമുറിയിൽ വിയാസാഗ്രാ മുതലായതും, അൾത്താര, പുത്തൻ കത്ത്സാൾ, പൂച്ചട്ടികൾ മുതലായതും ശയനമുറിയിൽ പസ്കികളും ഊട്ടുമുറിയിൽ തൂവായ വെള്ളപ്പാത്രങ്ങളും, മുറികളിൽ കട്ടിലും, പായും, പുതപ്പും, പുത്തൻ കോളാമ്പികളും, കാഴ്ചമുറിയിൽ കുമ്പസാരക്കൂടും പ്രത്താറൊത്താ മുതലായതും, പള്ളിയിൽ കടക്കാതെ പള്ളിയോടു ചേരെ തന്നെ കുമ്പസാരവും, ശുദ്ധ കുർബ്ബാന കൈക്കൊൾവാനും മറ്റുമായിട്ടുള്ള ഒരു പണി പള്ളിയിലും; ഇതൊക്കെയും ഒരു കാശുമില്ലാതെ അഗതികളായ ഞങ്ങളെ അധികവേലയും ചെയ്യാതെ 8000 രൂപ വരെ ധർമ്മം തരുവിച്ചും ആയതും തെളിവുള്ള ധർമ്മമായി തരുവിച്ച് നിറവേറ്റിയതുമല്ലാതെ ഇതിൽ 18 രൂപ ശുദ്ധമുള്ള ദ്രവ്യമല്ലെന്നും നമ്മുടെ മൂപ്പച്ചൻ ഹൃദയസാക്ഷി പറയകയാൽ പെ.ബ. അച്ചനോട് അനുവാദം വാങ്ങിച്ച് ഈ 18 രൂപയും ധർമ്മമായി പിച്ചക്കാർക്ക് കൊടുത്തതല്ലാതെ ഈ പണിയിൽ ചേർത്തില്ല. ഈ വണ്ണം ശുദ്ധമുള്ള നിയോഗത്തോടും സൂക്ഷ്മത്തോടും കൂടെ നമ്മുടെ ദെലഗാത്തച്ചന്റെ താല്പര്യത്താൽ നിറവേറി. സഹായക്കാരത്തിയെ വസൂരിദീനം മൂലം വീട്ടിലേയ്ക്കയയ്ക്കേണ്ടി വന്നു. സർവ്വേശ്വരൻ അവൾക്കു പകരമായിട്ട് ഈ കൂനമ്മാവ് കരയിൽ പഴമയും വേണ്ടത്തക്കവരുമായ പഴേപള്ളിയിൽ അന്നായെന്ന തറവാട്ടുകാരത്തിയെയും എടക്കൊച്ചി എടവകക്കാരത്തിയായ മൂന്നു വർഷം മുമ്പിനാൽ ഇവിടെ വന്ന് ഭക്തിയാൽ പാർത്തു വന്ന ഒരു വയസ്സി പ്രക്കുദോര അന്വേഷക്കാരത്തിയായും, ഇങ്ങനെ 6 പേരും ശുദ്ധ കുർബ്ബാനയും കൈക്കൊണ്ട് അവർക്കായി വച്ച പുത്തൻ പടി കടന്ന് പുത്തൻ വഴിയെ പുത്തൻ മഠത്തിൽ വരികയും കടന്നുടൻ പെ.ബ. മൂപ്പച്ചൻ അതിനടുത്ത ക്രമത്തോടുകൂടെ സഹായക്കാരത്തി സഹായിച്ചുകൊണ്ട് അവരു നാലുപേരെയും ളോവ, സ്കാപ്പുളാര, തലമുടി, വെട്ടിയ നാടൻ ഇതൊക്കെയും ഉടുപ്പിച്ച് മഠവും മുറികളും റൂശ്മാ ചെയ്ത്, വലിയ മണി, ചെറിയ മണി, ഇതൊക്കെയും കൊട്ടികാട്ടി, പ്രാക്കുദോരായിട്ട് കിളവനെയും നിയമിച്ച് സമസ്തവും കഴിച്ച് പതിനൊന്നുമണിക്ക് ഞങ്ങൾ പോരുകയും ചെയ്തു. എന്നാൽ ഇവിടെ വന്ന് മൂപ്പച്ചൻ അമ്മയുടെ (വി. ത്രേസ്യായുടെ) പുസ്തകം എടുത്ത് തുറന്നപ്പോൾ മുൻ ഒരിക്കലും കാണാത്ത വർത്തമാനം കണ്ട് വായിച്ചു. അതായത് "അമ്മ ത്രേസ്യാക്ക് ഇന്ത്യയിലുള്ള കാരണവന്മാരായ ക്രിസ്ത്യാനികളുടെ എഴുത്തു കിട്ടി. ഇവിടെയും വന്ന് മഠം സ്ഥാപിക്കണമെന്നുള്ള അപേക്ഷ. ഇതു വായിച്ച്*

*നമ്മുടെ ദുർഭാഗ്യത്താൽ കരഞ്ഞ് ഈ ഇന്ത്യയിൽ വരണമെന്നും നിശ്ചയിച്ചു. എന്നാൽ ഇതിന് തന്റെ മുറപ്രകാരം ഈശോമിശിഹായോടു പ്രാർത്ഥിച്ചപ്പോൾ താൻ കാണപ്പെട്ട് കല്പിച്ചു. മകളേ നീ ഇതിനെ ഇപ്പോൾ അപേക്ഷിക്കേണ്ട. നിന്നാലെ അല്ല ഇതിനെ നിറവേറ്റുന്നത്. പിന്നെയോ നിന്റെ മക്കളാൽ അതിന്റെ കാലത്തിൽ നിന്റെ മക്കളായ സന്യാസികൾ അവിടെയും ചെല്ലും. അവരു സന്യാസികളെയും കന്യാസ്ത്രീകളെയും സ്ഥാപിക്കും." ഇതു കണ്ട ഉടൻ അമ്മ തന്നെ മോക്ഷത്തിൽ ഇരുന്ന് നടത്തിയെന്നും, ഇനിയും നടത്തും എന്നും നിശ്ചയിച്ചു. സർവ്വേശ്വരൻ എന്നെ അധികം കടപ്പെടുത്തുവാനായിട്ട് ഇതിനേയും കാണ്മാൻ ഇനിക്ക് ആയുസ്സ് നീളിപ്പിച്ചു എന്നു ഞാൻ നിരൂപിക്കുന്നു. തനിക്ക് എപ്പോഴും എല്ലായ്പ്പോഴും സ്തുതി വർദ്ധിക്കട്ടെ.*[12]

പോരൂക്കര പ്രിയോരച്ചന്റെ നാളാഗമത്തിൽ മഠം പണി സംബന്ധിച്ച് ഇങ്ങനെ കുറിച്ചിരിക്കുന്നു:

*മഠത്തിന്റെ പണി തുടങ്ങുന്നതിന് കല്ലൂർക്കാട്ടു ചെന്നു 100 രൂപ വാങ്ങിച്ച് പുളിങ്കുന്നിലെ കൊവേന്തയുടെ പണിയും കണ്ട് ചേന്നൻകരി വഴി വന്നു ചേർന്നു. തിരുനാളിന്റെ പിറ്റേ ദിവസം കാലത്തെ യാത്ര പുറപ്പെട്ട് മുട്ടത്തും അർത്തുങ്കലും മേലെഴുതിയ ധർമ്മത്തിനായിട്ട് കരേറി ധർമ്മവും വാങ്ങി പോയി.*[13] *മഠം പണിതു നിറവേറ്റുന്നതിന് ഉത്സാഹിച്ച് മലയാറ്റൂർ മുതലായ പള്ളികളിലേയ്ക്ക് തുലാവർഷം തുടക്കത്തിൽ പുറപ്പെട്ടു. ചേരാനെല്ലൂർ വച്ച് അദ്ദേഹത്തിനു വാതപ്പനി തുടങ്ങി. രണ്ടു ദിവസം ബോധമില്ലാതെ കിടന്നു. അസുഖത്തോടെ തന്നെയാണ് കൂനമ്മാവു കൊവേന്തയിലെത്തിയത്. കാലിൽ നീരു കൂടി പൊട്ടി. അവസാനം ഒരുവിധം സുഖമായി.*

പോരൂക്കര പ്രിയോരച്ചൻ വീണ്ടും എഴുതുന്നു:

*വിദേശങ്ങളിലുള്ളപോലെയുള്ള മഠം പണിയിക്കുന്നതിനായിരുന്നു ചാവറയച്ചന്റെ ആഗ്രഹം. എന്നാൽ ധർമ്മത്താൽ ഈ കൊവേന്തകളൊക്കെ ഒരുവിധം നടന്നും എല്ലാവരും മടുത്തും ഇരിക്കുമ്പോൾ ആർക്കും ഇക്കാര്യത്തെക്കുറിച്ച് വലിയ ശരണമുണ്ടായിരുന്നില്ല. എന്നാൽ ചാവറയച്ചൻ തമ്പുരാനിൽ പൂർണ്ണമായും ശരണപ്പെട്ടുകൊണ്ട് മെത്രാപ്പോലീത്താച്ചനിൽ നിന്നും പിടിയരി മുതലായ വകയിൽ നിന്നും യാതൊന്നും കൂടാതെ വിചാരിച്ചാൽ വലിയ പ്രത്യക്ഷമായിരിക്കുന്നു എന്നുള്ള പ്രകാരത്തിൽ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പുത്തൻ വർത്തമാനം പോലെ പട്ടക്കാരിൽ നിന്നുമായിട്ട് ഏറെക്കുറെ 8000 ചില്വാനം രൂപവരെയും അധികവും എഴുത്തു വഴിയായി പിരിച്ച് ചുരുങ്ങിയ ദിവസംകൊണ്ട് വിശേഷമാതൃകയായി മഠവും തീർത്ത് അതിനു വേണ്ടിയതൊക്കെ ആസ്തമാക്കി പിറ്റേ നോയമ്പിൽ പുത്തൻ മഠത്തിൽ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ഈ പണി നടത്തിപ്പിന്റെ അവസ്ഥ സൂക്ഷിച്ചുനോക്കുമ്പോൾ ഏറിയ വേലക്കാരുകൂടി ഓരോ*

*ദിവസവും ഏറിയ ചിലവു നടത്തുന്നു. എന്നാൽ പണമില്ലാത്തതുകൊണ്ട് മുടങ്ങുന്നതിന് ഇടയും വരുന്നില്ല. ഏതും ഞങ്ങൾക്കില്ലാത്തവരെപ്പോലെ സർവ്വതും ഞങ്ങൾ അടക്കിയിരിക്കുന്നുവെന്നുള്ള തിരുവചനം ഇവിടെ തിക യുന്നു."*[15]

ഇങ്ങനെ ചാവറയച്ചന്റെയും ദെലഗാത്ത് മൂപ്പച്ചന്റെയും ശ്രമഫലമായി ഉണ്ടായ ഈ കന്യകാമഠത്തിൽ സുറിയാനിക്കാരും ലത്തീൻകാരും ഏക യോഗക്ഷേമമായി ദൈവശുശ്രൂഷ നടത്തിവന്നിരുന്നു. 1887-ൽ സുറിയാനി ക്കാരെ വരാപ്പുഴ ഭരണത്തിൽ നിന്ന് വേർതിരിച്ചപ്പോൾ പരിശുദ്ധ സിംഹാസനത്തിൽ നിന്ന് മഠം സുറിയാനിക്കാർക്കുതന്നെ ന്യായാനുസൃത മായി വിട്ടുകൊടുക്കുകയാണുണ്ടായത്. ആരംഭകാലത്തും വിഭജനാനന്തരവും TOCD എന്നു ആദ്യപാദത്തിൽ വിളിക്കപ്പെട്ടിരുന്ന ഈ സന്യാസിനീധാര യിലെ അംഗങ്ങളാണ് ഇന്ന് സീറോ മലബാർ സഭയിൽ CMC എന്നും ലത്തീൻ സഭയിൽ CTC എന്നും അറിയപ്പെടുന്ന രണ്ടു സന്യാസിനീസമൂഹ ങ്ങളായി പരിണമിച്ചത്; ഒരേ വിശ്വാസധാരയുടെ തുടർവ്യാപനങ്ങൾ എന്നു സാരം.

## സ്ഥാപനത്തിന്റെ നിയോഗവഴിയെ

1866 ഫെബ്രുവരി 13-ന് കൂനമ്മാവിൽ സ്ഥാപിതമായ സ്ത്രീകൾക്കാ യുള്ള നിഷ്പാദുക കർമ്മലീത്താ മൂന്നാം സഭയ്ക്ക് (TOCD) തുടക്കം കുറി ക്കുന്നതിലും വളർത്തി പരിപാലിക്കുന്നതിലും ചാവറയച്ചൻ വഹിച്ച പങ്ക് ചരിത്ര നാളുകളിൽ ഒളിമങ്ങാതെ നിലനിൽക്കുന്നുണ്ട്. മൂലരേഖകൾ അതിനുസാക്ഷ്യം വഹിക്കുന്നുമുണ്ട്.

സന്യാസസമൂഹത്തിന്റെ സ്ഥാപകനുണ്ടായിരിക്കേണ്ട സവിശേഷതക ളെക്കുറിച്ച് തിരുസഭയുടെ രീതിവഴികളിൽ നിന്നും വ്യക്തമായി വായിച്ചെടു ക്കാവുന്നതേയുള്ളൂ.

സന്യാസമൂഹത്തിനു ജന്മം നൽകാനുള്ള ആദ്യ പ്രചോദനം (Original inspiration) വ്യക്തവും കൃത്യവുമായ ലക്ഷ്യത്തോടെ ഹൃദയത്തിൽ സ്വീക രിക്കുന്നയാൾക്കുമാത്രമേ സ്ഥാപനത്തിനുള്ള ദൈവവരം ലഭിക്കുകയുള്ളൂ. അതിനനുസൃതം തന്നെയാണ് ആദ്യസമൂഹത്തെ രൂപപ്പെടുത്തുന്നതും. ഈ വഴക്കം എവിടെയും പാലിക്കപ്പെട്ടിട്ടുള്ളതായി സഭാചരിത്രം സാക്ഷ്യപ്പെടു ത്തുന്നു. ഈ കാഴ്ച്ചപ്പാടിന്റെ വെളിച്ചത്തിൽ മൂലരേഖകളെ വിശകലനം ചെയ്തു വേണ്ടിയിരിക്കുന്നു സത്യത്തിലേയ്ക്കെത്തുവാൻ.

കൂനമ്മാവു മഠം *നാളാഗമം* തുടങ്ങുന്നതുതന്നെ *കന്യാസ്ത്രീമഠത്തിന്റെ ആരംഭം*[16] എന്ന ശീർഷകത്തോടെയാണ്. അതിലെ ആദ്യ വരികൾ മഠസ്ഥാ പനത്തിനുള്ള ഉൾവിളി ആരുടെ ഹൃദയത്തിലാണ് ദൈവം അങ്കുരി പ്പിച്ചതെന്നു വ്യക്തമാക്കുന്നുമുണ്ട്:

*ഏറിയനാൾ മുമ്പിനാലെ സത്യവേദം നടന്നിരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല പുണ്യകണ്ടുപഠിത്വം കൂടാതെയും കന്യാത്വം കാത്തിരിപ്പാൻ മനസ്സുള്ളവരുണ്ടായാലും ആയതിന് ഒരു പോംവഴിയും നിർവ്വാഹവും കൂടാതെ ഈ ദുഃഖത്തിൽതന്നെ ദീർഘകാലമായി നടന്നുവരികയിൽ....*[17]

പുണ്യാത്മാക്കളില്ലാതെ മച്ചിയായിരിക്കുന്ന അവസ്ഥാവിശേഷത്തിന് മാറ്റം വരണമെങ്കിൽ കൊവേന്തകളും മഠങ്ങളും കേരളസഭയിൽ ഉണ്ടാകണമെന്നും അത് സാധിതമാകാത്തതിന്റെ ഹൃദയദുഃഖം ദീർഘനാളുകളായി ചാവറയച്ചനും മറ്റും അനുഭവിക്കുകയാണെന്നും ഈ വരികൾ സ്പഷ്ടമാക്കുന്നു. ഈ ദുഃഖത്തിന്റെ ആഴം ഗ്രഹിക്കാൻ നാം അല്പമൊന്നു പുറകോട്ടു തിരിയേണ്ടിയിരിക്കുന്നു.

1829-ൽ പട്ടക്കാർക്കായി ദർശനവീടിനുള്ള പണപ്പിരിവിനായി രൂപപ്പെടുത്തിയ ധർമ്മക്കടലാസിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

*ഇതിൽപ്പിന്നെ ശുദ്ധമാക്കപ്പെട്ട വേദം കൈക്കൊള്ളപ്പെട്ട ഇടങ്ങളിൽ ചുരുങ്ങപ്പെട്ട സ്ഥലങ്ങളിലും പല ആശ്രമങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ഉണ്ടായിരിക്കുംവണ്ണം പൂർവ്വമായി വിശ്വസിക്കപ്പെട്ട നിങ്ങൾക്കും ഇതു വേണമെന്ന് ശുദ്ധമാനപള്ളിയോട് അപേക്ഷിച്ചതെന്യേ, ഇതുവരെ നടന്നുവരായ്കയാൽ..... പട്ടക്കാരുടെ ഇടയിൽപോലും ഇതിന് മുതിരപ്പെട്ട ഒരു കൂട്ടം ഇവിടെ കണ്ടെത്തായ്കയാൽ (ഇവരുടെ) ഉത്സാഹത്തിൽ നിന്ന് എല്ലാറ്റിനും ഒരു വാതിൽ തുറക്കപ്പെടുവാൻ ഇവരുടെ കൂട്ടത്തിനായിട്ട് ഒരു പള്ളിയും അവർക്കു വേണ്ടിയുള്ള താമസസ്ഥലങ്ങളും ഇതിൽ കൂടുന്നവരുടെ ചിലവിനുവേണ്ടി..... ദാനധർമ്മങ്ങളും ചെയ്ത് അരൂപിക്കടുത്ത വിളവുകളുടെ കറ്റ കൊയ്തുകൊള്ളുകയും വേണം.*[18]

മത്ത്യാസ് മുണ്ടനാടനച്ചൻ ഈ ഉദ്ധരണിയ്ക്കു കൊടുത്തിരിക്കുന്ന വ്യാഖ്യാനവും ശ്രദ്ധേയമാണ്. പാലയ്ക്കൽ - പോരൂക്കര തോമ്മാ മല്പാനച്ചന്മാരുടെ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം ഇത് എഴുതിയിരിക്കുന്നതെങ്കിൽ *(ഇവരുടെ) ഉത്സാഹത്തിൽ നിന്ന് എല്ലാറ്റിനും ഒരു വാതിൽ തുറക്കപ്പെടുവാൻ....* എന്ന പരാമർശം വിരൽ ചൂണ്ടുന്നത് പിന്നീട് ഉണ്ടായിക്കാണുവാൻ മല്പാനച്ചന്മാർ ആഗ്രഹിച്ചിരുന്ന ആശ്രമങ്ങളുടെയും മഠങ്ങളുടെയും നേർക്കുതന്നെ ആയിരിക്കണമല്ലോ. ഈ മല്പാനച്ചന്മാരുടെ പ്രചോദനങ്ങളിലും ആശയങ്ങളിലും പദ്ധതികളിലും പങ്കു ചേരുകയും അതു തന്റേതാക്കുകയും ചെയ്ത ചാവറയച്ചനും ഹൃദയത്തിൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള സന്യാസജീവിതം ആരംഭിക്കുക എന്ന ആഗ്രഹം വൈദീക ജീവിതത്തിന്റെ ആരംഭം മുതലേ കാത്തുസൂക്ഷിച്ചിരിക്കണം എന്നതും അതിനാൽ നിസ്തർക്കമാകുന്നു.[19]

വസ്തുതകളെല്ലാം കൂട്ടിച്ചേർത്തു വായിക്കുമ്പോൾ വ്യക്തമാകുന്നത് കൂനമ്മാവു മഠത്തിലെ ആദ്യ അംഗങ്ങൾ ജനിക്കുന്നതിനു വളരെ മുമ്പേ തന്നെ കേരളത്തിൽ കൊവേന്തയും കന്യാസ്ത്രീമഠവും തുടങ്ങുന്നതിനുള്ള ആലോചനകളും പദ്ധതികളും ഉണ്ടായിരുന്നു എന്നതാണല്ലോ. ആദ്യ അംഗ മായ വാകയിൽ ഏലീശ്വാമ്മ ജനിക്കുന്നത് 1831-ൽ ആണെന്നോർക്കുക. 1855-ൽ ആലങ്ങാട് കുന്നേൽ പള്ളിയ്ക്കു സമീപവും തുടർന്ന് മാനമ്പാടി പുത്തൻപള്ളിയോടു ചേർന്നും മഠസ്ഥാപനത്തിനായി രണ്ടു ശ്രമങ്ങൾ നടന്നു എന്നതിനും വ്യക്തമായ തെളിവുകളുണ്ട്. ചാവറപിതാവിന്റെ സമകാലീ നരിൽ ഒരാളായിരുന്ന വർക്കിയച്ചൻ അതിപ്രകാരം രേഖപ്പെടുത്തിയിട്ടു മുണ്ട്:

*ഈ ആവൃതിയിൽ വിസീത്ത കഴിച്ച പള്ളികളിൽ നിന്നും ഇതിന് തലേ ആഴ്ചയിൽ വിസീത്ത കഴിച്ച പള്ളികളിൽ നിന്നും ധർമ്മശേഖരം ഉണ്ടായും ഒരു കന്യാസ്ത്രീമഠം സ്ഥാപിക്കണം എന്നുള്ള താല്പര്യത്തെ കാണിച്ചും അതിന് വേണ്ടിയ സഹായങ്ങളെ കുറിച്ചും ഒരു പരസ്യം അതി പ്രബലനായ മാർ ബർണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ പള്ളികളിൽ അയച്ചിരുന്നു... ആയതിനാൽ പട്ടക്കാർക്കും ജനങ്ങൾക്കും പൊതുവേ സന്തോഷവും തൃപ്തിയും ആയിരുന്നു. ഇതിനുള്ള സ്ഥലത്തെ സംബന്ധിച്ച് പലയിടത്തും ആലോചിച്ചു നോക്കി. ആലങ്ങാട്ട് കുന്നേൽ പള്ളി ഇരിക്കുന്ന സ്ഥലവും നോക്കിക്കണ്ടു...*[20]

ഈ ശ്രമം ഫലശ്രുതിയിലെത്താതെ വന്നതിന്റെ കാരണവും ചൂണ്ടി ക്കാണിക്കപ്പെട്ടിട്ടുണ്ട്:

*ഇങ്ങനെയിരിക്കയിൽ തൃശ്ശിനാപ്പിള്ളി വികാരി അപ്പസ്തോലിക്കയായ അതിപ്രബലൻ കാനൂസ് മെത്രാനച്ചൻ വരാപ്പുഴ വരുന്നതിനിടയായി. ഈ വിഷയത്തെപ്പറ്റി അദ്ദേഹമായിട്ട് ആലോചിച്ചപ്പോൾ കന്യാസ്ത്രീമഠം സ്ഥാപനം അധികദൂരത്താകണ്ട, ഇതിന് ഒട്ടു സമീപമുള്ള ഒരു സ്ഥലത്ത് വേണ്ടിയതാണ് എന്ന് ആലോചന കൊടുത്തു.*[21]

*ഇതിന് തൊട്ടു സമീപമുള്ള ഒരു സ്ഥലത്ത്* എന്നു പറയുമ്പോൾ *ഇതിന്* എന്നതുകൊണ്ട് വീക്ഷിക്കുന്നത് വരാപ്പുഴയിലെ മെത്രാസന മന്ദിരമോ കൂന മ്മാവ് കൊവേന്തയോ ആണ് എന്നുതന്നെ വേണം ന്യായമായും അനുമാനി ക്കുവാൻ. അവിടമായിരുന്നുവല്ലോ ആസ്ഥാനം. അങ്ങനെയാണ് പുത്തൻപ ള്ളിയിലേയ്ക്ക് ശ്രദ്ധ തിരിയുന്നത്. പാറപ്പുറം വർക്കിയച്ചൻ തന്റെ ഡയറി ക്കുറിപ്പിൽ തുടർന്ന് ഇപ്രകാരം എഴുതിയിട്ടുണ്ട്:

*അതിൻ പ്രകാരം അതി പ്രബലനായ മാർ ബർണ്ണർദീനോസ് മെത്രാ പ്പോലീത്താച്ചൻ മാനമ്പാടി പുത്തൻപള്ളിയോട് ചേർന്ന് ഒരു സ്ഥലത്തെ തിരഞ്ഞെടുത്തു. അതിന് ഈ പള്ളിക്കാരും സമ്മതിച്ചുകൊടുത്തു....*[22]

*...അമോലോത്ഭവ വിശുദ്ധ കർമ്മല ദേവമാതാവിന്റെ കന്യാസ്ത്രീമഠം വച്ചു നടത്തുന്നതിന് ഞങ്ങളുടെ പള്ളിവക അട്ടിപ്പേറ് അങ്ങാടിയിൽ കിഴക്കു വശത്തുള്ള 68, 69, 70, 71 – നാലു ലക്കമായിട്ട് പറമ്പ് രണ്ടു മുറിയും, ഇതിനു കിഴക്കുവശം കാണംവകയിൽ 76–ാം ലക്കത്തിൽ തെക്കെമുറി പറമ്പ് ഒന്നും, ഈ വക പറമ്പുകൾ മൂന്ന് മുറിയും വെറും പാട്ടമായിക്കൊടുക്കണമെന്നും ആ വകയുള്ള പാട്ടം പള്ളിക്കു തരുവിച്ചുകൊള്ളാമെന്നും എത്രയും പെ. ബ. മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക ആയ പ്ര.ബർണ്ണർ ദീനോസ് ദെസാന്ത ത്രേസ്യാ എരക്ലാ എന്ന ദിക്കിന്റെ മെത്രാനച്ചൻ കല്പിക്കകൊണ്ടു മേലെഴുതിയ പറമ്പു മൂന്നു മുറിയും കൂടി പാട്ടം കണ്ടു കണക്കുംപടി ആണ്ടി നാൽ പാട്ടം പുത്തൻ ഒരുനൂറ്റി എമ്പത്തിഎട്ടും (188) പള്ളിക്കാര്യത്തിൽ തരുവിച്ച് കുറി വാങ്ങിക്കൊള്ളത്തക്കവണ്ണവും സമ്മതിച്ച് മേലെഴുതിയ കന്യാസ്ത്രീ മഠം വെക്കുന്നതിന് പറമ്പ് മൂന്ന് മുറിയും പാട്ടമായി എഴുതി തന്നതിന് സാക്ഷി പുതുശ്ശേരി ചെറിയതു ഇട്ടിയച്ചനും, ചക്യത്തു വർക്കി മാത്തുവും, വിതയത്തിൽ വർക്കി പൗലോവും, തളിയത്തു വർക്കി പൗലോവും അറികെ... എന്ന് ആയിരത്തി എണ്ണൂറ്റി അമ്പത്തൊമ്പതാം കാലം (1859) കുംഭമാസം 4ന്....*[23]

1831–ൽ മാന്നാനത്ത് സ്ഥാപിതമായ പുരുഷന്മാർക്കുള്ള സന്യാസസമൂഹത്തിന്റെ പേരായിരുന്നു *അമലോത്ഭവ വിശുദ്ധ കർമ്മല ദൈവമാതാവിന്റെ ദാസർ* എന്നത്. പുത്തൻപള്ളിയിൽ സ്ത്രീകൾക്കായി ആരംഭിക്കാൻ ആഗ്രഹിക്കുന്ന സന്യാസിനീസമൂഹത്തിനും ആ പേരിനോട് ചേർന്ന പേരുതന്നെ നൽകപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്. പേരിന്റെ ഈ സാധർമ്മ്യത്തിൽ നിന്ന് മാന്നാനത്തെ സന്യാസസമൂഹത്തിന്റെ ഭാഗമായിട്ടാണ് പുത്തൻപള്ളിയിൽ മഠം പണിയുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാണ്. പുത്തൻപള്ളിയിലെ ശ്രമം വിഫലമായതിന്റെ കാരണം വ്യക്തമായി കൂനമ്മാവ് മഠം നാളാഗമത്തിൽ ചാവറയച്ചൻ വിവരിക്കുന്നുമുണ്ട്:

*.... ഏറിയ ദ്രവ്യം ചിലവു ചെയ്ത് 5 3/4 കോൽ പൊക്കത്തിൽ നാലുവശവും മതിൽ കെട്ടിപ്പൊക്കി വരികയിൽ ബാവെലിൽ നിന്നും ശു.സിംഹാസനത്തിലെ കല്പനയ്ക്ക് വിരോധമായിട്ട് സുറിയാനി മെത്രാൻ വരികയും അപ്പോൾ സുറിയാനി പള്ളിക്കാർ മിക്കതും പോലെ ഇതിൽ ഉൾപ്പെടുകയും ഈ കലക്കം നിമിത്തം വീണ്ടും ഇക്കാര്യം മുടങ്ങി...*[24]

റോക്കോസ് ശീശ്മയാൽ *കന്യാസ്ത്രീമഠം* എന്ന ദിവ്യ സ്വപ്നം നിറവേറാത്തതിൽ ഹൃദയവ്യഥ അനുഭവിക്കുന്ന ചാവറയച്ചനെയാണ് തുടർന്നുവരുന്ന വരികളിൽ കാണുക:

*നല്ല പട്ടക്കാരില്ലായ്കയാലുള്ള ആത്മനാശം കണ്ട് കന്യാസ്ത്രീമഠം ആയത് മാറ്റി സെമിനാരി എന്നു നിശ്ചയിച്ചു. അപ്രകാരം പഠിത്വശാലയാക്കി*

*യതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന ശരണവും കെട്ട് മുമ്പിലത്തേപ്പോലുള്ള ദുഃഖാവസ്ഥയിൽ ജീവിച്ചുവരുമ്പോൾ...*[25]

കൊവേന്തയുടെ അഭാവം 1831-ൽ നീങ്ങി. 1855-ൽ കാനോനികമായി അംഗീകാരവും ലഭിച്ചു. എന്നാൽ കന്യകാമഠം എന്ന ഉൾവിളിയുടെ സാക്ഷാത്കാരത്തിനായി 1866 വരെ ഉള്ളുരുകിയ പ്രാർത്ഥനയോടെ കാത്തിരിക്കേണ്ടിവന്നു. കർമ്മലീത്താ മിഷനറിയായ ലെയോപ്പോൾദിന്റെ *വേലയും സഹായവും* അതിന്റെ സാക്ഷാത്കാരത്തിന് ആവശ്യമായിരുന്നു. ഇതേക്കുറിച്ച് ചാവറയച്ചൻ കൂനമ്മാവ്മഠം *നാളാഗമത്തിൽ* ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

*ഇപ്പോൾ ഞങ്ങൾക്ക് ദലഗാത്തായിരിക്കുന്ന എത്രയും പെ.ബ. ലെയോപ്പോൾദ് മരിയ ദെ സം ജൂസെ എന്ന മൂപ്പച്ചൻ ചെയ്ത വേലയാലും സഹായത്താലും ഇതിനിടയായി. ഇതിനെ വിചാരിക്കുമ്പോൾ... സർവ്വേശ്വരൻ ഈ സന്യാസിമാങ്ങളും കന്യാസ്ത്രീമാങ്ങളും നടത്തുവാനായിട്ട് തന്നെ ഇദ്ദേഹത്തെ യാത്രയാക്കി എന്ന് വിചാരിപ്പാൻ ഇടയുണ്ട്.*[26]

*വേലയാലും, സഹായത്താലും നടത്തുവാനായിട്ട്* എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾ കൂനമ്മാവ് മഠസ്ഥാപനത്തിൽ ചാവറപിതാവിനുള്ള പങ്ക് പരോക്ഷമായി കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

ആദ്യ അംഗങ്ങൾ കുമ്പസാരക്കാരനായിരുന്ന ഫാ. ലെയോപ്പോൾദിനോടാണ് കന്യാത്വം കാത്ത് മരണംവരെ ജീവിക്കാനുള്ള തങ്ങളുടെ ആഗ്രഹം അറിയിക്കുന്നത്:

*.....ഞങ്ങളുടെ ഒന്നാമത്തെ ശ്രേഷ്ഠത്തിയമ്മയായ ഏലീശ്വാ എന്ന വൈതവിയും അവളുടെ ഏക മകളായ അന്നാ സഹോദരിയും ഈ കൂനമ്മാവ് ഇടവകയിൽ ചേർന്ന് വടക്കൻ എന്ന് സാമാന്യം വിളിച്ചുവരുന്ന വാകയിൽ എന്ന വീട്ടിൽ പാർത്തുവരികയിൽ പെ.ബ. മൂപ്പച്ചനോട് ഏലീശ്വായും മകൾ അന്നയും കുമ്പസാരിച്ചുവന്നതുമല്ലാതെയും ഞങ്ങൾ ഇരുവർക്കും ഈ കന്നി സുഖത്തോടെ ... മരണത്തോളം ജീവിപ്പാൻ നിശ്ചയിച്ചിരിക്കയാൽ ഞങ്ങൾ ഇരുവരെയും അച്ചനെ ഏല്പിച്ചിരിക്കുന്നു എന്നു ഏലീശ്വാ മൂപ്പച്ചനെ ബോധിപ്പിക്കയാൽ അദ്ദേഹവും ആ അപേക്ഷ കൈക്കൊണ്ട് വേണ്ടിയ ഗുണദോഷങ്ങളും സൽബുദ്ധികളും ചൊല്ലിക്കൊടുക്കുകയും...*[27]

*മരണംവരെ കന്യാത്വം കാത്തു ജീവിക്കാനുള്ള ആഗ്രഹമാണ്* ആദ്യ അംഗങ്ങളായ ഏലീശ്വായും അന്നയും കുമ്പസാരക്കാരനായിരുന്ന ലെയോപ്പോൾദച്ചനെ അറിയിക്കുന്നത്. *ഞങ്ങൾക്ക് ഇരുവർക്കും കന്നി സുഖത്തോടെ... മരണത്തോളം ജീവിപ്പാൻ നിശ്ചയിച്ചിരിക്കയാൽ ഞങ്ങൾ ഇരുവരെയും അച്ചനെ ഏൽപ്പിച്ചിരിക്കുന്നു* എന്ന പ്രസ്താവന *നാളാഗമത്തിലെ*

ചാവറപിതാവിന്റെ ആദ്യവാചകങ്ങളെ പ്രതിധ്വനിപ്പിക്കുന്നു. *സ്ത്രീവർഗ്ഗത്തിന് വിവാഹം കൈക്കൊണ്ട് സാംസാരികൾ ആക എന്നല്ലാതെ കന്യാത്വം കാത്തിരിപ്പാൻ മനസ്സുള്ളവരുണ്ടായാലും ആയതിന് ഒരു പോംവഴിയും നിർവ്വാഹവും കൂടാതെ...*[28] ഈ പോംവഴിയും നിർവ്വാഹവും ഒരുക്കിക്കൊടുക്കാൻ, കന്യാത്വസുഖം കാത്തുജീവിക്കാൻ, ഉള്ള സാദ്ധ്യതകൾ നിറവേറ്റിക്കൊടുക്കുവാൻ ദൈവകരങ്ങളിൽ ഉപകരണങ്ങൾ ആയവരാണ് ചാവറയച്ചനും ലെയോപ്പോൾദ് മിഷനറിയും എന്നതു തർക്കാതീതമാം വ്യക്തമത്രെ.

എലീശ്വാമ്മയുടെയും മകൾ അന്നയുടെയും കന്യാത്വം കാത്തിരിക്കാനുള്ള ആഗ്രഹത്തോട് എങ്ങനെ പ്രത്യുത്തരിക്കണമെന്ന് ചാവറപിതാവടക്കം പലരോടും ലെയോപ്പോൾദ് മിഷനറി ആലോചിക്കുന്നുണ്ട്. ചാവറപിതാവിനോട് എന്തിനായി ആലോചിച്ചു എന്നതിന് ഫിലിപ്പ് കോയിപ്പിള്ളി *ചാവറയച്ചന്റെ ജീവചരിത്രം* എന്ന തന്റെ കൈയ്യെഴുത്ത് പ്രതിയിൽ ഇങ്ങനെയാണ് ന്യായം കണ്ടെത്തിയിട്ടുള്ളത്:

*മലബാറിന്റെ മണ്ണിൽ മലയാളത്തിലെ പെൺപൈതങ്ങൾക്ക് പുണ്യസങ്കേതമാകാനുള്ള ഒരു സന്യാസസമൂഹസ്ഥാപനത്തിനായി പ്രിയോരച്ചൻ തീവ്രമായി ആഗ്രഹിച്ചു. അദ്ദേഹം ഈ ആഗ്രഹം മിഷനറിയായ ലെയോപ്പോൾദച്ചനുമായി പങ്കുവച്ചു.*[29]

തന്റെ ആത്മനിയന്താവായിരുന്ന ലെയോപ്പോൾദ് മിഷനറിയോട്, വർഷങ്ങളായി ഉള്ളിൽ കാത്തുസൂക്ഷിച്ചിരുന്ന ഈ ഹൃദയാഭിലാഷം ചാവറയച്ചൻ പറഞ്ഞിരിക്കും. *എന്നെ ഞാനറിയുന്നതുപോലെ ഇദ്ദേഹത്തെ ഞാനറിഞ്ഞിരിക്കുന്നു* എന്നാണ് ചാവറയച്ചൻ മരിച്ച 1871 ജനുവരി 3-ന് തന്റെ ഡയറിയിൽ ലെയോപ്പോൾദച്ചൻ കുറിച്ചിട്ടത്[30] ഈ ഹൃദയഭാവം അറിയാവുന്നതുകൊണ്ടല്ലേ അതിനുള്ള അവസരം വന്നപ്പോൾ വേഗം ചെന്ന് അറിയിക്കുന്നത്? അപ്പോഴുണ്ടായ പ്രതികരണമോ? അദ്ദേഹത്തിന് ഏറ്റം സന്തോഷവും തെളിവുമായി. *തന്നാൽ കഴിയുന്ന വേലയിതിന് ചെയ്യാമെന്നും ഉത്തരിക്കയാൽ മൂപ്പച്ചന്റെ ഹൃദയം തെളിഞ്ഞു.*[31]

ചാവറയച്ചന്റെ തെളിവിനും സന്തോഷത്തിനും കാരണം ദൈവം തന്നോട് ആവശ്യപ്പെട്ടതായി ബോദ്ധ്യപ്പെട്ടതും തടസ്സങ്ങൾ ഒന്നൊന്നായി നേരിട്ടുകൊണ്ടിരിക്കയാൽ നടപ്പിലാകാതെ വരികയും ചെയ്ത കാര്യത്തിനായി ഇപ്പോഴിതാ വീണ്ടും ഒരവസരം കൂടി വന്നു ചേർന്നിരിക്കുന്നു എന്നതാകണമല്ലോ. മാന്നാനം *നാളാഗമ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

*ഇതാ ഇപ്പോൾ ഏറിയകാലം മുതലായി അപേക്ഷിച്ച് വന്നിരുന്നതും നടക്കാതെ കിടന്നിരുന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ മനസ്സായിരിക്കുന്നു.*[32]

മൂപ്പച്ചന്റെ ഹൃദയതെളിവിന് കാരണമോ ഈ മലയാളത്തിൽ ഇങ്ങനെ ഒരു പുതിയ തുടക്കത്തിന് ചുക്കാൻ പിടിക്കാൻ പറ്റിയ ഒരാൾ തന്നോടൊപ്പം ഉണ്ട് എന്ന ചിന്തയും. പിന്നെ അങ്ങോട്ട് കൈകോർത്ത് മുന്നേറുന്ന പിതാക്കന്മാരെയാണ് കൂനമ്മാവ് മഠം *നാളാഗമം* പേജുകൾ വരച്ചു കാണിക്കുന്നത്. ആദ്യ അംഗങ്ങളുടെ രൂപികരണത്തിലും വളർച്ചയിലും ചാവറയച്ചനുണ്ടായിരുന്ന ഭാഗഭാഗിത്വം മുൻപേ വിവരിച്ചിട്ടുണ്ടല്ലോ. സ്ഥാപകൻ എന്ന നിലയിലുള്ള ചാവറയുടെ ഇടപെടലുകൾ ഇതിൽ നിന്നെല്ലാം സംശയാതീതമാം വിധം വ്യക്തമാണ്. സമകാലീനരും ചാവറപിതാവിനെ സ്ഥാപകനായിത്തന്നെ അംഗീകരിച്ചിരുന്നു. ചാവറയച്ചൻ മരിച്ച 1871 ജനുവരി 3ന് തന്റെ ഡയറിയിൽ ലെയോപ്പോൾദച്ചൻ ഇങ്ങനെ രേഖപ്പെടുത്തി:

*...വളരെ ക്ലേശങ്ങൾ സഹിച്ച് കന്യാസ്ത്രീകൾക്കായി ഒരു മഠവും അദ്ദേഹം സ്ഥാപിച്ചു.*[33]

*ആത്മാനുതാപം* എന്ന ചാവറകൃതിക്ക് ലെയോപ്പോൾദ് മിഷനറി എഴുതിക്കൊടുത്ത മുഖവുരയിൽ അദ്ദേഹം പറയുന്നതും ശ്രദ്ധേയമാണ്:

*മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനിപൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്ന് എത്രയും ആഗ്രഹമായി. ആയതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അതിനെ നിറവേറ്റുന്നതിന് എത്രയോ പ്രയത്നം ചെയ്തുവെന്ന് ഈ ചുരുങ്ങിയ വിവരത്തിനടങ്ങുന്ന കാര്യമല്ല.*[34]

ഒരിക്കൽ അമ്മമാർക്ക് നല്കിയ ഉപദേശത്തിൽ പരോക്ഷമായി അദ്ദേഹം ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നു:

*ഈ മഠം ഉണ്ടാക്കിയത് ഞാനുമല്ല, പ്രിയോരച്ചനുമല്ല. പിന്നെയോ തമ്പുരാൻ ഞങ്ങളെക്കൊണ്ട് ചെയ്യിപ്പിച്ചു.*[35]

*ഞങ്ങളെക്കൊണ്ട് ചെയ്യിപ്പിച്ചു* എന്നു പറയുമ്പോൾ കൂനമ്മാവ് മഠസ്ഥാപനത്തിൽ ചാവറയച്ചന്റെയും ലെയോപ്പാൾദച്ചന്റെയും സംയുക്ത പങ്ക് കൂടുതൽ പൂർണ്ണമായും വ്യക്തമാകുന്നു.

ബർണ്ണർദീൻ ബച്ചിനെല്ലി മെത്രാപ്പോലീത്താ 1867-ൽ പ്രൊപ്പഗാന്ത തിരുസംഘത്തിനയച്ച റിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

*ഒരു മിഷനറിയോടൊപ്പം മൂന്നാം സഭക്കാരുടെ പ്രിയോരും ചേർന്നാണ് ഇതിന്റെ കാര്യങ്ങളെല്ലാം നിർവ്വഹിക്കുന്നത്.*[36]

ആദ്യ അംഗങ്ങളും ചാവറയച്ചനെ സ്ഥാപകനായി പരിഗണിച്ചിരുന്നു. ചാവറപിതാവിന്റെ മരണദിവസം നാളാഗമത്തിൽ അവർ കുറിച്ചുവച്ചു.

*കന്യാസ്ത്രീകളുടെ പുണ്യസാംഗോപാംഗത്തിന്മേലും വർദ്ധനമേലും മഹാതാത്പര്യക്കാരനും... ഈ മഠം സ്ഥാപിക്കുന്നതിനും പുണ്യവഴിയിൽ*

*ഞങ്ങളെ നടത്തുന്നതിനും ചെയ്തതും ചെയ്ത് വരുന്നതുമായ നന്മ ഉപകാരങ്ങളൊക്കെയും ഇന്ന് ഞങ്ങൾ പൊയ്പോയതിനാലത്രേ...*[37]

ചാവറപിതാവിന്റെ സമകാലികനും സി.എം.ഐ. സഭയുടെ രണ്ടാം പ്രിയോർ ജനറലുമായിരുന്ന പോരൂക്കര കുര്യാക്കോസ് ഏലീശാച്ചനും സന്യാസിനിസഭാ സ്ഥാപകൻ ചാവറയച്ചനാണെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്:

*മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതമായി വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായിട്ടു വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാകണമെന്നാഗ്രഹിച്ചു. സർവ്വശക്തനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് അതിനുള്ള അടിസ്ഥാനക്കാരായിട്ട് ആസ്തമായിരുന്നവരെ കൈക്കൊണ്ട് തൽക്കാലം പനമ്പുകൊണ്ട് വീടുണ്ടാക്കി പാർപ്പിച്ചു.*[38]

മൂലരേഖകളിലുള്ള ഈ സാക്ഷ്യങ്ങൾ കൂനമ്മാവിലെ ഏതദ്ദേശീയ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനത്തിൽ ചാവറയച്ചന്റെ സങ്കല്പവും വിഭാവനവും സാരഥ്യപങ്കാളിത്തവും വ്യക്തമാക്കുന്നവയാണ്.

## സ്നേഹവാത്സല്യങ്ങളുടെ വറ്റാത്ത ഉറവയായി

*നാളാഗമ*ങ്ങളിൽ നാം കാണുന്ന, ചിത്രീകരിക്കുന്ന ചാവറയച്ചൻ മിക്കപ്പോഴും മൂപ്പച്ചനു കൂട്ടായി മഠത്തിലെത്തുകയും സഹോദരിമാർക്ക് അപൂർവ്വമായി മാത്രം ഉപദേശങ്ങൾ നൽകുകയും ചെയ്യുന്ന വ്യക്തിയാണ്. മൂപ്പച്ചന്റെ അസാന്നിദ്ധ്യത്തിൽ മാത്രമാണ് നമ്മുടെ പിതാവായ പ്രിയോരച്ചൻ എന്നു പറഞ്ഞ് അംഗങ്ങൾ വിശുദ്ധിയും വിധേയത്വവും കരുതലുള്ള സ്നേഹവും നിറഞ്ഞ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചും ഇടപെടലുകളെക്കുറിച്ചും വിവരിക്കുന്നത്. ഇതിനു പശ്ചാത്തലമായി നിൽക്കുന്ന ചില കാര്യങ്ങൾ കൂടി മനസ്സിലാക്കേണ്ടതാവശ്യമാണ്.

അത്യഗാധമായ വിനീത മനോഭാവത്തിന്റെ നിദർശനമായിരുന്ന ചാവറയച്ചൻ വ്രതത്രയത്തോടൊപ്പം *എളിമ* നാലാമതൊരു വ്രതമായി എടുത്തിരുന്നു. എല്ലാക്കാര്യങ്ങളിലും തന്നേക്കാൾ പ്രാമുഖ്യം തന്റെ സഹപ്രവർത്തകർക്കാണ് അദ്ദേഹം നൽകുന്നത്. അതുകൊണ്ടുതന്നെ മഠസ്ഥാപനകാര്യത്തിലും അദ്ദേഹം പ്രാമുഖ്യം കൊടുക്കുന്നത് ലെയോപ്പോൾദച്ചനാണ്. പേരോ പ്രശസ്തിയോ ഒന്നും ചാവറയച്ചൻ ആഗ്രഹിച്ചില്ല. പലപ്പോഴും പലയിടത്തും അദ്ദേഹം മൗനിയായി. എന്നാലോ, സുറിയാനിക്കാർക്കിടയിൽ അനിഷേധ്യമായ സ്വാധീനപ്രാപ്തിയുണ്ടായിരുന്ന ചാവറയച്ചനെ കൂടാതെ ഈ കേരളക്കരയിൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല എന്ന് ലെയോപ്പോൾദച്ചൻ മനസ്സിലാക്കിയിരുന്നു. വൈദേശികരായ വൈദികാധികാരികളുടെ പക്കൽ നിന്ന് കാര്യങ്ങൾ സാധിച്ചുകിട്ടാൻ സുറിയാനിക്കാരുടെ കാര്യത്തിൽ സ്വതവേ തല്പരനായിരുന്ന ലെയോപ്പോൾദച്ചന്റെ സഹായം ചാവറ

പിതാവിനും ആവശ്യമായിരുന്നല്ലോ. എങ്ങനെയും ആത്മാക്കൾക്കു നന്മ വരുന്ന കാര്യങ്ങൾ നടക്കണം, കേരളസഭയിൽ വിശുദ്ധരുണ്ടാകണം എന്ന ആഗ്രഹമാണ് ചാവറയച്ചനെ നയിച്ചത്. പുറകിൽ നിന്ന് ആരുമറിയാതെ എത്ര അദ്ധ്വാനിക്കുവാനും അദ്ദേഹത്തിന് ഒരു പ്രയാസവുമില്ലായിരുന്നു. അതാണ് അദ്ദേഹത്തിന്റെ വിശുദ്ധിയുടെ രഹസ്യവും.[39]

1866-ൽ ചാവറയച്ചന് 61 വയസ്സും ലെയോപ്പോൾദച്ചന് 29 വയസ്സുമാണ് പ്രായം. എന്നാൽ കൊവേന്തകളുടെയും കന്യാസ്ത്രീമഠങ്ങളുടെയും *ഡല ഗാത്ത്* എന്ന സ്ഥാനം ലെയോപ്പോൾദച്ചനാണുണ്ടായിരുന്നത്.[40]

സ്ഥാനപദവിയേക്കാൾ പ്രധാനമായി മറ്റൊന്നുണ്ടായിരുന്നു. ഒരു സുറിയാനി വൈദികൻ എത്ര വലിയ കുടുംബത്തിൽ ജനിച്ചവനായിരുന്നാലും, എത്ര പണ്ഡിതനായിരുന്നാലും, പ്രായത്തിൽ എത്ര മുൻപനായിരുന്നാലും ഒരു യൂറോപ്യൻ മിഷനറി അദ്ദേഹത്തെ തന്റെ കൂടെ ഇരുത്തുന്ന പതിവ് അന്നില്ലായിരുന്നു. അതന്നത്തെ വംശീയ മേൽക്കോയ്മയുടെ ധാർഷ്ട്യ തുല്യമായ വഴക്കമായിരുന്നു. ഒരു യുവ മിഷനറിയുടെ മുമ്പിൽ പോലും നിന്നുകൊണ്ടുവേണമായിരുന്നു തന്റെ പകുതിപ്രായം മാത്രമുള്ള സ്വദേശിയായ ഒരു വന്ദ്യവയോധികൻ ഒരു കാര്യമുണർത്തിക്കുവാൻ... നാട്ടിലെ സുറിയാനി വൈദികർക്ക് ഒരിക്കലും മിഷനറിമാരുടെ കൂടെയിരുന്ന് ഭക്ഷണം കഴിക്കാൻപോലും പാടില്ലായിരുന്നു![41] ഇത്തരം മേൽക്കോയ്മകൾ പതിവു വഴക്കമായിരുന്ന പശ്ചാത്തലത്തിൽ ചാവറയച്ചനേക്കാൾ പ്രാധാന്യം *നാളാഗമ*ത്തിൽ ലെയോപ്പോൾദച്ചനു കാണുന്നുണ്ടെങ്കിലതു സ്വാഭാവികം മാത്രമാണ്. എന്നിരിക്കിൽത്തന്നെയും പലയിടങ്ങളിലും പരാമർശങ്ങളിൽ ചാവറയച്ചനോടു പിതാവിനടുത്ത സ്നേഹവും ആദരവും വെളിപ്പെടുത്തുന്ന വിവരണങ്ങളാണ് സഹോദരിമാർ സഹജ പ്രേരണയാൽ കുറിച്ചിട്ടുള്ളതെന്നു കാണാനാകുന്നുമുണ്ട്.

*ഫെബ്രുവരി 12ന് ബഹുമാനപ്പെട്ട പ്രിയോരച്ചൻ കാഴ്ചമുറിയിൽ വന്ന് ഞങ്ങളെ വിളിച്ചു. ഞങ്ങൾ ചെന്നപ്പോൾ കാനോന നമസ്കാരപ്പുസ്തകം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഞങ്ങൾ അതുമായി ചെന്നു. ദൈവമാതാവിന്റെ ചെറിയ ഒപ്പീസുള്ള ഒരു ലത്തീൻ പുസ്തകം അച്ചൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അതും ഞങ്ങളെത്തിക്കുന്ന കാനോനനമസ്കാരവും രണ്ടും കുറെ വായിച്ച് രണ്ടും കൂടെ ഒത്തു നോക്കി. കുറേ വായിച്ചു കേൾപ്പിച്ചു.*[42]

ചാവറയച്ചന്റെ മഠങ്ങളുടെ കാര്യത്തിലുള്ള ശ്രദ്ധയും അവർ സന്യാസ ജീവിതത്തിൽ ക്രമങ്ങൾ പരിപൂർണ്ണമായി അനുഷ്ഠിക്കണമെന്നുള്ള താല്പര്യവും ഒന്നു വേറെതന്നെയായിരുന്നു. കൂനമ്മാവ് കൊവേന്തയിലെ നാല്പതുമണി ആരാധനയ്ക്കു പോകണമോ എന്ന് എഴുതി അന്വേഷിച്ച സഹോദരിമാർക്ക് അദ്ദേഹം നൽകുന്ന മറുപടി ഹൃദയസ്പർശകമാണ്. അനുമതി

നൽകിയില്ല. എന്നാൽ അപ്രകാരം നിഷേധിച്ചതിൽ അവർക്ക് ഒട്ടും വ്യസനം തോന്നാനിടയാകാത്തവിധം അവരെച്ചൊല്ലിയുള്ള കരുതൽ അദ്ദേഹത്തിന്റെ വാക്കുകളിൽ നിറവാർന്നിരുന്നതു കാണാമായിരുന്നു:

*ഹാ! പ്രിയമുള്ള കുഞ്ഞുങ്ങളുടെ എഴുത്തു കിട്ടി... ആ മഠത്തിന്റെ മൂലയിൽ നിന്നുകൊണ്ട് നിങ്ങളുടെ ശുദ്ധ മണവാളൻ ഈശോമിശിഹായ്ക്ക് ചെയ്യുന്ന ആരാധന തനിക്ക് ഏറ്റവും പ്രിയമുള്ളതാണ്. എന്റെ കണ്ണാൽ കണ്ടിട്ടുള്ളതുപോലെ നമ്മുടെ മഹാരാജാവിന്റെ വിജാതിയായ മണവാട്ടിയെ കരേറ്റിയ പല്ലക്കിനുപോലും തടിച്ച ശകലാസ്സിന്റെ വിരിയിട്ട് അന്യരുടെ കാഴ്ചയിൽ നിന്നു മറയ്ക്കുന്നു. അങ്ങനെയെങ്കിൽ നിങ്ങളുടെ ദിവ്യ മണവാളന് നിങ്ങളെക്കുറിച്ച് എത്ര കരുതലായിരിക്കും! അതിനാൽ നിങ്ങളുടെ മഠത്തിൽവച്ചു നടത്തുന്ന ദിവ്യാരാധനയ്ക്ക് മറ്റെവിടെയും ചെയ്യുന്നതുപോലുള്ള ഫലം തിരുസ്സഭ കല്പിച്ചു തന്നിരിക്കുന്നു... ഓ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളേ, നിങ്ങൾ കരേറിയിരിക്കുന്ന ഈ ജീവിതാവസ്ഥ എത്രയും ഉന്നതവും സ്തുത്യർഹവും തന്നെ. ഈ ലോകത്തിന്റേതായ എത്രയോ രാജസ്ത്രീരത്നങ്ങൾ നിങ്ങളുടെ ഭാഗ്യത്തെക്കുറിച്ചോർത്ത് അസൂയപ്പെടുന്നുവെന്ന് അന്ത്യവിധിനാളിലേ നിങ്ങൾ ഗ്രഹിക്കുകയുള്ളു!*[43]

മാർച്ച് 2-ന് കുർബ്ബാന കഴിഞ്ഞപ്പോൾ പ്രിയോരച്ചൻ മഠത്തിൽ വന്നു. വിഭൂതിത്തിരുനാളായതിനാൽ പള്ളിയിൽ നിന്നും വെഞ്ചരിച്ച കരി കൊണ്ടുവന്നിരുന്നു. കുരിശു വരച്ചശേഷം സന്ദർശനമുറിയിൽ ഇരുന്നു സന്യാസിനികൾക്കു പല ഉപദേശങ്ങളും പറഞ്ഞു നൽകി:

*ദൈവത്തെക്കാൾ അധികം സ്നേഹം നിങ്ങൾ മറ്റേതെങ്കിലും വസ്തുവിനു കൊടുക്കുന്നത് അവിടുത്തെ സങ്കടപ്പെടുത്തും. അവിടുന്ന് അങ്ങേയറ്റം കാരുണ്യവാനാകയാൽ പാപം ഉപേക്ഷിച്ച് മാപ്പു ചോദിച്ച് അവിടുത്തെ പക്കൽ ചെന്നാൽ കരുണാപൂർവ്വം അവനെ സ്വീകരിക്കും. അവന്റെ പാപങ്ങളൊന്നും അവിടുന്ന് ഓർമ്മിക്കുകയുമില്ല. അതിനാൽ പാപങ്ങളെക്കുറിച്ച് നിങ്ങൾ അനുതപിച്ച് വരുംകാലങ്ങളിൽ തന്റെ സ്നേഹത്തിനു കുറവു വരാതിരിക്കാൻ വേണ്ട സഹായം അപേക്ഷിക്കുക. മൂപ്പച്ചൻ പോയതിൽപ്പിന്നെ ഞാൻ നിങ്ങൾക്കു കാട്ടിത്തന്ന ക്രമക്കേടുകളൊക്കെയും എന്നോട് ക്ഷമിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു...*[44]

ഉയിർപ്പു ഞായറാഴ്ച മഠത്തിലെ കപ്പേളയിൽ മൂന്നേമുക്കാൽ മണിക്ക് ചാവറയച്ചൻ കുർബ്ബാന ചൊല്ലി. പോകുന്ന നേരത്ത് സന്യാസിനിമാരോട് 6 മണിക്ക് മഠം വെഞ്ചരിക്കാൻ താൻ വരുമെന്നും അപ്പോൾ പഴം, മുട്ട, കുമ്മട്ടിക്കായ്, പഴമാങ്ങ, അരി തുടങ്ങിയ സാധനങ്ങൾ ഒരുക്കി ആശീർവദിക്കാൻ തയ്യാറാക്കണമെന്ന് പറഞ്ഞു. അവർ എല്ലാം ഒരുക്കി. കുറേ വാഴപ്പഴവും മാങ്ങാപ്പഴങ്ങളുമൊക്കെയായിട്ടാണ് അച്ചൻ വെഞ്ചരിപ്പിനെത്തിയത്. അത്

സഹോദരിമാർക്ക് കൊടുത്തിട്ട് പുത്തൻ വെള്ളമുണ്ടാക്കി മഠവും ബോർഡിംഗും പ്രാർത്ഥനാമുറിയും അടുക്കളയുമെല്ലാം ആശീർവദിച്ചു. പൊതുമുറിയിൽ വന്ന് ഭക്ഷണസാധനങ്ങളും ആശീർവ്വദിച്ചു. *ഇന്ന് കർത്താവ് മാലാഖമാരെയും മനുഷ്യരെയും കൂടി ഒന്നിപ്പിച്ച ദിവസമാണ്. അതുപോലെ ഞാൻ ഇന്ന് ഇങ്ങനെ ചെയ്യാൻ പോകുന്നു* എന്നു പറഞ്ഞ് ബോർഡിംഗിലെ കുട്ടികളെ വിളിപ്പിച്ചു. അച്ചൻ തന്നെ എല്ലാവർക്കും അപ്പവും പഴവുമൊക്കെ എടുത്തു കൊടുത്തു കുറേ നേരം അവരുടെ കൂടെ ചെലവഴിച്ചു. തിരിച്ചു പോയപ്പോൾ മറ്റൊന്നും നല്കാനില്ലാതിരുന്നതിനാൽ സഹോദരിമാർ അവരുടെ കടപ്ലാവിൽ ആദ്യമായി ഉണ്ടായ ഒരു കടച്ചക്ക അദ്ദേഹത്തിനു സമ്മാനിച്ചു.[45] മഠത്തിന്റെ പറമ്പിലെ കിണർ കെട്ടിക്കുവാനും അടക്കവേലിക്കു പുറത്ത് നെല്ലുപുരയ്ക്ക് കൽത്തറയും കൽത്തൂണും കെട്ടിക്കുവാനും അതുപോലുള്ള മറ്റു പല പണികൾക്കുമെല്ലാം ചാവറയച്ചൻ തന്നെ വന്നു മേൽനോട്ടം വഹിച്ചിരുന്നു. തെങ്ങുകളുടെ തടം എടുപ്പിക്കുകയും ആ തടത്തിൽ ചെളി ഇടുവിക്കുകയും ചെയ്തതും അദ്ദേഹത്തിന്റെ നിർദ്ദേശത്തിൽതന്നെ. ഇതൊക്കെ കണ്ട സന്യാസിനിമാർ *നമ്മുടെ പിതാവായ പ്രിയോരച്ചൻ വാർദ്ധക്യത്തിലും സുഖമില്ലാതിരുന്നപ്പോൾപോലും നമ്മുടെ ആത്മത്തിനടുത്തതും ശരീരത്തിനടുത്തതുമായ വലുതും ചെറുതുമായ എല്ലാ കാര്യങ്ങളും ദൈവസഹായത്താൽ നമുക്കായി ചെയ്തുവരുന്നു*[46] എന്ന് എഴുതിവച്ചു.

ചാവറയച്ചൻ മഠത്തിൽ അവസാനം നടത്തിയ മൂന്നു സന്ദർശനങ്ങളെക്കുറിച്ച് *നാളാഗമ*ത്തിന്റെ പേജുകളിൽ പരാമർശങ്ങൾ കാണുന്നുണ്ട്.

1870 ഒക്ടോബർ 15-ന് അമ്മത്രേസ്യായുടെ തിരുനാൾ ദിനമായിരുന്നു ആദ്യസന്ദർശനം:

*പിതാവിന്റെ സവിശേഷമായ സ്നേഹത്തോടെ ഞങ്ങളുടെ ഈ പാവപ്പെട്ട ആശ്രമത്തിൽ വന്ന് ഞങ്ങളെ സന്തോഷിപ്പിച്ചുകൊണ്ടുപോയി. ഉച്ചകഴിഞ്ഞ് നാലുമണിക്ക് വീണ്ടും ഒരിക്കൽ കൂടി ഇവിടെ വന്നു. അതിനാൽ ഞങ്ങൾക്ക് എല്ലാവർക്കും വളരെ സന്തോഷമുണ്ടായി എങ്കിലും അദ്ദേഹത്തിന്റെ ക്ഷീണഭാവം കണ്ടപ്പോൾ ഞങ്ങളുടെ സന്തോഷം മാറി വളരെ ദുഃഖം തോന്നി. എന്തെന്നാൽ, രോഗത്തിന്റെ ശക്തിയാൽ ശരീരം വല്ലാതെ ക്ഷീണിച്ചിരുന്നു. മുഖത്തിന്റെ രൂപം പോലും മാറിപ്പോയിരുന്നു. ക്ഷീണം മൂലം തനിയെ നടക്കാൻ പറ്റാത്തതിനാൽ മറ്റൊരാളുടെ സഹായത്തോടെയാണ് വന്നത്. സഹായക്കാരനെ പടിക്കൽ നിറുത്തിയിട്ട് അച്ചൻ അകത്തു കയറി. കാണുന്നവർക്ക് വീണുപോകുമെന്നു തോന്നുംവിധം തന്നത്താൻ നടന്ന് മഠത്തിന്റെ പടിഞ്ഞാറെ മുറ്റത്തോളം വന്നെത്തി. അവിടെ ത്തന്നെ ഞങ്ങൾ കസേര ഇട്ടുകൊടുത്തു. അവിടെ ഇരുന്നു. ഇത്ര വളരെ ക്ഷീണിച്ചിരിക്കുമ്പോൾ നടന്നതുകൊണ്ടു കുറേ സുഖക്കേടും വിമ്മിഷ്ടവുമുണ്ടായി. കുറേ നേരം കഴിഞ്ഞപ്പോൾ അല്പം ആശ്വാസമായി. അപ്പോൾ*

*ഞങ്ങളോടു പറഞ്ഞു: നിങ്ങളെ നോക്കിയിട്ട് മുഖമെല്ലാം പ്രകാശം പരത്തുന്ന നക്ഷത്രം പോലെ തോന്നുന്നു. അല്ലാതെ ഒന്നും തിരിയുന്നില്ല. ഇതിന്റെ ശേഷം ഞങ്ങളെക്കൊണ്ട് 'ശ്ലാം ലേക്' ('പരിശുദ്ധ രാജ്ഞീ...' എന്ന ഗീതം) പാടിച്ചു. ഇതിന്റെ നിറുത്തുകൾ എവിടെയെന്ന് ഞങ്ങൾക്ക് കൃത്യമായി അറിയാത്തതിനാൽ നിറുത്തേണ്ടുന്ന ഇടങ്ങൾ ഇന്നതിന്നതെന്നു കാണിച്ചു തരികയും അടയാളമിട്ടു തരികയും ചെയ്തു. ഇതു ഞങ്ങളെ പഠിപ്പിക്കുന്നതിനും ഞങ്ങളെക്കൊണ്ട് പാടിപ്പിക്കുന്നതിനും നമ്മുടെ ഈ നല്ല പിതാവിനുണ്ടായിരുന്ന താല്പര്യം പറഞ്ഞറിയിക്കാനാവില്ല. എങ്കിലും താൻ ജീവിച്ചിരിക്കയിൽ ക്രമം പോലെ ഞങ്ങൾ ഇത് പാടുന്നത് കേൾക്കാൻ കഴിഞ്ഞില്ല. കൂടാതെ ഞങ്ങൾക്ക് തയ്ക്കുവാനുള്ള നൂലും അത് മുക്കുവാനുള്ള ചായവും തന്നു; ചായം മുക്കുന്ന വിധം ഞങ്ങളെ പഠിപ്പിച്ചു. ഇങ്ങനെ ആറുമണിവരെ ഞങ്ങളോടുകൂടിയിരുന്ന് സന്തോഷിപ്പിച്ചു. പോകാൻ സമയമായപ്പോൾ ഞങ്ങളോട് ഇങ്ങനെ പറഞ്ഞു: എന്റെ മക്കളേ, ഞാൻ നിങ്ങളോട് അന്ത്യയാത്ര പറയാൻ വന്നതാകുന്നു. ഇനി നിങ്ങളോട് പറയാൻ കഴിഞ്ഞില്ലെങ്കിലോ! ഇന്നു കുറെ ആശ്വാസം തോന്നിയതിനാൽ ഒരു വിധത്തിൽ കുർബ്ബാന ചൊല്ലി. ഇതിന്റെ ശേഷം ഞങ്ങൾക്ക് ആശീർവ്വാദം തന്നുകൊണ്ട് കൊവേന്തയിലേയ്ക്കു പോകുകയും ചെയ്തു.*[47]

രണ്ടാമത്തെ വരവ് ഒക്ടോബർ 28-ന് ആയിരുന്നു; ഉച്ച കഴിഞ്ഞ് നാലു മണിക്ക്:

*ഇത് ഞങ്ങളെ എല്ലാവരേയും ദുഃഖിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്ത വരവു തന്നെ. എന്തെന്നാൽ അദ്ദേഹത്തെ കണ്ട മാത്രയിൽത്തന്നെ ഞങ്ങൾക്കുണ്ടായ ദുഃഖാധിക്യത്തെ അടക്കുവാൻ സാധിക്കാത്തതിനാൽ ഞങ്ങൾ വളരെ കരഞ്ഞു. പ്രിയോരച്ചന് സ്വയം നടക്കാൻ വയ്യാത്തതിനാൽ ബഹു. വികാരിയച്ചന്റെ സഹായത്തോടെയാണ് ഇവിടെ വരെ നടന്നെത്തിയത്. ഇത്രയധികം ബുദ്ധിമുട്ടി ഇവിടെ വന്നതിന്റെ കാരണം എന്തെന്നോ? അച്ചന്റെ രോഗങ്ങൾക്ക് പല ചികിത്സകൾ ചെയ്തിട്ടും ഭേദം വരാതെ അസുഖങ്ങൾ വർദ്ധിക്കുകയും കണ്ണിനു കാഴ്ചയില്ലാതാവുകയും ചെയ്തു. അതിനാൽ മാന്നാനത്തുപോയി താമസിക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടതുകൊണ്ട് യാത്ര പറയാൻ വന്നതാണ്. പടിക്കൽ വന്നപ്പോൾ എടുപ്പിച്ചിരുന്ന കസേരയിൽ നിന്നും ഇറങ്ങി അകത്തോട്ടു നടന്നു. അപ്പോൾ വികാരിയച്ചനോട് നമ്മുടെ മഠം ഇതുതന്നെയാണോ എന്നു ചോദിച്ചു. ഇത് തന്നെ, തെക്ക് വശത്ത് ബോർഡിംഗ് എന്ന് വികാരിയച്ചൻ മറുപടി പറഞ്ഞു. അപ്പോൾ ഒന്നു മൂളി. വികാരിയച്ചൻ സഹായിച്ച് കൊണ്ടുവന്നു. ബോർഡിംഗിന്റെ തെക്കേവാതിൽ തുറന്ന് അകത്തു കയറി. അപ്പോൾ അച്ചൻ കുരുടനെപ്പോലെ തപ്പി തപ്പി വരുന്നതിനേയും സങ്കടം തോന്നുവാൻ തക്ക വിധത്തിലുള്ള ക്ഷീണവും അസ്വസ്ഥതയും കണ്ടപ്പോൾ എല്ലാവർക്കുമുണ്ടായ ദുഃഖാധിക്യത്താൽ ഞങ്ങൾ കരഞ്ഞുപോയി...*

*..ബോർഡിംഗിലെ കുട്ടികൾ സ്കാപ്പുലർ മുത്തുവാൻ ചെന്നപ്പോൾ അവരെ തിരിച്ചറിയാൻ വയ്യാത്തവിധത്തിൽ ഓരോരുത്തരുടെയും പേരു ചോദിച്ചു. അതിനുശേഷം അച്ചൻ വന്ന കാര്യം പറഞ്ഞു. അതായത്, വൈദ്യന്മാർ പറയുന്നു 'ഇവിടെ ചൂടു വളരെ കൂടുതലാണ്. മാന്നാനത്ത് ഇവിടുത്തേക്കാൾ തണുപ്പുണ്ട്. അവിടെ പോയി കുറേനാൾ താമസിച്ചാൽ സുഖം വരും. തന്നെയുമല്ല എന്നെ അങ്ങോട്ടു കൊണ്ടുപോകാൻ മാന്നാനംകാർക്കു വളരെ താല്പര്യമായിരിക്കുന്നു. അങ്ങനെ നാളെ പോകാൻ നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങളോട് അവസാനയാത്ര ചോദിച്ചുകൊണ്ട് പോകാമെന്നു കരുതിയാണ് ഇപ്പോൾ വന്നത്'. ഇതു കേട്ടപ്പോൾ സന്യാസിനിമാർക്കു എല്ലാവർക്കും വളരെ ദുഃഖമായി. എന്തെന്നാൽ അച്ചൻ അവിടെ പോയാൽ അച്ചന്റെ വിശേഷങ്ങൾ അറിയാനും വിശേഷാൽ വല്ല വിഷമം വന്നാൽ വേഗത്തിൽ കേൾക്കാനും കഴിയില്ലല്ലോ. ഇവിടെ ആയിരുന്നെങ്കിൽ വല്ലവരും പറഞ്ഞെങ്കിലും അറിയാമായിരുന്നു. അപ്പോൾ അച്ചൻ പറഞ്ഞു: 'കൂനമ്മാവ് കൊവേന്തയിൽ അറിയുമ്പോൾ നിങ്ങളെയും അറിയിക്കും.' അപ്പോൾ ശ്രേഷ്ഠത്തിയമ്മ വീണ്ടും പറഞ്ഞു: 'അച്ചന് മനസ്സായാൽ അങ്ങോട്ടു പോകാതെ  ഇവിടെ താമസിക്കാമല്ലോ.' അപ്പോൾ അച്ചൻ പറഞ്ഞു: ' എനിക്ക് സ്വന്തമായിട്ട് ഒരു മനസ്സുണ്ടോ? എനിക്ക് അവിടെ പോയി പാർക്കണമെന്നോ ഇവിടെത്തന്നെ താമസിക്കണമെന്നോ ഒരാഗ്രഹവുമില്ല. എങ്ങനെ എന്നോടു കല്പിക്കുമോ, അത് സന്തോഷത്തോടെ ചെയ്യാൻ ഞാൻ തയ്യാറായിരിക്കുന്നു. എന്റെ സ്വന്തമനസ്സുപോലെ ഞാനൊന്നും ചെയ്യുന്നില്ല. എന്നോടു കല്പിക്കുന്നതുമാത്രം ചെയ്യാൻ ഞാൻ മനസ്സായിരിക്കുന്നു.' ഇപ്രകാരം സ്വന്തമനസ്സിന്റെ ഉപേക്ഷ, അനുസരണത്തിന്റെ മഹത്വം എന്നിവയെക്കുറിച്ച് ഞങ്ങളോട് കുറെനേരം സംസാരിച്ചതിനുശേഷം എല്ലാവർക്കും ആശീർവ്വാദം തന്നുകൊണ്ട് പോവുകയും ചെയ്തു. ഈ പിതാവ് ഒരു കുഞ്ഞിനെപ്പോലെ എല്ലാവർക്കും കീഴടങ്ങിയിരുന്നു.*[48]

1870 ഡിസംബർ മാസത്തിലായിരുന്നു അവസാനമായി ചാവറയച്ചൻ മഠത്തിൽ ചെന്നത്:

*പ്രിയോരച്ചനും മൂപ്പച്ചനും ഒരുമിച്ച് കൊവേന്തയിൽ നിന്ന് ഇറങ്ങിയെങ്കിലും മൂപ്പച്ചൻ വേഗം നടന്ന് കുറേനേരം മുമ്പ് ഇവിടെ വന്ന് പ്രിയോരച്ചൻ ഇപ്പോൾ വരുമെന്ന് ഞങ്ങളോട് പറഞ്ഞു. ഇതു കേട്ടപ്പോൾ എല്ലാവർക്കും വലിയ സന്തോഷമായി. കാരണം, ഇനി ഒരിക്കലും അദ്ദേഹത്തെ കാണുമെന്ന പ്രതീക്ഷ ഇല്ലായിരുന്നു. അഞ്ചു മണി കഴിഞ്ഞ് ബ്രദർ നിക്കാവോസിന്റെ സഹായത്തോടെ ഇവിടെ വന്നു. മഠത്തിന്റെ മുറ്റത്ത് കസേരയിൽ ഇരുന്നു. അവിടെ ഞങ്ങൾ എല്ലാവരും ബോർഡിംഗിലെ കുട്ടികളും ചെന്ന് സ്കാപ്പുലർ മുത്തി. അപ്പോൾ എല്ലാവരേയും മുമ്പിൽ വിളിച്ചു നിർത്തി നല്ലവണ്ണം സൂക്ഷിച്ചുനോക്കിയിട്ടു പറഞ്ഞു. കഴിഞ്ഞ തവണ ഞാൻ വന്നപ്പോൾ ഒരാളെപ്പോലും തിരിച്ചറിയാൻ കഴിയില്ലായിരുന്നു. അപ്പോൾ ലെയോപ്പോൾദച്ചൻ*

*ഇങ്ങനെ തമാശയായി പറഞ്ഞു: "എന്റെ പ്രവചനം വിശ്വസിക്കാത്തതിനാലാണ് ഇതുവരെയും സുഖപ്പെടാതിരുന്നത്. യൂറോപ്പിൽ നിന്ന് ഞാൻ വന്നല്ലാതെ അച്ചൻ മരിക്കില്ല. ഞാൻ വന്ന് മകുസ്മിയാനോസും മർസ്സിയാനോസും കൂടി പല യാത്രകഴിച്ചിട്ടേ മരിക്കയുള്ളു എന്ന എന്റെ പ്രവചനം വിശ്വസിച്ചിരുന്നെങ്കിൽ ഇതൊന്നും വരികയില്ലായിരുന്നു." ഇതുകേട്ട് എല്ലാവരും ചിരിച്ചു. എന്നാൽ ഈ പ്രവചനം പൂർത്തിയാവുകയും ലെയോപ്പോൾദച്ചൻ യൂറോപ്പിൽ നിന്ന് തിരിച്ചുവന്നതിനുശേഷം രണ്ടുപേരും കൂടി പല യാത്രകളും നടത്തുകയും ചെയ്തു...*

*...ഒടുവിൽ ഇവിടെ നിന്നു പോകാൻ നേരത്ത് ഞങ്ങളോട് അന്ത്യയാത്ര പറഞ്ഞു. എളിമയും ഭക്തിയും പ്രകാശിക്കുന്ന ഒരു പുഞ്ചിരിയോടു കൂടി ഞങ്ങളുടെ നേരെ തിരിഞ്ഞ് പതിവില്ലാത്ത വിധത്തിൽ വളരെ പ്രത്യേകമായി തല കുനിച്ച് ആചാരം ചെയ്ത് ആശിർവ്വാദം തന്നുകൊണ്ടാണ് പോയത്.*[49]

തന്റെ മരണത്തിന്റെ രണ്ടു ദിവസം മുമ്പ് ജനുവരി 1-ന് രാവിലെ ജരാർദ്ദ് മൂപ്പച്ചൻ മഠത്തിൽ കുർബ്ബാനയ്ക്കു പോയപ്പോൾ അന്തേവാസികളായ കന്യാസ്ത്രീകളോട് പറയുന്നതിനായി ചാവറയച്ചൻ ഒരു സന്ദേശം കൊടുത്തയച്ചിരുന്നു. അതിപ്രകാരമായിരുന്നു:

*പുത്തനാണ്ടു പിറക്കുന്നു. പുണ്യങ്ങളൊക്കെയും പുത്തനാക്കണം. കർത്താവിന്റെ പുത്തൻ പിറവിയോടു ചേർന്ന് നിങ്ങളുടെ ജീവിതത്തെയും പുത്തനാക്കണം. ഞാൻ നിങ്ങൾക്ക് ആശിർവ്വാദം തരുന്നു.*[50]

ഇന്നും സഭാ മക്കളുടെ ജീവിതവഴിയിൽ പുത്തൻ പിറവിക്കായി ചാവറയച്ചൻ സ്വജന്മംകൊണ്ടു നിവർത്തിച്ച ഉണർത്തുപാട്ട് ആശ്രയവും അഭയവും സാന്ത്വനവും പ്രത്യാശയും ലക്ഷ്യസ്ഥൈര്യവും നൽകി ആഴത്തിൽ ഉച്ചത്തിൽ മുഴങ്ങിക്കൊണ്ടേയിരിക്കുന്നു.

■

## പരാമർശ സൂചിക

1. കൂനമ്മാവ് *നാളാഗമം*, വാല്യം 1, പേജ് 2
2. *Ibid.*, പേജ് 2-3
3. Fr. Leopold OCD, "*മുഖവുര*", *op.cit.*, pp. xvi-xvii.
4. പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ, *op.cit.*, പേജ് 12-13
5. *നാളാഗമങ്ങൾ*, പേജ് 124-127
6. കൂനമ്മാവ് *നാളാഗമം*, വാല്യം 1, പേജ് 8-9
7. *Ibid.*, p. 13.
8. *Ibid.*
9. *Ibid.*, p. 14.
10. *Ibid.*, p. 15.
11. *Ibid.*
12. നാളാഗമങ്ങൾ, പേജ് 136-137.
13. ആലോചനകളും വിശേഷ സംഭവങ്ങളും (കയ്യെഴുത്തുപ്രതി), സെന്റ് ജോസഫ് മൊണാസ്ട്രി, മാന്നാനം, 1864-1871, പേജ് 95-96.
14. *Ibid.*, p. 131.
15. *Ibid.*, p. 139-140
16. *കൂനമ്മാവ് നാളാഗമം*, വാല്യം 1, പേജ് 1.
17. *Ibid.*
18. *Letter of Bishop Maurelius Stabilini,* 1829 (Archives, St. Joseph's Monastery, Mannanam).
19. Mathias Mundadan, *Bl. Kuriakose Elias Chavara,* Darmaram Publications, Bangalore, 2008, p. 281.
20. പാറപ്പുറം വർക്കിയച്ചൻ, *op.cit.*, Vol. 2, p. 31
21. *Ibid.*, pp. 31-32.
22. *മാന്നാനം പുത്തൻപള്ളി വക സെമിനാരിപറമ്പിന്റെ ചരിത്രം*, പേജ് 3, 4 (Archives, p. 13.സി.എം.സി. കോൺവെന്റ്, പുത്തൻപള്ളി).
23. പാറപ്പുറം വർക്കിയച്ചൻ, *op.cit.*, Vol. II, p. 32.
24. കൂനമ്മാവ് *നാളാഗമം*, വാല്യം 1, പേജ് 2
25. *Ibid.*
26. *Ibid.*
27. *Ibid.*, p.3.
28. *Ibid.*, p.1.

29. ഫിലിപ്പ് കോയിപ്പള്ളിൽ, *ചാവറയച്ചന്റെ ജീവചരിത്രം*, quoted in Positio, Beatifications Et Canonizationis Servi Dei Cyriaci Elias Chavara, Typis Poly gelottis Vaticanis, MCML, XXVII, p.558.
30. ലെയോപോൾദച്ചന്റെ ഡയറി, *CMC Archives,* Vol. 1, p.6.
31. *കുനമ്മാവ് നാളാഗമം*, വാല്യം 1, പേജ് 4.
32. *നാളാഗമങ്ങൾ, പേജ് 124*
33. ലെയോപോൾദച്ചന്റെ ഡയറി, *CMC Archives,* Vol. 1, p.6.
34. Fr. Leopold OCD, *"മുഖവുര"* op.cit., p. xvii.
35. *കുനമ്മാവ് നാളാഗമം*, വാല്യം 1, പേജ് 70.
36. Monsig. Bernardino Baccinelli, Reazione Del Vicariato Apostolico di Verapoli, Redatta, Li 20 Febbraro 1867, P 18.
37. *കുനമ്മാവ് നാളാഗമം*, വാല്യം 2, പേജ് 21.
38. പോരൂക്കര കുരിയാക്കോസ് ഏലീശാ അച്ചൻ, *op.cit.,* *പേജ്* 12-13 (Original, Mannanam Archives).
39. വലേരിയൻ, *op.cit.,* പേജ് 208.
40. കുനമ്മാവ് *നാളാഗമം*, വാല്യം 1, പേജ് 3.
41. ഐ.സി. ചാക്കോ, മാർ ളൂയീസ് പഴേപറമ്പിൽ, *ജീവിതവും കാലവും*, തിരുവനന്തപുരം, 1937, പേജ് 132.
42. *കുനമ്മാവ് നാളാഗമം*, വാല്യം 1, പേജ് 182.
43. *Ibid.*, പേജ് 184–185
44. *Ibid.*, പേജ് 186
45. *Ibid.*, പേജ് 192–193.
46. *Ibid.*, പേജ് 196.
47. *Ibid.*, വാല്യം 2, പേജ് 8–9.
48. *Ibid.*, പേജ് 9–12.
49. *Ibid.*, പേജ് 14–15.
50. *Ibid.*, പേജ് 17.

ഏഴ്

# തിരുസവിധേ...

**അ**റുപത്തിയാറു വർഷം നീണ്ടുനിന്ന ജീവിതപാതയുടെ അന്ത്യകാതത്തിലെത്തിയപ്പോഴേയ്ക്കും പരിപൂർണ്ണ സ്നേഹത്തിന്റെ ത്രിവിധ മാനങ്ങളായ സ്നേഹത്തിന്റെ സ്വർഗ്ഗീയഭാവവും മാനവസ്നേഹത്തിന്റെ സാഹോദര്യവും സമ്പൂർണ്ണമായ ശുദ്ധീകരണംതന്നെയായ ക്രിസ്തുവിലേയ്ക്കുള്ള രൂപാന്തരീകരണവും ചാവറയച്ചനിൽ സാക്ഷാത്കൃതമായിരുന്നു. ജീവിതം തന്നെ കണ്ണുനീരാൽ പവിത്രീകരിക്കപ്പെട്ട ഒരു ധ്യാനമായി പരിവർത്തനപ്പെടുത്തിയ അദ്ദേഹം ആബാനുഭവത്തിന്റെ പാരമ്യത്തിൽ പരിപൂർണ്ണമായും സ്നേഹത്തിൽ രൂപാന്തരപ്പെടുകയും ചെയ്തു.

*മമ പിതാവു നീയ്യേ ഭാഗ്യവുമെനിക്കു നീ*
*മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ*[1]

എന്ന് *ആത്മാനുതാപ*ത്തിൽ ആലപിച്ച ചാവറയച്ചൻ ദൈവിക പിതൃത്വത്തെക്കുറിച്ചുള്ള സമ്പൂർണ്ണബോദ്ധ്യത്തിൽ മൗതികാനുഭവത്തിൽ ലയിച്ചുകൊണ്ട് ദൈവപിതാവിനെയും ഈശോമിശിഹായെയും ഒന്നുപോലെ പിതൃഭാവത്തിൽ ദർശിച്ചപ്പോൾ ആബാനുഭവം ആ ധ്യാനാത്മകജീവിതത്തിന്റെ പരമകാഷ്ഠയായ ആത്മീയ വിവാഹത്തിന്റെ ബഹിർസ്ഫുരണമായിത്തീർന്നു.

## സന്ധിയില്ലാത്ത തീക്ഷ്ണത

നല്ല സുഖമില്ലാതെ കാലിനു നീരും വാതപ്പനിയുമായി മിക്കവാറും കിടപ്പിലായിട്ട് മാസങ്ങൾ കഴിഞ്ഞിരുന്ന അവസരത്തിലാണ് ആനക്കല്ല് (ഭരണങ്ങാനം) പള്ളിക്കാർ അവരുടെ ഇടവകയിൽ ശീശ്മയിൽ തുടരുന്ന പ്രമുഖരെ കത്തോലിക്കാസഭയിലേയ്ക്ക് തിരികെ ആനയിക്കുന്നതിന് ചാവറയച്ചൻ തന്നെ അവിടെ ചെല്ലണമെന്ന് കാണിച്ച് അദ്ദേഹത്തെ ക്ഷണിക്കുന്നത്. തന്റെ രോഗത്തെ അവഗണിച്ചുകൊണ്ടുപോലും വിശ്വാസകരുതലാലുള്ള തീക്ഷ്ണതയാൽ പുറപ്പെട്ട അദ്ദേഹം ആ ഇടവകക്കാരെ മുഴുവൻ കത്തോലിക്കാസഭ

യിലേയ്ക്ക് സ്വീകരിച്ചു. ആ വിശ്വാസപ്രസരണതുടർച്ചയിൽ ഭാവിയിൽ ഭാരതത്തിന് ആദ്യവിശുദ്ധയെ (വിശുദ്ധ അൽഫോൻസാമ്മയെ) പ്രദാനം ചെയ്യാനുള്ള ഭാഗ്യപ്പെട്ട ഇടവകയായി അതു മാറുകയും ചെയ്തുവല്ലോ..

ആനക്കല്ല് പള്ളിയിലെ പ്രശ്നപരിഹാരത്തിന് പോയ അദ്ദേഹം തിരിച്ചു വരുമ്പോൾ കാലിലുണ്ടായിരുന്ന വേദനയും നീരും വർദ്ധിച്ച് കൂനമ്മാവിലെത്തിയപ്പോൾ പൂർണ്ണമായും കിടപ്പിലായി. വിശുദ്ധരുടെ ജീവചരിത്രം മൂലഭാഷയിൽ വായിക്കുവാനുള്ള അതിയായ ആഗ്രഹം നിമിത്തം ഇറ്റാലിയൻ ഭാഷ പഠിക്കുന്നതിനുള്ള പരിശ്രമങ്ങൾ അതിനിടയിലും നടത്തി. കാലിൽ കലശലായ വേദനയും നീരും കണ്ണിൽ വേദനയും മൂലം അത് ഇടയ്ക്കു വെച്ചു മുടങ്ങി. മുട്ടത്തുപാടത്ത് വർക്കി ശെമ്മാശ്ശൻ തന്റേതായ രീതിയിൽ കുറേ ദിവസം ചികിത്സിച്ചു നോക്കി. ഫലം കാണായ്കയാൽ മടങ്ങിപ്പോയി തന്റെ ജ്യേഷ്ഠനായ മുട്ടത്തുപാടത്ത് ഈപ്പൻ എന്ന വൈദ്യനെ പറഞ്ഞയച്ചു. അദ്ദേഹം വന്നശേഷം കണ്ണിൽ അട്ട കടിപ്പിച്ച് കുറെ ദുർരക്തം കളഞ്ഞു. തത്ക്കാലത്തേയ്ക്ക് വേദനയ്ക്ക് കുറെ ശമനം വന്നു എന്നല്ലാതെ കാര്യമായ കുറവൊന്നും അസുഖത്തിനുണ്ടായില്ല.[2]

മിഷനറിമാരായ വൈദികർ കൊച്ചിയിൽ നിന്നും ഡോ. ഹെന്ത്രുവിനെ കൊണ്ടുവന്നു. അദ്ദേഹം വേദനയേറിയ ചികിത്സാവിധികളാണ് നിശ്ചയിച്ചത്. രണ്ടു ചെവികളുടെയും മുകളിൽ ചെന്നിയിൽ മരുന്നു പുരട്ടി പൊള്ളിക്കുകയും അത് കുമിളയായി പൊട്ടി ദുർനീര് പുറത്തുപോവുകയും ചെയ്യുന്ന ഒരു വിധിയായിരുന്നു പരീക്ഷിച്ചത്.കാഴ്ചക്കുറവിനും തത്ക്കാലം കുറെ ശമനം കിട്ടി. തീവ്ര വേദയ്ക്കിടയിലും ചാവറയച്ചൻ സമചിത്തനും സന്തോഷവാനുമായിരുന്നു. മറ്റു രോഗങ്ങൾ കൂടി വർദ്ധിച്ചതോടെ പൂർണ്ണമായും അദ്ദേഹം കിടപ്പിലായി. എന്നാലോ രോഗശയ്യയിലായിരുന്നപ്പോഴും സുകൃതാഭ്യാസനങ്ങൾക്ക് മുടക്കം വരുത്തിയില്ല. കാനോന നമസ്ക്കാരവും ജ്ഞാനവായനയും യുവസന്യാസികളെക്കൊണ്ട് വായിപ്പിച്ചു കേട്ട് ധ്യാനചിന്തയോടു കൂടി അതിൽ ലയിച്ചു സംബന്ധിക്കുമായിരുന്നു. സന്ദർശിക്കാൻ വരുന്നവരോട് സന്തോഷത്തോടെ സംസാരിക്കുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. വാതപ്പനിയും നീർക്കെട്ടു കൊണ്ടുള്ള വേദനയും നാൾക്കുനാൾ വർദ്ധിച്ചു വന്നു. പിത്തം കോപിച്ച് ഉഷ്ണം കൊണ്ടതിൽ നിന്നുണ്ടായ രോഗം അദ്ദേഹത്തെ സ്വർഗ്ഗയാത്രയ്ക്ക് ഒരുക്കുകയായിരുന്നു എന്ന് കൂടെയുള്ളവർ മനസ്സിലാക്കുവാൻ തുടങ്ങി. അപ്പോഴും ശ്രദ്ധാപൂർവ്വം സന്യാസജീവിതത്തിന്റെ ബാക്കി മിനുക്കു പണികൾ തന്നിലൂടെ പൂർത്തീകരിച്ച് പിൻഗാമികളുൾപ്പെടെ ദൈവജനത്തിന് നൽകികൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനാണദ്ദേഹം ബദ്ധശ്രദ്ധനായിരുന്നത്....

*കണ്ണിൽ അധികം വേദനയുണ്ടായിരുന്നെങ്കിലും തിരുക്കുടുംബത്തിന്റെ രൂപത്തെ കൂടെക്കൂടെ നോക്കുകയും ഓരോരോ സുകൃതജപങ്ങൾ ചൊല്ലുകയും ചെയ്തിരുന്നു.*[3]

1870 നവംബർ 8-ാം തീയതിയാണ് ലെയനാർദു മെത്രാപ്പോലീത്തായും ലെയോപ്പോൾദ് മിഷനറിയും റോമിൽ നിന്ന് ഒന്നാം വത്തിക്കാൻ സൂനഹദോസു കഴിഞ്ഞ് മടങ്ങി വരുന്നത്. പ്രിയോരച്ചനെ അത്യന്തം രോഗിയായി മാറ്റിപ്പാർപ്പിച്ചെന്നു കേട്ട ലെയോപ്പോൾദച്ചൻ ചാവറയച്ചന്റെ മുറിയിലേയ്ക്ക് ഓടിക്കയറിവന്നു. മൂപ്പച്ചനെ കണ്ടപ്പോൾ ചാവറയച്ചനുണ്ടായ ആനന്ദം വർണ്ണനാതീതമായിരുന്നു. സന്തോഷംകൊണ്ട് പിതാവ് കണ്ണീർ തൂകി. എല്ലാവരേയും മുറിയിൽ നിന്നു പറഞ്ഞയച്ച് രണ്ടു മണിക്കൂറുകളോളം അവർ കുശലം പറഞ്ഞു. ആത്മീയകാര്യങ്ങൾ ചർച്ച ചെയ്തു. ലെയോപ്പോൾദച്ചന്റെ നിർബന്ധം മൂലം പിറ്റേദിവസം തന്നെ രോഗീശാലയിൽ നിന്നു ചാവറയച്ചനെ കൊവേന്തയിലെ മുറിയിലേയ്ക്ക് കൊണ്ടുവന്നു. അദ്ദേഹത്തെ ശുശ്രൂഷിക്കാൻ കൂടുതൽ സൗകര്യം കൊവേന്തയിലെ മുറിയിലായിരിക്കുമെന്നായിരുന്നു ലെയോപ്പോൾദച്ചന്റെ അഭിപ്രായം.[4] ഒന്ന് രണ്ട് ആഴ്ചയ്ക്കുള്ളിൽ നല്ല കാലാവസ്ഥയുള്ള അമ്പഴക്കാട്ടു കൊവേന്തയിലേയ്ക്ക് മാറ്റിയെങ്കിലും അവിടുത്തെ കാലാവസ്ഥയും പ്രതീക്ഷിച്ച അത്ര ഗുണകരമല്ലാ എന്നു വരികയാൽ വേഗം തന്നെ കൂനമ്മാവിലേയ്ക്കു തിരികെ വരികയാണുണ്ടായത്. തന്റെ മരണം മുൻകൂട്ടി കണ്ടുകൊണ്ട് അദ്ദേഹം സുകൃതജപങ്ങൾ ഉരുവിട്ടും കൊന്ത ചൊല്ലിയും പരിശുദ്ധകുർബ്ബാന സ്വീകരിച്ചും മരണത്തിനായി ഒരുങ്ങുകയായിരുന്നു പിന്നുള്ള നാളുകളിൽ.[5]

ചാവറയച്ചൻ തന്റെ ജീവിതാനുഭവങ്ങളിലൂടെ അന്ത്യവിനാഴികയെ സമാശ്ലേഷിച്ചുകൊണ്ടാണിരുന്നത്:

*ജന്മ ദിനത്തെക്കാൾ മരണ ദിനം നല്ലൂ*
*ജന്മഘോഷത്തേക്കാൾ മരണഘോഷം*
*കല്യാണപന്തലിൽ പോകുന്നതിനേക്കാൾ*
*കണ്ണോക്കിൻ കേതത്തിൽ പോക നന്നു.*[6]

മരണദിനവും തുടർന്നുള്ള ഒരുക്കങ്ങളും ശവസംസ്ക്കാരങ്ങളുമെല്ലാം മിശിഹാനാഥന്റെ മരണാനന്തര സംഭവങ്ങളെ അനുസ്മരിച്ച് ധ്യാനിക്കാനുള്ള നിമിഷങ്ങളാണ് എന്ന ബോദ്ധ്യത്തിൽ ആ ദിവസത്തെ അദ്ദേഹം മുന്നേ തന്നെ അഭിവാദനം ചെയ്യുകയും അതിനായി ഒരുങ്ങുകയുമായിരുന്നു.

ജീവിതസായാഹ്നത്തിൽപ്പോലും ജീവിതപ്രഭാതത്തിന്റെ ഓർമ്മത്തെളിവോടെ അനുതാപകണ്ണുനീർ പൊഴിക്കുന്ന മനോഹരമായ ദൃശ്യം അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ കാണാം:

*അയ്യയ്യോ മഹാദുഃഖം അടിയൻ വളർന്നപ്പോൾ*
*നെയ്യുമില്ലഗ്നിയുമില്ലാ പുകയുന്നതും കണ്ടേൻ*

.........................................................................................

*പാപിയാം മമ പൈതൽ പ്രായത്തിൻ കുഞ്ഞുങ്ങളെ*
*താപത്താൽ പൊറുതിയേക്കേണു പ്രാർത്ഥിക്കുന്നേൻ*
*അമ്മാനുവേലേ, നിനക്കുത്തമസ്തോത്രമായി*
*അമ്മാന ചൊല്ലി നിന്നെ സ്തുതിച്ചീടുന്നേനഹം*[7]

സന്യാസജീവിതത്തിന്റെ സായാഹ്നത്തിൽ ദൈവം നൽകിയ വിളിയെ അനുസ്മരിച്ചുകൊണ്ട് അവിടുത്തെ കാരുണ്യാതിരേകത്തെ ആ മനസ്സു പ്രകീർത്തിച്ചു:

*ദ്വിപുത്രന്മാരിലേകൻ ദൈവത്തിനു*
*ദാനംചെയ്യുന്നതെത്രയുമുത്തമം*

.........................................................

*തന്റെ നാമധേയത്തിന്റെ കോവിലാം*
*എന്റെ മേയ്‌വിൻ സ്ഥലത്തിങ്കൽ ചേർത്തു നീ.*[8]

മാതൃഭക്തനായ ചാവറയച്ചൻ മരണത്തെ മുന്നിൽ കണ്ടുകൊണ്ട് മാതൃദർശനത്തിനായി പ്രാർത്ഥിക്കുമായിരുന്നു:

*മരണമെന്ന തിരയിറക്കിൽ ദയനിറഞ്ഞ തിരുമുഖം*
*നയനമെന്നതിനു ദൃശ്യമാക്കുവാനപേക്ഷയും*[9]

തന്റെ മരണദിനവും നേരവും വിനാഴികയും സ്ഥലവുമെല്ലാം മാതാവിനെ ഭരമേല്പിച്ച് അദ്ദേഹം സ്വതന്ത്രനാവുകയായിരുന്നു:

*എന്റെ മരണനേരവും സ്ഥലം ദിനം വിനാഴിക*
*നിന്റെ ചിത്തമിഷ്ടമെന്നതിൻ വിധം മമഭൂയാത്*[10]

അമ്മ ബാല്യത്തിൽ തന്നെ മാതാവിന് അടിമവെച്ചതിനെ അനുസ്മരിച്ച് പിശാചിന്റെ ആക്രമണം മരണസമയത്ത് ഉണ്ടാകാതിരിക്കുവാൻ അദ്ദേഹം പരിശുദ്ധ മാതാവിനോട് പ്രാർത്ഥിച്ചു:

*നിന്റെ ദാസ്യമെന്നതിനു ശത്രുദ്വേഷിയാകിലും*
*നിന്റെ അൻപതെന്നു കാൺകിലങ്ങണഞ്ഞു നോക്കീടാ*

.........................................................

*ഇമ്പമോടെയെന്റെ ലോകതരണമായനേരമേ*
*അൻപിനോടനുഗ്രഹിച്ചു വന്നു നീ തുണയ്ക്കണം*[11]

മരണത്തിന് മുമ്പ് തന്റെ ആത്മാവിനെ യേശുകരങ്ങളിൽ അർപ്പിച്ചുകൊണ്ടും അവിടുത്തെ നാമം വിളിച്ചുകൊണ്ടും ജീവിതാന്ത്യം ദൈവത്തിൽ ലയിക്കുവാൻ മാതാവിനോട് പ്രാർത്ഥിക്കുന്ന നിമിഷങ്ങളാണ് *കടശ്ശി അപേക്ഷ*യിലുള്ളത്:

*പാപലോകഹരണമായ മരണസമയമെന്നതിൽ*
*തന്റെ ശുദ്ധനാമവും വിളിച്ചുകൊണ്ടു ദേഹിയെ*

.........................................................

*മരണനേരമതിനുമുൻപിൽകരുണവച്ചുദാസിയേ*
*കരുതി കാത്തു രക്ഷചെയ്ക കരുണയുള്ള നാഥയെ*[12]

മാമ്മോദീസ എന്ന കൂദാശയെക്കുറിച്ചും അതിനനുസരിച്ചുള്ള ജീവിതത്തെക്കുറിച്ചും അതീവ ബോധവാനായിരുന്ന അദ്ദേഹം ജീവിതസായാഹ്നത്തിൽ പരിശുദ്ധാത്മാവു നിറഞ്ഞ ഹൃദയസ്പന്ദനങ്ങളാണ് സാഹിത്യകൃതികളിലും പ്രാർത്ഥനകളിലും ഉപദേശങ്ങളിലുമെല്ലാം ആവിഷ്കരിച്ചിരുന്നത്.

1871 ജനുവരി 2-ാം തീയതി രോഗിയുടെ ആവശ്യപ്രകാരം ലെയോപ്പോൾദച്ചൻ അദ്ദേഹത്തെ കുമ്പസാരിപ്പിച്ചു. ഉച്ചകഴിഞ്ഞപ്പോൾ കൂടുതലായ ഭാവപ്പകർച്ചയും കണ്ടുതുടങ്ങി.

മരണത്തിന്റെ തൊട്ടു മുമ്പുള്ള നിമിഷങ്ങളിൽ തനിക്ക് പിരിഞ്ഞുപോകാനുള്ള സമയമായി എന്നു തിരിച്ചറിഞ്ഞ ചാവറയച്ചൻ രോഗീലേപനം സ്വയം ആവശ്യപ്പെട്ടു. ലെയോപ്പോൾദച്ചന്റെ കൈയ്യിൽ നിന്നും രോഗീലേപനം സ്വീകരിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. തൊട്ടടുത്ത മുറിയിൽ ഹൃദയം തകർന്ന് കൊച്ചുകുട്ടിയെപ്പോലെ പൊട്ടിക്കരയുന്ന മിഷനറി സ്വയം അതിൽ നിന്നൊഴിവായി. ആ ആവശ്യം നിറവേറ്റിക്കൊടുക്കുന്നതിന് താൻ അശക്തനാണെന്ന് വിങ്ങിപ്പൊട്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞു. അവസാനം ആശ്രമത്തിന്റെ വികാരിയായ (സുപ്പീരിയർ) യോഹന്നാൻ ക്രൂസിന്റെ യൗസേപ്പച്ചൻ രോഗീലേപനം നൽകുന്നതിന് നിയുക്തനായി. മണി മുഴങ്ങിയപ്പോൾ ആശ്രമാംഗങ്ങളെല്ലാം, ചിലർ വിങ്ങിപ്പൊട്ടിയും മറ്റുചിലർ കണ്ണീരൊഴുക്കിയും, എല്ലാവരും തന്നെ, പ്രിയോരച്ചന്റെ മുറിയിൽ ഒന്നിച്ചുകൂടി.[13]

അവസാനവാക്കുകൾ തന്നിൽ നിന്നും കേൾക്കുവാനാണ് ആശ്രമാംഗങ്ങളെല്ലം തന്റെ കിടക്കയ്ക്കരികിൽ ശ്രദ്ധയോടെ നിൽക്കുന്നതെന്നു മനസ്സിലാക്കിയ ചാവറയച്ചൻ അന്ത്യശയ്യയിൽ കിടന്ന് തല നിവർത്തി ചാരി ഇരുന്നു പറഞ്ഞു:

*നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെയായാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോഴാകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത് എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറെ നാൾ മുൻപു തുടങ്ങി ഞാൻ ചെയ്തു വന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കൾ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർമ്മിപ്പിക്കുകയും ഞാൻ ആ തിരുക്കുടുംബത്തെ ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ട പ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിന് ഞാൻ*

*പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസ്സിനു സന്തോഷത്തോടെ കീഴ്വഴങ്ങുവിൻ. ദൈവം സർവ്വവല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും എന്നേക്കാൾ കൂടുതൽ നന്മ ചെയ്യാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങൾ എല്ലാവരും റേഗുളയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ച് കാക്കണം. ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം. ആ തിരുഹൃദയത്തിൽ നിന്നും നിവ്യായുടെ വചനം പോലെ ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽ തമ്മിൽ പരമാർത്ഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ട് ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകയും സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.*[14]

ആയുഷ്ക്കാലം മുഴുവൻ ദൈവാനുഭവത്തിൽ ജീവിച്ച ഒരാൾക്ക് മാത്രമേ ശാരീരിക രോഗത്തിന്റെയും മരണാനുഭവത്തിന്റെയും മൂർദ്ധന്യാവസ്ഥയിൽ ദൈവത്തേയും ദൈവീകകാര്യങ്ങളെയും കുറിച്ച് സമചിത്തതയോടെ ഇവ്വിധം പറയുവാൻ സാധിക്കുകയുള്ളൂ. യേശുവിന്റേയും പരിശുദ്ധ മറിയത്തിന്റേയും യൗസേഫ്പിതാവിന്റേയും സജീവ സാന്നിദ്ധ്യമാണ് മരണ സമയത്തും അദ്ദേഹം അനുഭവിച്ചത്. അത്യുന്നതമായ ദൈവാനുഭവം ദൈവജനത്തെ മാറ്റി നിറുത്തുന്നില്ല എന്ന ബോദ്ധ്യമാണ് മരണക്കിടയ്ക്കയ്ക്കു ചുറ്റും നിന്നിരുന്നവരെയും സഭയെയും സമൂഹത്തെയും എല്ലാം തന്നെ അദ്ദേഹം തിരുക്കുടുംബത്തിന് പ്രതിഷ്ഠിക്കുന്നതിൽ കാണാവുന്നതും.

തങ്ങളെയെല്ലാം ആശീർവ്വദിക്കണമെന്ന് വികാരിയച്ചൻ ആവശ്യപ്പെട്ടപ്പോൾ *ബുക്ക്സെ-ദാലാഹ* ചൊല്ലി ചാവറയച്ചൻ എല്ലാവരെയും കൈ പൊക്കി ആശീർവ്വദിച്ചു. സുബോധത്തോടെ രോഗീലേപനം സ്വീകരിച്ചു. ഓരോ പ്രാർത്ഥനയുടെയും മറുപടി കൃത്യമായി ചൊല്ലുകയും ചെയ്തു. രാത്രിയിൽ അവിടെ എത്തിച്ചേർന്ന മാത്തുതരകൻ വൈദ്യൻ ചില മരുന്നുകൾ കൊടുത്തെങ്കിലും കാര്യമായ ഫലമൊന്നുമുണ്ടായില്ല. മൂപ്പച്ചൻ രാത്രിയിൽ മഠത്തിൽ ഓടിയെത്തി പ്രിയോരച്ചനുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു.

*പ്രിയോരച്ചന്റെ കാര്യത്തിൽ എനിക്കു വലിയ പ്രതീക്ഷയുണ്ട്. അപേക്ഷിക്കുക. അപേക്ഷിച്ചാൽ കിട്ടും.*[15]

അച്ചന്മാർ മിക്കവരും രാത്രി മുഴുവൻ മുറിയിൽ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. വെളുപ്പാൻ കാലമായപ്പോൾ കുറച്ച് വലിവ് ഉണ്ടായി. നേരം വെളുത്ത് അത് ക്രമേണ ശാന്തമായി.

ജനുവരി മൂന്നാം തീയതി രാവിലെ ഏഴുമണിക്ക് കുറെ ആശ്വാസമുണ്ടെന്നു കണ്ടു; അച്ചന്മാരിൽ ചിലർ ബലിയർപ്പിക്കുവാൻ പോയി. എന്നാൽ ഏഴര മണിയോടുകൂടി ഒരു ഭാവപ്പകർച്ച ഉണ്ടായി. അടുക്കൽ നിന്നിരുന്ന അച്ചന്മാർ *അടച്ചുർശ്മാ* കൊടുത്തു. *ഈശോ മറിയം* ചൊല്ലിക്കൊണ്ടിരുന്ന ചുണ്ടുകൾ നിശ്ചേതനങ്ങളായി. തന്റെ അവകാശമായ ദൈവത്തിങ്കൽ തനിക്കു സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗീയ കിരീടം സ്വീകരിക്കാൻ വിശുദ്ധിയുടെ മാടപ്രാവ് ഇഹത്തിൽ നിന്നും യാത്രയാവുകയായി.

*അമ്മാനുവേലെന്ന നാമാർത്ഥംപോൽ*
*ദൈവം നമ്മോടു ചേർന്നതും കാണാകേണം*

എന്നത് അക്ഷരാർത്ഥത്തിൽ അനുഭവപ്രാപ്തമാകുന്നത് ചാവറയച്ചനും അദ്ദേഹത്തിന്റെ മരണക്കിടയ്ക്കക്ക് ചുറ്റും നിന്നിരുന്നവർക്കും ഒരുപോലെ ഹൃദയസ്പർശിയായിട്ടുണ്ടാവണം. മരണത്തിന് ഒന്നു രണ്ടു വർഷം മുമ്പ് രചിച്ച *ആത്മാനുതാപം* എന്ന കൃതിയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ *ദൈവം നമ്മോട് ചേർന്നത് കണ്ടുകൊണ്ടാണ്* ചാവറയച്ചൻ തന്റെ ജീവിതാന്ത്യത്തിൽ *ദൈവത്തോട് ചേർന്നത്;* അതും *ദൈവജനത്തെ സാക്ഷിനിറുത്തിക്കൊണ്ട്!*

■

## പരാമർശ സൂചിക


1. *ആത്മാനുതാപം* II, 141 - 142
2. ജോൺ റോമയോ പട്ടശ്ശേരി, *op.cit.,* പേജ് 92
3. *ചരമ വത്സരം*, പേജ് 7-9 in വലേരിയൻ, *op.cit.,* പേജ് 311.
4. *Ibid.*
5. *പാറപ്പുറം വർക്കിയച്ചൻ*, *op.cit.,* vol. V, 102-103.
6. ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2, *മരണവീട്ടിൽ പാടാനുള്ള പാന,* 1-4
7. *ആത്മാനുതാപം*, II, 353-364
8. *Ibid,* I, 123-134
9. *ആത്മാനുതാപം, കടശ്ശി അപേക്ഷ.* 15-16
10. *Ibid.,* 35-36
11. *Ibid.,* 50-60
12. *Ibid.,* 68-76
13. *വലേരിയൻ*, *op.cit.,* പേജ് 314-315.
14. *ചരമ വത്സരം*, പേജ് 11-17 in വലേരിയൻ, *op.cit.,* പേജ് 315-316
15. *കൂനമ്മാവ് നാളാഗമം, വാല്യം II,* പേജ് 19

എട്ട്

# ദൈവഛായ; ദൈവസാദൃശ്യം

വിശ്വാസ,ശരണ, സ്നേഹ സരണികളിലൂടെ ദൈവഛായയിൽ നിന്ന് ദൈവ സാദൃശ്യത്തിലേയ്ക്കുള്ള രൂപാന്തരപ്പെടലിന്റെ പ്രയാണയാത്രയിൽ ചാവറ പിതാവ് പിന്നിട്ട മൂന്നു ഘട്ടങ്ങളാണ് ക്രിസ്തുവിലേയ്ക്കുള്ള യാത്ര, ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ, അവിടുന്നുമായുള്ള അനുരൂപണം എന്നിവ.

## ക്രിസ്തുവിലേയ്ക്കുള്ള യാത്ര

മാമ്മാദീസായിലൂടെ വിശ്വാസതീർത്ഥാടനം ആരംഭിക്കുന്ന ഏതൊരു സ്വർഗ്ഗീയ തീർത്ഥാടകന്റേയും ജീവിതത്തിലെ പ്രഥമ ഘട്ടമാണിത്. ചാവറയച്ചന്റെ ജീവിതത്തിലും ഈ യാത്രയുടെ തുടക്കം ജനനത്തിന്റെ എട്ടാം നാൾ ചേന്നങ്കരിപ്പള്ളിയിൽ വച്ചു സ്വീകരിച്ച മാമ്മാദീസായിലൂടെയായിരുന്നു. അന്ന് തലതൊട്ടപ്പനും തലതൊട്ടമ്മയും അദ്ദേഹത്തിനുവേണ്ടി വിശ്വാസസത്യങ്ങൾ ഏറ്റുചൊല്ലി ക്രിസ്തുവിലേയ്ക്കുള്ള ജീവിതയാത്രയുടെ പ്രാരംഭ ദിശാസൂചകരായി; തുടർന്ന് പ്രാർത്ഥനകൾ പഠിപ്പിച്ച, കൊച്ചുജപങ്ങൾ ചൊല്ലിക്കൊടുത്ത, വിശുദ്ധ ഗ്രന്ഥകഥകളും വിശുദ്ധരുടെ ചരിത്രങ്ങളും പറഞ്ഞു കേൾപ്പിച്ച അമ്മയും. ഉറച്ച ക്രൈസ്തവ വിശ്വാസിയായിരുന്ന അമ്മയുടെ പ്രാർത്ഥനകളും ജീവിതമാതൃകയും അതിനു കൂടുതൽ മിഴിവു പകർന്നു. അപ്പന്റെ വിശ്വാസദാർഢ്യം, ക്രിസ്തീയതയിലുള്ള അടിത്തറ, കുടുംബപ്രാർത്ഥന, ജീവിതത്തിലെ സുപ്രധാനസംഭവങ്ങളായ ആദ്യകുർബ്ബാന, സ്ഥൈര്യലേപനം തുടങ്ങിയ അവസരങ്ങളിലെ ജ്യേഷ്ഠസഹോദരങ്ങളോടൊത്തുള്ള പങ്കുചേരൽ, വെച്ചൂർ പള്ളിയിൽ വച്ച് ദൈവമാതാവിന് അടിമയായി സമർപ്പിക്കപ്പെട്ട സന്ദർഭം, മുതിർന്നപ്പോൾ മുതൽ ദേവാലയത്തിൽ പങ്കുചേർന്ന ദിവ്യബലികളും തിരുക്കർമ്മങ്ങളും, അതിൽ പങ്കെടുപ്പിക്കുന്നതിൽ മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും ശുഷ്കാന്തി, അമ്മാവനായ തോപ്പിൽ ഗീവർഗ്ഗീസച്ചന്റെ പൗരോഹിത്യ മാതൃകയും

തീക്ഷ്ണതയും അതിലുള്ള അമ്മയുടെയും വല്യപ്പൻ-വല്യമ്മമാരുടേയും അഭിമാനവും, തന്റെ തന്നെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം, അല്പം മുതിർന്നപ്പോൾ മുതലുള്ള അൾത്താര ശുശ്രൂഷയിലെ പങ്കുചേരൽ... എല്ലാം ചാവറയച്ചനെ സംബന്ധിച്ച് ക്രിസ്തുവിലേയ്ക്കുള്ള അദ്ദേഹത്തിന്റെ യാത്രയ്ക്ക് ദിശാബോധവും പ്രകാശവും നൽകിയ അനുഭവതലങ്ങളായിരുന്നു. അതിനു മകുടം ചാർത്തിക്കൊണ്ടായിരുന്നു സെമിനാരി പ്രവേശനം. അതാവട്ടെ പ്രസ്തുത യാത്രയെ കൂടുതൽ ലക്ഷ്യബോധമുള്ളതാക്കി ത്തീർക്കുകയും ചെയ്തു.

## ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ

ചാവറയച്ചൻ ക്രിസ്തുവുമായി കണ്ടുമുട്ടിയ പ്രഥമ സന്ദർഭം തന്റെ ആദ്യ കുർബ്ബാന സ്വീകരണം തന്നെയായിരിക്കണം. കുമ്പസാരിച്ച് നിർമ്മലമായ ആത്മാവിൽ സ്നേഹമുദ്ര ചാർത്തിക്കൊണ്ട് തന്നിൽ വസിക്കാനായി ഇറങ്ങി വന്ന യേശുവിനെ സ്വീകരിക്കുന്ന സുദിനത്തിന്റെ സുകൃതത്തെക്കുറിച്ചും ഭാഗ്യത്തെക്കുറിച്ചും മാതാപിതാക്കളും ഗുരുഭൂതരും അദ്ദേഹത്തെ വേണ്ട വിധം ഗ്രഹിപ്പിച്ചിരിക്കണം. അക്കാലഘട്ടത്തിൽ നാട്ടിൽ വ്യാപിച്ച പകർച്ച വ്യാധി തന്റെ കുടുംബത്തെ വെറുതെ വിട്ടെങ്കിലും അതിൽ ജീവിതം നഷ്ട പ്പെട്ടവരിൽ അദ്ദേഹത്തിന്റെ ചാർച്ചക്കാരും കൂട്ടുകാരും ഉൾപ്പെട്ടിട്ടുണ്ടാകു മല്ലോ. കരുത്തുള്ള ഒരു കരം താങ്ങായി എപ്പോഴും കൂടെ ഒപ്പമുള്ള അനു ഭവം അത് അദ്ദേഹത്തിന് സമ്മാനിച്ചിട്ടുമുണ്ടാകണം.

*സർവ്വേശൻ നീതീശ്വരൻ ദയവിൻ നാഥൻ*
*സർവ്വത്തിൽ നിന്നും കാത്തുരക്ഷിച്ചു മമ ജീവൻ.*[1]

ബാല്യകാലത്ത് നാടിനെ വിഴുങ്ങിയ പകർച്ചവ്യാധിയെ അനുസ്മരിച്ചു കൊണ്ട് *ആത്മാനുതാപ*ത്തിൽ അദ്ദേഹം ഇവ്വിധം കുറിച്ചതും അതുകൊ ണ്ടാവണമല്ലോ.

ദിക്കുകളൊക്കെയിലും വ്യാപിച്ച വസന്തയുടെ ഭീതിദമായ ഓർമ്മകൾ ചാവറപിതാവിൽ ഉണർത്തിയത് വിഭിന്ന മാനസിക ഭാവങ്ങളായിരുന്നു.

*നാടുകൾ നഗരവും വീഥികൾ തെരുവുകൾ*
*വീടുകളൊക്കെയതിൽ രോദനമല്ലാതില്ല.*
*ദേവാലയത്തിൽ കൂടുന്നേരവും മൃത്യുകേൾക്കാം.*
*ആബാലവൃദ്ധത്തൊടെ കരച്ചിൽ നിലവിളി*
*അക്കാലം സർവ്വേശ്വരൻ മേവിധി കല്പിച്ചെങ്കിൽ*
*ദുഃഖാബ്ധേ വീണുതാണു കിടക്കുമന്ത്യം വിനാ.*[2]

പകർച്ചവ്യാധിയുടെ കലിതുള്ളിയെത്തിയ പ്രവാഹത്തിൽ ഒരുപാടു ജീവിതങ്ങൾ കടപുഴകി വീണു. നാടെങ്ങും വിലാപം നിറഞ്ഞു. അതിൽ

താനും നിപതിക്കാതിരുന്നത് ദൈവത്തിന്റെ പ്രത്യേക കരുതൽ നിമിത്ത മായി ചാവറപിതാവ് കരുതി. താൻ തിന്മയുടെ വഴിയേയാണ് അക്കാലത്ത് സഞ്ചരിക്കുന്നതെന്നും അനുതാപം കൊണ്ട് അതിനെ അതിജീവിക്കാൻ ശ്രദ്ധിച്ചിരുന്നില്ലെന്നും അദ്ദേഹം വ്യഥകൊണ്ടിരുന്നതോർക്കുക. ആ പകർച്ച വ്യാധിയിൽ തന്റെ മരണം സംഭവിച്ചിരുന്നെങ്കിൽ അത് ഒരു പക്ഷേ, ആത്മാ വിന് നാശകാരണമാകുമായിരുന്നു. അതിനിടവരുത്താത്ത ദൈവത്തോടുള്ള അതിരില്ലാത്ത കൃതജ്ഞത ചാവറയച്ചനിൽ നിറഞ്ഞിരുന്നു.

താൻ പാപിയായതിനാൽ എല്ലാവിധത്തിലും തന്നെ ശിക്ഷിക്കുന്നത് ന്യായയുക്തമായിരുന്നുവെങ്കിലും സകലവിധ ഔദാര്യത്തോടും കൂടി ദൈവം തന്നെ കാത്തുരക്ഷിച്ചുവെന്നും തന്നെ ശിക്ഷിക്കുവാനായി ദൈവം ഉയർത്തിയ കരം അവിടുന്ന് അന്യരിലേയ്ക്ക് തിരിച്ചതിന്റെ കാരണമെന്തെന്ന് തനിക്ക് ഇനിയും മനസ്സിലായിട്ടില്ലെന്നും അദ്ദേഹം ഏറ്റുപറയുന്നു. തന്നേ ക്കാൾ സുകൃതികളായ പലരും മരണത്തിൽ അകപ്പെട്ടു. മാതാവും പിതാവും മക്കളും ഒരുമിച്ച് മാവിന്റെ ഇലപൊഴിയുന്നതുപോലെ വീണുപോകുന്നു. അവരുടെയെല്ലാം ഗുണഗണങ്ങളും തന്റെ പിഴവുകളും ചേർത്തുവെച്ചാൽ തനിക്ക് എന്താണ് മേന്മ പറയാനുണ്ടാകുക എന്നും അദ്ദേഹം ആശങ്ക പ്പെടുന്നു.

*എന്നെ കാത്തനുഗ്രഹിച്ചീടുന്ന നേരം തന്നെ*
*എന്നെക്കാൾ ഗുണവാന്മാർ പലരും വീണിടുന്നു.*
*മാതാവും പിതാവും തൻ മക്കളുമൊരുമിച്ച്*
*മാവിന്റെയിലപോലെ വീഴുന്നങ്ങൊരുമിച്ചു*
*അന്നവരുടെ ഗുണദോഷവും മമാ കൃതി*
*എന്നതും കൂടെ സൂക്ഷിച്ചീടുകിൽ മമ നാഥാ.*[3]

ഇതിനെല്ലാം കാരണമായി ഒന്നേ കാണാൻ കഴിയുന്നുള്ളു; ദൈവത്തിന്റെ അനന്തമായ കരുണ.

*എന്നിതു സർവ്വേശ്വരാ നിൻ കരുണയിൻ കടൽ*
*അന്തംകൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം*
*എന്നതിനെന്തുമൂലമെന്നഹമോർക്കുന്നേരം*
*നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം.*[4]

സെമിനാരിയിലേയ്ക്ക് ക്ഷണിച്ച പാലയ്ക്കൽ മല്പാനച്ചനിലൂടെയും ക്രിസ്തുവുമായുള്ള ഒരു കണ്ടുമുട്ടൽ ചാവറപിതാവിന്റെ ജീവിതത്തിൽ സംഭ വിക്കുന്നുണ്ട്. അതുകൊണ്ട് അപ്പന്റെയും അമ്മയുടെയും സങ്കടത്തിനു മുമ്പിലും ആ വിളിയെ മറികടക്കാനാകാത്ത അപ്രതിരോധ്യമായ പക്വതയി ലേയ്ക്ക് ആ പത്തു വയസ്സുകാരൻ പെട്ടെന്ന് രൂപാന്തരം പ്രാപിക്കുന്നു. ഉറച്ച ഒരു തീരുമാനമായി അത് പരിണമിക്കുകയും ചെയ്യുന്നു.

തന്നെ തനിച്ചാക്കുകയും സംഘർഷത്തിലാക്കുകയും ചെയ്യുന്ന ലോകത്തെയും ബന്ധുക്കളെയും പിന്നിൽ നിറുത്തി *ഇതാ ഞാൻ* എന്നു പറഞ്ഞ് ചാവറയച്ചൻ തന്റെ ക്രിസ്തുവിനു മുമ്പിൽ ഏറ്റവും ധീരതയോടെ നിന്ന സന്ദർഭമാണ് സെമിനാരി ജീവിതകാലത്തെ മാതാപിതാക്കളുടെയും സഹോദരന്റെയും വേർപാടിന്റെ സന്ദർഭം. ആ മരണത്തിന്റെ നിഴലുകൾക്കും അനിശ്ചിതത്വത്തിന്റെ അന്ധകാരത്തിനും മീതെ ക്രിസ്തുവിന്റെ മുഖവും ആ മുഖത്തെ പ്രകാശവും ദർശിച്ച ചാവറയച്ചന് ഇനിയൊരു പിന്തിരിയൽ സാധ്യമാകുമായിരുന്നില്ല. ആ കണ്ടുമുട്ടൽ എന്നെന്നേയ്ക്കുമുള്ളതായിരുന്നുവെന്ന് തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു.

ആസ്തപ്പാടുപട്ടം കിട്ടി ആഘോഷമായി ദേവലായപ്രവേശനത്തിനായി സ്വന്തം ഇടവകയിൽ ചെന്നപ്പോൾ അവർ ചാവറശെമ്മാശ്ശനെ സ്വീകരിക്കാൻ കൂട്ടാക്കിയില്ല. ഇടവക കേന്ദ്രീകൃതമായിരുന്നു അന്നത്തെ സെമിനാരി പരിശീലനം. ഇടവക ജനങ്ങൾ ദേശക്കുറി നൽകുന്ന പതിവ് അന്ന് നിലവിലിരുന്നിരുന്നു. ചാവറ ശെമ്മാശന് ആസ്തപ്പാട് പട്ടം കിട്ടിയത് പാലയ്ക്കൽ മല്പാനച്ചന്റെ നിർദ്ദേശപ്രകാരമായിരുന്നുവല്ലോ. ഇടവകയിലെ ചിലർക്ക് അത് തങ്ങളുമായ ബന്ധത്തിന് ഉലച്ചിൽ സംഭവിച്ചതുപോലെ അനുഭവപ്പെട്ടതു കൊണ്ടായിരിക്കാം ശെമ്മാശ്ശനെ അവർ സ്വീകരിക്കാതിരുന്നത്. എന്നാൽ ശെമ്മാശ്ശന്റെ വിവേകപൂർണ്ണമായ പ്രതികരണം ഈ പ്രശ്നം പരിഹരിച്ചു എന്നു മാത്രമല്ല അദ്ദേഹത്തിന്റെ പുത്തൻ കുർബ്ബാന വളരെ ആഘോഷമായി ചേന്നങ്കരിപ്പള്ളിയിൽ വച്ച് അവർ മുൻകയ്യെടുത്തു നടത്തുകയും ചെയ്തു.[5] ഈ ലോകത്തിന്റെ സകല ബന്ധങ്ങൾക്കും നേട്ടങ്ങൾക്കും കെട്ടുപാടുകൾക്കും ഉപരിയായി ക്രിസ്തുവിനെ കർത്താവായി ഹൃദയത്തിൽ പൂജിച്ചിരുന്ന അദ്ദേഹം, തന്നെ തള്ളിപ്പറഞ്ഞ പ്രിയപ്പെട്ടവരോട് പ്രതികരിച്ചവിധം ശ്രദ്ധേയമാണ്. ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിന്റെ ആഴം അതിൽ വ്യക്തമത്രെ. യൗസേഫ് പിതാവിന്റെ ഒരു കൊത്തു രൂപം പ്രസ്തുതപള്ളിക്ക് ദാനം ചെയ്യുകയും ആണ്ടുതോറും അവിടുത്തെ പ്രധാന തിരുനാളിനുള്ള പ്രസംഗം പ്രതിഫലം കൂടാതെ എല്ലാവർഷവും പറഞ്ഞുവരികയും ചെയ്തുകൊണ്ടായിരുന്നു പ്രതിഭവം.[6]

മാന്നാനം ആശ്രമത്തിന്റെ *അമലോദ്ഭവദാസസംഘത്തിന്റെ* ആദ്യപ്രിയോരായി ചാവറയച്ചൻ നിയമിതനായ കാലഘട്ടം. ആശ്രമജീവിതത്തിനായി വന്നുചേർന്നവരെ മർസലീനോസ് മൂപ്പച്ചൻ പരീക്ഷിച്ചു നോക്കി. അവർക്കായി ഒരു ധ്യാനം നടത്തി. ആശ്രമത്തിന്റെ ആവൃതി നിയമം, മൗന വ്രതം ആദിയായ സന്യാസജീവിതത്തിന്റെ അവശ്യ ഘടകങ്ങൾ മൂപ്പച്ചൻ വിവരിച്ചു. അതു കേട്ടപ്പോൾ രണ്ട് അച്ചന്മാരും എട്ട് ശെമ്മാശ്ശന്മാരും ഒരു യോഗാർത്ഥിയും ആശ്രമജീവിതം ഉപേക്ഷിച്ചു പോയത് താങ്ങാനാവാത്ത ആഘാതമായി. എങ്കിലും യേശുവിൽ തന്റെ സർവ്വ പ്രത്യാശയും അർപ്പിച്ച് അചഞ്ചലനായി അദ്ദേഹം പ്രസ്തുത പ്രതിസന്ധിയെ തരണം ചെയ്തു.

ക്രിസ്തുവിലുള്ള ആഴമായ പ്രത്യാശ അദ്ദേഹത്തെ യേശുവുമായുള്ള ഒരു വ്യക്തിബന്ധത്തിലൂടെ ഒരു ഉടമ്പടി ധാരയിലേയ്ക്ക് ആനയിക്കുകയായിരുന്നു. പിന്നീട് അവിടുത്തെ കൈയ്യിലെ ഒരു ഉപകരണം എന്ന നിലയിലായിരുന്നു ചാവറയച്ചന്റെ ജീവിതം.

## ക്രിസ്തുവുമായുള്ള അനുരൂപണം

തന്റെ ജീവിതം എന്നെന്നേയ്ക്കും ക്രിസ്തുവിനുള്ളതാണെന്ന് തന്നെത്തന്നെയും ലോകത്തെയും ബോദ്ധ്യപ്പെടുത്തിയ ചാവറയച്ചന്റെ ജീവിതത്തിൽ ഉറ്റവരുടെ വേർപാടിന്റെ ദശാസന്ധിക്കുശേഷമുള്ള സെമിനാരികാലം ക്രിസ്തുവുമായുള്ള അനുരൂപണത്തിന്റെ പ്യൂപ്പാദശ തന്നെയായിരുന്നു. ക്രിസ്തുവിനെപ്പോലെയുള്ള ഒരു പുരോഹിതനാകാനാണ് അദ്ദേഹം പരിശീലനം നടത്തിയത്. അത് ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നുകൊണ്ടുമായിരുന്നു. പ്രായത്തിൽ കവിഞ്ഞ ഭാരങ്ങൾ വഹിച്ചും ഗുരുനാഥനു വലംകൈയ്യും സഹപാഠികൾക്ക് താങ്ങും ആയി നിലകൊണ്ടും അദ്ദേഹം മുന്നേറി. അക്കാലത്തു തന്നെ തന്റെ അജഗണങ്ങളുടെ അഭ്യുന്നതിക്കുവേണ്ടി മാർഗ്ഗങ്ങൾ ആരായുന്ന ഇടയശൈലിയും സ്വന്തമാക്കി. അതിന്റെ പ്രകാശനമാണ് പ്രഥമ ദിവ്യബലിയർപ്പണവേളയിൽത്തന്നെ അദ്ദേഹത്തിൽ നിന്നും ബഹിർഗമിക്കുന്ന സന്യാസസമൂഹസ്ഥാപന സാഫല്യത്തിനായുള്ള പ്രാർത്ഥന. പുരോഹിതനായ ചാവറയച്ചനിൽ *മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു*[7] എന്ന് ആഹ്വാനം ചെയ്തുകൊണ്ട് പരസ്യജീവിതമാരംഭിക്കുന്ന ക്രിസ്തുവിന്റെ ഭാവങ്ങൾ ദൃശ്യമായിരുന്നു. പുളിങ്കുന്നു പള്ളിയിൽ ആത്മാക്കളെ നേടുന്നതിനായി നടത്തിയ പ്രഥമ ധ്യാനപ്രസംഗ പരമ്പരയിൽ നിന്നും അക്കാര്യം വ്യക്തമാകുന്നുണ്ട്. മലയോരങ്ങളിൽ പ്രാർത്ഥിക്കുകയും സുവിശേഷം പ്രസംഗിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും സർവ്വർക്കും നന്മ ചെയ്യുകയും ചെയ്ത യേശുവിനെപ്പോലെ നീണ്ടമണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനാലീനനായും തീക്ഷ്ണമായ സുവിശേഷസന്ദേശപ്രഘോഷണത്തിൽ വ്യാപൃതനായും ജനങ്ങൾക്ക് ആത്മശരീരസൗഖ്യത്തിനും ബൗദ്ധിക സാംസ്ക്കാരിക പുരോഗതിക്കുമായുള്ള വഴികളന്വേഷിച്ചും അതിനുവേണ്ട ക്ലേശങ്ങളെല്ലാം പരാതികൂടാതെ സ്വീകരിച്ചും സകലർക്കും നന്മ ചെയ്ത് ചാവറപിതാവു കേരളമണ്ണിലങ്ങോളമിങ്ങോളം വിശുദ്ധസാന്നിദ്ധ്യമായി നിലകൊണ്ടു. യേശുനാഥനുമായി താദാത്മ്യപ്പെടാൻ ആഗ്രഹിച്ച ചാവറപിതാവ് ശത്രുമിത്രഭേദമന്യേ താൻ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ എന്നും വെമ്പൽകൊണ്ടു:

*ആ, ക്ഷമയുടെ ആഴമേ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈവണ്ണം നമ്മെ സ്നേഹിച്ചു. നമുക്കു വേണ്ടി മരിച്ചു. അപ്പോഴോ സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുവെങ്കിൽ നമ്മെ സ്നേഹിയ്ക്കുവാൻ തനിക്കു വശമുണ്ടാകുമോ.*[8]

ശത്രുസ്നേഹത്തിന്റെ മഹനീയ സത്യമാണ് ദൈവത്തിൽ അദ്ദേഹം ദർശിക്കുന്നത്. പരിമിതരും പാപികളുമായിരിക്കുന്നവരെയാണ് ദൈവം സ്നേഹിക്കുന്നതെന്ന അനുഭവം അദ്ദേഹത്തിൽ കുടികൊണ്ടു. തന്റെ ആദ്ധ്യാത്മികതയിൽ ശത്രുസ്നേഹത്തിനുണ്ടായിരുന്ന അതുല്യസ്ഥാനമാണ് മരണപത്രികയിൽ ഇപ്രകാരം കുറിക്കുവാൻ പ്രേരകമായത്.

*മാന്നാനത്ത് കൊവേന്തക്കാരു മുട്ടുചിറ ഇടവകയിൽ മാഞ്ഞൂര് കളപ്പുര യ്ക്കൽ മാത്തൻ എന്നയാളിന്റെ തറവാട്ടിന് കഴിയുന്ന ഉപകാരം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാണ്.*[9]

ചാവറയച്ചനെതിരായി കള്ളക്കേസുകൊടുത്ത ആളായിരുന്നു അദ്ദേഹം. കേസിൽ ചാവറയച്ചനെ വിസ്തരിച്ചു എങ്കിലും കോടതിയിൽ അതെല്ലാം കള്ളമെന്നു തെളിഞ്ഞു. എന്നിട്ടും തന്നെ അനാവശ്യമായി കോടതി കയ റ്റിയ ആ മനുഷ്യനെ ശത്രുവായി കാണാതെ സ്നേഹത്തിൽ സ്വീകരിച്ചത് ദൈവചരായയിൽ നിന്നും ദൈവസാദൃശ്യത്തിലേയ്ക്കുള്ള ചാവറയച്ചന്റെ വളർച്ചയെയാണ് വ്യക്തമാക്കുന്നത്. കൊവേന്തക്കെതിരായി നിലകൊണ്ട ഒരു വാലിഭക്കാരനെ ചാവറയച്ചൻ രോഗാവസ്ഥയിൽ ചെന്നു കണ്ടു. ശത്രു വെന്നു കണ്ടു തള്ളാമായിരുന്നു എങ്കിലും മിത്രമായി കണ്ട് രമ്യപ്പെടുകയാ യിരുന്നു. എലീസേവൂസച്ചൻ എഴുതിയിട്ടുള്ളതു കാണുക:

*വാലിഭക്കാരനെ കൊവേന്തയിൽ നിന്ന് നീക്കിക്കളയുകയാൽ വലിയ പരി ഭവമായിരുന്നതിനാലും മൂത്ത ചെറുക്കൻ എല്ലാവരും കയ്യൊഴിഞ്ഞ് മരണ പ്രമാദത്തിലിരിക്കയാലും ആലപ്പുഴയിൽ പോകുന്നവഴിയിൽ അവിടെ കേറി. നേരറിഞ്ഞതിനാൽ അവർ പൊറുതി ചോദിച്ചു സ്നേഹമായി. ചെറുക്കന്റെ ദീനം പ്രത്യക്ഷംപോലെ ആശ്വാസം കാണുകയും ചെയ്തു.*[10]

ചാവറയച്ചൻ എഴുതിയിട്ടുണ്ട്:

*ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പ്പാൻ പാടില്ലെന്ന് നമ്മുടെ കർത്താവു തന്നെ അരുളിച്ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും മോശങ്ങളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമെയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷംപേർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്ന് ശേഷംപേരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരു ഉപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ കാവ്യരും തമ്മിൽ തമ്മിൽ അറിവും ചാർച്ചയും ഇല്ലാ ത്തവരും ചെയ്യുന്നതിൽ അധികം നീ എന്തു ചെയ്യുന്നു?*[11]

എലിസേവൂസ് അച്ചൻ എഴുതി:

*തൊണ്ടനാട്ട് അന്തോണി അച്ചൻ പള്ളിയിൽ നിന്ന് തള്ളപ്പെടുകയാൽ ദീനാവസ്ഥയിൽ അനുതപിച്ച് ചേരുന്നതിന് ഉറച്ചു. വിവരത്തിന് പ്രിയോര ച്ചന് എഴുതി. അനുവാദപ്രകാരം കൊച്ചിയിൽ ചെന്ന് പ്രിയോരച്ചനെ കണ്ടു. മെത്രാപ്പോലീത്താച്ചൻ തിരുസിംഹാസനത്തിലെഴുതി കല്പന വരുന്നതു വരെയും മാന്നാനത്ത് കൊവേന്തയിൽ പാർത്ത് ധ്യാനിക്കണമെന്ന് ശരണ*

*ത്തിന്റെയും തുണയുടെയും കടലാസ് പ്രിയോരച്ചൻ കൊടുത്തയച്ചു. തദനുസരണം മാന്നാനത്ത് വന്നു സ്വീകരിക്കപ്പെട്ടു.*[12]

എതിരായി നിന്ന ഒരാളെ മാന്നാനം ആശ്രമത്തിൽ താമസിപ്പിച്ചാലുണ്ടാകുന്ന അസൗകര്യങ്ങൾ അദ്ദേഹത്തെ ആകുലപ്പെടുത്തിയില്ല. ദിവ്യഗുരുവിന്റെ മാതൃകയനുസരിച്ച് കലർപ്പില്ലാത്ത ശത്രുസ്നേഹം പ്രകടിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. വ്യക്തിപരമായ ശാരീരിക വൈകാരിക മൂല്യങ്ങളെയും ചായ്‌വുകളേയുംകാൾ തന്നോടു കൂടെയുള്ള ദൈവാത്മാവിന്റെ പ്രേരണകളെ അനുധാവനം ചെയ്യുവാനാണ് അദ്ദേഹം എപ്പോഴും മനസ്സുവച്ചത്.

സഭാതലത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ച റോക്കോസ് മെത്രാനെ കൊച്ചിയിൽ ചെന്നു കണ്ട് അനുരഞ്ജനത്തിന്റെ മാർഗ്ഗം ആരാഞ്ഞ ചാവറയച്ചന് തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി റോക്കോസ് മെത്രാനെ അനുനയപ്പെടുത്തി കപ്പൽ കയറ്റി അയയ്ക്കുവാൻ കഴിഞ്ഞു. ശത്രുവൈരവും പകയും കരുതാതെ യാത്രയ്ക്കുള്ള ചെലവും കൊടുത്തു. എത്ര വലിയ പ്രശ്നങ്ങൾക്കിടയിലും ശത്രുസ്നേഹം ചിറകുവിരിച്ചു പറക്കുന്നതു നാം ഇവിടെ കാണുന്നു. ശത്രുസ്നേഹത്തെ ഇപ്രകാരം സ്വായത്തമാക്കിയത് ആത്മാനുതാപത്തിന്റെ പ്രായോഗികതയാലത്രെ. ആത്മാനുതാപം എന്നത് മാനുഷിക പരിമിതിയിൽ ജഢിക സ്നേഹത്തിന്റെ കെടുതികളെ ദൈവസ്നേഹത്തിന്റെ നിവേശനത്താൽ രൂപാന്തരപ്പെടുത്തിയെടുക്കുന്ന മാനസികാവസ്ഥയാണ്. ഈ അവസ്ഥയിൽ ബുദ്ധി ഉൾക്കാഴ്ചക്കും മനസ്സ് മനഃസാക്ഷിക്കും വികാരങ്ങൾ സംസർഗ്ഗത്തിനും വഴങ്ങുന്നു. ഒന്നിനും ഉപകരിക്കാത്ത ജഢിക സ്നേഹം[13] എല്ലാറ്റിനും ഉപകരിക്കുന്ന സഹോദരസ്നേഹമായും ശത്രുസ്നേഹമായും മാറുന്നു. ചാവറയച്ചനിൽ നടന്ന വലിയൊരു പരിണാമ പ്രക്രിയയാണ് ഇത്. ജഢിക വൈകാരിക സ്നേഹതലമായ ദൈവഛായയിൽ നിന്നും ദൈവസ്നേഹതലമായ ദൈവസാദൃശ്യത്തിലേയ്ക്കുള്ള പരിണാമം, വളർച്ച പരമോന്മുഖമായ സ്നേഹമായിത്തന്നെ അദ്ദേഹത്തിൽ നിറവാർന്നു തെളിയുകയായിരുന്നു.

നന്മ ചെയ്യുന്നതിൽ മടുപ്പില്ലാത്തവനും വിനീതനും സമാധാനപൂർണ്ണനും ശത്രുക്കൾക്കുപോലും നന്മയുടെ കരം നീട്ടിക്കൊടുത്തവനും സഹനത്തിലും കുരിശിലും പിതാവിന്റെ ഹിതം പൂർത്തീകരിക്കാൻ വെമ്പൽ കൊള്ളുന്നവനും ശിശുതുല്യമായ കീഴ്‌വഴക്കം പരിശീലിച്ചവനും സകലർക്കും വിധേയപ്പെട്ടവനും ഒരിക്കലും പരാതിയില്ലാത്തവനും എന്നാൽ അജഗണങ്ങളെ കുറവേതുമില്ലാതെ കാക്കുന്ന നല്ല ഇടയനുമായിരുന്ന ക്രിസ്തുവിനോട് അനുരൂപപ്പെട്ടുകൊണ്ടുള്ള ഒരു ജീവിതമാണ് ചാവറപിതാവ് നയിച്ചത്. അതിനാലാണ് കാലം പുണ്യത്തിന്റെ അംഗീകാരമുദ്ര അദ്ദേഹത്തിന് ചാർത്തിക്കൊടുക്കുന്നത്.

### ഭാരതീയ താപസികത

ഭാരതീയ ചിന്തയിലെ താപത്രയങ്ങൾ *ആദ്ധ്യാത്മം, അധിഭൂതം, അതധിദൈവം* എന്നിവയാണ്. തന്നിൽ നിന്നുണ്ടാകുന്ന താപങ്ങളെ *ആദ്ധ്യാത്മ*

മെന്നും, അന്യരിൽ നിന്നും, അന്യ പദാർത്ഥങ്ങൾ ഹേതുവായും ഉണ്ടാകുന്നവയെ അധിഭൂതമെന്നും, ദൈവീകമായി വന്നുചേരുന്ന താപങ്ങളെ *അധിദൈവ*മെന്നും പറയുന്നു.[14]

ആദ്ധ്യാത്മതാപങ്ങളെന്നു പറയുന്നത് ശരീരം, മനസ്സ്, ബുദ്ധി എന്നിവയുടെ ക്ലേശങ്ങളും ദുഃഖങ്ങളുമാണ്. രോഗങ്ങളാണ് ശരീരക്ലേശങ്ങളായി വരുന്നത്. ഇതാണ് വ്യാധി. മനസ്സിനുണ്ടാകുന്ന ക്ലേശങ്ങളെ ആധി എന്നു പറയുന്നു. ബുദ്ധിയുടെ ക്ലേശമാണ് അജ്ഞത. ജീവിതം സൗഭാഗ്യദായകമായിത്തീരണമെങ്കിൽ അരോഗദൃഢമായ ശരീരവും ആധിമുക്തവും ശാന്തവുമായ മനസ്സും, പ്രകാശപൂരിതമായ ബുദ്ധിയും ഉണ്ടായിരിക്കണം.[15] കർമ്മശുദ്ധി, ആഹാരശുദ്ധി, ബ്രഹ്മചര്യം എന്നിവ ശരീരത്തെ അരോഗദൃഢഗാത്രമാക്കുന്നു. ഉത്തരവാദിത്വപരമായ നീക്കത്തിനു തന്നെയാണ് കർമ്മശുദ്ധി എന്നു പറയുന്നതും.[16] ക്രോധം, ലോഭം, മദം, മാത്സര്യം എന്നിവയെ ഒഴിവാക്കുന്നതാണ് ആഗ്രഹത്തെ അകറ്റി നിർത്തിക്കൊണ്ടു പ്രാപ്യമാക്കുന്ന മനസ്സിന്റെ ആധിവിമുക്തി.[17] വിവേകമുള്ള ബുദ്ധി, വിജ്ഞാനത്താൽ മനസ്സിനെ സ്വതന്ത്രമാക്കുന്നു.[18] ശരീരം പ്രവൃത്തിയുടേയും മനസ്സു വിചാരത്തിന്റേയും ബുദ്ധി അറിവിന്റേയും ഉപാധികളാണ്. ഇവയുടെയെല്ലാം ഒന്നിച്ചുള്ള പ്രവർത്തനം നിരന്തരപരിശ്രമത്താലും തപസ്സിന്റെ ഫലമായുമുണ്ടാകുന്നതാണ്. ജീവിതത്തെ ശരിയാംവിധം ക്രമപ്പെടുത്തുന്നവർക്ക് താപത്രയത്തിന്റെ ബാധയുണ്ടാവുകയില്ല.[19]

ശരീരത്തേയും മനസ്സിനെയും ബുദ്ധിയെയും അധീനതയിലാക്കി താപത്രയങ്ങളെയും ആഗ്രഹങ്ങളെയും കീഴ്പ്പെടുത്തി യഥാർത്ഥമായ സ്വാതന്ത്ര്യത്തെയും സ്വച്ഛതയെയും പ്രാപിക്കുന്നതാണ് താപസികതയുടെ പരിണാമം. നിസ്സംഗത, ഏകാഗ്രത, വിരാഹിത, സംയമനം, സംതൃപ്തി, ഈശ്വരോന്മുഖത, നിർമ്മമത തുടങ്ങിയ ഘടകങ്ങളെല്ലാം താപസികതയിൽ ഉൾച്ചേർന്നിട്ടുണ്ട്. ദൈവാന്വേഷണം അതിന്റെ സ്വഭാവവും ദൈവസാക്ഷാത്കാരം അതിന്റെ ഫലവുമാണ്. ഇപ്രകാരം ദൈവസാക്ഷാത്കാരം കൈവരിക്കുന്നവനാണ് ആർഷഭാരത തനിമയിൽ മുനി അഥവാ സന്യാസി. ദൈവഛായയിൽ നിന്നും ദൈവസാദൃശ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ചാവറയച്ചന് പിൻബലമായി നിന്നിരുന്നത് ആത്മാനുഭവമായിരുന്നു.

നിർദ്ദിഷ്ട ലക്ഷ്യങ്ങളോടും അവയെ പ്രാപിപ്പാനുള്ള നിശ്ചയദാർഢ്യത്തോടും കൂടി ജീവിച്ചു മരിക്കുന്ന വ്യക്തികൾ മൃതിക്കുശേഷവും ജീവിക്കുന്നവരാണ്. കേരളത്തിൽ ജനിക്കുകയും നീണ്ട 66 വർഷം കേരളക്കരയിൽ വിശുദ്ധിയുടെയും ദൈവസ്നേഹപൂരിതമായ സൽകൃത്യങ്ങളുടെയും പ്രഭ പരത്തുകയും ചെയ്ത ചാവറയച്ചൻ 19-ാം നൂറ്റാണ്ടിലെ കേരളസഭയിൽ ആത്മീയരംഗത്തും ഭൗതികരംഗത്തും സാമൂഹികരംഗത്തും ഭരണരംഗത്തും അനിഷേധ്യമായ ചൈതന്യപ്രഭവമായിരുന്നു. ആ ജീവിതവഴിയിലൂടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും പിൻബലത്തിൽ

സൃഷ്ടിക്കപ്പെട്ട്, ദൈവഛായയിൽ നിന്നും തിരുസാദൃശ്യത്തിലേയ്ക്ക് പൂർണ്ണമായും രൂപാന്തരപ്പെട്ട് മതാത്മകതയിൽ വേരൂന്നി ജ്ഞാന-ഭക്തി-കർമ്മമാർഗ്ഗങ്ങളെ സ്വവ്യക്തിത്വത്തിൽ സുന്ദരമായി സമന്വയിപ്പിച്ച ധന്യാത്മാവാണ് ചാവറയച്ചൻ. അവിടുത്തെ കൃപയോടുള്ള ആശ്രയബോധവും അഗാധമായ പിഴവുകളിലുള്ള ആത്മാർത്ഥമായ അനുതാപത്തിന്റെ ഭാവങ്ങളും അദ്ദേഹത്തെ അരൂപി നിറഞ്ഞ മനുഷ്യനാക്കി. അസാധ്യമായവ അദ്ദേഹത്തിന് അതിനാൽ അനായാസം സാധ്യമായി. ഒരു യുഗംകൊണ്ട് ചെയ്യാവുന്നതിലധികം ഒരു പുരുഷായുസ്സുകൊണ്ട് ചെയ്തുതീർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പൊതുനന്മയും ജനക്ഷേമവും ആത്മീയശ്രേയസ്സും ലക്ഷ്യമാക്കി ആരംഭിച്ച ഏതദ്ദേശീയമായ രണ്ട് സന്യാസസഭകളുടെ സ്ഥാപകൻ, അജപാലനരംഗത്ത് അത്ഭുതങ്ങൾ തന്നെ വിരിയിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രഥമ വികാരിജനറാൾ, ആരാധനാക്രമങ്ങൾക്ക് അടുക്കും ചിട്ടയും ഉണ്ടാക്കിയ ആദ്ധ്യാത്മികാചാര്യൻ, സമൂഹത്തിലെ ശിഥില പ്രവണതകൾക്കെതിരെ സുധീരം പോരാടിയ വിശ്വാസസംരക്ഷകൻ, കുടുംബ നവീകരണത്തിനായി അക്ഷീണം യത്നിച്ച സമുദായ സമുദ്ധാരകൻ, സാമൂഹിക സേവനമേഖല വന്ധ്യമായിരുന്ന ആ നാളുകളിൽ കേരളത്തിലെ ആദ്യ ഉപവിശാലയ്ക്ക് ആരംഭമിട്ട ആതുരശുശ്രൂഷാരംഗത്തെ ആരംഭകൻ, പിടിയരി, കെട്ടുതെങ്ങ് പദ്ധതികളിലൂടെ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ച സാമൂഹ്യശാസ്ത്രജ്ഞൻ, തീണ്ടലും തൊടീലും നിലനിന്നിരുന്ന സാഹചര്യങ്ങളിൽ ജാതി മത വർഗ്ഗഭേദമെന്യേ ഏവർക്കും വിദ്യനേടാൻ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങളാരംഭിക്കണമെന്ന വിശാലനയം നിർബ്ബന്ധബുദ്ധ്യാ പ്രാവർത്തികമാക്കിയ ക്രാന്തദർശിയായ വിദ്യാഭ്യാസ പ്രവർത്തകൻ, മാധ്യമങ്ങളുടെ പ്രാധാന്യം കണ്ടറിഞ്ഞ് കേരളത്തിൽ പ്രഥമ കത്തോലിക്കാ പ്രസ്സ് സ്ഥാപിക്കുകയും സാഹിത്യരചന നടത്തുകയും ചെയ്ത അക്ഷരസ്നേഹിയായ മഹാനുഭാവൻ... എല്ലാ നിലകളിലും ചാവറയച്ചൻ കാഴ്ച വച്ച സംഭാവനകൾ പോയ തലമുറകളെ ധന്യമാക്കി; വരും തലമുറകൾക്ക് പ്രചോദനമാകുന്നു.

മഹൽകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളവരെ മഹാന്മാരെന്നു ലോകം അഭിസംബോധന ചെയ്യുന്നു. മഹൽകാര്യങ്ങൾ കൊണ്ടു മാത്രം ആരെയും വിശുദ്ധരെന്ന് ലോകം നാമകരണം ചെയ്യാറില്ല. ചാവറയച്ചനാകട്ടെ മഹാനെന്ന സംജ്ഞക്കു പുറമേ വിശുദ്ധനെന്നും പുകഴ്ത്തപ്പെട്ടവനാണ്. വിശ്വാസം, ശരണം, സ്നേഹം എന്നീ സരണികളിലൂടെയുള്ള ജീവിത പ്രയാണത്തിൽ *കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും* എന്ന ആദർശവാക്യം ഒരു മന്ത്രമാക്കി ജീവിതത്തിന്റെ അനുകൂല പ്രതികൂലാനുഭവങ്ങളിൽ ചാലിച്ചു ചേർത്ത് വീരോചിതമായി നിവർത്തിച്ച ആ വിശുദ്ധ ജീവിതത്തിന്റെ പരിമളം ഏറ്റുവാങ്ങിയവരും അതിൽനിന്നുള്ള വിശുദ്ധ ദീപ്തചൈതന്യപ്രസരണം സ്വന്തമാക്കിയവരും ഏറെയാണ്. പ്രിയോരച്ചന്റെ ജീവിത

വിശുദ്ധിയെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയിരുന്ന ലെയോപോൾദച്ചൻ ആത്മാനുതാപം മുഖവുരയിൽ കുറിച്ചു വച്ചു:

*ഈ പുണ്യപ്പെട്ട വേലകളെ വചനംകൊണ്ടും ന്യായങ്ങളെകൊണ്ടും നടത്തിയതിനെക്കായിൽ അയാളുടെ വിശേഷഗുണശീലംകൊണ്ടും പുണ്യംകൊണ്ടും നടത്തിയെന്നു പറവാൻ ന്യായമായിരിക്കുന്നു. അതെങ്ങനെയെന്നാൽ അയാളെ അറിഞ്ഞിരുന്നവരൊക്കെയും അയാളുടെ വിശേഷ എളിമയും താഴ്മയും ഏറ്റിക്കപ്പെട്ട ഉപവിയും മേൽപട്ടക്കാർക്കു നേരെയുള്ള കുറവില്ലാത്ത കീഴ്‌വഴക്കവും ചൊല്ലുവിളിയും എല്ലാവരും ബോധിച്ചിരിക്കയാൽ അയാളുടെ നേരെ മഹാ ആചാരവും പ്രിയവുമായി അയാളുടെ വചനത്തിന്മേൽ മുഴുവനാക്കപ്പെട്ട വിശ്വാസവുമായിരുന്നു. എന്നാൽ ഈ ദേഹത്തിനുള്ള പുണ്യങ്ങളിൽ വിശേഷമായിട്ട് വിളങ്ങി പ്രകാശിച്ച പുണ്യം ശുദ്ധ പള്ളിയുടെ മേലും ശുദ്ധ മാർപാപ്പായുടെ മേലുമുള്ള എത്രയും എരിവുള്ള വിശ്വാസമാകുന്നു.*[20]

ചാവറയച്ചന്റെ വിശുദ്ധിയെക്കുറിച്ച് നവീകരണ മാർത്തോമ്മാ സഭയുടെ സ്ഥാപകനായ മാത്യു അത്തനാസിയൂസ് മെത്രാന്റെ പരാമർശം ശ്രദ്ധേയമാണ്:

*ഈ നാട്ടിൽ വല്ല ചാവറയോ മറ്റോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത്. അയാളുടെ തുകൽവാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും.*[21]

മാന്നാനത്ത് സന്യാസ ക്രമങ്ങൾ ആദ്യം പരിശീലിപ്പിക്കുകയും പിന്നീട് സുറിയാനിക്കാരുടെ മെത്രാനായി നിയമിക്കപ്പെടുകയും ചെയ്ത മർസ്ലീനോസ് മെത്രാനച്ചൻ ചാവറയച്ചന്റെ വിശുദ്ധിയെക്കുറിച്ചു *കേരളത്തിലെ സത്യവേദചരിത്രം* എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു:

*ഇദ്ദേഹം മാത്രം മാന്നാനത്തിലുണ്ടായ പുഷ്പമാകുന്നു.*[22]

ചാവറയച്ചന്റെ ശിഷ്യരായിരുന്ന ഇടവക വൈദികർ അദ്ദേഹത്തെ എത്ര ഭക്ത്യാദരവോടെയാണ് പരിഗണിച്ചു വന്നിരുന്നത് എന്നു ചാവറയച്ചനോടൊപ്പം താമസിച്ചിരുന്ന ലൂയീസച്ചൻ സാക്ഷ്യപ്പെടുത്തുന്നു:

*ചാവറയച്ചൻ എന്നു കേട്ടാൽ സുറിയാനി പട്ടക്കാർക്ക് ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു.*[23]

19-ാം നൂറ്റാണ്ടിൽ ജീവിച്ച് കേരളസമൂഹത്തിന് വെളിച്ചവും ശബ്ദവും പകർന്ന ചാവറയച്ചൻ 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്കും പുറകേ വരാനിരിക്കുന്നവർക്കും ഒരുപോലെ സൂര്യതേജസ്സായി ചൂടും വെളിച്ചവും പകരുന്നു. തലമുറകളിൽ നിന്നും തലമുറകളിലേയ്ക്ക്, വിശുദ്ധദീപ്തമായി, ഒളിമങ്ങാത്ത പ്രഭയോടെ, ആ ചൈതന്യ പ്രസരണം കാലം അതിന്റെ സ്രോതസ്സിലേയ്ക്ക് ആദരപൂർവ്വം ഏറ്റുവാങ്ങുന്നു. ■

## പരാമർശ സൂചിക

1. *ആത്മാനുതാപം.* II: 43-44.
2. *Ibid.*, 37-42.
3. *Ibid.*, 51-56.
4. *Ibid.*, 57-60.
5. വലേരിയൻ, *op.cit.*, പേജ് 41
6. *Ibid.*, പേജ് 289.
7. *മത്താ.* 3:2
8. *ധ്യാനസല്ലാപങ്ങൾ*, പേജ് 27.
9. *കത്തുകൾ*, പേജ് 102
10. *ആലോചനകളും വിശേഷസംഭവങ്ങളും*, *op.cit.*, പേജ് 91
11. *കത്തുകൾ*, പേജ് 138
12. *ആലോചനകളും വിശേഷസംഭവങ്ങളും*, *op.cit.*, പേജ് 40-41
13. യോഹ. 6:63.
14. ശ്രീമദ് സ്വാമി ജ്ഞാനേന്ദ്ര സരസ്വതി, *വേദാന്ത വിജ്ഞാനം*, ശിവാനന്ദാശ്രമം, പാലക്കാട് 1984, പേജ് 170 ff.
15. *Ibid.*
16. *Ibid.*
17. *Ibid.*
18. *Ibid.*
19. *Ibid.*
20. Fr. Leopold OCD, "*മുഖവുര*", *op.cit.*, പേജ് xvii.
21. *വലേരിയൻ*, *op.cit.*, പേജ് 243.
22. *St. Thomas Christians*, vol.II, pp.288-289 in വലേരിയൻ, *op.cit.*, പേജ് 233.
23. *ലൂയീസച്ചന്റെ സാക്ഷ്യം*, in വലേരിയൻ, *op.cit.*, പേജ് 235.

പിന്നുര

# നന്ദിയുടെ നിറവോടെ

സിസ്റ്റർ മരീന സി.എം.സി.
സിസ്റ്റർ ഡോ. ആവില സി.എം.സി.

**കാ**ലത്തിന്റെ പ്രയാണഗതികൾക്ക് മങ്ങലേൽപ്പിക്കാൻ കഴിയാത്ത ഒരു അനശ്വരവ്യക്തിത്വം; ഇന്നലെകളിൽ ഈശ്വരഹിതം ഈറൻ നിലാവായ് ഉദിച്ചുയർന്നപ്പോൾ ഭാരതസഭാനഭസ്സിൽ തെളിവാർന്ന ഒരു പുണ്യതേജസ്സ്; വാഴ്ത്തപ്പെട്ട ചാവറപിതാവ്. വിശ്വത്തെ വെല്ലുന്ന വ്യക്തിപ്രാഭവവും വിശുദ്ധിയിൽ പദമൂന്നിയ പാവനജീവിതവും അദ്ദേഹത്തെ ആത്മീയതയുടെ വിഹായസ്സിൽ പ്രോജ്ജ്വലിക്കുന്ന ഒരു സുവർണ്ണതാരമാക്കി.

മുൻ രാഷ്ട്രപതി അബ്ദുൾ കലാം പറഞ്ഞിട്ടുള്ളതു നാമോർക്കുക:

*നിങ്ങളുടെ കാൽപ്പാടുകൾ കാലമാകുന്ന മണൽപ്പരപ്പിൽ അവശേഷിപ്പിക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ കാലുകൾ വലിച്ചിഴയ്ക്കാതിരിക്കുക.*

കാലമാകുന്ന മണൽപ്പരപ്പിൽ ചാവറയച്ചന്റെ പാദമുദ്രകൾ ഇന്നും തെളിഞ്ഞു നിൽക്കുന്നു. ചടുലമായ പദചലനങ്ങളോടെ മുന്നേറിയ ആ മനുഷ്യസ്നേഹി സേവനത്തിന്റെ ത്യാഗോജ്ജ്വലമായ പാതയിലൂടെ ബഹുദൂരം യാത്ര ചെയ്തു. വിശുദ്ധിയുടെ ഗിരിശൃംഗത്തിലേയ്ക്ക് പദാനുപദം മുന്നേറി. ഈ പ്രയാണത്തിൽ *കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും* (സങ്കീ. 16:5) എന്ന സങ്കീർത്തന വചനം തന്റെ ആദർശസൂക്തമായി സ്വീകരിച്ചു. ദൈവവുമായുള്ള വ്യക്തിബന്ധത്തെ പ്രദ്യോതിപ്പിക്കുന്ന ഏറ്റുപറച്ചിലാണ് ഈ സൂക്തത്തിൽ ദർശിക്കുവാനാകുന്നത്. ഈ സങ്കീർത്തനം ഇസ്രായേൽ ജനതയുടെ പ്രത്യാശാഗാനമായിരുന്നു. തന്റെ അവകാശത്തിന്റെ ഭാഗം കർത്താവാകുന്നു എന്ന് പ്രഖ്യാപിച്ചപ്പോൾ നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണെന്നും ജീവിതത്തെ സ്വർഗ്ഗമാക്കിത്തീർക്കുന്ന

ഒരു സുകൃതമാണ് പ്രത്യാശയെന്നുമുള്ള ബോദ്ധ്യത്തിലേയ്ക്ക് നമ്മെ നയിക്കുകയായിരുന്നു ചാവറയച്ചൻ. കർത്താവിനെ അവകാശവും ഭാഗധേയവുമായി സ്വീകരിച്ച ചാവറയച്ചന്റെ ജീവിതം വിശ്വാസത്തിൽ ഉന്നതിപ്രാപിച്ച് സമ്പൂർണ്ണ പ്രത്യാശയുടേതായിത്തീരുകയായിരുന്നു. ദൈവത്തിൽ മാത്രം സർവ്വാശ്രയവും കണ്ടെത്തുവാൻ പ്രാപ്തമായി വ്യക്തിയുടെ ലൗകിക സാഹചര്യം ദൈവസ്നേഹത്തിന്റെ ആദ്ധ്യാത്മികസാഹചര്യത്തെ അനുധാവനം ചെയ്യുന്നതിന് പ്രത്യാശയുടെ ത്യാഗോജ്ജ്വലമായ പെസഹാനുഭവം ഉണ്ടാകണമെന്ന് അദ്ദേഹം ഗ്രഹിച്ചിരുന്നു. തന്റെ ജീവിതത്തെ പാടേയുലച്ച ഉറ്റവരുടെ മരണത്തിലും ജീവിതത്തിലെ അനന്തരപരീക്ഷണ ഘട്ടങ്ങളിലും അചഞ്ചലനായി നിന്ന് തന്റെ ദൈവവിളിയെ സംരക്ഷിച്ച അദ്ദേഹത്തിന്റെ ജീവിതം അതു സാക്ഷ്യപ്പെടുത്തുകയും ഘോഷിക്കുകയും ചെയ്യുന്നു.

സുമനസ്സുകളായ ഒരുപാടു പേരുടെ സഹകരണവും സമർപ്പണവുമാണ് *എന്റെ ഓഹരിയും പാനപാത്രവും* എന്ന ഈ ഗ്രന്ഥരചനയെ എളുപ്പമാക്കിത്തീർത്തത്. ഉചിതമായ ഒരു അവതാരിക എഴുതി അനുഗ്രഹിച്ച ടി.എം. എബ്രഹാംസാറിനും എഡിറ്റർ ജോൺ പോളിനും ഹൃദയപൂർവം നന്ദി പറയട്ടെ. ഗ്രന്ഥരചനയ്ക്ക് ഞങ്ങളെ പ്രചോദിപ്പിക്കുകയും ആകർഷകമായ ഒരാമുഖാശിസ്സു നൽകിയനുഗ്രഹിക്കുകയും ചെയ്ത സി.എം.സി. സുപ്പീരിയർ ജനറൽ മദർ സാങ്റ്റായ്ക്കും പ്രോത്സാഹനനിർദ്ദേശങ്ങൾ നൽകിയ ജനറൽ കൗൺസിലിനും എപ്പോഴും സഹായഹസ്തം നൽകി ഈ ഉദ്യമത്തിലുടനീളം ശക്തി പകരുകയും പ്രസാധക ഏകോപനം നിവർത്തിക്കുകയും ചെയ്ത ജനറൽ കൗൺസിലർ സിസ്റ്റർ ലെയോണിലയ്ക്കും സ്നേഹം നിറഞ്ഞ നന്ദി. കൈയെഴുത്തുപ്രതി മുഴുവനും വായിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ വികാർ ജനറൽ സിസ്റ്റർ ഡോ. സിബി, ജനറൽ കൗൺസിലർ സിസ്റ്റർ ഡോ. ജോഫി, സിസ്റ്റർ ഡോ. പ്രസന്ന (ചങ്ങനാശ്ശേരി) എന്നിവരോടും പരാവർത്തനങ്ങളിലും പരിഭാഷകളിലുമായി സഹായിച്ച സിസ്റ്റർ ചെറുപുഷ്പം (കോതമംഗലം), സശ്രദ്ധം വായിച്ചു വേണ്ട നിർദ്ദേശങ്ങൾ നൽകിയ സിസ്റ്റർ ഡോ. മരിയ ആന്റോ (അങ്കമാലി), സിസ്റ്റർ ഡോ. ലിസ്യു തെരേസ് (കാഞ്ഞിരപ്പിള്ളി), മുദ്രാലേഖനത്തിനു സഹായിച്ച സിസ്റ്റർ നോയൽ (കാഞ്ഞിരപ്പള്ളി), സിസ്റ്റർ നവീന (ഇടുക്കി), പകർപ്പുകൾ എടുത്തു തന്ന സിസ്റ്റർ ഡോണാ മരിയ (അങ്കമാലി),

ലൈബ്രറി സൗകര്യങ്ങൾ സൗമനസ്യപൂർവ്വം ലഭ്യമാക്കിയ തൃശ്ശൂർ വിമലാ കോളേജിലെ പ്രൊഫ. ഡോ. റിറ്റി, മൗണ്ട് കാർമ്മൽ ജനറലേറ്റ് ലൈബ്രേറിയൻ സിസ്റ്റർ ജസ്‌ലിൻ (തലശ്ശേരി) എന്നിവരോടുമുള്ള നന്ദി വാക്കുകളിൽ ഒതുക്കാവുന്നതല്ല.

പ്രസാധനം ഏകോപിപ്പിച്ച ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിനും നിവർത്തിച്ച *ബെസ്‌റൗമയ്ക്കും* ആദരപൂർണ്ണമായ നമസ്‌ക്കാരം.

ഈ വിചാരധാരയ്ക്കു നിമിത്തവും വിഷയവും പ്രചോദനവും പ്രകോപനവും അനുഗ്രഹവുമായി കാലം സാക്ഷ്യപ്പെടുത്തിയ പുണ്യാത്മാവായ ചാവറപിതാവിന്റെ തൃപ്പാദങ്ങളിൽ പ്രണാമമായി ഈ അക്ഷരത്താളുകൾ സമർപ്പിക്കട്ടെ.

ആത്മീയതയുടെ അഴകും മിഴിവും പ്രാപിക്കുവാനും പ്രത്യാശയുടെ കിരണങ്ങൾ ജീവിതവഴിയിൽ പ്രഭ തൂകുവാനും വായനക്കാർക്കു *ദൈവ സാദൃശ്യ സങ്കല്പം* അനുഗ്രഹദായകവും മാർഗ്ഗദർശകവുമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ■

# അനുബന്ധം ഒന്ന്



## ചാവറ കുര്യാക്കോസ് ഏലിയാസ്
## ജീവിതരേഖ

- 1805 ഫെബ്രുവരി 10
ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.

- 1810
കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.

- 1815
സെമിനാരിയിൽ വൈദികാർത്ഥി.

- 1829 നവംബർ 29
അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം

- 1830
പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.

- 1831 മെയ് 11
ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.

- 1833
സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.

- 1833
  *കുരിശിന്റെ വഴി* ഉപാസിച്ചു.

- 1846
  മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു ധാര ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.

- 1846
  ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാവർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാദാനകേന്ദ്രം കൂടിയായി ഇത്.

- 1846
  സി.എം.ഐ. സഭയുടെ ആദ്യ പ്രിയർ ജനറാളായി.

- 1853
  കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.

- 1855 ഡിസംബർ 8
  ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.

- 1855–56
  പത്ത് ഇടയനാടകങ്ങൾ രചിച്ചു. Eclogueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ

ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട് പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.
- 1861
  *റോക്കോസ് ശീശ്മാ* തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.
- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.
- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.
- 1864
  *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.
- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായിട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.
- 1866 ഫെബ്രുവരി 13